# മഹാത്മാഗാന്ധി സർവ്വകലാശാല

## 2022 ഏപ്രിൽ മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (22.03) നടപടിക്കുറിപ്പുകൾ

(2022 മാർച്ച് **മാസം 22-ാം തീയതി** കൂടുവാൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ യോഗം)

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സാബു തോമസ് | വൈസ് ചാൻസിലർ (അദ്ധ്യക്ഷൻ) |
| 2. | ഡോ. സി. റ്റി. അരവിന്ദകുമാർ | പ്രോ-വൈസ് ചാൻസിലർ |
| 3. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 4. | ഡോ. സുധാകരൻ കെ. എം. | സിൻഡിക്കേറ്റംഗം |
| 5. | ഡോ. ബി. കേരളവർമ്മ | സിൻഡിക്കേറ്റംഗം |
| 6. | ഡോ. ഷജില ബീവി എസ്. | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 8. | ഡോ. മാത്യു ജോർജ്ജ് | സിൻഡിക്കേറ്റംഗം |
| 9. | ഡോ. ബിജു പുഷ്പൻ | സിൻഡിക്കേറ്റംഗം |
| 10. | ഡോ. എ. ജോസ് | സിൻഡിക്കേറ്റംഗം |
| 11. | ഡോ. വർഗീസ് കെ. ചെറിയാൻ | സിൻഡിക്കേറ്റംഗം |
| 12. | പ്രൊഫ. റോബിനറ്റ് ജേക്കബ് | സിൻഡിക്കേറ്റംഗം |
| 13. | പ്രൊഫ. എം. എച്ച്. ഇല്ലിയാസ് | സിൻഡിക്കേറ്റംഗം |
| 14. | പ്രൊഫ. പി. എസ്. സുകുമാരൻ | സിൻഡിക്കേറ്റംഗം |
| 15. | ശ്രീ. ജസ്റ്റിൻ ജോസഫ് | സിൻഡിക്കേറ്റംഗം |
| 16. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 17. | അഡ്വ. റജി സക്കറിയ | സിൻഡിക്കേറ്റംഗം |
| 18. | അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. | സിൻഡിക്കേറ്റംഗം |
| 19. | ഡോ. ആർ. അനിത | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. നന്ദകുമാർ കളരിക്കൽ, ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. ഹരികുമാർ ജി., ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി കാഞ്ചന ടി. എന്നിവർ ഓൺലൈൻ ആയി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. പ്രകാശ് കുമാർ ബി.-യും സന്നിഹിതനായിരുന്നു.

**<u>അനുശോചന പ്രമേയം :</u>**

പ്രസിദ്ധ മലയാളം ചലചിത്രതാരം കെ.പി.എ.സി. ലളിത, സാഹിത്യ ചരിത്രകാരൻ മാത്യു ഉലകംതറ, മുതിർന്ന സി.പി.എം. നേതാവും സ്വാതന്ത്ര്യസമര സേനാനിയും എഴുത്തുകാരനും ആയിരുന്ന എൻ.കെ. കമലാസനൻ, പാണക്കാട് ഹൈദരാലി ശിഹാബ് തങ്ങൾ, കേരളത്തിൽ ആദ്യ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോക്ടർ റോയ് ചാലി, വിദ്യാഭ്യാസ വിദഗ്ധയും ലിംഗനീതി പ്രർത്തകയുമായിരുന്ന മീന സ്വാമിനാഥൻ, മലയാള നാടക ആചാര്യനും രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകനുമായിരുന്ന മധുമാഷ് (കെ.കെ. മധുസൂദനൻ), കെൽട്രോൺ മുൻ വൈസ് ചെയർമാൻ എം.ആർ. സീതാരാമൻ, മുതിർന്ന മാധ്യമപ്രവർത്തകൻ എ. സഹദേവൻ, വിഖ്യാത വിവർത്തകനും കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ പ്രൊഫ. പി. മാധവൻ പിള്ള എന്നിവരുടെ വിയോഗത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തി.

**അനുമോദനം :**

ഗവേഷക പോർട്ടൽ ആയ റിസർച്ച് ഡോട്ട് കോം -ന്റെ റാങ്കിങ്ങിൽ മെറ്റിരിയൽ സയൻസ് വിഭാഗത്തിൽ ദേശീയ തലത്തിൽ രണ്ടാം സ്ഥാനവും ലോക റാങ്കിങ്ങിൽ 239 ആം സ്ഥാനവും നേടിയ വൈസ് ചാൻസിലർ ഡോ. സാബു തോമസ് -നെ യോഗം അനുമോദിച്ചു. കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ധ്രുവ-സമുദ്ര ഗവേഷണ കേന്ദ്രത്തിനു കീഴിലുള്ള അന്റാർട്ടിക്ക പരിസ്ഥിതി ആഘാത പഠനത്തിനും അന്റാർട്ടിക്കയിലെ പരിസ്ഥിതി സംരക്ഷണ സംവിധാനത്തിനുമായുള്ള ഉപദേശക സമിതിയുടെ ചെയർമാനായി ചുമതല ലഭിച്ച സർവകലാശാല പ്രോ-വൈസ് ചാൻസിലർ ഡോ. സി ടി. അരവിന്ദകുമാർ-നെ യോഗം അനുമോദിച്ചു. DST-യുടെ India-Serbia Bilateral Scientific and Technological Cooperation Joint Projects അനുമതി ലഭിച്ച ഡോ.നന്ദകുമാർ കളരിക്കൽ-നെ യോഗം അനുമോദിച്ചു. കൂടാതെ യൂണിവേഴ്സിറ്റി ഓഫ് ലൊറെയ്ൻ-ൽ വിസിറ്റിങ് പ്രൊഫസർ ആയി അംഗീകാരം നേടിയ ഡോ. ഹന്ന ജെ. മാറിയ-യേയും യോഗം അനുമോദിച്ചു.

## (I) 1985 ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു.വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ.01/22.03/7179/AD A5/1/2019**

**സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് – 'സ്പെഷ്യൽ ടീച്ചർ' തസ്തികയിലേക്കുള്ള താൽക്കാലിക നിയോഗം – സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമം 1985ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട്, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ചതിൻ പ്രകാരം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് നമ്പറും തീയതിയും സിൻഡിക്കേറ്റ് റിപ്പോർട്ടിൽ തെറ്റായി രേഖപ്പെടുത്തിയതിനാൽ 31.01.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിട്സ് ഇനം നമ്പർ 153/22.01/7179/AdA5/1/2019-ൻ മേലുള്ള പിഴവ് തിരുത്തുന്നതിനായി ഫയൽ സിൻഡിക്കേറ്റിലേക്ക് പുനഃസമർപ്പിക്കുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 'സ്പെഷ്യൽ ടീച്ചർ' തസ്തികയിലെ 2 ഒഴിവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 179 ദിവസത്തേക്കുള്ള താൽക്കാലിക നിയോഗത്തിനായി 20/12/2021 തീയതിയിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം 30/12/2021-ൽ പുറപ്പെടുവിച്ച 7538/ADA5/2021/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.02/22.03/183188/LEGALSECTION-1/2021** **മഹാത്മാഗാന്ധി സർവ്വകലാശാലയും ജിമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ജെ ഐ ടി), എത്യോപ്യ-യും തമ്മിൽ അക്കാദമിക വിഷയങ്ങളിൽ പരസ്പര സഹകരണത്തിനായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയും ജിമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ജെ ഐ ടി), എത്യോപ്യ-യും തമ്മിൽ അക്കാദമിക വിഷയങ്ങളിൽ പരസ്പര സഹകരണത്തിനായി ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകിയ നടപടിയും തദനുസരണം 28.01.2022-ൽപുറപ്പെടുവിച്ച 909/P&D2/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.03/22.03/AdAII/3/2948/1998/Adm** **ഡോ. നന്ദകുമാർ കളരിക്കൽ, സീനിയർ പ്രൊഫസർ, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ്ഫിസിക്സ്-01.02.2022 മുതൽ 31.01.2023 വരെ സെബാറ്റിക്കൽ ലീവ് അനുവദിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച് :**

സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ്ഫിസിക്സ്-ലെ സീനിയർ പ്രൊഫസർ ആയ ഡോ.നന്ദകുമാർ കളരിക്കൽ-ന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള SPARC പ്രോജെക്ട്സ് (4 എണ്ണം), യുജിസി-DAE CSR പ്രോജെക്ട്, CEFIPRA Scheme ന്റെ ഇൻഡോ-ഫ്രഞ്ച് പ്രോജെക്ട്, എന്നിവയുമായി ബന്ധപ്പെട്ടുള്ള റിസർച്ചിനായി 01.02.2022 മുതൽ 31.01.2023 വരെ സെബാറ്റിക്കൽ ലീവ് അനുവദിച്ചു കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം 28.01.2022-ൽപുറപ്പെടുവിച്ച 935/ADA2/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു..

**ഇനംനമ്പർ.04/22.03/102867/AcA6-1/2021** **തിരുവല്ല, മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിലെ ബയോ സയൻസസ് വിഭാഗത്തിന്റെ ഗവേഷണ കേന്ദ്ര പദവി നിലനിർത്തിക്കൊണ്ടും അതെ കോളേജിലെ തന്നെ അസ്സോസിയേറ്റ് പ്രൊഫസർ ആയ ഡോ.ജെന്നി ജേക്കബ് നെയും SAS SNDP YOGAM കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ഇന്ദു. സി. നായരെയും റിസർച്ച് ഗൈഡ് ആയി MACFAST-ൽ നിലനിർത്തികൊണ്ടും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985,അധ്യായം III, പരിച്ഛേദം 10(17) പ്രകാരം ബഹു:വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തിരുവല്ല, മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിലെ ബയോ സയൻസസ് വിഭാഗത്തിന്റെ ഗവേഷണ കേന്ദ്ര പദവി നിലനിർത്തിക്കൊണ്ടും അതേ കോളേജിലെ തന്നെ അസ്സോസിയേറ്റ് പ്രൊഫസർ ആയ ഡോ. ജെന്നി ജേക്കബ്-നെയും SAS SNDP

YOGAM കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ഇന്ദു സി. നായരെയും റിസർച്ച് ഗൈഡ് ആയി MACFAST-ൽ നിലനിർത്തുന്നതിനും പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. 13.12.2021 തീയതിയിലെ സർവകലാശാല ഉത്തരവ് നം.6967/ACA6/2021/എം.ജി.യു. പ്രകാരം പ്രസ്തുത വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു ഇൻസ്പെക്ഷൻ കമ്മീഷൻ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ കോളേജ് സന്ദർശിക്കുകയും രേഖകൾ പരിശോധിക്കുകയും, സൗകര്യങ്ങൾ വിലയിരുത്തുകയും ഗവേഷണ കേന്ദ്ര പദവി പുനഃസ്ഥാപിക്കാമെന്നു ശുപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 30.12.2021-ൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി-ഗവേഷണവും വികസനവും യോഗം ഇൻസ്പെക്ഷൻ കമ്മീഷന്റെ റിപ്പോർട്ടും ശുപാർശയും പരിഗണിക്കുകയും, മാർ അത്തനേഷ്യസ് കോളേജിലെ ബയോസയൻസസ് വിഭാഗത്തിന്റെ ഗവേഷണ കേന്ദ്ര പദവി പുനഃസ്ഥാപിക്കുന്നതിനും അതേ കോളേജിലെ തന്നെ അസ്സോസിയേറ്റ് പ്രൊഫസർ ആയ ഡോ. ജെന്നി ജേക്കബ്-നേയും ,SAS SNDP YOGAM കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ഇന്ദു സി.നായരേയും റിസർച്ച് ഗൈഡ് ആയി MACFASTൽ നിലനിർത്തുന്നതിനും ശുപാര്ശ ചെയ്യുകയും ചെയ്തു. പ്രസ്തുത ശുപാര്ശ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.12.2021-ലെ 7594/ACA6/2021/MGU നമ്പർ സര്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.05/22.03/1345/AD A7-1/2021** **സി.ഒ.ഇ (സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ)-ൽ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ കാറ്റഗറി എ,ബി വിഭാഗത്തിൽ താൽകാലിക കരാർ നിയമനം സംബന്ധിച്ച സർവ്വകലാശാല ആക്ട് 1985,അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ബഹു.വൈസ് ചാൻസിലർ കൈകൊണ്ട നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്..**

സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE)-ൽ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ കാറ്റഗറി എ, ബി വിഭാഗത്തിലേക്ക് മൂന്ന് പേരെ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്ന് നടന്ന 24.11.2021 തീയതിയിലെ ഓൺലൈൻ ഇന്റർവ്യൂവിന്റെ പ്രോസീടിങ്ങ്സും, കാറ്റഗറി എ-യിൽ ഈഴവ വിഭാഗത്തിന് സംവരണം ചെയ്തിരിക്കുന്ന തസ്തികയിൽ ഒരു ഒഴിവിലേക്ക് പുനർവിജ്ഞാപനത്തിനുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ചിരുന്നു. തുടർന്ന് അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ കാറ്റഗറി എ-തസ്തികയിലേക്ക് നാല് പേരെയും,കാറ്റഗറി ബി-തസ്തികയിലേക്ക് ആറ് പേരെയും ഉൾപ്പെടുത്തി പ്രത്യേക റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. സംവരണക്രമ പ്രകാരം നൽകിയ മെമ്മോയുടെ അടിസ്ഥാനത്തിൽ കാറ്റഗറി എ തസ്തികയിലേക്ക് ശ്രീമതി ശ്രുതി എസും, കാറ്റഗറി ബി തസ്തികയിലേക്ക് ശ്രീ. ബെറിൽ തോമസും COE-ൽ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററായി ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഇരുവരുടെയും നിയോഗം വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.01.2022-ലെ 849/ADA7/2022/എം.ജി.യൂ. നമ്പർ സര്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.06/22.03/AcAVI/1/RG/5113/2021** **ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രഞ്ജിത് തോമസിനെ റിസർച്ച് ഗൈഡായി അംഗീകരിച്ചുകൊണ്ടുള്ള സർവകലാശാല ഉത്തരവ് സിൻഡിക്കേറ്റിലക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച് :-**

ചങ്ങനാശ്ശേരി, എസ്. ബി. കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടുന്നതിനായി അതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രഞ്ജിത് തോമസ് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും Ph.D course recognition certificate അപേക്ഷയോടൊപ്പം സമർപ്പിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിടുകയുണ്ടായി. തുടർന്ന് Ph.D course recognition, Research Guideship എന്നിവക്കായി സർവകലാശാലയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അടിയന്തിര നടപടി ആവശ്യപ്പെട്ടുകൊണ്ട് ഡോ. രഞ്ജിത് തോമസ് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി വിഷയത്തിൻറെ അടിയന്തിര സ്വഭാവം പരിഗണിച്ച വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം, ചങ്ങനാശ്ശേരി, എസ്. ബി കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രഞ്ജിത് തോമസിനെ, അതേ കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.01.2022-ലെ 945/ACA6/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.07/22.03/167932/ADB2-2/2021** **സർവകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വിവിധ സെൻ്ററുകളിലേക്ക് (സർവകലാശാല പുതുതായി തുടങ്ങിയ പഠനവകുപ്പുകൾ ഒഴികെ), സർക്കാർ അംഗീകൃത മെ. കേരള ആർട്ടിസാൻസ് ഡെവലപ്മെൻ്റ് കോർപ്പറേഷൻ, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും അടിയന്തിരമായി ഏകദേശം 82,88,536/- രൂപയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിന് – വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട്- 1985, അദ്ധ്യായം III,സെക്ഷൻ10(17)- പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ച് അനുവദിച്ച് ഉത്തരവായിരിക്കുന്ന നടപടി – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

സർവകലാശാല അക്കാദമിയ കോംപ്ലക്സിൽ, കെ. എൻ. രാജ് സെൻ്ററിലെയും പുതുതായി തുടങ്ങിയ പഠന വകുപ്പുകളിലെയും ഒന്നാം വർഷ വിദ്യാർത്ഥികളെ ഉടൻ പ്രവേശിപ്പിച്ച് ക്ലാസുകൾ തുടങ്ങുന്നത് കൊണ്ടും, അടുത്തുവരുന്ന NAAC വിസിറ്റിന് മുൻപുതന്നെ അക്കാദമിയ കോംപ്ലക്സിൽ എല്ലാ സെൻ്ററുകളും സ്ഥാപിച്ച് പ്രവർത്തനം തുടങ്ങണമെന്നുള്ളതുകൊണ്ടും വിഷയത്തിൻ്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് കൺവർജെൻസ് അക്കാദമിയ കോംപ്ലക്സിലെ വിവിധ സെൻ്ററുകളിലേക്കാവശ്യമായ ഫർണിച്ചർ മെ. കേരള ആർട്ടിസാൻസ് ഡെവലപ്മെൻ്റ് കോർപറേഷൻ (KADCO) മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്ന് 82,88,536/- രൂപയ്ക്ക് (എൺപത്തിരണ്ട്ലക്ഷത്തി എൺപത്തെണ്ണായിരത്തി അഞ്ഞൂറ്റി മുപ്പത്താറ് രൂപ മാത്രം) വാങ്ങുന്നതിനും പ്രസ്തുത ചെലവ് ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്ററുകൾക്ക് അനുവദിച്ചിരിക്കുന്ന സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിനും വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും

തദനുസരണം പുറപ്പെടുവിച്ച 09.12.2021-ലെ 6934/ADB2/2021/M.G.U നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.08/22.03/CT&D/49/Confi.Printer/2021** **സർവകലാശാല കോൺഫിഡൻഷ്യൽ പ്രിന്റർക്ക് ചോദ്യപേപ്പർ അച്ചടിച്ചെലവുമായി ബന്ധപ്പെട്ട് പ്രിന്റിംഗ് ചാർജ് ഇനത്തിൽ രൂപ 2,367,162.00/- (രൂപ ഇരുപത്തിമൂന്ന് ലക്ഷത്തി അറുപത്തിയേഴായിരത്തി ഒരുനൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) അനുവദിച്ചു നൽകുന്നത് സംബന്ധിച്ച്.**

ജൂലൈ 2021 മുതൽ സെപ്റ്റംബർ 2021 വരെയുള്ള കാലയളവിൽ ചോദ്യപേപ്പർ അച്ചടിച്ചതിന്റെയും അത് സർവകലാശാലയിൽ എത്തിച്ചതിന്റെയും ചാർജ് ഇനത്തിൽ കോൺഫിഡൻഷ്യൽ പ്രിന്റർക്ക് Rs.2,367,162.00/- (രൂപ ഇരുപത്തിമൂന്ന് ലക്ഷത്തി അറുപത്തിയേഴായിരത്തി ഒരുനൂറ്റി അറുപത്തിരണ്ട്രൂപ മാത്രം) അനുവദിച്ചുകൊണ്ട് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.01.2022-ലെ CE/315/CT&D/49/2021 നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു..

**ഇനംനമ്പർ.09/22.03/5996/EH11/2/2020** **M. Com (CSS) ഒന്നാം സെമസ്റ്റർ - ഡിസംബർ 2018 പരീക്ഷയുടെ മൂല്യനിർണ്ണയത്തിലും പുനർ മൂല്യനിർണ്ണയത്തിലും മാർക്കുകളിലെ അന്തരം സംബന്ധിച്ച് വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി**

M. Com. (CSS) ഒന്നാം സെമസ്റ്റർ-ഡിസംബർ 2018 പരീക്ഷയുടെ മൂല്യനിർണ്ണയത്തിലെയും പുനർമൂല്യനിർണ്ണയത്തിലെയും മാർക്കുകളിലെ അന്തരം സംബന്ധിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾ പരാതി സമർപ്പിച്ചിരുന്നു. പരാതി പരിഗണിച്ച വൈസ് ചാൻസലർ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിച്ചിരുന്നു. 04/01/2022-ൽ കൂടിയ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി മാർക്കുകളിലെ അന്തരം സംബന്ധിച്ച് ഓരോ വിഷയത്തിലും 2 അദ്ധ്യാപകർ വീതമുള്ള ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ച് പുനർമൂല്യനിർണ്ണയം നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതിയുടെ പ്രസ്തുത ശുപാർശ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.01.2022-ലെ 922/EH 11/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.10/22.03/ACBI/3/6789/2020** **എയ്ഡഡ്/അൺ എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ സ്റ്റാഫ് പ്രൊഫൈൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നത് സംബന്ധിച്ച്**

ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ പ്രിൻസിപ്പലിന്/അദ്ധ്യാപകർക്ക് യു.ജി.സി. റഗുലേഷൻസ് നിഷ്കർഷിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുണ്ടോ എന്ന് പരിശോധിച്ചാണ് ആയത് സാക്ഷ്യപ്പെടുത്തി നൽകി വന്നിരുന്നത്. എന്നാൽ ട്രെയിനിംഗ് കോളേജുകളുടെ റഗുലേറ്ററി ബോഡി എൻ.സി.ടി.ഇ. ആയതിനാൽ പ്രസ്തുത കോളേജുകളിലെ സ്റ്റാഫ് പ്രൊഫൈൽ എൻ സി ടി ഇ റഗുലേഷൻസ് അടിസ്ഥാനപ്പെടുത്തി നൽകണമെന്ന് പല കോളേജുകളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയം സർവകലാശാല പരിശോധിക്കുകയും, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ ഡീനിന്റെ വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ നിയമിതരാകുന്ന അദ്ധ്യാപകരുടെ യോഗ്യത, എൻ.സി.ടി.ഇ-യുടെ 2014/2017 റെഗുലേഷൻസ് അനുശാസിക്കും പ്രകാരമായിരിക്കണമെന്നത് അംഗീകരിക്കുന്നതിനും, അത് അടിസ്ഥാനപ്പെടുത്തി, പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സ്റ്റാഫ് പ്രൊഫൈൽ സാക്ഷ്യപ്പെടുത്തി നൽകുന്നതിന് 26.09.2020 തീയതിയിലെ 4298/ACB1/2020/എം.ജി.യു നമ്പർ സർവ്വകലാശാല

ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ പ്രിൻസിപ്പലിന്/അദ്ധ്യാപകർക്ക് യു.ജി.സി. റഗുലേഷൻസ് നിഷ്കർഷിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുണ്ടോ എന്ന് പരിശോധിച്ചാണ് ആയത് സാക്ഷ്യപ്പെടുത്തി നൽകി വന്നിരുന്നത്. എന്നാൽ ട്രെയിനിംഗ് കോളേജുകളുടെ റഗുലേറ്ററി ബോഡി എൻ.സി.ടി.ഇ. ആയതിനാൽ പ്രസ്തുത കോളേജുകളിലെ സ്റ്റാഫ് പ്രൊഫൈൽ എൻ സി ടി ഇ റഗുലേഷൻസ് അടിസ്ഥാനപ്പെടുത്തി നൽകണമെന്ന് പല കോളേജുകളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയം സർവകലാശാല പരിശോധിക്കുകയും, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ ഡീനിന്റെ വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ നിയമിതരാകുന്ന അദ്ധ്യാപകരുടെ യോഗ്യത, എൻ.സി.ടി.ഇ-യുടെ 2014/2017 റെഗുലേഷൻസ് അനുശാസിക്കും പ്രകാരമായിരിക്കണമെന്നത് അംഗീകരിക്കുന്നതിനും, അത് അടിസ്ഥാനപ്പെടുത്തി, പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സ്റ്റാഫ് പ്രൊഫൈൽ സാക്ഷ്യപ്പെടുത്തി നൽകുന്നതിന് 26.09.2020 തീയതിയിലെ 4298/ACB1/2020/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2014 എൻ സി ടി ഇ റഗുലേഷൻസ് നിലവിൽ വരുന്നതിന് മുൻപ് നിയമിതരായ അദ്ധ്യാപകർ, തങ്ങൾക്ക് നിയമന കാലയളവിൽ എൻ.സി.ടി.ഇ റഗുലേഷൻസ് 2009 പ്രകാരം മതിയായ യോഗ്യതകൾ ഉണ്ടായിരുന്നു എന്ന് അവകാശപ്പെട്ട് സർവ്വകലാശാലയ്ക്ക് പരാതി സമർപ്പിച്ചിരുന്നു. ആയതിനാൽ, ടി വിഷയത്തിൽ കൂടി ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷന്റെ അഭിപ്രായം ആരായുകയും, പ്രസ്തുത വിഷയത്തിന്മേൽ ഡീനിന്റെ ശുപാർശ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.01.2022-ലെ യു.ഓ. നം.648/ACB1/2022/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ.11/22.03/3454/AC A9-1/2022** | **PG CSS 2019 - റഗുലേഷൻസ് ഭേദഗതി - സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) നല്കുന്ന സവിശേഷ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായത് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്** |

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടന്നുവരുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ബാധകമായ PG CSS 2019 റഗുലേഷൻസ് സർവ്വകലാശാലാ ഉത്തരവ് 2320/ACA9/2019/എം.ജി.യു. തീയതി 28.05.2019 പ്രകാരം നിലവിൽ വന്നിട്ടുള്ളതാണ്. റഗുലേഷൻസ് അനുച്ഛേദം 12.1 പ്രകാരം ഓരോ കോഴ്സിന്റേയും മൂല്യനിർണ്ണയത്തിന് രണ്ട് ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു- End Semester Evaluation (External Evaluation) and Continuous Evaluation (Internal Evaluation). കൂടാതെ internal, external എന്നിവയുടെ വെയ്റ്റേജ് 1:3 എന്ന അനുപാതത്തിൽആയിരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനുച്ഛേദം 12.8 a പ്രകാരം തിയറി internal മൂല്യനിർണ്ണയ ഘടകത്തിന് ആകെ വെയ്റ്റേജ് 5 എന്നും, 12.16.5 പ്രകാരം തിയറി external മൂല്യനിർണ്ണയ ഘടകത്തിന് ആകെ വെയ്റ്റേജ് 30 എന്നും നിജപ്പെടുത്തിയിരിക്കുന്നു. തദനുസരണം internal-external അനുപാതം 1:6 എന്ന് ആകുകയും അനുച്ഛേദം 12.1 ലെ വ്യവസ്ഥ പാലിക്കപ്പെടാതിരിക്കുകയും ചെയ്തിരിക്കുന്നു. അനുച്ഛേദം 12.8 a പ്രകാരം നിലവിൽ നൽകിയിരിക്കുന്ന തിയറി കോഴ്സിന്റെ Continuous Evaluation (Internal Evaluation) നിർണ്ണയിക്കുന്നതിനുള്ള ഘടകങ്ങളും അവയുടെ വെയ്റ്റേജും ചുവടെ പ്രസ്താവിക്കുന്ന പ്രകാരം ക്രമീകരിച്ച് ആകെ വെയ്റ്റേജ് 10 ആയി മാറ്റിയാൽ 1:3 എന്ന അനുപാതം പാലിക്കപ്പെടുന്നതാണ് എന്നുള്ള ശിപാർശ സമർപ്പിക്കപ്പെട്ടിരുന്നു.

For Theory (CE) (Internal)

| Components | Weightage |
|---|---|
| i. Assignment. | 2 |
| ii. Seminar | 4 |
| iii. Best Two Test Papers | 4 (2 each) |
| **Total** | 10 |

മേൽ ഭേദഗതി പ്രകാരം PG CSS 2019 റഗുലേഷൻസ് അനുബന്ധം പേജ് 24 ൽ ഇപ്രകാരം മാറ്റം വരുത്തുന്നതിനും ശിപാർശ ചെയ്തിരുന്നു.

Theory –Internal – CE

Maximum weight for Internal Evaluation is 10. Therefore Maximum Weighted Grade Point (WGP) is 50.

| Components | Weight (W) | Grade Awarded | Grade Point (GP) | WGP = W x GP | Overall Grade of the Course |
|---|---|---|---|---|---|
| Assignment | 2 | A | 4 | 8 | WGP/Total weight = 48 /10 = 4.8 |
| Seminar | 4 | A+ | 5 | 20 | |
| Test paper 1 | 2 | A+ | 5 | 10 | |
| Test paper 2 | 2 | A+ | 5 | 10 | |
| Total | 10 | | | 48 | A+ |

ടി ശിപാർശകൾ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.01.2022–ലെ യു.ഓ.നം.815/ACA9/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം V വകുപ്പ് 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.12/22.03/162301/AC A9-1/2021** **PG CSS 2019 – രണ്ട് വര്‍ഷ M Lib I Sc പ്രോഗ്രാം – പ്രാക്ടിക്കൽ കോഴ്സുകളുടെ മാതൃകാ ചോദ്യപേപ്പർ – സര്‍വ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) നല്കുന്ന സവിശേഷ അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാന്‍സലര്‍ അംഗീകരിച്ച് ഉത്തരവായത് – സിന്‍ഡിക്കേറ്റിലേയ്ക്ക് റിപ്പോര്‍ട്ട് ചെയ്യുന്നത് സംബന്ധിച്ച് :–**

PG CSS 2019 റഗുലേഷന്‍സ് പ്രകാരം നടന്നുവരുന്ന രണ്ട് വര്‍ഷ M.Lib.I.Sc. പ്രോഗ്രാമിന്റെ രണ്ട്, മൂന്ന് സെമസ്റ്ററുകളിലെ പ്രാക്ടിക്കൽ കോഴ്സുകളുടെ മാതൃകാ ചോദ്യപേപ്പറുകൾ അംഗീകരിക്കണം എന്ന് ആവശ്യപ്പെട്ട് HOD, Institute of Library and Information Science, CPAS അപേക്ഷ സമർപ്പിച്ചിരുന്നു. തദനുസരണം, ബോർഡ് ഓഫ് സ്റ്റഡീസ് ഓണ്‍ലൈന്‍ യോഗം കൂടുകയും ശിപാര്‍ശകള്‍ സമർപ്പിക്കുകയും ചെയ്തിരുന്നു. റഗുലേഷൻസ് പ്രകാരം പ്രാക്ടിക്കൽ കോഴ്സുകളുടെ external–ന്റെ weightage 15 എന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ടെങ്കിലും മാതൃകാ ചോദ്യപേപ്പറുകളിൽ weightage 30 നൽകിയിരിക്കുന്നത് അംഗീകരിക്കുന്നതിനാണ് ശിപാർശ നൽകിയിരുന്നത്.

രണ്ട് വര്‍ഷ M Lib I Sc പ്രോഗ്രാമിന്റെ രണ്ട്, മൂന്ന് സെമസ്റ്ററുകളിലെ ചുവടെ പരാമർശിച്ചിരിക്കുന്ന പ്രാക്ടിക്കൽ കോഴ്സുകളുടെ മാതൃകാ ചോദ്യപേപ്പറുകൾ അംഗീകരിക്കുന്നതിന് ശിപാർശ നൽകിയിരുന്നു.

രണ്ടാം സെമസ്റ്റർ

(1) LS020202 Knowledge Organization – Library Classification

(2) LS020203, Knowledge Organization – Library Cataloguing

മൂന്നാം സെമസ്റ്റർ

(3) LS020303 Information Processing and Retrieval

ടി ശിപാര്‍ശകള്‍ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.01.2022–ലെ

യു.ഓ.നം.851/ACA9/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.13/22.03/185996/AC A9-1/2021** **PG CSS 2019 – റഗുലേഷന്സ് ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ – സര്വ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) നല്കുന്ന സവിശേഷ അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാന്സലർ അംഗീകരിച്ച് ഉത്തരവായത് – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോര്ട്ട് ചെയ്യുന്നത് സംബന്ധിച്ച്**

M.Sc Cyber Forensics, M.Sc Computer Science, M.Sc Information Technology (2019 onwards) and M.Sc Artificial Intelligence (2020 onwards), എന്നീ പ്രോഗ്രാമുകളുടെ നാലാം സെമസ്റ്ററിൽ പ്രൊജക്റ്റിന് റഗുലേഷന്സ് അനുശാസിച്ചിട്ടുള്ളതിൽ അധികം ക്രെഡിറ്റുകൾ അനുദിച്ചിട്ടുള്ളതായി കണ്ടെത്തിയിരുന്നു. തുടര്ന്ന് വിഷയം ചർച്ചചെയ്യുന്നതിനായി ബന്ധപ്പെട്ട പ്രോഗ്രാമുകളുടെ ബോര്ഡ് ഓഫ് സ്റ്റഡീസ്/വിദഗ്ദ്ധ സമിതി അദ്ധ്യക്ഷൻമാർ, ഡീന്ഫാക്കല്റ്റി ഓഫ് സയന്സ്, ഡീന്ഫാക്കല്റ്റി ഓഫ് ടെക്നോളജി & അപ്ലൈഡ് സയന്സസ്, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓണ്ലൈൻ യോഗം കൂടുകയും PG CSS 2019 റഗുലേഷന്സ് അനുച്ഛേദം 20.3-ൽ ഭേദഗതി വരുത്തുന്നതിന് ശിപാർശകൾ നൽകുകയും ആയത് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

1. To retain 8 credits allotted to the Project of the Fourth Semester M.Sc Cyber Forensics, M.Sc Computer Science, M.Sc Information Technology (2019 Admission), and M.Sc Artificial Intelligence (2020 Admission) Programmes.
2. To modify the PG CSS 2019 Regulations Clause 20.3 as "The minimum Credit of a Course is 2 and maximum credit is 5 except for M.Ed, MFA, MBA, MSW, M.Sc Cyber Forensics, M.Sc Computer Science, M.Sc Information Technology and M.Sc Artificial Intelligence.
3. To publish the Fourth Semester Examination Results of M.Sc Cyber Forensics, M.Sc Computer Science, and M.Sc Information Technology only after effecting the above modifications.

വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ടി ശിപാര്ശകൾ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.12.2021-ലെ യു.ഓ. നം. 7472/ACA9/2021/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.14/22.03/ADA1/5285/2/2021** **ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം / നിയമനം സംബന്ധിച്ച് –**

| ക്രമ നം | പേര് | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ, തീയതി |
|---|---|---|---|---|
| 1. | ശ്രീമതി. ലേഖ ജെ., ഹയർ ഗ്രേഡ് അസിസ്റ്റൻറ് രജിസ്ട്രാർ | ഡെപ്യൂട്ടി രജിസ്ട്രാർ, 03.02.2022 പൂർവ്വാഹ്നം മുതൽ | ശ്രീമതി. ബിന്ദുകുമാരി കെ., ഡെപ്യൂട്ടി രജിസ്ട്രാർ, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ ഓപ്ഷൻ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് വിടുതൽ ചെയ്തതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | 1134/ADA1/2021/ എം.ജി.യു. തീയതി: 03.02.2022. |
| 2. | ശ്രീമതി. നിഷ ടി. എസ്., | ഡെപ്യൂട്ടി രജിസ്ട്രാർ, 03.02.2022 പൂർവ്വാഹ്നം മുതൽ | ശ്രീ.ഹരികൃഷ്ണൻ കെ., ഡെപ്യൂട്ടി രജിസ്ട്രാർ, എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ ഓപ്ഷൻ | |

| | | | | |
|---|---|---|---|---|
| | ഹയർ ഗ്രേഡ് അസിസ്റ്റൻറ് രജിസ്ട്രാർ | | വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് വിടുതൽ ചെയ്യതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ട് 50 പ്രകാരം ജോയിൻറ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം, സിൻഡിക്കേറ്റ്, സർവ്വകലാശാല ആക്ടിലെ ചട്ടങ്ങൾ പ്രകാരം നടത്തേണ്ടതാണ്. എന്നാൽ, മേൽ പരാമർശിച്ച ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലെ ഒഴിവ് അടിയന്തിരമായി നികത്തേണ്ടതായതിനാൽ, പ്രസ്തുത തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 03.02.2022-ലെ 1134/ADA1/2021/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.15/22.03/16615/AC A12-3/2022**

**ബി.ബി.എ പ്രോഗ്രാം-മൂന്നാം സെമസ്റ്റർ മിനി പ്രൊജക്റ്റ്, ഇൻഡസ്ട്രിയൽ വിസിറ്റ് (2019, 2020 അഡ്മിഷൻ), ആറാം സെമസ്റ്റർ മാനേജ്മെൻ്റ് പ്രൊജക്റ്റ് (2019 അഡ്മിഷൻ) എന്നിവയുടെ നടത്തിപ്പ്സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച-ഉത്തരവായ നടപടി –സിൻഡിക്കേറ്റിലേക്ക്റിപ്പോർട്ട് ചെയ്യുന്നു .**

കോവിഡ് 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ബി.ബി.എ. പ്രോഗ്രാം മൂന്നാം സെമസ്റ്റർ മിനി പ്രൊജക്റ്റ്, ഇൻഡസ്ട്രിയൽ വിസിറ്റ് (2019, 2020 അഡ്മിഷൻ), ആറാം സെമസ്റ്റർ മാനേജ്മെൻ്റ് പ്രൊജക്റ്റ് (2019 അഡ്മിഷൻ) എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ Chairperson, Board of studies (Management Studies-U.G), Dean (Faculty of Management Sciences) എന്നിവരുടെ വിദഗ്ധ അഭിപ്രായം തേടിയിരുന്നു. നിലവിലെ കോവിഡ് 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ബി.ബി.എ. പ്രോഗ്രാം (2019, 2020 അഡ്മിഷൻ) മൂന്നാം സെമെസ്റ്ററിലെ minor project ഓഫ്ലൈനായി നടത്താൻ സാധിക്കാത്തതിനാൽ, ഓൺലൈനായി നടത്തിയ നടപടി അംഗീകരിക്കാവുന്നതാണെന്നും, മൂന്ന്, നാല്, അഞ്ച് സെമെസ്റ്ററുകളിലെ Industrial Visit – Organisational study monitored by Teacher ആയി ക്രമീകരിക്കാവുന്നതാണെന്നും, ആറാം സെമെസ്റ്ററിലെ Management Project ഓൺലൈനായി നടത്താമെന്ന 2020-21 വർഷത്തെ സർവ്വകലാശാല ഉത്തരവ് (സ.ഉ.നം.5593/ACA9/2020/എം.ജി.യൂ തീയതി:24/11/2020) നിലവിലെ സാഹചര്യത്തിൽ ഈ അക്കാദമിക് വർഷത്തേക്ക് കൂടി (2021-22) ബാധകമാക്കാവുന്നതാണെന്നും ചെയർപേഴ്സൺ, ഡീൻ എന്നിവർ ശിപാർശ ചെയ്തിരുന്നു.

Chairperson, Board of studies (Management Studies-U.G), Dean (Faculty of Management Sciences) എന്നിവർ നൽകിയ ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 04/02/2022-ലെ 1156/ACA12/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം V 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.16/22.03/315/PR1-1/2022**

**2021 പ്രവേശന വർഷം പി.ജി രജിസ്ട്രേഷന് അപേക്ഷിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചത് – സംബന്ധിച്ച്.**

11/11/2019 തീയതിയിലെ സ.ഉ.നം. 5565/AC A 9/2019/എം ജി യു പ്രകാരം പി ജി പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് 'Academic Eligibility should be satisfied as on date of notification' എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. 2021 പ്രവേശന വർഷത്തെ പി ജി പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപന തീയതി 30/10/2021 ആയതിനാൽ പി ജി പ്രൈവറ്റ് രജിസ്ട്രേഷനു അപേക്ഷിക്കുന്ന

വിദ്യാർഥികൾ 30/10/2021 തീയതിയിൽ യോഗ്യത നേടിയിരിക്കണം. എന്നാൽ 2017, 2018 അഡ്മിഷൻ പ്രൈവറ്റ് രജിസ്ട്രേഷൻ ബി. എ, ബി. കോം വിദ്യാർഥികളുടെ ഒന്നും രണ്ടും സെമസ്റ്റർ സപ്പ്ളിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ ഇവർക്ക് കൂടി 2021 പ്രവേശന വർഷത്തെ പി ജി പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കുവാൻ അവസരം നൽകുവാനായി "Academic Eligibility Should be satisfied as on date of notification" എന്ന മനദണ്ഡത്തിൽ ഇളവ് അനുവദിക്കണം എന്ന് പരീക്ഷ വിഭാഗം ആവശ്യപ്പെടുകയും അക്കാഡമിക് യോഗ്യത നേടേണ്ട തീയതി 07/02/2022 ആയി നിജപ്പെടുത്താവുന്നതാണെന്നു അഭിപ്രായപ്പെടുകയും ചെയ്തു. ടി വിഷയം പരിഗണിച്ച്, 2021 പ്രവേശന വർഷം പി ജി പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കുന്ന വിദ്യാർഥികൾക്ക് മാത്രം "Academic Eligibility Should be satisfied as on date of notification" എന്ന മാനദണ്ഡത്തിൽ ഇളവു നല്കിക്കൊണ്ടു ഇവർ 07/02/2022 തീയതിയിൽ യോഗ്യത നേടിയാൽ മതിയാകും എന്ന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിക്കുകയും തദനുസരണം 04.02.2022 തീയതിയിലെ സ.ഉ.നം.1193/AC A3/2022/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. വൈസ് ചാൻസലറുടെ പ്രസ്തുത നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.17/22.03/10579/P&D2-1/2022/REGSECT മഹാത്മാഗാന്ധി സർവ്വകലാശാലയും തഞ്ചാവൂർ ആസ്ഥാനമായിട്ടുള്ള Indian Institute of Food Processing Technology (IIFPT) -യും തമ്മിൽ അക്കാദമിക വിഷയങ്ങളിൽ പരസ്പര സഹകരണത്തിനായി ധാരണാപത്രം ഒപ്പ വയ്ക്കുന്നതിന് മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവ് - പരിഷ്കരിച്ച് ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് -സംബന്ധിച്ച്**

"മഹാത്മാഗാന്ധി സർവകലാശാലയും തഞ്ചാവൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ് ടെക്നോളജിയും (ഐ ഐ എഫ്പി ടി) തമ്മിലുള്ള സഹകരണ ചർച്ചയിൽ ഇരു സ്ഥാപനങ്ങളും ധാരണാപത്രം ഒപ്പിടാൻ പരസ്പരം ധാരണയിലെത്തുകയും തുടർന്ന് ഡോ. ജിഷ എം. എസ്. (ഓണററി ഡയറക്ടർ, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജി) ധാരണാപത്രത്തിന്റെ കരട് ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു."

21.12.2021-ലെ 7286/P&D-2/2021/MGU നമ്പർ സർവ്വകലാശാല ഉത്തരവ് മുകളിൽ കൊടുത്തിരിക്കുന്ന വിധം പരിഷ്കരിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച, 03.02.2022-ലെ 1119/P&D2/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.18/22.03/17170/BUDGET -1/2022/BUDGET (C) ധനകാര്യം - 2021 -22 സാമ്പത്തിക വർഷത്തെ ബജറ്റിൽ -"21 101 90 q - SWAYAM LAB" എന്ന ശീർഷകം ഉൾപ്പെടുത്തി - ആയതിൽ 20 ലക്ഷം വകയിരുത്തൽ - ഉത്തരവ്വ് പുറപ്പെടുവിച്ചത് സംബന്ധിച്ച് .**

യു.ഓ.നം.3419/P&D1/2021/എം.ജി.യു. തീയതി: 22.07.2021 പ്രകാരം 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 27 കോടി രൂപയുടെ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി തുകയിൽ 20 ലക്ഷം രൂപ SWAYAM Lab എന്ന പദ്ധതിക്ക് അനുവദിച്ചിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ നിന്നും മേൽ തുക വകയിരുത്തുന്നതിലേക്കായി ബജറ്റ് ശീർഷകം ഉൾപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ 2021-22 സാമ്പത്തിക വർഷ ബജറ്റിൽ "21 101 90 q - SWAYAM Lab" എന്ന ശീർഷകം

ഉൾപ്പെടുത്തുന്നതിനായും, ആയതിൽ 20 ലക്ഷം രൂപ വകയിരുത്തുന്നതിനായും ധനകാര്യ വിഭാഗം ശുപാർശ നൽകിയിരുന്നു. ധനകാര്യ വിഭാഗത്തിന്റെ ശുപാർശ പരിഗണിച്ച്, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ടി ശുപാർശ അംഗീകരിച്ചുകൊണ്ട് സർവകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റ് അടങ്കലും വാർഷിക കമ്മിയും പരിഷ്കരിക്കുന്നതിന് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.02.2022-ലെ 1252/BUDGET(C)/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.19/22.03/13920/P&D1/3/2019**

**സർവ്വകലാശാലയിലെ വിവിധ ഭാഗങ്ങളിലെ റോഡുകളുടെ അറ്റകുറ്റപണികൾക്കും റീടാറിംഗ് ചെയ്യുന്നതിനായിട്ടും 24,87,800/- രൂപയുടെ എസ്റ്റിമേറ്റ് ബഹു. വൈസ് ചാൻസലർ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 -ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ ഭാഗങ്ങളിലെ റോഡുകളുടെ അറ്റകുറ്റപണികൾക്കും റീടാറിംഗ് ചെയ്യുന്നതിനും സർവകലാശാല എൻജിനീയർ 24,87,800/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. 17.11.2021 -ൽ കൂടിയ എഞ്ചിനിയേഴ്സ് മീറ്റിംഗിന്റെ മിനുട്സ് പ്രകാരം NAAC വിസിറ്റുമായി ബന്ധപെട്ടു അടിയന്തിര പ്രാധാന്യമർഹിക്കുന്ന പ്രവൃത്തികളിൽ ഉൾപ്പെടുത്തി ടി പ്രവൃത്തിയുടെ പ്രിലിമിനറി പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ എൻജിനിയറിങ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. ആയതു പ്രകാരം എൻവയോൺമെന്റ് സയൻസിന് സമീപമുള്ള സെക്യൂരിറ്റി ചെക്ക് പോസ്റ്റ് ജംഗ്ഷൻ മുതൽ ഹോസ്റ്റൽ വരെയും, ടീച്ചേഴ്സ് ക്വാർട്ടേഴ്സിലേക്കും, സ്കൂൾ ഓഫ് ബയോ സയൻസിനോട് ചേർന്ന് വരുന്ന റോഡ് എന്നിവ റീടാർ ചെയ്യുന്നതിനും, ഗസ്റ്റ് ഹൗസിൽ നിന്നും മിൽമ ബൂത്ത് വരെയും ഗസ്റ്റ് ഹൗസിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് വരെയും ഉള്ള റോഡിന്റെ അറ്റകുറ്റപണികൾ ചെയ്യുന്നതിനുമായുള്ള എസ്റ്റിമേറ്റ് ആണ് സമർപ്പിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2018 DSR PRICE (Cost index 36.44%) പ്രകാരമാണെന്ന് 30/12/2021 തീയതിയായുള്ള കത്തിൽ സർവകലാശാല എൻജിനീയർ വ്യക്തമാക്കുന്നുണ്ട്. ടി എസ്റ്റിമേറ്റ് ധനകാര്യ വിഭാഗം പരിശോധിക്കുകയും, വിവിധ ഇനങ്ങളിലുള്ള ചെലവ് കണക്കാക്കിയതും GST അടക്കം ആകെ ചെലവ് കണക്കാക്കിയതും കൃത്യമായാണെന്നും, എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തു. മേൽ പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാലയിലെ വിവിധ ഭാഗങ്ങളിലെ റോഡുകളുടെ അറ്റകുറ്റപണികൾക്കും റീടാറിംഗ് ചെയ്യുന്നതിനായിട്ടുമുള്ള 24,87,800/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു ഉത്തരവായ നടപടിയും തദനുസരണം 18.02.2022-ൽ പുറപ്പെടുവിച്ച യു.ഓ.നം. 1702/P&D 1/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.20/22.03/125365/EI39-1/2021**

**MSc Computer Science (Data Analytics ) പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയായി BVoc Software Development അംഗീകരിക്കാമെന്ന പി ജി കമ്പ്യൂട്ടർ സയൻസ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ ശിപാർശ ബഹു.വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10.17 പ്രകാരം അംഗീകരിച്ച് ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സ്വയംഭരണ പദവിയുള്ള കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ 2020-21 വർഷം M.Sc. Computer Science (Data Analytics) പ്രോഗ്രാമിൽ പ്രവേശനം നേടിയ സെലസ് ജോസഫ് എന്ന വിദ്യാർത്ഥിക്ക് പ്രവേശന യോഗ്യതയായി B.Voc. Software Development ആണുള്ളത്. M.Sc. Computer Science ന്റെ പ്രവേശന യോഗ്യതയായി B.Voc. Software Development അംഗീകരിച്ചിട്ടുണ്ട്. എന്നാൽ Data Analytics സ്പെഷ്യലൈസേഷനുള്ള MSc Computer Science ന് ഇത് മതിയായ യോഗ്യത ആണോ എന്നതിൽ PG Computer Science ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ അഭിപ്രായം തേടിയിരുന്നു. BVoc Software Development എന്നത് MSc Computer Science-Data Analytics ന്റെ പ്രവേശന യോഗ്യതയായി പരിഗണിക്കാവുന്നതാണെന്നും MSc Computer Science, M.Sc. Computer Science (Data Analytics) എന്നിവയുടെ സിലബസുകൾ തമ്മിൽ 70%-ൽ അധികം സാമ്യം ഉള്ളതിനാൽ ഈ വിദ്യാർത്ഥിയുടെ പ്രവേശനം അംഗീകരിക്കാവുന്നതാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ വൈസ് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.02.2022 ലെ 1430/AC B7/2022/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു..

**ഇനംനമ്പർ.21/22.03/29707/P&D1/3/2021**

**മഹാത്മാഗാന്ധി സർവ്വകലാശാല അസ്സംബ്ലി ഹാളിന്റെ AC ഷീറ്റ് റൂഫിങ് മാറ്റി GI ഷീറ്റ് റൂഫിങ് നൽകുന്നതിനും പെയിന്റിംഗ് ഫാൾസ് സീലിങ്, വരാന്തയിൽ ടൈൽ വിരിക്കുക എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനുമായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 12,89,000/- രൂപയുടെ എസ്റ്റിമേറ്റ് ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 - ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല അസ്സംബ്ലി ഹാളിന്റെ AC ഷീറ്റ് റൂഫിങ് മാറ്റി GI ഷീറ്റ് റൂഫിങ് നൽകുന്നതിനും പെയിന്റിംഗ്, ഫാൾസ് സീലിങ്, വരാന്തയിൽ ടൈൽ വിരിക്കുക എന്നിവ ചെയ്യുന്നതിനുമായി സർവ്വകലാശാല എൻജിനീയർ 12,89,000/- (പന്ത്രണ്ടു ലക്ഷത്തി എൺപത്തൊൻപതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരിന്നു. മേൽ പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത്, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 12,89,000/- (പന്ത്രണ്ടു ലക്ഷത്തി എൺപത്തൊൻപതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചുത്തരവായ നടപടിയും തദനുസരണം 18.02.2022-ൽ പുറപ്പെടുവിച്ച 1659/P&D 1/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.22/22.03/162610/EI36SO/2021**

**ചങ്ങനാശ്ശേരി എസ് ബി കോളേജിലെ MSc Physics പ്രോഗ്രാമിൻറെ പേര് ക്രമപ്രകാരം അനുമതി വാങ്ങാതെ MSc Physics (Electronics) എന്നാക്കിയ വിഷയം അന്വേഷിച്ച് തീർപ്പാക്കുവാൻ നിയമിതമായ അന്വേഷണ കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ട് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10.17 പ്രകാരം അംഗീകരിച്ചത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ചങ്ങനാശ്ശേരി എസ് ബി കോളേജിൽ 2015 അഡ്മിഷൻ മുതൽ ക്രമപ്രകാരം സർവകലാശാലയിൽനിന്ന് അനുമതി വാങ്ങാതെ M.Sc. Physics പ്രോഗ്രാമിന്റെ പേര് M.Sc. Physics (Electronics) എന്ന് പരിഷ്ക്കരിച്ച വിഷയം 13-01-2022-ൽ ചേർന്ന സിൻഡിക്കേറ്റ് ഉപസമിതി (അക്കാദമിക് അഫയേഴ്സ്) യോഗം മിനിട്സ് ഇനം നമ്പർ 162610/EI 36 SO/43042/2021 ആയി പരിഗണിക്കുകയും ഈ വിഷയം അന്വേഷിച്ച് തീർപ്പാക്കുവാൻ അന്വേഷണ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കമ്മീഷൻ ബന്ധപ്പെട്ടവരെ ഹിയർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ സർവകലാശാലയുടെ അനുമതി വാങ്ങാതെ പ്രോഗ്രാമിന്റെ പേര് M.Sc. Physics (Electronics) എന്ന മാറ്റം വരുത്തിയത് തെറ്റാണെന്നും 2020 അഡ്മിഷൻ മുതൽ സർവകലാശാല നിശ്ചയിച്ചിട്ടുള്ള പേരിൽ തന്നെ പ്രോഗ്രാം നടത്തുന്നതാണെന്ന് കാണിച്ച് കോളേജിൽ നിന്നും ലഭിച്ച വിശദീകരണം അംഗീകരിക്കാമെന്നും കൂടാതെ പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ ഭാവിയെ കരുതി 2019 അഡ്മിഷൻ ബാച്ചുവരെ കോളേജിൽ നിന്നും ടി പ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് M.Sc. Physics (Electronics) എന്ന പേരിൽ നൽകിയ ഗ്രേഡ് കാർഡുകൾ അംഗീകരിക്കുന്നതിനും 2020 അഡ്മിഷൻ ബാച്ചു മുതൽ കോളേജ് M.Sc. Physics എന്ന പേരിൽ പ്രോഗ്രാം നടത്തി അപ്രകാരം തന്നെ ഗ്രേഡ് കാർഡുകൾ നൽകേണ്ടതാണെന്നും സർവകലാശാലയിൽ നിന്നും എല്ലാ ബാച്ചിലേയും വിദ്യാർത്ഥികൾക്ക് M.Sc. Physics എന്ന പേരിൽ പ്രൊവിഷണൽ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകാവുന്നതാണെന്നും, അക്കാഡമിക് സംബന്ധമായ കാര്യങ്ങളിൽ ഗുരുതരമായ വീഴ്ച വരുത്തിയ ചങ്ങനാശ്ശേരി എസ് ബി കോളേജ് പ്രിൻസിപ്പലിനെ ശക്തമായി താക്കീത് ചെയ്യുന്നതിനും ശിപാർശ ചെയ്യുകയും ചെയ്തു . പ്രസ്തുത ശിപാർശകൾ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം 16/02/2022-ൽ പുറപ്പെടുവിച്ച 1549/ACB7/2022/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.23/22.03/1839/ADA4/4/2019**

**ജീവനക്കാര്യം - സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഉണ്ടായ ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാലയിൽ 30.11.2021 അപരാഹ്നം ഉണ്ടായ വിരമിക്കലിനെ തുടർന്ന്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 01.12.2021 പൂർവാഹ്നം ഉണ്ടായ ഒരു ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ റിപ്പോർട്ട് ചെയ്യുന്നതിന്, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അനുമതി നൽകിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15/02/2022-ലെ യു.ഓ.നം. 1523/ADA4/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.24/22.03/AcA4/1/1892021/2021 (1554/AcA4/2022)** **ബി.ആർക്ക് & എം ആർക്ക് (കംബൈൻഡ്) – ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശകൾ– സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:–**

21.01.2022 ന് നടന്ന ബോർഡ് ഓഫ് സ്റ്റഡീസ് (ബി ആർക്ക് & എം ആർക്ക് കംബൈൻഡ്) യോഗത്തിൽ, 2019 മുതൽ പരിഷ്കരിച്ച ബി. ആർക്ക് സ്കീം & സിലബസിൽ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നിർദ്ദേശപ്രകാരം "Traffic Awareness" എന്ന ഇലക്റ്റീവ് വിഷയം ഒൻപതാം സെമെസ്റ്ററിൽ "Building Performance and Compliance" എന്ന ഇലക്ടിവിനു പകരമായി കൊണ്ടുവരുന്നതും കൂടാതെ കോവിഡ്–19 പശ്ചാത്തലത്തിൽ പ്രാക്ടിക്കൽ ട്രെയിനിംഗ്, തീസിസ് (ബി ആർക്ക് 2017 അഡ്മിഷൻ), എന്നിവയുടെ സമയബന്ധിതമായ നടത്തിപ്പുമായി ബന്ധപ്പെട്ട ശുപാർശകളും സമർപ്പിച്ചിരുന്നു. ബോർഡ് ഓഫ് സ്റ്റഡീസിന്റെ ടി ശുപാർശകൾ വിശദമായി പരിശോധിച്ച വൈസ് ചാൻസലർ വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ആയത് അംഗീകരിച്ച ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.02.2022–ലെ 1554/ACA4/2022/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം V, 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.25/22.03/27401/P&D1/3/2019** **മഹാത്മാഗാന്ധി സർവ്വകലാശാല ഗാന്ധിയൻ സ്റ്റഡീസ് മുതൽ മുല്ലയാർ/പെരിയാർ ക്വാർട്ടേഴ്സ്കൾ വരെ ഉള്ള റോഡ് നന്നാക്കുന്നതിനായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 17,03,000/– (പതിനേഴ ലക്ഷത്തി മൂവായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985–ലെ അധ്യായം III പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്– സംബന്ധിച്ച് :–**

മഹാത്മാഗാന്ധി സർവ്വകലാശാല ഗാന്ധിയൻ സ്റ്റഡീസ് മുതൽ മുല്ലയാർ/പെരിയാർ ക്വാർട്ടേഴ്സ്കൾ വരെ ഉള്ള റോഡ് നന്നാക്കുന്നതിനായി സർവ്വകലാശാല എൻജിനീയർ 17,03,000/– രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് വൈസ് ചാൻസിലർ, സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 17,03,000/– (പതിനേഴ ലക്ഷത്തി മൂവായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച ഉത്തരവായ നടപടയും തദനുസരണം 17.02.2022–ൽ പുറപ്പെടുവിച്ച 1640/P&D 1/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.26/22.03/ACA4-2/LLB-Remarks/MGU/2021** **ത്രിവത്സര യൂണിറ്ററി എൽ എൽ ബി (2018 അഡ്മിഷൻ) ആറാം സെമസ്റ്റർ റഗുലർ പരീക്ഷ – ഡിസംബർ /ജനുവരി 2021/2022 ന്റെ വൈവ വോസി ഓൺലൈനായി നടത്തുന്ന തിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്– സംബന്ധിച്ച് :–**

ത്രിവത്സര യൂണിറ്ററി എൽ എൽ ബി (2018 അഡ്മിഷൻ) ആറാം സെമസ്റ്റർ റഗുലർ പരീക്ഷ – ഡിസംബർ/ജനുവരി 2021/2022–ന്റെ വൈവ വോസി, എക്സ്റ്റേണൽ എക്സാമിനറുകളുടെ പങ്കാളിത്തത്തോടെ, ഓൺലൈൻ സംവിധാനത്തിൽ നടത്തുന്നതിന്, പരീക്ഷാബോർഡ് ചെയർപേഴ്സൺ ശുപാർശ സമർപ്പിച്ചിരുന്നു. കോവിഡ്–19 രോഗ വ്യാപന പശ്ചാത്തലത്തിൽ, ടി വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച പ്രസ്തുത വൈവ മേൽ

സംവിധാനത്തിൽ നടത്തുന്നതിന്, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകാരം നല്കിയ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 27.01.2022-ലെ 870/ACA4/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.27/22.03/17342/ACA9-1/2022** **PG CSS 2019 – M.Sc Home Science Branch X A Child Development – 2019 – 2021 ബാച്ച് – ആകെ ക്രെഡിറ്റ് 81 ആയി നിജപ്പെടുത്തുന്നതിനുള്ള ശിപാർശ – സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

PG CSS 2019 റഗുലേഷൻസ് ബാധകമായ പ്രോഗ്രാമുകളുടെ ആകെ ക്രെഡിറ്റ് 80 ആയി നിജപ്പെടുത്തിയിട്ടുണ്ട്. M.Sc Home Science Branch X A Child Development പ്രോഗ്രാമിന്റെ ആകെ ക്രെഡിറ്റ് ചുവടെ നൽകിയിരിക്കുന്ന പ്രകാരം ആണ്.

Semester I – 19
Semester II – 19
Semester III – 19
Semester IV – 23
ആകെ – 80

കോട്ടയം ബി സി എം കോളേജിൽ മാത്രമാണ് ടി പ്രോഗ്രാം നിലവിൽ നടന്നുവരുന്നത്. ടി കോളേജിലെ 2019-2021 ബാച്ച് വിദ്യാര്ത്ഥികളുടെ നാലാം സെമസ്റ്റര്പരീക്ഷാ രജിസ്ട്രേഷൻ പ്രകാരമുള്ള കോഴ്സുകള്ചുവടെ നൽകിയിരിക്കുന്ന പ്രകാരം ആണ്.

| കോഴ്സ് | ക്രെഡിറ്റ് | |
|---|---|---|
| Guidance and Counselling | 4 | (Elective ) |
| Women's Studies | 4 | (Elective ) |
| Development of the Self | 4 | (Elective ) |
| Guidance and Counselling Practicals | 4 | |
| Dissertation | 5 | |
| Viva Voce | 3 | |
| ആകെ ക്രെഡിറ്റ് | 24 | |

സിലബസ് പ്രകാരം നാലാം സെമസ്റ്ററിൽ 23 ക്രെഡിറ്റ് വരേണ്ട സ്ഥാനത്ത് 24 ക്രെഡിറ്റ് വന്നിരിക്കുന്നു. കോളേജില്നിന്ന് ഇലക്ടീവ് കോഴ്സുകൾ വ്യത്യസ്ത ഗ്രൂപ്പുകളിൽ നിന്നും തെരെഞ്ഞെടുത്തതാണ് വ്യത്യാസം ഉണ്ടായതിന് കാരണം. വ്യത്യസ്ത ഗ്രൂപ്പിൽ നിന്നും ഇലക്ടീവ് കോഴ്സുകൾ തെരഞ്ഞെടുത്തപ്പോൾ ഇലക്ടീവ് വിഷയങ്ങള്ക്ക് 4, 4, 4 എന്ന് ക്രെഡിറ്റ് വരികയും നാലാം സെമസ്റ്ററിൽ ആകെ ക്രെഡിറ്റ് 24, ആയി മാറുകയും തുടര്ന്ന് പ്രോഗ്രാമിന്റെ ആകെ ക്രെഡിറ്റ് 81 ആകുകയും ചെയ്തു. വിഷയം ബന്ധപ്പെട്ട ബോര്ഡ് ഓഫ് സ്റ്റഡീസിന്റെ ശ്രദ്ധയില്പ്പെടുത്തുകയും ചുവടെ നൽകിയിരിക്കുന്ന ശിപാർശകൾ സമര്പ്പിക്കുകയും ചെയ്തിരുന്നു.

1) റഗുലേഷൻസ് വ്യവസ്ഥയിൽ താൽക്കാലികമായി ഇളവ് നൽകി, 2019 ബാച്ച് വിദ്യാർത്ഥികൾക്ക് 81 ക്രെഡിറ്റ് നൽകി ക്രമീകരണം നടത്തുക.

2) 2020 അഡ്മിഷൻ മുതൽ റഗുലേഷൻസും സിലബസും കൃത്യമായി പാലിച്ച് ഇലക്ടീവ് വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട കോളേജുകള്ക്ക് നൽകുക.

ടി ശിപാര്ശകള് വൈസ് ചാന്സിലര് മഹാത്മാഗാന്ധി സര്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷന് 10(17) പ്രകാരം അംഗീകാരം നല്കിയ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 11/02/2022 –ലെ 1416/AC A9/2022/എം.ജി.യു. നമ്പര് സര്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സര്വകലാശാല ആക്ട് 1985 അധ്യായം V, സെക്ഷന് 40 (1) പ്രകാരം സിന്ഡിക്കേറ്റ് യോഗത്തില് റിപ്പോര്ട്ട് ചെയ്യു.

**ഇനംനമ്പര്.28/22.03/135493/AD B4-1/2021** **സര്വ്വകലാശാലയില് Swayam Multimedia Lab സജ്ജീകരിക്കുന്നതിനായി M/s. Systronics India Ltd, Thiruvananthapuram എന്ന സ്ഥാപനം സമര്പ്പിച്ച Tender & Revised Proposal അംഗീകരിക്കുന്നതിനും, ആയതിന് പ്രകാരം പ്രസ്തുത വാങ്ങല് നടത്തുന്നതിനുള്ള അനുമതി നല്കി, മഹാത്മാഗാന്ധി സര്വ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷന് 10 (17) പ്രകാരം വൈസ് ചാന്സിലര് കൈക്കൊണ്ട തീരുമാനം – സിന്ഡിക്കേറ്റിലേക്ക് റിപ്പോര്ട്ട് ചെയ്യുന്നത്– സംബന്ധിച്ച്.**

സര്വ്വകലാശാലയില് Swayam പദ്ധതിയുടെ ഭാഗമായി Multimedia Lab സജ്ജീകരിക്കുന്നതിനുള്ള അടിയന്തിര ആവശ്യം പരിഗണിച്ചും, പ്ലാന് ഫണ്ട് മുഖേനയുള്ള വാങ്ങലുകള് കാലതാമസം കൂടാതെ നടത്തേണ്ടത് പരിഗണിച്ചും, M/s. Systronics India Ltd, Thiruvananthapuram എന്ന സ്ഥാപനം സമര്പ്പിച്ച ടെണ്ടര്, 13,99,500/– രൂപയുടെ (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊന്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) Revised Proposal എന്നിവ അംഗീകരിച്ചുകൊണ്ടും, ആയതിന് പ്രകാരം പ്രസ്തുത വാങ്ങല് നടത്തുന്നതിനുള്ള അനുമതി നല്കിക്കൊണ്ട്, മഹാത്മാഗാന്ധി സര്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷന് 10(17) പ്രകാരം വൈസ് ചാന്സിലര് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.02.2022–ലെ 1755/AD B4/2022/എം.ജി.യു. നമ്പര് സര്വകലാശാല ഉത്തരവും സിന്ഡിക്കേറ്റ് യോഗത്തില് റിപ്പോര്ട്ട് ചെയ്യു.

**ഇനംനമ്പര്.29/22.03/42937/CBCSS23SO/2019** **പാത്താമുട്ടം, സെയിന്റ്ഗിറ്റ്സ് കോളേജിലെ BA Corporate Economics Model III പ്രോഗ്രാമിലെ വിദ്യാര്ത്ഥികള് കോഴ്സ് കോഡ് മാറി പരീക്ഷ എഴുതിയ വിഷയത്തിന്മേല് കൈക്കൊണ്ട തീരുമാനം സംബന്ധിച്ച് സിന്ഡിക്കേറ്റിലേക്കുള്ള റിപ്പോര്ട്ട് .**

പാത്താമുട്ടം, സെയിന്റ്ഗിറ്റ്സ് കോളേജിലെ സി ബി സി എസ് 2019 അഡ്മിഷന് – ബി എ കോര്പ്പറേറ്റ് എക്കണോമിക്സ് മോഡല് 3 പ്രോഗ്രാമിലെ രണ്ടാം സെമസ്റ്ററിലെ Micro Economics Theory–II എന്ന പേപ്പര്, വിദ്യാര്ത്ഥികള് കോഴ്സ് കോഡ് മാറി പരീക്ഷ എഴുതിയത് സംബന്ധിച്ച വിഷയത്തില് ഈ പേപ്പറിന്റെ പുനഃപരീക്ഷ നടത്തുന്നതിനും, പരീക്ഷ വീണ്ടും നടത്തിയതിലേക്ക് ആവശ്യമായ ചെലവ് കോളേജ് അധികാരികളില് നിന്നും ഈടാക്കുന്നതിനും പരാമര്ശം സിന്ഡിക്കേറ്റ് ഉപസമിതി – പരീക്ഷ ശിപാര്ശ ചെയ്തിരുന്നു. മേല് ശിപാര്ശ വൈസ് ചാന്സിലര് മഹാത്മാഗാന്ധി സര്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷന് 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.01.2022–ലെ U.O. 255/CBCSS 23/2022/എം.ജി.യൂ. നമ്പര് സര്വകലാശാല ഉത്തരവും സിന്ഡിക്കേറ്റ് യോഗത്തില് റിപ്പോര്ട്ട് ചെയ്യു.

**ഇനംനമ്പര്.30/22.03/77583/ADA1 SO/2021** **കേരള പബ്ലിക് സര്വ്വീസ് കമ്മീഷന് മുഖേന സര്വ്വകലാശാല സര്വ്വീസില്അസിസ്റ്റന്റ് തസ്തികയില് നിയമനത്തിനായി ശിപാര്ശ ചെയ്യപ്പെട്ട ശ്രീ. അനീഷ് വി.എസ്., ഉദ്യോഗത്തില് പ്രവേശിക്കുന്നതിന് അനുവദിക്കപ്പെട്ട 45 ദിവസത്തിനു പുറമെ, 45 ദിവസത്തെ അധിക സമയം കൂടി ദീര്ഘിപ്പിച്ചു നല്കുന്നതിനായി സമര്പ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

കേരള പബ്ലിക് സര്വീസ് കമ്മീഷന് സെക്രട്ടറിയുടെ 11.11.2021–ലെ RIB(2)5598/2020/GW നമ്പര് കത്ത് പ്രകാരം 32 ഉദ്യോഗാര്ത്ഥികള്ക്ക് അസിസ്റ്റന്റ് തസ്തികയില് രൂപ 39,300–83,000/–

ശമ്പളനിരക്കിൽ ഈ സർവ്വകലാശാലയിലേക്ക് നിയമന ശിപാർശ നൽകിയിരുന്നു. നിയമനത്തിനായി ശുപാർശ ചെയ്യപ്പെട്ട 32 ഉദ്യോഗാർത്ഥികൾക്ക് മെമ്മോ നം. 11412/AD A1/1/2019/AD AI തീയതി 20.12.2021. പ്രകാരം സർവ്വകലാശാല നിയമന മെമ്മോ നൽകുകയും, അതിനെ തുടർന്ന് 25 ഉദ്യോഗാർത്ഥികൾ നിശ്ചിത തീയതിക്കകം അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടി ഉദ്യോഗാർത്ഥികളിൽ ശ്രീ. അനീഷ് വി. എസ്. 45 ദിവസത്തെ അധിക സാവകാശത്തിന് കൂടി അപേക്ഷിച്ചിരുന്നു. ഈ സാഹചര്യത്തിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം, ശ്രീ. അനീഷ് വി. എസ്.-ന് 03.02.2022 മുതൽ 19.03.2022 വരെ 45 ദിവസത്തെ അധിക സമയം കൂടി, അനുവദിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.02.2022-ലെ 1410/AD A1/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.31/22.03/23369/EH17 SO/2022**

**2019 പ്രവേശന വർഷം മുതലുള്ള ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് ഫോട്ടോ ചേർത്ത കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് നൽകുവാനുള്ള ടാബുലേഷൻ വിഭാഗത്തിന്റെ ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 , അദ്ധ്യായം III, വകുപ്പ് 10 (17) അനുശാസിക്കുന്ന പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ചതും ആയതിൻപ്രകാരം സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

2017 പ്രവേശന വർഷം മുതൽ മഹാത്മഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള മുഴുവൻ കോളേജുകളിലേയും ബിരുദ വിദ്യാർത്ഥികൾക്ക് ഫോട്ടോ ചേർത്ത കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡാണ് സർവ്വകലാശാല നൽകി വരുന്നത്. അതുപോലെ 2019 പ്രവേശന വർഷം മുതലുള്ള മുഴുവൻ ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കും ഫോട്ടോ ചേർത്ത കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് നൽകുന്നത് കൂടുതൽ ഉചിതമായിരിക്കും എന്ന് പി.ജി ടാബുലേഷൻ വിഭാഗം ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 18/02/2022-ലെ 1681/EH 17(MC/2022/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.32/22.03/28128/ADA4-3/2022**

**ഐ ടി സെൽ (CETEX) വിഭാഗത്തിലേക്ക് നവാഗതരായ (fresher) സോഫ്റ്റ്‌വെയർ ഡെവലപ്പർമാരെ നിയോഗിക്കുവാനുള്ള ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ അംഗീകരിച്ചത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സാങ്കേതിക മികവുള്ള തത്പരരായ അസ്സിസ്റ്റന്റ്മാരെ ആവശ്യാനുസരണം ഐ. ടി. സെൽ (CETEX) വിഭാഗത്തിലേക്ക് നിയോഗിക്കുന്നതിനും കൂടാതെ പരീക്ഷ സംബന്ധമായ പ്രോജക്ടുകളുടെ നടത്തിപ്പിനായി 15,000/- പ്രതിമാസ കൺസോളിഡേറ്റഡ് വേതന വ്യവസ്ഥയിൽ ഐ ടി മേഖലയിലെ യോഗ്യരായ 4 ഫ്രഷേഴ്സ്-നെ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരായി നിയോഗിക്കുന്നതിനുമുള്ള ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 16/02/2022-ലെ 1573/ADA4/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.33/22.03/174586/AD B8-1/2021** **എഴുപത് ലക്ഷം മെയിൻ ആൻസർ ബുക്കുകളുടെ മുദ്രണം സംബന്ധിച്ച :-**

22.12.2021 തീയതിയിലെ 174586/AdB8/2021/AdB-8 നമ്പർ ഇ-ടെൻഡർ പ്രകാരം 70 ലക്ഷം മെയിൻ ആൻസർ ബുക്കുകളുടെ അച്ചടിക്കായി ഇ-ടെൻഡർ ക്ഷണിച്ചിരുന്നു. ആൻസർ ബുക്കുകൾ മുദ്രണം ചെയ്യുന്നതിനുള്ള അടിയന്തിര സാഹചര്യം കണക്കിലെടുത്തു പ്രസ്തുത ഇ-ടെൻഡറിൽ പങ്കെടുത്തിരുന്ന 9 സ്ഥാപനങ്ങളിൽ ബുക്കൊന്നിനു 5.94/- രൂപനിരക്കിൽ ആകെ 4,15,80,000/- രൂപ (നാല് കോടി പതിനഞ്ചു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ക്വോട്ടു ചെയ്ത ഹൈ ടെക് പ്രിന്റ് സിസ്റ്റംസ് ലിമിറ്റഡ്, ഹൈദരാബാദ്, എന്ന സ്ഥാപനത്തിന് പ്രസ്തുത പ്രവൃത്തി ഏൽപ്പിക്കുന്നതിനു വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.01.2022ലെ- 685/AD B 8/2022/എം.ജി.യു, സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.34/22.03/p&di/1/279/SBS/P567/2018** **മഹാത്മാഗാന്ധി സർവ്വകലാശാല - Class Room Cluster Building- (K N Raj Centre)- ട്രസ് റൂഫിങ് ചെയ്യുന്നതിന് വേണ്ടിയുള്ള Rs.8,88,000/- (എട്ടു ലക്ഷത്തി എൺപത്തെണ്ണായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് - ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 -ലെ അധ്യായം III പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല - Class Room Cluster Building - (K N Raj Centre) - ട്രസ് റൂഫിങ് ചെയ്യുന്നതിന് വേണ്ടി Rs.8,88,000/- രൂപയുടെ (എട്ടു ലക്ഷത്തി എൺപത്തെണ്ണായിരം രൂപ മാത്രം) എസ്റ്റിമേറ്റ് സർവ്വകലാശാല എൻജിനീയർസമർപ്പിച്ചിരുന്നു . ടി എസ്റ്റിമേറ്റ് ധനകാര്യ വിഭാഗം പരിശോധിക്കുകയും, എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും E ടെൻഡറിലൂടെ സുതാര്യതയും മത്സരാധിഷ്ഠിത വിലയും ഉറപ്പാക്കണമെന്നും ശുപാർശ ചെയ്തു. മേൽ പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ടി എസ്റ്റിമേറ്റ് അംഗീകരിച്ച ഉത്തരവായ നടപടിയും, തദനുസരണം 26.02.2022 തീയതിയിൽ പുറപ്പെടുവിച്ച 2038/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും.സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു

| | |
|---|---|
| **ഇനംനമ്പർ.35/22.03/42226/AC A1-3/2020** | **സ്വാശ്രയ കോളേജായ തൊടുപുഴ, അൽ അസർ ലോ കോളേജിൽ 2021-2022 അധ്യയനവർഷം മുതൽ 60 സീറ്റുകളോടുകൂടി Three Year Unitary LL.B (Additional Batch), Five Year Integrated B.A. LL.B(Honors) എന്നീ പ്രോഗ്രാമുകളുടെ അധിക ബാച്ച് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതു സംബന്ധിച്ച്.** |

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ലോ കോളേജായ തൊടുപുഴ, അൽ അസർ ലോ കോളേജിൽ 2021-22 അധ്യയനവർഷം മുതൽ 60 സീറ്റുകളോടുകൂടി Three Year Unitary LL.B, Five Year Integrated B.A. LL.B (Honors), LL.M (Criminal Law- 15 സീറ്റ്) എന്നീ പ്രോഗ്രാമുകളുടെ അധിക ബാച്ച് ആരംഭിക്കുന്നതിനും LL.M (Maritime Law-15 സീറ്റ്) പ്രോഗ്രാം പുതുതായി ആരംഭിക്കുന്നതിനും ടി ട്രസ്റ്റ് ചെയർമാൻ നിശ്ചിത ഫീസടച്ച് അപേക്ഷ സമർപ്പിച്ചിരുന്നു. 06.10.2021 തീയ്യതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവൽ യോഗത്തിന്റെ തീരുമാനപ്രകാരം പ്രസ്തുത പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും അധിക ബാച്ച് അനുവദിക്കുന്നതിനുമുള്ള പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരിശോധനാസമിതിയെ നിയമിച്ചുകൊണ്ട് 21.10.2021 തീയതിയിലെ ഉത്തരവ് നമ്പർ:5514/ACA1/2021/എം.ജി.യു പുറപ്പെടുവിച്ചിരുന്നു. പരിശോധനാസമിതി സമർപ്പിച്ച റിപ്പോർട്ട് വൈസ് ചാൻസലറുടെ 12.11.2021 തീയതിലെ ഉത്തരവ് പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. 09.12.2021 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവലിന്റെ നടപടി ക്രമം ഇനം നമ്പർ:42226/ACA1-3/2020/ACA1 പ്രകാരം തൊടുപുഴ, അൽ അസർ ലോ കോളേജിൽ (സ്വാശ്രയം)- 2021-22 അധ്യയനവർഷം LL.M(Maritime Law-15 സീറ്റ്) പുതുതായി ആരംഭിക്കുന്നതിനും LL.M(Criminal Law-15സീറ്റ്), Five Year Integrated B.A. LL.B(Hons), Three year Unitary LL.B എന്നീ പ്രോഗ്രാമുകളുടെ അധിക ബാച്ച് ആരംഭിക്കുന്നത് സംബന്ധിച്ച് നിയമിതമായ പരിശോധനാസമിതി റിപ്പോർട്ട് പരിഗണിച്ച് ടി കോളേജിൽ താഴെ പറയുന്ന കോഴ്സുകൾ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടേയും സർക്കാരിന്റെയും അനുമതികൾക്ക് വിധേയമായി അനുവദിക്കുന്നതിനും ശിപാർശ ചെയ്തു.

| SL No: | Name of Programme | Duration | Admissible Seat | Remarks |
|---|---|---|---|---|
| 1. | Three year Unitary LL.B | 3 Year | 60 | Additional Batch |
| 2. | Five Year Integrated B.A. LL.B (Hons) | 5 Year | 60 | Additional Batch |

ടി കോളേജ് ആവശ്യപ്പെട്ടിരുന്ന തരത്തിൽ LL.M (Maritime Law-15 സീറ്റ്) പ്രോഗ്രാം പുതുതായി ആരംഭിക്കുന്നതിനും LL.M (Criminal Law-15 സീറ്റ്) പ്രോഗ്രാമിന് അധിക ബാച്ച് അനുവദിക്കുന്ന വിഷയത്തിലും സർക്കാരിന്റെ സ്പഷ്ടീകരണം തേടിയതിനുശേഷം ഫയൽ പുനഃ സമർപ്പിക്കുന്നതിനും ശുപാർശ ചെയ്തു. പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച, 04.01.2022-ലെ 121/ACA1/2022/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.36/22.03/12750/ACA12-1/2022/REGSECT**

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജി (IIUCNN)-യിൽ M.Tech. Programme in Advanced Polymeric Materials എന്ന പ്രോഗ്രാം ആരംഭിക്കുന്നതിനും, പ്രസ്തുത പ്രോഗ്രാം സിലബസ് അംഗീകരിക്കുന്നതിനുമുള്ള അക്കാദമിക്ക് കൗൺസിൽ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, ഛേദം 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജി (IIUCNN)-യിൽ M.Tech Programme in Advanced Polymeric Materials എന്ന പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള അനുമതിയ്ക്കായും, പ്രസ്തുത പ്രോഗ്രാമിന്റെ സിലബസ് അംഗീകരിക്കുന്നതിനായും IIUCNN ഹോണററി ഡയറക്ടറിൽ നിന്ന് ലഭിച്ച അപേക്ഷ, വൈസ് ചാൻസലറുടെ 20.01.2022 തീയതിയിലെ ഉത്തരവിൻ പ്രകാരം ഡീൻസ് കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. 14.02.2022 തീയതിയിൽ ചേർന്ന അക്കാദമിക്ക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റി യോഗം IIUCNN-ൽ M.Tech Programme in Advanced Polymeric Materials എന്ന പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും, പ്രസ്തുത പ്രോഗ്രാമിന്റെ സിലബസ് അംഗീകരിക്കുന്നതിനും ശിപാർശ ചെയ്തു. മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം പ്രകാരം അക്കാദമിക്ക് കൗൺസിൽ സ്റ്റാൻഡിങ് കമ്മറ്റിയുടെ മേൽ ശിപാർശകൾ അംഗീകരിക്കുന്നതിനും, M.Tech Programme in Advanced Polymeric Materials എന്ന പ്രോഗ്രാമിന്റെ പ്രവേശനം CAT 2022-ൽ ഉൾപ്പെടുത്തുന്നതിനും, 25.02.2022 തീയതിയിൽ ബഹു: വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം 28.02.2022-ൽ പുറപ്പെടുവിച്ച 2101/AcA12/2022/mgu നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.37/22.03/154809/ACA1-3/2021**

**സർവ്വകലാശാലയുടെ കീഴിലുള്ള 3 സ്വാശ്രയ ട്രെയിനിംഗ് കോളേജുകളുടെ താൽകാലിക അഫിലിയേഷൻ 2021-22 അദ്ധ്യയന വർഷം നീട്ടി നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു.വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്:-**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളുടെ താൽകാലിക അഫിലിയേഷൻ തുടരുന്നതുമായി ബന്ധപ്പെട്ട്, 19.04.2021 തീയതിയിലെ സർവകലാശാല ഉത്തരവ് നം. 2071/ACA1/2021/എം.ജി.യു പ്രകാരം നിയമിതമായ പരിശോധനാ സമിതികൾ Adi Sankara Training College, Kalady, Sneha Sadan College of Special Education, Angamaly, H. M. Training College, Randarkara, Muvattupuzha എന്നീ ട്രെയിനിംഗ് കോളേജുകൾ സന്ദർശിക്കുകയും പഠന ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായതിനാൽ 2021-22 അദ്ധ്യയന വർഷം ടി കോളേജുകളുടെയും കോഴ്സുകളുടെയും താൽകാലിക അഫിലിയേഷൻ തുടരുന്നതിന് ശുപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടുകൾ 24.02.2022 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് അഫിലിയേഷൻ ഉപസമിതി പരിഗണിക്കുകയും ഇനം.നം.154809/ACA1-3/2021/ACA1 തീരുമാനപ്രകാരം ടി കോളേജുകളുടെ താൽകാലിക അഫിലിയേഷൻ 2021-22 വർഷം തുടരുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. ടി ശുപാർശ,

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം 28.02.2022-ൽ പുറപ്പെടുവിച്ച 2153/ACA1/2022/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.38/22.03/p&d-1/2/3173/2011/admn** **സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണം- നിർവ്വഹണ ഏജൻസിയായ കിറ്റ്കോ -യ്ക്ക് 2021-22 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 1.5 കോടി രൂപ അനുവദിക്കുന്നത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ചത് ഉത്തരവായതിനു ശേഷം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

2021-22 വാർഷിക പദ്ധതിയിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണത്തിനായി നീക്കി വെച്ചിട്ടുള്ള 1.5 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ School of Tourism Studies: Plan (Expenditure) "21 322 03 a - Buildings" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തി ഡെപ്പോസിറ്റ് തുകയായി കിറ്റ്കോയ്ക്ക് അനുവദിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 07/03/2022-ലെ 2379/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.39/22.03/176942/LEGALSECTION-1/2021** **മഹാത്മാഗാന്ധി സർവ്വകലാശാലയും ഓസ്ട്രേലിയ ആസ്ഥാനമായിട്ടുള്ള ജെയിംസ് കുക്ക് യൂണിവേഴ്സിറ്റി (JCU) -യും തമ്മിൽ അക്കാദമിക ഗവേഷണ വിഷയങ്ങളിൽ പരസ്പര സഹകരണത്തിനായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് -സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയും ഓസ്ട്രേലിയ ആസ്ഥാനമായിട്ടുള്ള ജെയിംസ് കുക്ക് യൂണിവേഴ്സിറ്റി (JCU)-യും തമ്മിൽ അക്കാദമിക ഗവേഷണ വിഷയങ്ങളിൽ പരസ്പര സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിന് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി ഉത്തരവായ നടപടിയും തദനുസരണം -03.03.2022ൽ പുറപ്പെടുവിച്ച 2261/P&D 2/2022/MGU നമ്പർ സർവ്വകലാശാല ഉത്തരവും.സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു

**ഇനംനമ്പർ.40/22.03/25684/ADA3/4/2019/ADMIN** **സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഗവ.ഉത്തരവുകൾ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത്/ഉത്തരവ് പുറപ്പെടുവിച്ചത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

1) GO(P) No. 179/2021/Fin dated, 30.12.2021

Special Leave for Covid-19 - Clarification - Orders Issued.

പുറത്തെഴുത്ത് നം. 11870/AD A3/4/2022/ADMIN തീയതി 24.01.2022

2) സ.ഉ.(അച്ചടി) നം. 9/2022/ധന തീയതി, 25.01.2022

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി (GPAIS) – 2022 വർഷത്തേക്കുള്ള പ്രീമിയം തുക ഒടുക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പുറത്തെഴുത്ത് നം. 1095/AD A3/4/2018/ADMIN തീയതി 02.02.2022

3) സ.ഉ.(അ) നം. 10/2022/ധന തീയതി, 01.02.2022

സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് (SLI) പദ്ധതി ബാധകമായ ജീവനക്കാരുടെ എസ്.എൽ.ഐ. പോളിസികളുടെ പ്രതിമാസ പ്രീമിയം തുക – പ്രതിമാസ വരുമാനത്തിനനുസരിച്ച് പുതുക്കിയ നിരക്ക് ഒടുക്കുന്നതിനുള്ള സമയപരിധി 31.03.2022 വരെ ദീർഘിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പുറത്തെഴുത്ത് നം. 171274/AD A3-4/2021/ADMIN തീയതി 10.02.2022

4) സർവ്വകലാശാല ഉത്തരവ് നം. 1092/AD A3/2022/എം.ജി.യു., തീയതി, 02.02.2022

സർവ്വകലാശാലയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിരിക്കുന്ന പ്ലംബർ/പ്ലംബർ കം പമ്പ് ഓപ്പറേറ്റർക്ക് വേതനം നിശ്ചയിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച മേല്പറഞ്ഞ സർവ്വകലാശാല പുറത്തെഴുത്തുകൾ/ഉത്തരവുകൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.41/22.03/46868/P&D1/3/2019**

**മഹാത്മാഗാന്ധി സർവ്വകലാശാല – അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ സെനറ്റ് ഹാളിനോട് ചേർന്ന് വരുന്ന റൂഫ് ടോപ് ഓഫീസ് ആക്കി മാറ്റുന്ന പ്രവൃത്തി – Cubix Infrastructures, Muvattupuzha എന്ന സ്ഥാപനത്തിന് 12,45,840/- രൂപക്ക് ചെയ്യുന്നതിനുള്ള അനുവാദം നൽകുവാനും ഇപ്രകാരം സർവ്വകലാശാല ഉത്തരവ് നമ്പർ: 438/P&D-1/2022/എംജി.യു, തീയതി: 14.01.2022 -ലെ ഉത്തരവ് ഭേദഗതി വരുത്തുവാനും മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 -ലെ അധ്യായം III പരിച്ഛേദം 10 (17) വിഭാഗത്തിലെ സവിശേഷ അധികാരം ഉപയോഗിച്ച് ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച് :-**

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ സെനറ്റ് ഹാളിനോട് ചേർന്ന് വരുന്ന റൂഫ് ടോപ് ഓഫീസ് ആക്കി മാറ്റുന്നതിന് വേണ്ടി 11,02,500/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച ഉത്തരവായിരുന്നു. ടി പ്രവൃത്തിക്കായി എഞ്ചിനീയറിംഗ് വിഭാഗം മൂന്നു തവണ ടെൻഡർ വിളിച്ചു, മേൽപറഞ്ഞ പ്രവൃത്തി ചെയ്യുന്നതിന് ദർഘാസ് സമർപ്പിച്ചത് Cubix Infrastructures, Muvattupuzha എന്ന സ്ഥാപനം മാത്രമാണ്. നെഗോസിയേഷന് ശേഷം 0.5% കുറച്ച് (എസ്റ്റിമേറ്റ് തുകയേക്കാൾ 13% അധികരിച്ച നിരക്കിൽ) ടി പ്രവൃത്തി ചെയ്യാമെന്ന് Cubix Infrastructures, Muvattupuzha സമ്മതിച്ചിട്ടുണ്ടെന്നും, ടി സ്ഥാപനത്തിനു കരാർ നിജപ്പെടുത്താവുന്നതാണെന്നും സർവ്വകലാശാല എൻജിനീയർ ശുപാർശ ചെയ്തിരുന്നു. ഇത് 12,45,840/- രൂപ ആണ്. മാർച്ച് 31-നകം പ്ലാൻ ഫണ്ട് തുക വിനിയോഗിക്കേണ്ടതുണ്ട് എന്നതും പ്രവൃത്തിയുടെ ആവശ്യകതയും രണ്ടാമത്തെ നിലയുടെ റൂഫ് ടോപ്പിലാണ് ടി പ്രവൃത്തി നടത്തേണ്ടത് എന്നതും മറ്റാരും ടെൻഡറിൽ പങ്കെടുത്തിട്ടില്ല എന്നുള്ളതും പരിഗണിച്ച് പ്രസ്തുത സ്ഥാപനത്തിന് 12,45,840/- രൂപക്ക് (പന്ത്രണ്ടു ലക്ഷത്തി നാല്പത്തി അയ്യായിരത്തി എണ്ണൂറ്റി നാല്പതു രൂപ മാത്രം) ടി പ്രവൃത്തി ചെയ്യുവാനുള്ള അംഗീകാരം നൽകുവാനും ഇപ്രകാരം സർവ്വകലാശാല ഉത്തരവ് നമ്പർ: 438/P&D 1/2022/എംജി.യു, തീയതി: 14.01.2022-ലെ ഉത്തരവ് ഭേദഗതി വരുത്തുവാനും വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം 28.02.2022-ൽ പുറപ്പെടുവിച്ച 2132/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.42/22.03/51141/CBCSS 27SO/2020** **അങ്കമാലി, മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിലെ ബി എ ഇക്കണോമിക്സ് മോഡൽ I വിദ്യാർഥിനിയായിരുന്ന അനുമോൾ ബെന്നിയുടെ (PRN :170021002489) മൂന്നാം സെമസ്റ്റർ CBCS ഒക്ടോബർ 2019 പരീക്ഷയുടെ തടഞ്ഞു വച്ചിരുന്ന പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകിയത് സംബന്ധിച്ച് – സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട്**

അങ്കമാലി, മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിലെ ബി എ ഇക്കണോമിക്സ് മോഡൽ I വിദ്യാർഥിനിയായിരുന്ന അനുമോൾ ബെന്നി (PRN: 170021002489) മൂന്നാം സെമസ്റ്റർ CBCS ഒക്ടോബർ 2019 പരീക്ഷയുടെ, "മലയാളം: ദൃശ്യകലാസാഹിത്യം" എന്ന വിഷയത്തിന് ചോദ്യപേപ്പർ മാറി പരീക്ഷ എഴുതുകയും ഫലം തടഞ്ഞുവക്കുകയും ചെയ്തിരുന്നു. ആയതു കോളേജിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച ആയതിനാൽ അനുകൂല നിലപാട് സ്വീകരിക്കണമെന്ന് കോളേജ് പ്രിൻസിപ്പാൾ അപേക്ഷിച്ചിരുന്നു. ചോദ്യപേപ്പർ മാറി പരീക്ഷ എഴുതിയതിനാൽ ഈ വിഷയം ബോർഡ് ഓഫ് സ്റ്റഡീസ്ചെയർമാന്റെ അഭിപ്രായം തേടുന്നതിനായി നൽകിയിരുന്നു. ചോദ്യപേപ്പർ മാറി പരീക്ഷ എഴുതാൻ ഇടയായ സാഹചര്യം വിദ്യാർത്ഥി മനഃപൂർവം വരുത്തിയ പിഴവല്ലാത്തതിനാലും ടി വിദ്യാർത്ഥിനിയുടെ ഭാവിപഠനത്തിന് ഉതകണമെന്നതിനാലും ബോർഡ് ഓഫ് സ്റ്റഡീസ്, മലയാളം (യു.ജി.) ചെയർമാൻ ടി വിദ്യാർത്ഥിനിക്ക് പ്രസ്തുത വിഷയത്തിന് നിലവിൽ ലഭ്യമായ മാർക്ക് നൽകി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കണമെന്ന് അറിയിച്ചിരുന്നു. തുടർന്ന് , മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം ടി വിദ്യാർത്ഥിനിയുടെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.08.2021ലെ– 4217/CBCSS 27/2021/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും.സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു

**II.** **ക്രമ ഇനങ്ങൾ**

**(i) മുൻ ഇനങ്ങൾ**

**ഇനംനമ്പർ .OA 28/21.05/P&D1/1/997/2019** **സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ അധ്യാപകനായിരുന്ന ഡോ. രാജു കെ താടിക്കാരനുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള സാമ്പത്തിക ബാധ്യതകൾ – സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :–**

ഡോ. രാജു കെ. താടിക്കാരൻ മരണപ്പെട്ടതിനാൽ അദ്ദേഹത്തിനെതിരെയുള്ള സാമ്പത്തിക നടപടികൾ അവസാനിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.29/22.01/69686/ACA1-2/2020** **എം.എസ്സി.,എം.ഫിൽ. പ്രോഗ്രാമുകളുടെ പ്രോജെക്റ്റ് ഇവാല്യൂവേഷൻ, വൈവ വോസി എന്നിവ ഓൺലൈനായി നടത്തിയതിന്റെ "remuneration" അനുവദിച്ചു നല്കണമെന്നും നിലവിലെ റെമ്യൂണറേഷൻ നിരക്കിൽ വർദ്ധനവ് വരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പ് മേധാവി സമർപ്പിച്ചിരിക്കുന്ന കത്ത് സംബന്ധിച്ച്.**

കെമിക്കൽ സയൻസ് വിഭാഗത്തിന് മാത്രമായി ഇത് അംഗീകരിച്ച് നൽകാനാവില്ലെന്നും, മറ്റു വിഭാഗങ്ങൾക്ക് കൂടി അനുവദിച്ച് നൽകുന്നതിനായി പരീക്ഷ ഉപസമിതിയുടെ അഭിപ്രായത്തിനായി ഫയൽ നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.114/22.01/130126/ADA8SO/2021** **സർവകലാശാല പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക വിതരണം – സാമ്പത്തിക ബാധ്യത സംബന്ധിച്ച ഫിനാൻസ് ഓഫീസറുടെ റിപ്പോർട്ട് – സംബന്ധിച്ച്**

സർവകലാശാല അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക ഇനത്തിൽ നൽകാനുള്ള നാല് ഗഡുക്കളിൽ ഒരു ഗഡു തുക ഇപ്പോൾ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.113/22.01/89554/P&D 1-1/2021/AD B 3** **ചെറുവാണ്ടൂർ ക്യാംപസിലെ വസ്തുവിന് ചുറ്റമതിൽ കെട്ടി സംരക്ഷിക്കുവാൻ അനുമതി ആവശ്യപ്പെട്ട് CPAS ഡയറക്ടറുടെ അപേക്ഷ – സംബന്ധിച്ച്**

ചെറുവാണ്ടൂർ ക്യാംപസ് സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങളുടെ ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഫിനാൻസ് ഉപസമിതി കൺവീനറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.31/ 22.01/11359/P&D 2/1/2019/VC SECTION** Scheme for Promotion of Academic Research Collaboration (SPARC)– **ഗവേഷണ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട 26-03-2019-ന വൈസ് ചാൻസലറുടെ അധ്യക്ഷതയിൽകൂടിയ യോഗത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ സിൻഡിക്കേറ്റിന്റെ അഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

26.03.2019-ൽ കൂടിയ Sparc Apex കമ്മിറ്റിയുടെ ശിപാർശകൾക്ക് കാലതാമസം വരുത്തിയതിന്റെ കാരണം വിശദമാക്കി ഫയൽ പുനർസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ :59/22.01/26218/CBCSS 21-1/2020** **പരുമല ദേവസ്വം ബോർഡ് കോളേജിലെ 2014 പ്രവേശനം ബി.കോം മോഡൽ 1 ഫിനാൻസ് & ടാക്സേഷൻ വിദ്യാർത്ഥിയായ ശ്രീ ലിബിൻ ജോസഫ് തോമസിന് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച്.**

ഡി ബി പമ്പ കോളേജ് പരുമലയിലെ വിദ്യാർത്ഥിയായിരുന്ന ശ്രീ. ലിബിൻ ജോസഫ് തോമസിന് 13/03/2020 തീയതിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഈ തിയതിക്ക് ശേഷമുള്ള സപ്ലിമെന്ററി പരീക്ഷകളിൽ സർവ്വകലാശാല ഉത്തരവ് നമ്പർ 2374/AC A1/2021/MGU dated 11/05/2021 ൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.117/22.01/110236/SF1-3/2021** **2016-17 അദ്ധ്യയന വർഷം വരെ മഹാത്മാ ഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളും കോഴ്സുകളും, 2017-18 അദ്ധ്യയനവർഷം മുതൽ സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS) എന്ന സ്ഥാപനത്തിന് കൈമാറിക്കൊണ്ടുള്ള കരാർ – രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിയമോപദേശം – സംബന്ധിച്ച്**

നിയമോപദേശം അംഗീകരിക്കുവാനും സിൻഡിക്കേറ്റ്-ന്റെ തീരുമാനം യഥാസമയം നടപ്പാക്കാത്തത് സംബന്ധിച്ച് രജിസ്ട്രാർ-ടെ വിശദീകരണം ഒരു മാസത്തിനകം ലഭ്യമാക്കി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.35/22.01/77466/AC A6-2/2021**

**പ്രായപരിധി നിബന്ധനയിൽ ഇളവ് നൽകി 2019-20 വർഷത്തെ സർവ്വകലാശാലാ ജൂനിയർ റിസർച്ച് ഫെലോഷിപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. സംഗീത പി. എം., സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, സമർപ്പിച്ചിരിക്കുന്ന നിവേദനം -സംബന്ധിച്ച്.**

1. UGC നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് ഫെല്ലോഷിപ്പ് നൽകുന്നതിനുള്ള പ്രായപരിധി നിശ്ചയിക്കുന്നതിനും,

2. ഫെല്ലോഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള പ്രായം കണക്കാക്കുന്നതിൽ 2019 ബാച്ച്-ന് 2020 ജനുവരി 1 -ന് 35 വയസ്സ് കവിയാത്തവരും, 2020 ബാച്ച്-ന് 2021 ജനുവരി 1 -ന് 35 വയസ്സ് കവിയാത്തവരുമായി കണക്കാക്കുന്നതിനും,

3.ശ്രീമതി. സംഗീത പി. എം.-ന് യൂണിവേഴ്സിറ്റി റിസർച്ച് ഫെല്ലോഷിപ്പ് ലഭിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷ നിരസിക്കുന്നതിനും തീരുമാനിച്ചു.

## (ii)നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ.43/22.03/220008**

**സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് - ശ്രീനാരായണഗുരു ചെയർ ഹെഡിന് ഓണറേറിയം നൽകുന്നതിനായി അനുവദിച്ച താൽക്കാലിക മുൻകൂർ തുകയുടെ ക്രമീകരണം - പിഴപ്പലിശ അടയ്ക്കുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് - ശ്രീനാരായണഗുരു ചെയർ ഹെഡിന് ഓണറേറിയം നൽകുന്നതിനായി അനുവദിച്ച താൽക്കാലിക മുൻകൂർ തുകയുടെ ക്രമീകരണം സംബന്ധിച്ച് ശ്രീ. രാജേഷ് ഇ. നൽകിയ വിശദീകരണം പൂർണ്ണമായും തൃപ്തികരമല്ലെങ്കിലും യൂണിവേഴ്സിറ്റി താത്പര്യം മുൻനിർത്തി ചെയ്ത ഒരു പ്രവൃത്തി എന്ന നിലയിൽ പിഴപ്പലിശ 1,200/- (ആയിരത്തി ഇരുനൂറ് രൂപാ മാത്രം) രൂപയായി പുനർക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.44/22.03/220001**

**2016 - 17 ലെ കേന്ദ്രീകൃത ബിരുദ പ്രവേശന പ്രക്രിയ (UG CAP), PG CAP എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനായി എസി.ബി. 6 (Cap cell – 1) സെക്ഷൻ ഓഫീസർ ശ്രീ. രമേഷ് നാരായൺ - ന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുക ക്രമീകരിക്കുന്നത് സംബന്ധിച്ച്.**

2016 -17 -ലെ കേന്ദ്രീകൃത ബിരുദ പ്രവേശന പ്രക്രിയ UGCAP, PGCAP എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനായി എ സി ബി 6 (Cap Cell-1) സെക്ഷൻ ഓഫീസർ ആയിരുന്ന ശ്രീ. രമേഷ് നാരായൺ-ന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയുടെ ക്രമീകരണം സംബന്ധിച്ച് ശ്രീ. രമേഷ് നാരായൺ നൽകിയ വിശദീകരണം പൂർണ്ണമായും തൃപ്തികരമല്ലെങ്കിലും അദ്ദേഹത്തിന്റെ ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ പരിഗണിച്ച് പിഴപ്പലിശ 12,200/- (പന്തീരായിരത്തി ഇരുനൂറ് രൂപാ മാത്രം) രൂപയായി പുനർക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.45/22.03/220009**

**നാക് സന്ദർശനം 2017– ഡിപ്പാർട്ട്മെന്റുകൾക്ക് നാക് സന്ദർശനവുമായി ബന്ധപ്പെട്ട് 5 ലക്ഷം രൂപാ അനുവദിച്ചത്– സ്കൂൾ ഓഫ് ബയോ–സയൻസസ് – പിഴപ്പലിശ ഈടാക്കുന്നത് തീരുമാനിക്കുന്നത് സംബന്ധിച്ച് :**

സ്കൂൾ ഓഫ് ബയോ–സയൻസസ് –ന് നാക് സന്ദർശനവുമായി ബന്ധപ്പെട്ട് അനുവദിച്ച മുൻകൂർ തുകയുടെ ക്രമീകരണം സംബന്ധിച്ച് വകുപ്പ് മേധാവി ഡോ. കീർത്തി ടി . ആർ നൽകിയ വിശദീകരണം പൂർണ്ണമായും തൃപ്തികരമല്ലെങ്കിലും NAAC സംബന്ധമായ പ്രവർത്തനത്തിന് ചിലവഴിച്ച തുകയായതിനാൽ പിഴപ്പലിശ 2,350/– (രണ്ടായിരത്തി മുന്നൂറ്റി അൻപത് രൂപാ മാത്രം) രൂപയായി പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.46/22.03/220004**

**സർവ്വകലാശാല യൂണിയൻ (2016 –17 ) ജനറൽ സെക്രട്ടറിയുടെ അഭ്യർത്ഥന പ്രകാരം, തിരുവല്ല 'MACFAST' കോളേജിൽ വച്ച് 27.02.2018 –ന് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരുന്ന വനിതാക്യാമ്പ് സമയപരിമിതി മൂലം നടത്തുവാൻ സാധിക്കാതിരുന്നത് സംബന്ധിച്ച്**

സർവ്വകലാശാല യൂണിയൻ (2016 –17 ) ജനറൽ സെക്രട്ടറിയുടെ അഭ്യർത്ഥന പ്രകാരം, തിരുവല്ല 'MACFAST' കോളേജിൽ വച്ച് 27.02.2018 –ന് നടത്തുവാൻ തീരുമാനിച്ചിരുന്ന വനിതാക്യാമ്പ് സംഘടിപ്പിക്കുന്നതിനുള്ള അനുവാദം നൽകിയ DSS ഡയറക്ടർ ഇൻ ചാർജ് ഡോ. ഹരികുമാർ എസ് –ന്റെ വിശദീകരണത്തോടുകൂടി ഫയൽ പുനർസമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.47/22.03/210093**

**സർവകലാശാലയിലെ പ്രൊഫസേഴ്സ് ക്വാർട്ടേഴ്സിൻറെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസ്ട്രക്ഷൻ ഏജൻസിയായ BSNL–ൽ നിന്ന് നഷ്ടം ഈടാക്കുന്നത് – സംബന്ധിച്ച്**

പ്രൊഫസേഴ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെയുണ്ടായ കാലതാമസത്തിനും മറ്റു നഷ്ടങ്ങള്ക്കും നിർവ്വഹണ ഏജന്സിയായ BSNL ൽ–നിന്ന് –/3,51,44,360 (മൂന്ന് കോടി അമ്പത്തൊന്നുലക്ഷത്തി നാല്പത്തിനാലായിരത്തി മുന്നൂറ്റി അറുപത് രൂപാ മാത്രം) രൂപയും, Performance Guarantee & Security Deposit എന്നീ ഇനങ്ങളിൽ BSNL കരാറുകാരനിൽ നിന്നും കണ്ടുകെട്ടിയ തുകയും, 3 മാസത്തിനകം യൂണിവേഴ്സിറ്റിയിൽ തിരിച്ചടപ്പിക്കുന്നതിനും അല്ലാത്ത പക്ഷം നിർവ്വഹണ ഏജൻസിക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റാൻഡിങ് കൗൺസിലിന് ഫയൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.48/22.03/7831/ADA3/3/2020**

**സർവ്വകലാശാല സാറ്റലൈറ്റ് സെന്റർ, നെടുങ്കണ്ടം –ഓഫീസ് ഉപകരണങ്ങൾ, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി നെടുങ്കണ്ടം സാറ്റലൈറ്റ് സെന്റർ സെക്ഷൻ ഓഫീസർ ആയിരുന്ന ശ്രീ.റെജി ഇട്ടൂപ്പിന്റെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർ തുക ₹2,00,000/– (രണ്ട് ലക്ഷം രൂപ മാത്രം) –യുടെ ക്രമീകരണം –സംബന്ധിച്ച്**

സർവ്വകലാശാല നെടുങ്കണ്ടത്ത് ആരംഭിച്ച സാറ്റലൈറ്റ് സെന്ററിലേക്ക് ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കും, മറ്റ് അനുബന്ധ ചെലവുകൾക്കുമായി സാറ്റലൈറ്റ് സെന്ററിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. റെജി ഇട്ടൂപ്പ്–ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 2,00,000/– (രണ്ടു ലക്ഷം രൂപാ മാത്രം) രൂപ ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് ശ്രീ. റെജി ഇട്ടൂപ്പ്, സെക്ഷൻ ഓഫീസർ നൽകിയ വിശദീകരണം തൃപ്തികരമായതിനാൽ പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.49/22.03/28229/p&d1/3/2020** **സർവ്വകലാശാലയിലെ ടീച്ചേർസ് ഹോസ്റ്റലായ കവടിയാറിന്റെ ടെറസിൽ ഷീറ്റ് റൂഫിങ് ചെയ്യുന്നതിനായി 9,70,000/– (ഒൻപതു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് – സംബന്ധിച്ച് :–**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ.50/22.03/47660/FOSECTION5/2019** **സർവകലാശാല പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പുകളിലെ അധ്യാപകകർക്ക് TA / DA അനുവദിച്ചതിൽ KSAD യുടെ ഓഡിറ്റ് റിപ്പോർട്ട്– സിൻഡിക്കേറ്റ് അന്വേഷണ കമ്മീഷൻ –പുതിയ അംഗത്തെ നിയോഗിക്കുന്നത് :സംബന്ധിച്ചു.**

സർവകലാശാല പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പുകളിലെ അധ്യാപകകർക്ക് TA / DA അനുവദിച്ചതിൽ KSAD യുടെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി നിയമിതമായ അന്വേഷണ കമ്മീഷൻ ഡോ. ബി. കേരള വർമ്മ, ഡോ. എ. ജോസ്, ഡോ. ബിജു പുഷ്പൻ എന്നിവരെ ഉൾപ്പെടുത്തി പുനർ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.51/22.03/19057/BUDGET -1/2022/BUDGET (C) School of Nano-science and Nano-technology 2021 –22 സാമ്പത്തിക വർഷ ബജറ്റിലെ** " 22 328 27 – Payment to Contingent Employees" **എന്ന ശീർഷകത്തിൽഅധിക തുക വകയിരുത്തുന്നത് – സംബന്ധിച്ച്**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ.52/22.03/44011/SF 1/2/2019** **സ്വാശ്രയ സ്ഥാപനങ്ങൾ – ESI കുടിശ്ശിക/പലിശ സംബന്ധിച്ച് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷന്റെ ഡിമാന്റ് നോട്ടീസ്, അക്കൗണ്ടന്റ് ജനറലിന്റെ റിമാർക്സിന്റെയും, വിഷയത്തിന്മേൽ ലഭ്യമായ നിയമോപദേശത്തിന്റെയും അടിസ്ഥാന ത്തിൽ പരിഗണിക്കുന്നത് സംബന്ധിച്ച്.**

ESI വിഹിതം അടക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്ത് അടിയന്തിരമായി കുടിശ്ശിക അടക്കുന്നതിന് തീരുമാനം എടുക്കുന്നതിനായി CPAS ഡയറക്ടറുമായി സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതി ചർച്ച നടത്തണമെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ.53/22.03/172837/ADA9-3/2021** **മുൻകൂർ തുകകൾ പിഴപ്പലിശ ഒഴിവാക്കി ക്രമീകരിച്ചത് – AG യുടെ ഓഡിറ്റ് പരാമർശം – സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപെടുത്തുന്നത്– സംബന്ധിച്ച്.**

സർവ്വകലാശാലയിൽ ഭീമമായ തുകയുടെ ക്രമീകരണം അവശേഷിക്കുന്നതായുള്ള എ.ജി–യുടെ കണ്ടെത്തലിനെ കുറിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനും, വീഴ്ച വരുത്തിയ ജീവനക്കാരുടെ വിവരങ്ങൾ 7 ദിവസത്തിനകം ഫിനാൻസ് ഉപസമിതി മുൻപാകെ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.54/22.03/125970/DLEE-AA/2022** **ഡിപ്പാർട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ – 2021 – 2022 സാമ്പത്തിക വർഷ ബഡ്ജറ്റിലെ '21 312 05 – furniture and fixtures ' എന്ന ശീർഷത്തിൽ അധിക തുക വകയിരുത്തുന്നത് സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ.55/22.03/106089/DSS SO/2021** **2021–22 സാമ്പത്തിക വർഷത്തെ SWF പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശരേഖയുടെ അംഗീകരിക്കൽ –സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ.56/22.03/9690/SF 1-2/2020** **INE, പാലാ – സൗരോർജ്ജ പദ്ധതി – കെ.എസ്.ഇ.ബി യുമായി കരാർ ഒപ്പിടുന്നതുമായി ബന്ധപ്പെട്ട വിഷയം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ഈ പദ്ധതി പ്രയോഗികമല്ലാത്തതിനാൽ നടപ്പാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ.57/22.03/180530/P&D1-1/2021** **DASTP കെട്ടിടത്തിന്റെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അധികമായി വേണ്ടിവന്ന മാറ്റങ്ങൾ കാരണം സിൻഡിക്കേറ്റ് അംഗീകരിച്ച 17,53,000/– രൂപ എസ്റ്റിമേറ്റിൽ നിന്നും 1,37,200/– രൂപയുടെ പ്രവൃത്തി അധികരിച്ചു വന്നതിനാൽ 1,37,200/– രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ.58/22.03/3241/AD A7-1/2022** **ബി.ഐ.ഐ.സി.(ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ )ന്റെ 23.12.2021. ലെ എക്സിക്യൂട്ടീവ് സമിതി യോഗത്തിന്റെ മിനുട്സ് സർവകലാശാല സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

ഇന്റർ സ്കൂൾ സെന്ററായ ബി.ഐ.ഐ.സി. (ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ)– ന്റെ 23.12.2021. ലെ എക്സിക്യൂട്ടീവ് സമിതി യോഗത്തിന്റെമിനുട്സ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.59/22.03/67691/P&D1/3/2020**

**സ്കൂൾ ഓഫ് ലെറ്റേഴ്സ് പഠന വകുപ്പിന്റെ നിലവിലുള്ള കെട്ടിടത്തിന് അനുബന്ധമായി ലൈബ്രറി, സെമിനാർ ഹാൾ എന്നിവയുടെനിർമ്മാണപ്രവൃത്തി – പ്ലാനും എസ്റ്റിമേറ്റും തയാറാക്കുന്നതിന് ആർക്കിടെക്ടിനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള architecture competition നടത്തുന്നതിനുള്ള Expression of Interest (EoI)ക്ഷണിക്കുന്ന വിഷയം, Board of Assessors (BoA) രൂപീകരിക്കുന്ന വിഷയം എന്നിവ സംബന്ധിച്ച്:–**

സ്കൂൾ ഓഫ് ലെറ്റേഴ്സ് പഠന വകുപ്പിന്റെ നിലവിലുള്ള കെട്ടിടത്തിന് അനുബന്ധമായി ലൈബ്രറി, സെമിനാർ ഹാൾ എന്നിവയുടെ നിർമ്മാണപ്രവൃത്തിയുടെ പ്ലാനും എസ്റ്റിമേറ്റും തയാറാക്കുന്നതിന് ആർക്കിടെക്ടിനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള Architecture Competition നടത്തുന്നതിനുള്ള Expression of Interest (EoI) ക്ഷണിക്കുന്നതിനും, Board of Assessors (BoA) രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.60/22.03/200257**

**സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് വകുപ്പ് മേധാവി ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ 20.08.2020 തീയതിയിലെ സസ്പെൻഷൻ കാലയളവിലെ ശമ്പളവും വാർഷിക ഇൻക്രിമെന്റുകളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുളളഅപേക്ഷ.**

അന്വേഷണ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും റിപ്പോർട്ട് അനുസരിച്ച് തുടരന്വേഷണം നടത്തുന്നതിനായി സിൻഡിക്കേറ്റ് നിയോഗിച്ചിരുന്ന ശ്രീ. പി. ഹരികൃഷ്ണൻ, ഡോ. ബിജു തോമസ് എന്നിവരടങ്ങുന്ന രണ്ടംഗ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.61/22.03/3793/P&D1-1/2022**

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗസ്റ്റ് ഹൗസിന്റെ മേൽക്കൂരയുടെ ചോർച്ചയും നനവും പരിഹരിക്കുന്നതിനായി GI ഷീറ്റ് റൂഫിങ് ചെയ്യുന്നതിനായുള്ള 11,52,000/– രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് – സംബന്ധിച്ച് :–**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ.62/22.03/11022/ACB7-1/2022**

**ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് – സ്വയംഭരണ പദവിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനായിസമർപ്പിച്ച അപേക്ഷ സംബന്ധിച്ച്–**

സ്വയംഭരണ പദവി ദീർഘിപ്പിക്കുന്നതിനുള്ള അസംപ്ഷൻ കോളേജിന്റെ അപേക്ഷ പരിഗണിച്ച്, ടി കോളേജിലെ അക്കാദമിക, അക്കാദമികേതര സൗകര്യങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഹരികൃഷ്ണൻ പി, ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, ഡോ. എം.എച്ച്. ഇല്ല്യാസ്, ഡോ. ഷജില ബീവി എസ്. എന്നിവരടങ്ങുന്ന ഒരു ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.63/22.03/7958/AC A7-3/2022**

**അൺ എയ്ഡഡ് സെൽഫ് ഫൈനാൻസിങ് കോളേജ് – എസ്.എൻ.ഡി.പി യോഗം ആർട്സ് ആൻഡ് സയൻസ് കോളേജ്, കിഴക്കുപുറം പി.ഒ കുമ്പഴ, പത്തനംതിട്ട – B.Sc Physics Model II Applied Electronics പ്രോഗ്രാം 2022-23 അധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് നല്കിയ അപേക്ഷ സംബന്ധിച്ച്–**

എസ്.എൻ.ഡി.പി യോഗം ആർട്സ് & സയൻസ് കോളേജ്, കിഴക്കുപുറം പി.ഒ കുമ്പഴ, പത്തനംതിട്ട – B.Sc Physics Model II Applied Electronics പ്രോഗ്രാം 2022-23 അധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് നല്കിയ അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Sc Physics Model II Applied Electronics പ്രോഗ്രാം 2022-23 അധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.64/22.03/68872/ACA7-2/2021**

**അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ –** Presentation College of Applied Sciences, Puthenvelikkara, Ernakulam – 2022-23 **അദ്ധ്യയനവർഷം മുതൽ** B Sc Electronics **പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കാൻ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :–**

Presentation College of Applied Sciences, Puthenvelikkara, Ernakulam–2022-23 അദ്ധ്യയനവർഷം മുതൽ B.Sc Electronics പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Sc Electronics പ്രോഗ്രാം 2022-23 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.65/22.03/181697/ACA7-3/2021**

**അൺ എയ്ഡഡ് – സ്വാശ്രയ കോളേജുകൾ – പീരുമേട്, പെരുവന്താനം, സെൻറ് ആൻറണീസ് കോളേജ് – 2022–'23 അദ്ധ്യയനവർഷം മുതൽ** B.Com Model II Computer Applications – B.Com Model II Logistics Management **എന്ന ഓപ്ഷനിലേക്ക്മാറുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്–**

പീരുമേട്, പെരുവന്താനം, സെൻറ് ആൻറണീസ് കോളേജ് – 2022–'23 അദ്ധ്യയന വർഷം മുതൽ B.Com Model II Computer Applications–B.Com Model II Logistics Management എന്ന ഓപ്ഷനിലേക്ക് മാറുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ ടി ഓപ്ഷൻ മാറ്റത്തിനാവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബിജു പുഷ്പൻ (സിൻഡിക്കേറ്റ് അംഗം), ഡോ. അജി മോൻ ജോർജ്ജ്, അസ്സോസിയേറ്റ് പ്രൊഫസർ, മരിയൻ കോളേജ് കുട്ടിക്കാനം എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.66/22.03/25899/ACA1-1/2020**

**2021-2022 അദ്ധ്യയന വർഷം ആരംഭിച്ച ട്രൈബൽ ആർട്സ് & സയൻസ് കോളേജ്, നാട്ടകാണി എന്ന എയ്ഡഡ് ആർട്സ്&സയൻസ് കോളേജിലെ ലബോറട്ടറി,ലൈബ്രറി, ക്ലാസ് മുറികൾ മുതലായ സൗകര്യങ്ങൾ പരിശോധിക്കുന്നത്– സംബന്ധിച്ച് .**

2021-2022 അദ്ധ്യയന വർഷം ആരംഭിച്ച ട്രൈബൽ ആർട്സ് & സയൻസ് കോളേജ്, നാട്ടകാണി എന്ന എയ്ഡഡ് ആർട്സ്&സയൻസ് കോളേജിലെ ലബോറട്ടറി, ലൈബ്രറി, ക്ലാസ് മുറികൾ

മുതലായ സൗകര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, (സിൻഡിക്കേറ്റ് അംഗം), ഡോ. അനുജ തോമസ് കെ., സ്കൂൾ ഓഫ് ഫുഡ് സയൻസ് & ടെക്നോളജി, എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു..

| | |
|---|---|
| **ഇനംനമ്പർ.67/22.03/114524/AC B7-1/2021** | **അസംപ്ഷൻ കോളേജ്, ചങ്ങനാശേരി– 2022 – 23 അക്കാദമിക് വർഷത്തിലേക്ക് എം.എ ജെൻഡർ സ്റ്റഡീസ് (SF),ബി.കോം ഹോണേഴ്സ് (SF) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും ലഭിച്ച സ്പഷ്ടീകരണം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച്** |

GO (Ms) No.456/2021/HEDN Dated 16.10.2021 നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജുകളിൽ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകൾ തുടർന്ന് നടത്തുന്നതിന് അനുമതി നൽകുമെന്നും, എന്നാൽ യു.ജി.സി അനുമതിയുള്ള B.Voc പ്രോഗ്രാമുകൾ ഒഴികെ മറ്റൊരു പ്രോഗ്രാമും എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ അടിസ്ഥാനത്തിൽ പുതുതായി തുടങ്ങുവാൻ അനുമതി നൽകില്ലെന്നും സർക്കാർ വ്യക്തമാക്കിയിട്ടുള്ളതിനാൽ അസംപ്ഷൻ കോളേജ്, ചങ്ങനാശേരി– 2022–23അക്കാദമിക് വർഷത്തിലേക്ക് എം.എ. ജെൻഡർ സ്റ്റഡീസ് (SF), ബി.കോം ഹോണേഴ്സ് (SF) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ.68/22.03/98589/AC A1-3/2021** | **കടമ്മനിട്ട, മൗണ്ട് സിയോൺ ലോ കോളേജിൽ 2021–'22 അധ്യയന വർഷം മുതൽ 60 സീറ്റുകളോടുകൂടി Three Year Unitary LL.B, Five Year Integrated BBA LL.B (Honours) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് –സർക്കാരിൽ നിന്നും NOC ലഭിച്ചിരിക്കുന്നത് – സംബന്ധിച്ച് –:–** |

കടമ്മനിട്ട, മൗണ്ട് സിയോൺ ലോ കോളേജിൽ 2021–22 അദ്ധ്യയന വർഷത്തേയ്ക്ക് 60 സീറ്റുകളോടുകൂടി Three Year Unitary LL.B, Five Year Integrated BBA LL.B (Honours) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നും സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിനാൽ ടി കോളേജിൽ ടി കോഴ്സുകൾക്ക് താൽകാലിക അഫിലിയേഷൻ നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ.69/22.03/115439/ACA1-3/2021** | **2022–23 അദ്ധ്യയന വർഷം 'Ilahia Law College, Muvattupuzha'എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി മൂവാറ്റുപുഴ, ഇലാഹിയ ട്രസ്റ്റ് നൽകിയ അപേക്ഷ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് –** |

മൂവാറ്റുപുഴ, ഇലാഹിയ ട്രസ്റ്റ് നൽകിയ അപേക്ഷയിൽ 'Ilahia Law College, Muvattupuzha' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനാവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ഷജില ബീവി എസ്., (സിൻഡിക്കേറ്റ് അംഗം), ഡോ. ഗിരി ശങ്കർ, അസ്സോസിയേറ്റ് പ്രൊഫസർ, ഗവ. ലോ കോളേജ്, എറണാകുളം എന്നിവരെ പരിശോധനാസമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.70/22.03/108931/EI 38-2/2021**

**സ്വയംഭരണ കോളേജായ എറണാകുളം സെന്റ്. ആൽബർട്സ് കോളേജിൽ ആരംഭിക്കുന്നതിനു അനുമതി ചോദിച്ചതും ഡീമിങ് അപ്പ്രൂവൽ ലഭിച്ചിട്ടുള്ളതുമായ പ്രോഗ്രാമുകളുടെ സീറ്റ് എണ്ണം നിർണ്ണയിക്കുന്ന വിഷയത്തിൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം കോളേജ് മാനേജരുടെ വിശദീകരണം വാങ്ങി ഫയൽ പുനർസമർപ്പിച്ചത് സംബന്ധിച്ച-**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്. ആൽബർട്സ് കോളേജിൽ 2020-'21 ഡീമിങ് അപ്പ്രൂവൽ ലഭിച്ചിട്ടുള്ളതുമായ B.Com Co-Operation (SF) - 60, BA English Triple Main (SF) - 50, BBM (SF) - 50, M.Com Finance (SF) -30 എന്നീ പ്രോഗ്രാമുകൾ സർവ്വകലാശാലയിൽ അനുവദിക്കാവുന്ന സീറ്റുകളുടെ എണ്ണത്തിൽ അധികരിച്ചാണ് ആരംഭിച്ചിരിക്കുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ടസ് 1997 അദ്ധ്യായം 23 സ്റ്റാറ്റ്യൂട്ട് 31 (4),(5) പ്രകാരം "The Initial maximum student strength in main subjects when degree courses are started shall be as follows:

Languages-24 Arts subjects-40 and Science subjects -24 No increase in strength of additional courses shall be permitted until the first batch has been presented for the University examination"

"The maximum student strength for post-graduate classes will be Art, Languages, Commerce and Mathematics 13 to 20, Science subjects - 12"ആണ്. എന്നാൽ 2020-21 അധ്യയന വര്ഷം മുതൽ ടി കോഴ്സുകൾ ആരംഭിച്ച് വിദ്യാര്ത്ഥികൾക്ക് അഡ്മിഷൻ നൽകിയിട്ടുള്ളതിനാൽ വിദ്യാര്ത്ഥികളുടെ ഭാവിയെ ബാധിക്കാതിരിക്കുന്നതിനായി ടി കോഴ്സുകൾ ക്രമപ്പെടുത്തി അഫിലിയേഷൻ നൽകുന്നതിനും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായി അഡ്മിഷൻ നടത്തിയതിന് Rs. 60,000/- രൂപ പിഴ ഈടാക്കുന്നതിനും ഇനിമേൽ സർവ്വകലാശാല നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കരുതെന്ന് ടി കോളേജിന് ശക്തമായ താക്കീതു നൽകുന്നതിനും തീരുമാനിച്ചു.

ഇനി മുതൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിച്ചിരിക്കുന്ന എണ്ണത്തിൽ അധികരിച്ച് അഡ്മിഷൻ നടത്താൻ പാടില്ല എന്നും കോളേജിന് കർശന നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.71/22.03/159440/ACA7-1/2021**

**അൺ എയ്ഡഡ് സ്വാശ്രയ കോളേജുകൾ - ഇന്റർനാഷണൽ എഡ്യൂക്കേഷണൽ ട്രസ്റ്റ്, തൃക്കാക്കര - 2022-23 അദ്ധ്യയനവർഷം പുതിയ ബി.എഡ്. കോളേജ് ആരംഭിക്കാൻ സമർപ്പിച്ച അപേക്ഷ - കെ.എം.എം. കോളേജ്, കുമ്പളം പനങ്ങാട് എന്ന പേരിൽ പുതിയ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിലേക്കായി മാറ്റി പരിഗണിക്കുന്നത് സംബന്ധിച്ച്**

ഇന്റർനാഷണൽ എഡ്യൂക്കേഷണൽ ട്രസ്റ്റ്, തൃക്കാക്കര - 2022-23 അദ്ധ്യയനവർഷം പുതിയ ബി.എഡ്. കോളേജ് ആരംഭിക്കാൻ സമർപ്പിച്ച അപേക്ഷ - കെ.എം.എം. കോളേജ്, കുമ്പളം പനങ്ങാട് എന്ന പേരിൽ പുതിയ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിലേക്കായി പരിഗണിച്ച പുതിയ കോളേജിന് ആവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുനതിയായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബാബു മൈക്കൾ, ഡോ. സുധാകരൻ കെ.എം., എന്നിവരെ പരിശോധനാസമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.72/22.03/57076/AC A1-1/2021(Part I)** **2018-19 അദ്ധ്യയന വർഷം മുതൽ മേലുകാവ്, ഹെൻറി ബേക്കർ കോളേജിൽ ആരംഭിച്ച ബി.വോക്. ടൂറിസം& ഹോസ്പിറ്റാലിറ്റി മാനേജ്മന്റ് എന്ന പ്രോഗ്രാമിന്റെ യുജിസി ധനസഹായ കാലാവധി അവസാനിച്ചതിനാൽ സ്വാശ്രയ മേഖലയിൽ തുടരുന്നത് - പരിശോധന സമിതി റിപ്പോർട്ട് സമർപ്പിക്കുന്നത്സംബന്ധിച്ച് :**

2018-19 അദ്ധ്യയന വർഷം മുതൽ മേലുകാവ് ഹെൻറി ബേക്കർ കോളേജിൽ ആരംഭിച്ച ബി. വോക് ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് എന്ന പ്രോഗ്രാമിനു അഫിലിയേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കോളേജിലെ ബി.വോക് ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് എന്ന പ്രോഗ്രാം സ്വാശ്രയ മേഖലയിൽ തുടരുന്നതിനു സർക്കാരിൻെറ അനുമതി ലഭിക്കുന്ന മുറക്കും സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരമുള്ള നിബന്ധനകൾ അംഗീകരിച്ചു കൊണ്ട് സംസ്ഥാന സർക്കാരുമായി ഒപ്പിടേണ്ടതായ സമ്മതപത്രം ഒപ്പിടുന്ന മുറക്കും ടി നിബന്ധനകൾ പാലിക്കപ്പെടുന്നതായി ബോധ്യപ്പെട്ടതിനു ശേഷവും ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാലയുമായി ഒപ്പിടേണ്ട സമ്മത പത്രം ഒപ്പിട്ടതിനു ശേഷവും സംസ്ഥാന സർക്കാരുമായി നിർദ്ദിഷ്ട മാതൃകയിലുള്ള സമ്മതപത്രം ഒപ്പിടുന്നതിനുള്ള കാലതാമസം പരിഗണിച്ച് പ്രസ്തുത സമ്മതപത്രം ഒപ്പിട്ടു സർക്കാരിൽ സമർപ്പിച്ചതിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാമെന്നും സംസ്ഥാന സർക്കാരിൽ നിന്നും തുടർന്ന് ലഭിക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറക്ക് സർവ്വകലാശാലയിൽ സമർപ്പിക്കുന്നതാണെന്നുള്ള വാഗ്ദാന പത്രം, സർവ്വകലാശാലയുമായി ഒപ്പിടേണ്ട സമ്മതപത്രം എന്നിവ അഫിലിയേഷനാവശ്യമായ മറ്റ് രേഖകളോടൊപ്പം മാനേജ്മെൻറുകളിൽ നിന്നും സ്വീകരിച്ചു കൊണ്ട് അഫിലിയേഷൻ നൽകാവുന്നതാണെന്നും തീരുമാനിച്ചു.

**ഇനംനമ്പർ.73/22.03/6637/ACA7-3/2022** **ശ്രീനാരായണ ആർട്സ് ആൻഡ് സയൻസ് കേളേജ്, കെടാമംഗലം, നോർത്ത് പരവൂർ- B.Com Model II Marketing പ്രോഗ്രാം 2022-2023 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് നൽകിയ അപേക്ഷ സംബന്ധിച്ച്-**

ശ്രീനാരായണ ആർട്സ് ആൻഡ് സയൻസ് കേളേജ്, കെടാമംഗലം, നോർത്ത് പരവൂർ-B.Com Model II Marketing പ്രോഗ്രാം 2022-2023 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് നൽകിയ അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com Model II Marketing പ്രോഗ്രാം 2022-2023 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.74/22.03/136217/ACA8-1/2021** **സെന്റ് ജോർജ് കോളേജ് അരുവിത്തുറ- ബി വോക് കോഴ്സ് എയ്ഡഡ് വിഭാഗത്തിൽ നിന്ന് സ്വാശ്രയത്തിലേക്കു മാറുന്നതിന്റെ ഭാഗമായുള്ള ഫീ വർദ്ധനയെക്കുറിച്ചുള്ള പരാതി**

സെന്റ്. ജോർജ് കോളേജ് അരുവിത്തുറ- ബി വോക് കോഴ്സ് എയ്ഡഡ് വിഭാഗത്തിൽ നിന്ന് സ്വാശ്രയത്തിലേക്കു മാറുന്നതിന്റെ ഭാഗമായുള്ള ഫീ വർദ്ധനയെക്കുറിച്ചുള്ള പരാതി പരിശോധിച്ച BASG-യുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.75/22.03/206680(AcBII/02/3860/2016) മാർത്തോമാ കോളേജ് ഫോർ വിമൻ, പെരുമ്പാവൂർ-ലിസി ചെറിയാൻ-പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച്.**

The committee constituted as per the UO.No.4062/AcB2/2020/MGU dated 15.09.2020 submitted the API Score of Dr. Lisy Cherian as 272.6 (Category II + Category III). As per UGC regulations 2010 (4th amendment), the minimum API Score required for Principal appointment is 400.

Dr. Lisy Cherian is not an approved research supervisor of the University. As per UGC regulations 2010 (4th amendment), the research guidance is a mandatory eligibility condition for the appointment as the Principal of a college.

Hence it is resolved to reject the proposal to approve the appointment of Dr. Lisy Cherian as the Principal of Marthoma College for Women, Perumbavoor.

**ഇനംനമ്പർ.76/22.03/9290/EXAM AUDIT 2-1/2022 റെഗുലർ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് മൂല്യ നിർണയം -യുജിസി അധ്യാപകർക്കു പ്രതിഫലം നൽകുന്നതുമായി ബന്ധപ്പെട്ട് AG യുടെ റിപ്പോർട്ടിന് മറുപടി നൽകുന്നത് സംബന്ധിച്ച്.**

a. സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഗവ/എയ്ഡഡ് കോളേജിലെ യുജിസി അധ്യാപകർ ഡ്യൂട്ടിയുടെ ഭാഗമായി ബിരുദ തലത്തിൽ ആർട്സ് &കോമേഴ്സ് വിഭാഗത്തിൽ പെട്ട അധ്യാപകർ 80 പേപ്പറുകളും സയൻസ് വിഷയങ്ങളിൽ അധ്യാപകർ 65 പേപ്പറുകളും ബിരുദാനന്തര ബിരുദ തലത്തിൽ ആർട്സ് &കോമേഴ്സ് വിഷയങ്ങളിൽ 25 പേപ്പറുകളും സയൻസ് വിഷയങ്ങളിൽ 20 പേപ്പറുകളും മൂല്യ നിർണയം നടത്തുന്നതിന് പ്രതിഫലം നൽകേണ്ടതില്ല എന്നുള്ള സിൻഡിക്കേറ്റ് തീരുമാനം പ്രാബല്യത്തിലുണ്ട്. ഓരോ പരീക്ഷക്കുമുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിലെ വിവിധ വിഷയങ്ങളിലെ റെഗുലർ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളുടെ ആകെ എണ്ണത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ വിവിധ വിഷയങ്ങളിലെ അദ്ധ്യാപകരുടെ ആകെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന എണ്ണം ഉത്തരക്കടലാസുകളാണ് ഓരോ അദ്ധ്യാപകനും പ്രതിഫലം ഇല്ലാതെ മൂല്യനിർണ്ണയം ചെയ്യുന്നത്. മേൽ സൂചിപ്പിച്ച അനുപാതം ഇതനുസരിച്ചാണ് കണക്കാക്കിയിരിക്കുന്നത്.

b.ഇതിനു പുറമെ അൺ എയ്ഡഡ് കോളേജുകളിലെയും, എയ്ഡഡ് കോളേജുകളിലെ അൺ എയ്ഡഡ് പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെയും ഉത്തര കടലാസുകൾ അദ്ധ്യാപകർക്ക് മൂല്യനിർണ്ണയം ചെയ്യുവാനുണ്ട്. ഇതിന് അർഹമായ പ്രതിഫലം പറ്റുന്നതിന് അവർക്ക് അർഹതയുമുണ്ട്.

c.2010 -ന് ശേഷം റെഗുലർ അദ്ധ്യാപകർ മൂല്യനിർണ്ണയത്തിനായ് കൈപ്പറ്റിയ പ്രതിഫലത്തുക മിക്കവാറും എല്ലാം തിരിച്ചടച്ച് കഴിഞ്ഞു. ഇനി തിരിച്ചടക്കുവാനുള്ള തുക തിട്ടപ്പെടുത്തി തിരിച്ചടക്കുവാനുള്ള അദ്ധ്യാപകരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ-മാരെ അറിയിക്കുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ.77/22.03/147231/EXAM AUDIT 1-1/2021 മൂല്യ നിർണ്ണയ ക്യാംപുകളിൽ പങ്കെടുത്ത ജീവനക്കാർക്ക് പ്രതിഫലം നൽകുന്നത് - സംബന്ധിച്ച്.**

ഫെബ്രുവരി 2021 -ൽ നടന്ന CBCSS UG 5th Semester Exam -ന്റെ മൂല്യനിർണ്ണയത്തിനായി 17.03.2021 മുതൽ മൂല്യനിർണ്ണയ ക്യാമ്പുകൾ ആരംഭിച്ചു. ഇതിനിടയിൽ സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിക്കുകയും പിന്നീട് 25%, 50 % ഹാജർ എന്ന നിലയിൽ ഓഫീസ് പ്രവർത്തങ്ങൾ ക്രമീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ 5th Semester Exam ഫലം അടിയന്തിരമായി പ്രഖ്യാപിക്കേണ്ടതിനാൽ ക്യാമ്പുകൾ തുടർന്ന് പ്രവർത്തിക്കുന്നതിന് പരീക്ഷ കൺട്രോളറെ സർവ്വകലാശാല ചുമതലപ്പെടുത്തുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ക്യാമ്പ്

തുടരുന്നതുമായി ബന്ധപ്പെട്ട് പരീക്ഷ കൺട്രോളർ ഉത്തരവ് ഇറക്കിയത്. അതിനാൽ ഇക്കാലയളവിൽ ക്യാമ്പിൽ ജോലി ചെയ്ത ജീവനക്കാർക്ക് അർഹമായ TA/DA നൽകുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ :78/22.03/11836/EI 35-1/2021** **തൃക്കാക്കര KMM കോളേജിലെ 2017 – 2019 ബാച്ചിലെ 7 വിദ്യാർത്ഥികൾക്ക് Internal മാർക്ക് നൽകിയത് – സംബന്ധിച്ച്**

തൃക്കാക്കര KMM കോളേജിലെ 2017–2019 ബാച്ചിലെ internal exam വിജയിക്കാത്ത 7 വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ External പരീക്ഷയുടെ അപേക്ഷ സർവ്വകലാശാലയിലേക്ക് അയച്ചു നൽകുകയും വിദ്യാർഥികൾ പരീക്ഷ എഴുതുകയും ചെയ്ത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗമായ ഡോ. ബിജു പുഷ്പനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ:79/22.03/CBCSSXV/3/FINAL POSITION 3/2020** **അന്തിമ പൊസിഷൻ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് കമ്മറ്റിയുടെ ശുപാർശപരിഗണനയ്ക്ക് സിൻഡിക്കേറ്റിന്റെ സമർപ്പി ക്കുന്നത് സംബന്ധിച്ച് –**

1. തേവര സേക്രഡ് ഹാർട്ട് കോളേജിലെ 2012 അഡ്മിഷൻ ബി.എ എക്കണോമിക്സ് മോഡൽ I വിദ്യാർത്ഥിയായിരുന്ന രേണുക എസ് (രജി. നം. 12126327) അന്തിമ പൊസിഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി നിയമിച്ച കമ്മറ്റിയുടെ ശിപാർശ അംഗീകരിക്കുന്നതിനും,

2. ഒരു മാസത്തിനുള്ളിൽ Revaluation പൂർത്തിയാക്കി ബാക്കിയുള്ളവരുടെ position certificate നൽകുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ :80/22.03/149960/EI 28-4/2021** **ബി.ഡി.എസ് (2008 അഡ്മിഷൻ)– മൂന്നാം പ്രൊഫഷണൽ ബി ഡി എസ് പാർട്ട് -I,2 പരീക്ഷകൾക്ക് മേഴ്സി ചാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് :–**

കോതമംഗലം മാർ ബസേലിയസ് ഡെന്റൽ കോളേജിലെ 2008 അഡ്മിഷൻ BDS വിദ്യാർത്ഥിനിയായിരുന്ന ബിനീറ്റ ബാബു–നെ റെഗുലേഷൻ വ്യവസ്ഥയിൽ ഇളവ് നൽകി അവസാന വർഷ പരീക്ഷകൾക്ക് മേഴ്സി ചാൻസ് പരീക്ഷ നടത്തണമെന്ന ഡീൻ, ഫാക്കൽറ്റി ഓഫ് മോഡേൺ മെഡിസിൻ –ന്റെ ശുപാർശ അംഗീകരിക്കുന്നതിനും, ഈ വിദ്യാർത്ഥി പരീക്ഷകൾ വിജയിക്കുന്ന പക്ഷം ഒരു വർഷം നിർബന്ധിത ഇന്റേൺഷിപ് ചെയ്ത് ആയതിന്റെ റിപ്പോർട്ട് സർവ്വകലാശാലയിൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ :81/22.03/ 102548/EI 29-2/2021/EI 29** **LLB/LLM പരീക്ഷകൾക്ക് പൊസിഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്**

പ്രസ്തുത വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ്–ന്റെ അഭിപ്രായം തേടുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ : 82/22.03/ 164558/EA 2-2/2021** **2022–ലെ സർവ്വകലാശാലാ പരീക്ഷകളുടെ നടത്തിപ്പ്-ഗവൺമെന്റ് / എയ്ഡഡ് കോളേജുകൾക്കുള്ള മുൻകൂർ തുക വിതരണം സംബന്ധിച്ച്.**

2020 വർഷം വരെയുള്ള പരീക്ഷകളുടെ നടത്തിപ്പിനായി അനുവദിച്ച മുൻകൂർ തുകയുടെ ക്രമീകരണ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾക്ക് താഴെ

സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ 2022-ലെ സർവ്വകലാശാല പരീക്ഷകളുടെ നടത്തിപ്പിനായി മുൻകൂർ തുക നടപ്പു സാമ്പത്തിക വർഷ ബഡ്ജറ്റിലെ 22 301 39 – Conduct of Examination എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനും, മുൻപ് അനുവദിച്ചിട്ടുള്ള മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ലാത്ത കോളേജുകളോട് വിശദീകരണം ചോദിക്കുന്നതിനും തീരുമാനിച്ചു.

| Sl.No. | Name of College | Amount |
|---|---|---|
| 1. | Al-Ameen College, Edathala,Aluva | ₹46,875 |
| 2. | Alphonsa College, Pala | ₹1,03,125 |
| 3. | B.A.M. College, Thuruthicad, Mallappally | ₹65,625 |
| 4. | B.K. College, Amalagiri | ₹56,750 |
| 5. | Baselius College, Kottayam | ₹1,12,500 |
| 6. | B.C.M. College, Kottayam | ₹1,03,125 |
| 7. | B.M.C. Thrikkakkara | ₹1,21,875 |
| 8. | The Cochin College, Cochin | ₹1,40,625 |
| 9. | Devamatha College, Kuruvilangad | ₹93,750 |
| 10. | DB Pampa College, Parumala | ₹93,750 |
| 11. | Govt. College, Nattakom, Kottayam | ₹93,750 |
| 12. | K.E College, Mannanam | ₹46,875 |
| 13. | K.G. College, Pampady | ₹46,875 |
| 14. | MES College, Marampally,Aluva | ₹2,815 |
| 15. | MES College, Nedumkandam, Idukki | ₹65,625 |
| 16. | Morning Star Home Science College, Angamaly | ₹46,875 |
| 17. | Newman College, Thodupuzha | ₹1,68,750 |
| 18. | Nirmala College, Muvattupuzha | ₹1,68,750 |
| 19. | Pavanatma College, Murikkassery | ₹56,250 |
| 20. | SSV College, Valayanchirangara,Perumbavoor | ₹75,000 |
| 21. | Sree Sankara College, Kalady | ₹1,68,750 |
| 22. | S.D College, Kanjirappally | ₹1,12,500 |
| 23. | BPC College, Piravam | ₹2,815 |
| 24. | St. Peter's College, Kolenchery | ₹1,40,625 |
| 25. | St. Pauls College, Kalamasserry | ₹1,12,500 |
| 26. | St. Xavier's College, Aluva | ₹1,21,875 |
| 27. | Union Christian College, Aluva | ₹1,12,500 |
| 28. | St. Joseph’s Training College, Mannanam | ₹3,750 |
| 29. | St. Thomas College of Teacher Education, Pala | ₹3,750 |
| 30. | Mount Carmel College of Teacher Education for Women, Kottayam | ₹2,815 |
| 31. | St. Joseph’s College of Teacher Education for Women, Kovilvattom, Ernakulam | ₹3,750 |
| 32. | Titus II Teachers College, Thiruvalla | ₹4,690 |
| 33. | Sree Narayana Arts & Science College, Kumarakom, Kottayam | ₹1,500 |
| 34. | St. Joseph's College, Moolamattam | ₹46,875 |
| 35. | St. Stephen's College, Uzhavoor | ₹56,250 |
| 36. | St. Thomas College, Pala | ₹1,40,625 |
| | Total | **₹ 27,45,135** |

**ഇനം നമ്പർ :83/22.03/ 128751/EA 1-3/2021/VC SECTION ഓഫ് ക്യാമ്പസ് കോഴ്സിന്റെ സപ്ലിമെന്ററി /മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പ് സംബന്ധിച്ച്**

ഓഫ് ക്യാമ്പസ് കോഴ്സുകൾക്ക് Special Mercy Chance പരീക്ഷ നടത്തുവാൻ തീരുമാനിച്ചു.

**ഇനം നമ്പർ :84/22.03/ 134530/EI 14-2/2021**

**പാലാ, സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജിയിൽ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് വിദ്യാർത്ഥിയായിരുന്ന ശ്രീ നിതിൻ എ തോമസിന് മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

1. പാലാ, സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്ആൻഡ് കാറ്ററിങ്ടെക്നോളജിയിൽ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് വിദ്യാർത്ഥിയായിരുന്ന ശ്രീ നിതിൻ എ തോമസ് -ന് നാലാം സെമെസ്റ്ററിലെ "Research Methodology & Quantitative Techniques" എട്ടാം സെമെസ്റ്ററിലെ "Entrepreneurial Development" എന്നീ വിഷയങ്ങൾക്ക് മേഴ്സി ചാൻസ് പരീക്ഷ നടത്തുവാനും,

2. സെക്ഷന്റെ ഭാഗത്ത് നിന്നും സംഭവിച്ച നോട്ട കുറവ് മൂലം തോറ്റ വിഷയം ജയിച്ച എന്ന് തെറ്റായി രേഖപ്പെടുത്തി മാർക്ക് ലിസ്റ്റ് നൽകിയതു സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബി. കേരള വർമ്മ, ഡോ. വർഗീസ് കെ. ചെറിയാൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ : 85/22.03/ 9807/EG 2-1/2022**

**ബി.കോം. ഡിഗ്രി–ആന്വൽ സ്കീം–(1998 മുതൽ 2011 വരെയുള്ള ബാച്ച്) മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നതു – സംബന്ധിച്ച്**

2003–2006 ബാച്ചിൽ ബി.കോം. കോഴ്സ് ന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥിനിയായ ശ്രീമതി. വിദ്യ വി വി (രജി നം :29681) – യുടെ Mercy Chance പരീക്ഷക്കായുള്ള അപേക്ഷ പരിഗണിച്ച് പാർട്ട് III പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ച 2003–2006 കാലഘട്ടത്തിൽ സർവകലാശാലയിൽ നിലവിലുണ്ടായിരുന്ന സിലബസിൽ പഠിച്ചിരുന്ന ബി.കോം. വിദ്യാർത്ഥികൾക്ക് ഒരു സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷ കൂടി നടത്തുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ :86/ 22.03/5595/EI 31-1/2022**

**ശ്രീമതി അശ്വിനി എം.എസ്., രജി.നം. 80036, BBA LLB, 2016–2021 ബാച്ച്, കോ–ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ – ഒന്നാം സെമസ്റ്റർ സെപ്റ്റംബർ 2017 പരീക്ഷയുടെ റിസൾട്ട് – പരാതി സംബന്ധിച്ച്:–**

ശ്രീമതി അശ്വിനി എം.എസ്.–ന്, ഫീസ് ഈടാക്കാതെ രണ്ടു മാസത്തിനുള്ളിൽ സ്പെഷ്യൽ എക്സാം നടത്തി ഫലം പ്രസിദ്ധീകരിക്കുന്നതിനും ആദ്യം hand written mark sheet–ൽ മാർക്കുകൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും പരിശോധിച്ച ഉദ്യോഗസ്ഥനിൽ നിന്നുമുള്ള വിശദീകരണം ഉൾപ്പെടുത്തി ഫയൽ സിൻഡിക്കേറ്റിൽ പുനർസമർപ്പിക്കുന്നതിനു നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ:87/22.03/172460/CBCSS 27-2/2021** **മൂവാറ്റുപുഴ നിർമല കോളേജിലെ സി.ബി.സി.എസ്. ബി.എ.ഇംഗ്ലീഷ് ലിറ്ററേച്ചർ & കമ്മ്യൂണിക്കേഷൻ സ്റ്റഡീസ് മോഡൽ III വിദ്യാർത്ഥിയായ അജയ് കൃഷ്ണ (190021013199 ),ഡൽഹിയിലെ റിപ്പബ്ലിക്ക് ഡേ ക്യാമ്പിൽ പങ്കെടുത്തതിനാൽ റെഗുലർ പരീക്ഷ എഴുതാൻ കഴിയാതെ വന്ന വിഷയത്തിന്റെ സപ്ലിമെന്ററി പരീക്ഷ റെഗുലർ ചാൻസ് ആയി പരിഗണിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച : -**

മൂവാറ്റുപുഴ നിർമല കോളേജിലെ സി.ബി.സി.എസ്. ബി.എ.ഇംഗ്ലീഷ് ലിറ്ററേച്ചർ & കമ്മ്യൂണിക്കേഷൻ സ്റ്റഡീസ് മോഡൽ III വിദ്യാർത്ഥിയായ അജയ് കൃഷ്ണ (190021013199), ഡൽഹിയിലെ റിപ്പബ്ലിക്ക് ഡേ ക്യാമ്പിൽ പങ്കെടുത്തതിനാൽ റെഗുലർ പരീക്ഷ എഴുതാൻ കഴിയാതെ വന്ന വിഷയത്തിന്റെ സപ്ലിമെന്ററി പരീക്ഷ റെഗുലർ ചാൻസ് ആയി പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ : 88/22.03/ 82959/CBCSS 11-2/2020** **രാജഗിരി കോളേജ് ഓഫ് മാനേജ്മെൻറ് & അപ്ലൈഡ് സയൻസസ് കാക്കനാടിലെ ബി.കോം മോഡൽ I (Computer Applications )2012 –2015 ബാച്ചിലെ Sabeena S S (PRN : 12103430 എന്ന വിദ്യാർത്ഥിയുടെ അഞ്ചാം സെമസ്റ്റർ Oct 2019 ലെ 31/ 10 / 2019 തീയതിയിൽ കോളേജിൽ വച്ച് നടന്ന പ്രാക്ടിക്കൽ പരീക്ഷയുടെ മാർക്ക് പരിഗണിക്കുന്നത് സംബന്ധിച്ച് :-**

രാജഗിരി കോളേജ് ഓഫ് മാനേജ്മെൻറ് & അപ്ലൈഡ് സയൻസസ് കാക്കനാടിലെ ബി.കോം മോഡൽ I (Computer Applications) 2012–2015 ബാച്ചിലെ Sabeena S S (PRN : 12103430 എന്ന വിദ്യാർത്ഥിയുടെ അഞ്ചാം സെമസ്റ്റർ Oct 2019 ലെ 31/10/2019 തീയതിയിൽ കോളേജിൽ വച്ച് നടന്ന പ്രാക്ടിക്കൽ പരീക്ഷയുടെ മാർക്ക് പരിഗണിക്കുന്നത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പൽ പരീക്ഷാ ഉപസമിതിക്ക് മുൻപാകെ ഹാജരാകുവാൻ നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ :89/22.03/93918/CBCSS 27-1/2021** **തലയോലപ്പറമ്പ് ഡി .ബി കോളേജിലെ 2013 അഡ്മിഷൻ ബി എ പൊളിറ്റിക്കൽ സയൻസ് മോഡൽ I വിദ്യർത്ഥിനിയായിരുന്ന ഫാത്തിമ അബ്ദുൽ ഖാദർ (PRN:130021016236) പുനർമൂല്യനിർണയത്തിന് ശേഷം മാർക്ക് പുനഃ ക്രമീകരിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന റീവാല്യവേഷൻ മെമ്മോയിലെ മാർക്ക് തിരുത്തിയതായി കാണപ്പെട്ട വിഷയത്തേ ക്കുറിച്ചുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്സിൻഡിക്കേറ്റ് പരിഗണനക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്**

തലയോലപ്പറമ്പ് ഡി .ബി കോളേജിലെ 2013 അഡ്മിഷൻ ബി എ പൊളിറ്റിക്കൽ സയൻസ് മോഡൽ I വിദ്യർത്ഥിനിയായിരുന്ന ഫാത്തിമ അബ്ദുൽ ഖാദർ (PRN:130021016236) പുനർമൂല്യനിർണയത്തിന് ശേഷം മാർക്ക് പുനഃ ക്രമീകരിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന റീവാല്യവേഷൻ മെമ്മോയിലെ മാർക്ക് തിരുത്തലുമായി ബന്ധപ്പെട്ട വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു പുഷ്പൻ, അഡ്വ. റെജി സക്കറിയ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ : 90/22.03/ 179813/CBCSS13 SO/2021** **2021 ഓഗസ്റ്റിൽ നടന്ന മൂന്നാം സെമസ്റ്റർ CBCS പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പിൽ 21102031 ക്യൂ.പി.കോഡുള്ള – ENGLISH LITERATURE AND / AS IDENTITY എന്ന വിഷയത്തിന്റെ ഏഴ് ഉത്തരകടലാസുകൾ കാണാതായത് – അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് –സംബന്ധിച്ച്.**

പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു പുഷ്പൻ, ഡോ. വർഗീസ് കെ. ചെറിയാൻ, ഡോ. എ. ജോസ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ :91/ 22.03/ 169047/EJ9 SO/2021** **2021 ഏപ്രിൽ മാസത്തിൽ നടന്ന ആറാം സെമസ്റ്റർ B .Com CBCS പരീക്ഷയുടെ Cost Accounting II എന്ന വിഷയത്തിന്റെ മൂല്യനിർണ്ണയത്തിലെ അപാകത സംബന്ധിച്ച്:-**

Original Examiner ഉം Adimaly Mar Baselios കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുമായ ശ്രീ. ബിനിൽ പി. വി.-യോട് പരീക്ഷ ഉപസമിതിക്ക് മുമ്പാകെ ഹാജരാകുന്നതിന് നിർദ്ദേശം നല്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ : 92/22.03/ 135069/CBCSS 10-1/2021/ACAD** **CBCS ബി.കോം. രണ്ടാം സെമസ്റ്റർ/ ഒക്ടോബർ 2020 പരീക്ഷയുടെ ഫലപ്രഖ്യാപന തീയതിക്ക് ശേഷം കോളേജിൽ നിന്നും ഒരു (റീഅഡ്മിഷൻ) വിദ്യാർത്ഥിയുടെ ഇന്റേണൽ മാർക്ക് സമർപ്പിച്ചത് സംബന്ധിച്ച്**

ഇടത്തല എം.ഇ.എസ് കോളേജിൽ നിന്നും 1,050/- രൂപ പിഴ ഈടാക്കി CBCS ബി.കോം. രണ്ടാം സെമസ്റ്റർ/ ഒക്ടോബർ 2020 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ : 93/22.03/75278/EI 7-1/2021** **എംബിഎ – ശ്രീ അനന്ദു കെ ജീവൻരാജ് , എസ് സി എം എസ് സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റ്, ആലുവ – INTERNAL മാർക്ക് പുനർസമർപ്പണം – സംബന്ധിച്ച്.**

അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ :94/ 22.03/67786/EI 37-3/2020** **2020 ജനുവരിയിൽ നടന്ന എട്ടാം സെമസ്റ്റർ ബി.കോം. എൽ.എൽ.ബി. (H) പരീക്ഷയിൽ പത്തനംതിട്ട മൗണ്ട് സിയോൺ ലോ കോളേജിലെ ഷോബിൻ സാം എന്ന വിദ്യാർഥിക്ക് പബ്ലിക് ഇന്റർനാഷണൽ ലോ എന്ന പരീക്ഷയുടെ ഇന്റേണൽ മാർക്ക് മാറി രേഖപ്പെടുത്തിയ വിഷയത്തിൽ അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനം നമ്പർ :95/ 22.03/ 112596/EI 8-2/2021

**Bachelor of Physiotherapy ഡിഗ്രി വിദ്യാർത്ഥിയായ ശ്രീ.രാഹുൽ പ്രസാദിനും, കോഴ്സ് പൂർത്തിയാകാൻ കഴിയാത്ത സമാന സാഹചര്യത്തിലുള്ള വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സൂപ്പർ ഫൈനോട്ടുകൂടി ഇനിയും ഒരു മേഴ്സി ചാൻസ് പരീക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന കാര്യം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :**

വിദ്യാർത്ഥിയുടെ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനം നമ്പർ : 96/22.03/ 55282/AC A8-3/2020

**വകുപ്പ് മേധാവിക്കും അധ്യാപകർക്കും എതിരേ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടും തന്നെ LLM ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ അനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടും സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് 2017 അഡ്മിഷൻ LLM വിദ്യാർത്ഥിയായ അഡ്വ.പ്രകാശ് റ്റി.ആർ സർവ്വകലാശാലയിൽ സമർപ്പിച്ച പരാതി സംബന്ധിച്ച് :**

അഡ്വ. പ്രകാശ് ടി. ആർ, ബഹു. വൈസ് ചാൻസലർക്ക് മുൻപാകെ സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണക്കമ്മീഷനായി നിയമിച്ചിരുന്ന അഡ്വ. പി. ഷാനവാസ് സിൻഡിക്കേറ്റ് അംഗത്വം ഒഴിഞ്ഞ സാഹചര്യത്തിൽ പകരം അന്വേഷണ കമ്മീഷനായി സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ-യെ നിയമിക്കുന്നതിന് തീരുമാനിച്ചു.

ഇനം നമ്പർ :97/ 22.03/ 210095

**ഗണേശൻ പി വി മലയാളം ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച് :-**

പ്രത്യേക കേസ് ആയി പരിഗണിച്ച് ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിന് തീരുമാനിച്ചു.

ഇനം നമ്പർ : 98/22.03/ 210049

**Physically challenged/Mentally challenged/Dyslexic ആയ വിദ്യാർത്ഥികൾക്ക് പരീക്ഷാ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള 17.10.2012-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം നമ്പർ 5735-ലെ വസ്തുതാപരമായ പിശക് പരിഹരിച്ച് , തദനുസരണം പുറപ്പെടുവിച്ച സ.ഉ.നം.6400/A 1/2012/Acad തീയതി 17.11.2012 ഉത്തരവ് ഭേദഗതി ചെയ്യുന്ന വിഷയം, സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്**

17.10.2012-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം നമ്പർ 5735, "It is resolved to recommend that the concessions granted for the University examinations to physically challenged,mentally challenged, and Dyslexic students with permanent nature of disability may be extended for all their appearences in the University exams (regular, supplementary and improvement of the programme concerned) provided the candidate submits a Medical Certificate issued by a Govt. Medical Board to that effect." എന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ : 99/22.03/9809/EI 21-3/2021** **മെയ് 2015 ൽ നടന്ന ഏഴാം സെമസ്റ്റർ ലാബ് പരീക്ഷ – ശ്രീ ഗ്രേസ് സൺ തോമസ് ചാക്കോ, അമൽ ജ്യോതി കോളേജ് , കാഞ്ഞിരപ്പള്ളി –2007–2011 ബാച്ച് – ഫലം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച.**

Internal & External Examiners സാക്ഷ്യപ്പെടുത്തിയ Duplicate mark book, ലാബ് എക്സാം രജിസ്റ്ററിന്റെ പ്രസ്തുത പേജിന്റെ പകർപ്പ് എന്നിവയും മതിയായ മറ്റ് രേഖകളും സ്വീകരിച്ച് വിദ്യാർത്ഥിയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ. 100/ 22.03/ 124566/EI 29-3/2021** **എറണാകുളം, ഗവഃ ലോ കോളേജിലെ എൽ എൽ ബി (5 ഇയർ) വിദ്യാർഥികളായിരുന്ന ശ്രീ .രതീഷ്കുമാർ ബി (2003–2008 ബാച്ച് ) , ബബിത തമ്പി (2001–2006 ബാച്ച്) എന്നിവർക്ക് BAL സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് .**

7 ദിവസത്തിനകം BAL Certificate നൽകുന്നതിനും, വരുത്തിയ കാലതാമസത്തിന് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും വിശദീകരണം തേടുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ. 101/22.03/ 131441/EM8 SO/2021** **ബി. കോം. ഓഫ് ക്യാമ്പസ് – 2015 – പരീക്ഷാഫലത്തിലെ അപാകത – ശ്രീ. അജ്മൽ പി.എ –യുടെ പരാതി പരിഹരിക്കുന്നത് സംബന്ധിച്ച്.**

Practical പരീക്ഷ നടത്തുന്നതിനും 4th സെമസ്റ്റർ റിസൾട്ട് പ്രഖ്യാപിച്ച തീയതിയായി പ്രസ്തുത പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ. 102/22.03/ 144903/LEGAL SECTION-1/2021** **Amway Global Services India Pvt.Ltd (AGSI), മഹാത്മാഗാന്ധി സർവകലാശാലയുമായി ഗവേഷണ മേഖലയിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഒരു ധാരണപത്രം ഒപ്പിടുന്നതിനുള്ള സാധ്യത അന്വേഷിച്ചുകൊണ്ട് നൽകിയിട്ടുള്ള അപേക്ഷ – സംബന്ധിച്ച്**

ഗവേഷണ സംബന്ധവും സാമ്പത്തികവുമായ കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി ഗവേഷണത്തിനും വികസനത്തിനും വേണ്ടിയുള്ള സിൻഡിക്കേറ്റിന്റെ ഉപസമിതിയിലേയ്ക്ക് ഫയൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ. 103/22.03/36520/P&D 2/1/2019** **സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് എൻജിനിയറിങ്, മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റായ സ്കൂൾ ഓഫ് ബയോസയൻസിന്റെ കീഴിലുള്ള NIPST-യുമായി (National Institute of Plant Science Technology) അക്കാദമിക ഗവേഷണ വിഷയങ്ങളിൽ പരസ്പരസഹകരണത്തിനായി ഒപ്പ വെച്ച ധാരണാപത്രം 3 വർഷം കൂടി തുടരുന്നതിനുള്ള സാധ്യത അന്വേഷിച്ചുകൊണ്ടു 02.11.2021 -ൽ ശ്രീമതി ജിഷ എം.എസ്. (NIPST കോർഡിനേറ്റർ) നൽകിയിട്ടുള്ള അപേക്ഷ - സംബന്ധിച്ച്**

സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് എൻജിനിയറിങ്, മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റായ സ്കൂൾ ഓഫ് ബയോസയൻസിന്റെ കീഴിലുള്ള NIPST-യുമായി (National Institute of Plant Science Technology) അക്കാദമിക ഗവേഷണ വിഷയങ്ങളിൽ പരസ്പരസഹകരണത്തിനായി ഒപ്പ വെച്ച ധാരണാപത്രം 3 വർഷം കൂടി തുടരുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ. 104/22.03/134573/AC L-1/2021** **മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റേണൽ ഓഡിറ്റ് മാന്വൽ - അംഗീകാരം സംബന്ധിച്ച് :-**

ലീഗൽ സെക്ഷൻ-ന്റെ അഭിപ്രായത്തോടുകൂടി ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ. 105/22.03/48441/LEGALSECTION-1/2021** **ശ്രീ നാരായണ കോളേജ് ഫോർ വിമെൻ, കൊല്ലം, മഹാത്മാഗാന്ധി സർവകലാശാലയുമായി അക്കാദമിക മേഖലയിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഒരു ധാരണ പത്രം ഒപ്പിടുന്നതിനുള്ള സാധ്യത അന്വേഷിച്ചുകൊണ്ടു 23.02.2021 - ൽ Dr. Nisha J. Tharayil (Principal,Sree Narayana College for Women,Kollam) നൽകിയിട്ടുള്ള അപേക്ഷ - സംബന്ധിച്ച്**

ശ്രീ നാരായണ കോളേജ് ഫോർ വിമെൻ, കൊല്ലം, മഹാത്മാഗാന്ധി സർവ്വകലാശാലയുമായി അക്കാദമിക മേഖലയിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള ധാരണാപത്രം അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.. 106/22.03/3270/1/2019/Elen** **കോളേജ് യൂണിയൻ, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റസ് യൂണിയൻ, മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ എന്നിവ സർവ്വകലാശാലാ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തികൊണ്ട് സർവ്വകലാശാലാ ആക്ട് ഭേദഗതി വരുത്തുന്നതും, ഇവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഉൾപ്പെടുത്തികൊണ്ട് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നതും സംബന്ധിച്ച് .**

സമീപകാലത്തുണ്ടായ ബഹുമാനപ്പെട്ട ഹൈകോടതി വിധികളുടെ പശ്ചാലത്തിൽ (WP (C) 17511/2009) കോളേജ് യൂണിയൻ, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ എന്നിവ യൂണിവേഴ്സിറ്റി ആക്ട് -ന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി വരുത്തുവാൻ വേണ്ട കരട് തയ്യാറാക്കി ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.. 107/22.03/19251/ACA2 SO/2022/ACAD** **ഗവേഷണ വിഷയം ഇംഗ്ലീഷ് – 2014 അഡ്മിഷൻ – എറണാകുളം മഹാരാജാസ് കോളേജ് ഗവേഷണ കേന്ദ്രമായി ഡോ എലിസബത്ത് എബ്രഹാം മാർഗദർശിയായി ഇംഗ്ലീഷ് വിഷയത്തിൽ ഗവേഷണം നടത്തുന്ന ശ്രീ. സിജോ ജോർജ് പി യുടെ മാർഗദർശിത്വത്തിൽ നിന്നും മാർഗദർശിയെ ഒഴിവാക്കി നൽകുന്നത് – സംബന്ധിച്ച്.**

എറണാകുളം മഹാരാജാസ് കോളേജ് ഗവേഷണ കേന്ദ്രമായി ഡോ. എലിസബത്ത് എബ്രഹാം മാർഗ ദർശിയായി ഇംഗ്ലീഷ് വിഷയത്തിൽ ഗവേഷണം നടത്തുന്ന ശ്രീ. സിജോ ജോർജ് പി.-യുടെ മാർഗ ദർശിത്വത്തിൽ നിന്നും മാർഗദർശിയെ ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഡോ. കെ. എം. സുധാകരൻ-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.108/22.03/AcAVI/1/RG/6016/2021** **എറണാകുളം മഹാരാജാസ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.പ്രകാശ് ജി .എൻ (Dr. Prakash G..N) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Prakash G.N, Associate Professor, Department of Mathematics, Maharaja's College, Ernakulam as research guide in Mathematics at PG Department of Mathematics, Maharaja's College, Ernakulam.

**ഇനംനമ്പർ.109/22.03/139854/AC A6-3/2021** **രാജകുമാരി എൻ. എസ്. എസ്. കോളേജിലെ ബിരുദാനന്തരബിരുദ ഇലക്ട്രോണിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് – സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് – സംബന്ധിച്ച്**

Resolved to approve PG Department of Electronics, N.S.S College Rajakumari as Research Centre. Further resolved to approve Dr. Rekha T. K., Associate Professor, Department of Electronics, NSS College, Rajakumari & Dr. Ajitha R. S., Assistant Professor, Department of Computer Applications, NSS College, Rajakumari as research guides at NSS College, Rajakumari.

**ഇനംനമ്പർ..110/22.03/AcAII/2/282/ENG/SOL/2014** **ഗവേഷണം – ഇംഗ്ലീഷ് വിഷയം – 2014 അഡ്മിഷൻ – ശ്രീമതി. അനു ലക്ഷ്മി ബാബു – ഗവേഷണ മാർഗദർശി, ഗവേഷണ കേന്ദ്രം എന്നിവ മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്**

ശ്രീമതി അനു ലക്ഷ്മി ബാബു-ന്റെ മാർഗദർശി ഡോ. ഉപ്പോട്ട് ഷെറിൻ-ൽ നിന്നു ഡോ. സജി കെ എസ് ലേക്കും, ഗവേഷണ കേന്ദ്രം സ്കൂൾ ഓഫ് ലെറ്റേഴ്സ്-ൽ നിന്നു സെന്റ്. തോമസ് കോളേജ് കോഴഞ്ചേരിയിലേക്കും മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ.111/22.03/AcAVI/1/RG/3836/2019 കോലഞ്ചേരി സെൻറ് പീറ്റേഴ്സ് കോളേജിലെ ഹിസ്റ്ററി വിഭാഗത്തിൽ അസിസ്റ്റൻറ്പ്രൊഫസറായ ഡോ.ഗ്രേസി കെ.എസ് (Dr.GracyK.S.) സർവ്വ കലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടുന്നതിനായി സമർപ്പി ച്ചിരിക്കുന്ന അപേക്ഷ സിൻഡിക്കേറ്റിൻറെ പരിഗണനക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്:–

Resolved to approve Dr. Gracy K. S, Assistant Professor, Department of History, St. Peter's College, Kolenchery as research guide in History at PG Department of History, Maharaja's College, Ernakulam.

ഇനംനമ്പർ.. 112/22.03/ Ac AVI/1/RG/6094/2022 ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. ജോയിച്ചൻ മാനുവൽ (Dr. Joychen Manuel ) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:–

Resolved to approve Dr. Joychen Manuel, Associate Professor, Department of Business Administration, SB College, Changanacherry as research guide in Business Administration at PG Department of Business Administration, SB College, Changanacherry.

ഇനംനമ്പർ.113/22.03/37783/ACA10-4/2021/VCSECTION പിഎച്ച്.ഡി. പ്രോഗ്രാം – എറണാകുളം മഹാരാജാസ് കോളേജിലെ ഗവേഷക വിദ്യാർത്ഥികളുടെ PTA ഫണ്ട് വർദ്ധിപ്പിച്ചത് സംബന്ധിച്ച്.

എറണാകുളം മഹാരാജാസ് കോളേജിലെ ഗവേഷക വിദ്യാർത്ഥികളുടെ PTA ഫണ്ട് വർധിപ്പിച്ചത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം, ഡോ. കെ. എം. സുധാകരൻ–നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ.114/22.03/ Ac AX/GEN/Journal Publication/4/2021 പിഎച്ച്.ഡി. പ്രോഗ്രാം – UGC Care Listed ജേർണലുകൾക്കൊപ്പം Peer Reviewed Journals കൂടി പ്രബന്ധ സമർപ്പണത്തിന് അനുവദിക്കുന്നത് സംബന്ധിച്ച്.

പിഎച്ച്.ഡി. പ്രോഗ്രാം– UGC Care Listed ജേർണലുകൾക്കൊപ്പം Peer Reviewed Journals കൂടി പ്രബന്ധ സമർപ്പണത്തിന് അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സർവ്വകലാശാല അംഗീകൃത ജേർണലുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുന്നതിന് (ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് തലവന്മാരുടെ സഹായത്തോടെ) ബന്ധപ്പെട്ട വിഷയങ്ങളിലെ ഡീൻമാരെ ഏൽപ്പിക്കുന്നതിനും, അങ്ങിനെ ശേഖരിച്ച ലിസ്റ്റുകൾ ഇതിനായി രൂപീകരിച്ച സിൻഡിക്കേറ്റ് കമ്മിറ്റിയെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.115/22.03/182308/AC A1-2/2021** **G.O.(P)No.4/2021/SCSTD dtd.06.12.2021 ആയ സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് –സംബന്ധിച്ച്:-**

G.O.(P)No.4/2021/SCSTD dtd. 06.12.2021 ആയ സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ .116/22.03/ Ac AVI/1/RG/ 6052/2022** **എടത്തല അൽ –അമീൻ കോളേജിലെ പെട്രോ കെമിക്കൽസ് (കെമിസ്ട്രി) വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ലെജി ലത്തീഫ് (Dr. Leji Latheef) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Leji Latheef, Assistant Professor, Department of Petro Chemicals (Chemistry), Al Ameen College, Edathala as research guide in Chemistry at PG Department of Chemistry, Bharath Matha College, Thrikkakara.

**ഇനംനമ്പർ.117/22.03/Ac AII/4/Mathematics/Manjusha R/Complaints** **ഗണിതശാസ്ത്ര വിഷയത്തിൽ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ പൂർണസമയ വ്യവസ്ഥയിൽ ഗവേഷണം ചെയ്ത ശ്രീമതി. മഞ്ജുഷ ആർ ഗവേഷണ കാലയളവിൽ സ്ഥിര ജോലി നോക്കിയിട്ടുണ്ടെന്നും വേതനം കൈപറ്റിയിട്ടുണ്ടെന്നുമുള്ള ശ്രീ. വിദ്യാധരൻ സി ഡി യുടെ പരാതിയിന്മേൽ ഗവേഷണ കേന്ദ്രമേധാവി വിശദീകരണം സമർപ്പിക്കാത്തത് സംബന്ധിച്ച്**

ഗണിതശാസ്ത്ര വിഷയത്തിൽ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ പൂർണസമയ വ്യവസ്ഥയിൽ ഗവേഷണം ചെയ്ത ശ്രീമതി. മഞ്ജുഷ ആർ ഗവേഷണ കാലയളവിൽ സ്ഥിര ജോലി നോക്കിയിട്ടുണ്ടെന്നും വേതനം കൈപറ്റിയിട്ടുണ്ടെന്നുമുള്ള ശ്രീ. വിദ്യാധരൻ സി ഡി യുടെ പരാതിയിന്മേൽ ഗവേഷണ കേന്ദ്രമേധാവി വിശദീകരണം സമർപ്പിക്കാത്തത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം , ഡോ. കെ. എം. സുധാകരൻ–നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.118/22.03/AcAVI/3/RG/4663/2021/ACAD** **കോഴഞ്ചേരി സെൻറ്. തോമസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ജോർജ് കെ. അലക്സ് (Dr. George K Alex) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. George K Alex, Assistant Professor, Department of Political Science, St. Thomas College, Kozhancherry as research guide in Political Science at PG Department of Political Science, St. Thomas College, Pala.

**ഇനംനമ്പർ.119/22.03/ Ac AVI/3/RC/10078/2019/Acad** SCMS School of Technology and Management-ലെ ബിരുദാനന്തര ബിരുദ മാനേജ്മെൻറ് വിഭാഗത്തിൻറെ ഗവേഷണ കേന്ദ്ര പദവി നിലനിർത്തുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സിൻഡിക്കേറ്റിൻറെ പരിഗണനക്ക് സമർപ്പിക്കുന്നത് -സംബന്ധിച്ച് :-

Resolved to reinstate the recognition of the Department of Management Studies as Research Centre at SCMS School of Technology and Management. Further resolved to recommend to approve Dr. Praveena K, Assoicate Professor, SCMS School of Technology and Management, Kochi and Dr. Meera M. S, Assistant Professor, SCMS School of Technology and Management, Kochi as research guides at Department of Management Studies,SCMS School of Technology and Management, Kochi.

**ഇനംനമ്പർ.120/22.03/5143/AC A11-1/2022** IIUCNN ഗവേഷണകേന്ദ്രമാക്കി പ്രൊ.(ഡോ.) നന്ദകുമാർ കെ യുടെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്ന ഗവേഷകർ, പ്രൊ.(ഡോ.) നന്ദകുമാർ കെ യെ IIUCNN ലേക്ക് തിരിച്ചെടുക്കണമെന്ന ആവശ്യം ഉന്നയിച്ചത് - സംബന്ധിച്ച്.

ഈ വിഷയവുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് അംഗം, ഡോ. ആർ. അനിത-യുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.121/22.03/148264/ACA6-3/2021** അരുവിത്തുറ സെൻറ് ജോർജ്സ് കോളേജിലെ ബിരുദാനന്തരബിരുദ ഫിസിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാന് നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്

Resolved to appoint a commission comprising Dr. Anitha. R, Member Syndicate as Convenor & Dr. Sajeev V.S, Assistant Professor of Physics, Govt. College, Nattakom as subject expert to inspect into the infrastructural and academic facilities of the research centre and submit the report.

**ഇനംനമ്പർ.122 /22.03/ Ac AVI//RG/4928/2020** മണിമലക്കുന്ന്, ടി. എം. ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. ശോഭി ഡാനിയൽ (Dr. Sobhi Daniel) എം. ജി. സർവ്വകലാശാല റിസ ർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്:-

Resolved to approve Dr. Sobhi Daniel, Associate Professor, Department of Chemistry, TM Jacob Memorial Govt. College, Manimalkkunnu as research guide in Chemistry at PG Department of Chemistry, Maharajas College, Ernakulam.

**ഇനംനമ്പർ.123/22.03/182140/AC A13-1/2021** **ശ്രീ ജിബി ജോസ്-2010 ജനുവരി സെഷൻ സോഷ്യോളജി വിഷയത്തിലെ ഗവേഷകൻ - പ്രബന്ധം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.**

School of Gandhian Thought and Development Studies ഗവേഷണ കേന്ദ്രമായി Dr. റോയ് സി മാത്യു ഗവേഷണ മാർഗദർശിയായി സോഷ്യോളജി വിഷയത്തിൽ ഗവേഷകനായ ശ്രീ ജിബി ജോസ്- തീരുമാനിച്ചു ന് പ്രബന്ധം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന്.

**ഇനംനമ്പർ.124/22.03/184904/ACA2-1/2021/ACAD** **ഗവേഷണം- ഇംഗ്ലീഷ് വിഷയം- 2004 ജൂലൈ സെഷൻ - ശ്രീമതി ലിമ ആന്റണി - ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച് നൽകുന്നത്**

ഡോ. വി നിത്യാനന്ദ ഭട്ട്-ന്റെ ഗവേഷണ മാർഗദർശിത്വത്തിൽ എം. എ. കോളേജ്, കോതമംഗലം ഗവേഷണ കേന്ദ്രമായി ഇംഗ്ലീഷ് വിഷയത്തിൽ ഗവേഷകയായ ശ്രീമതി. ലിമ ആന്റണി-യ്ക്ക് ഗവേഷണ പ്രബന്ധം പ്രസിദ്ധീകരി ക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ .125/22.03/161598/AC A6-2/2021** **2021 -2022 വർഷത്തേക്കുള്ള യൂണിവേഴ്സിറ്റി ജൂനിയർ റിസർച്ച് ഫെലോഷിപ്പിനുള്ള അപേക്ഷകൾ ഗവണ്മെന്റ്കോളേജ്, എയ്ഡഡ് കോളേജ്, സർവ്വകലാശാല പഠന വകുപ്പുകൾ എന്നിങ്ങനെ തരംതിരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ .126/22.03/182744/AC A2-2/2021** **സർവകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, സസ്യശാസ്ത്ര വിഷയത്തിൽ സെന്റ്. തെരേസാസ് കോളേജ് ഗവേഷണ കേന്ദ്രമായി ഡോ. ലിസി മാത്യു-ന്റെ മാർഗ്ഗദർശിത്വത്തിൽ ഭാഗിക സമയ വ്യവസ്ഥയിൽ ഗവേഷണം നടത്തിയിരുന്ന ശ്രീ. തോമസ് ആന്റണി FDP ക്ക് 19.04.2018 ൽ ജോയിൻ ചെയ്യുകയും ആയത് ഒരു വർഷത്തിനും നാല് മാസത്തിനും ശേഷം മുഴുവൻ സമയ വ്യവസ്ഥയിലേക്കു മാറുന്നതിനു 21.08.2019-ന് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ അന്വേഷണ കമ്മീഷൻന്റെ റിപ്പോർട്ട് സംബന്ധിച്ച്**

അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ .127/22.03/162438/ACA6 SO/2021** **കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തെ ഗവേഷണകേന്ദ്രമായി മഹാത്മാഗാന്ധി സർവകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ സംബന്ധിച്ച്**

Unaided stream–ൽ Ph.D തുടങ്ങുമ്പോൾ ഈടാക്കേണ്ട ഫീസ് ഘടന നിശ്ചയിക്കുന്നതിനായി ഫയൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ .128/22.03/ Ac AVI/1/RG/5412/2021** **വളയൻചിറങ്ങര, ശ്രീ ശങ്കര വിദ്യാപീഠം കോളേജിലെ ഹിന്ദി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രമ്യ കെ. ആർ. (Dr. Remya K. R.) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Remya K. R, Assistant Professor, Department of Hindi, Sree Sankara Vidya Peedom College, Valayanchirangara, Perumbavoor as research guide in Hindi at PG Department of Hindi, Nirmala College, Muvattupuzha.

**ഇനംനമ്പർ.129/22.03/ Ac AVI/1/RG/4991/2021** **കളമശ്ശേരി, സെൻറ്. പോൾസ് കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് വിഭാഗം ഗവേഷണ കേന്ദ്രം പുനഃരുജ്ജീവി പ്പിക്കുന്നതിനു മുന്നോടിയായി രൂപീകരിച്ച ഇൻസ്പെക്ഷൻ കമ്മീഷൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് – സംബന്ധിച്ച്:-**

Resolved to revive the Research Centre in Physics at St. Paul's College, Kalamassery as recommended in the commission report. Further resolved to recommend to approve Dr. Rajeshmon V. G, Assistant Professor, Department of Physics, St. Paul's College, Kalamassery and Dr. Poornima. N, Assistant Professor, Department of Physics, St. Paul's College, Kalamassery as research guides at the research centre referred in.

**ഇനംനമ്പർ.130/22.03/146282/ACA6-3/2021/ACAD** **ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദു കോളേജിലെ ബിരുദാനന്തര ബിരുദ ഹിന്ദി വിഭാഗത്തിന്റെ ഗവേഷണകേന്ദ്ര പദവി പുനരുജ്ജീവിപ്പിച്ച് അതെ കോളേജിലെ തന്നെ അസിസ്റ്റൻറ് പ്രൊഫസർമാരായ ഡോ. ശ്രീകല യു.(Dr. Sreekala U) ഡോ.കെ ആശ (Dr. K. Asha) എന്നിവരെ റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to constitute an inspection commission comprising Dr. Babu Micheal, Member Syndicate as Convenor and Dr. Roy Joseph, Associate Professor, Department of Hindi, SB College, Changanachery as subject expert to verify the infrastructure and research facilities of the proposed research centre and submit the report.

**ഇനംനമ്പർ.131/22.03/73047/AC A11-1/2021** **ശ്രീമതി റീത്തു ജയപ്രകാശ് ഇ - ഫിസിക്സ് - 2019 അഡ്മിഷൻ - ഗവേഷണ കേന്ദ്രവും, ഗവേഷണ മാർഗദർശ്ശിയെയും മാറ്റി നൽകുന്നത് സംബന്ധിച്ച**

ശ്രീമതി റീത്തു ജയപ്രകാശ് ഇ-യ്ക്ക് നിലവിലെ ഗവേഷണ മാർഗദർശ്ശിയായ ഡോ.ലിജോ ജോസ് കെ (എസ് ബി കോളേജ് ചങ്ങനാശ്ശേരി)-യെയും , ഗവേഷണ കേന്ദ്രമായ എസ് ബി കോളേജ് ചങ്ങനാശ്ശേരിയും മാറ്റി ഡോ. മറീന അലോഷ്യസ് (അസംപ്ഷൻ കോളേജ് ചങ്ങനാശ്ശേരി)-യെ ഗവേഷണ മാർഗദർശ്ശിയായും, അസംപ്ഷൻ കോളേജ് ചങ്ങനാശ്ശേരി ഗവേഷണ കേന്ദ്രമായും അനുവദിച്ച നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.132/22.03/ Ac AII/2/915/Skt/Jan/09** **ഗവേഷണ വിഷയം സംസ്കൃതം - 2009 ജനുവരി സെഷൻ - ശ്രീമതി. ദീപ കെ - ഗവേഷണം തുടരുന്നതിനുള്ള അനുമതി സംബന്ധിച്ച്-**

നാലാം ഘട്ട ഗ്രേസ് ടൈം എക്സ്റ്റെൻഷൻ ഫീസ് 8,975/- രൂപ (എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ചു രൂപാ മാത്രം) ആയി നിശ്ചയിക്കുന്നതിനും ശ്രീമതി. ദീപ കെ-യ്ക്ക് 22.07.2019 മുതൽ 30.04.2022 വരെ ഗവേഷണ കാലാവധി നാലാം ഘട്ടമായി ദീർഘി പ്പിച്ചു നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ .133/22.03/ Ac AII/2/7724/Mal/2021** **മലയാളം വിഷയമായി ഗവേഷണ ബിരുദം നേടിയ ഡോ. ഷിമി പോൾ ബേബി- (2001 റെഗുലേഷൻ പ്രകാരം 2007 ജൂലൈ പ്രവേശനം)- യുടെ ഗവേഷണ പ്രബന്ധം പ്രസിദ്ധീകരി ക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച്**

മലയാളം വിഷയമായി ഗവേഷണ ബിരുദം നേടിയ ഡോ. ഷിമി പോൾ ബേബി, (2001 റെഗുലേഷൻ പ്രകാരം 2007 ജൂലൈ പ്രവേശനം)-യുടെ ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.134/22.03/13036/AC A10-1/2022** **പി.എച്ച്.ഡി. പ്രോഗ്രാം - കോമേഴ്സ് - 2015 അഡ്മിഷൻ - ശ്രീമതി സ്വപ്ന കെ. - ഗവേഷണ കേന്ദ്രവും ഗവേഷണ മാർഗദർശിയെയും മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

പാമ്പാടി കെ. ജി. കോളേജിൽ കൊമേഴ്സ് വിഷയത്തിൽ ഭാഗിക സമയ രീതിയിൽ ഗവേഷണം നടത്തിവരുന്ന ശ്രീമതി സ്വപ്ന കെ-യ്ക്ക് നിലവിലെ ഗവേഷണ മാർഗദർശിയായ ഡോ. ജഗദീശ് ചന്ദ്രൻ ജി. -ക്ക് പകരമായി ഡോ. ബിനോ ജോയ് -യെ നിയമിക്കുന്നതിനും, ഗവേഷണ കേന്ദ്രം കെ. ജി. കോളേജ്, പാമ്പാടിയിൽ നിന്നും ഭാരതമാത കോളേജ്, തൃക്കാക്കരയിലേക്ക് മാറ്റി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.135/22.03/153315/AC A10-1/2021** **പി.എച്ച്.ഡി. പ്രോഗ്രാം - കോമേഴ്സ് - 2015 അഡ്മിഷൻ - ശ്രീമതി ദീപ കെ സിദ്ധാർഥൻ - ഗവേഷണ കേന്ദ്രവും ഗവേഷണ മാർഗദർശിയെയും മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

പാമ്പാടി കെ. ജി. കോളേജിൽ കൊമേഴ്സ് വിഷയത്തിൽ ഭാഗിക സമയ രീതിയിൽ ഗവേഷണം നടത്തിവരുന്ന ശ്രീമതി ദീപ കെ സിദ്ധാർഥൻ -ന് നിലവിലെ ഗവേഷണ മാർഗദർശിയായ ഡോ. ജഗദീശ് ചന്ദ്രൻ ജി.-ക്ക് പകരമായി ഉരുത്തികാട് ബി.എ.എം. കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അനീഷ്കുമാർ ജി. എസ്.-നെ പുതിയ മാർഗ ദർശിയായി നിയമിക്കുന്നതിനും, ഗവേഷണ കേന്ദ്രം കെ. ജി. കോളേജ്, പാമ്പാടിയിൽ നിന്നും ബി.എ.എം. കോളേജ്, ഉരുത്തികാടിലേക്കു മാറ്റി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ .136/22.03/136483/AC A10-1/2021** **പി.എച്ച്.ഡി. പ്രോഗ്രാം – കോമേഴ്സ് – 2014 അഡ്മിഷൻ – ശ്രീമതി. കൺമണി വർഗീസ് – ഗവേഷണ മാർഗദർശിയെ മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

കോലഞ്ചേരി സെൻറ് പീറ്റേഴ്സ് കോളേജിൽ കോമേഴ്സ് വിഷയമായി ഗവേഷണം നടത്തിവരുന്ന ശ്രീമതി. കൺമണി വർഗീസ്– ന് നിലവിലെ ഗവേഷണ മാർഗദർശിയായ ഡോ. റെജി എം. എ.–യെ മാറ്റി പകരം സെൻറ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരിയിലെ ഡോ. വേണുഗോപാലൻ കെ. വി.–യെ പുതിയ ഗവേഷണ മാർഗദർശിയായി അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.137/22.03/ 127260/AC A6-2/2021** **എറണാകുളം ഗവ. ലോ കോളേജിലെ നിയമ ഗവേഷകയായ ശ്രീമതി സി.എസ്. രൂപ തൻറെ ഫെലോഷിപ്പ് കാലാവധി നാലാം വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

സിൻഡിക്കേറ്റിന്റെ ധനകാര്യ ഉപസമിതിയിലേയ്ക്ക് ഫയൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.138/22.03/111490/AC A2-1/2021/ACAD ഗവേഷണം – ഇംഗ്ലീഷ് വിഷയം – ജൂലൈ 2009 സെഷൻ – ശ്രീ ജിദിൽ കെ – ഗവേഷണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്**

ഇംഗ്ലീഷ് വിഷയമായി ഡോ. സജി മാത്യുവിന്റെ മാർഗദർശിത്വത്തിൽ സ്കൂൾ ഓഫ് ലെറ്റേഴ്സ് ഗവേഷണ കേന്ദ്രമായി മുഴുവൻ സമയ വ്യവസ്ഥയിൽ ഗവേഷണം നടത്തുന്ന ശ്രീ. ജിദിൽ കെ–യുടെ ഗവേഷണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഡോ. ആർ. അനിത–യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.139/22.03/AcAVI/3/RG/59090/2020/MGU എറണാകുളം, സെൻറ്. ആൽബർട്സ് കോളേജിലെ ഫിഷറീസ് ആൻഡ് അക്വകൾച്ചർ വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. വിബിൻ എം, സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷ സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് –സംബന്ധിച്ച്:–**

ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ബയോ കെമിസ്ട്രി വിഷയത്തിൽ റിസർച്ച് ഗൈഡ് ആകാൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഒരു അലൈഡ് വിഷയമാണോ എന്നും അതിനാവശ്യമായ യോഗ്യത അപേക്ഷകന് ഉണ്ടോ എന്ന് പരിശോധിക്കുവാനായി ബന്ധപ്പെട്ട ഡീനിന്റെ അഭിപ്രായം തേടാൻ തീരുമാനിച്ചു.

**ഇനംനമ്പർ.140/22.03/185776/AC A2-2/2021**

**ഗവേഷണ വിഷയം – സസ്യശാസ്ത്രം – 2015 പ്രവേശന വർഷം – ശ്രീമതി. ചേതന എസ് വി – ഗവേഷണ മാർഗ്ഗദർശി – ഗവേഷണ കേന്ദ്രം എന്നിവ മാറ്റി അനുവദിക്കുന്നതിനും നാളിതു വരെയുള്ള ഗവേഷണ പുരോഗതി റിപ്പോർട്ടുകൾ ഫീസ് സഹിതം സമർപ്പിക്കുന്നതിന് അനുവദിക്കുന്നതും സംബന്ധിച്ച്–**

MGU Ph.D. Regulations 2010-12 Clause 17 പ്രകാരം, ഗവേഷകയ്ക്ക് ഗവേഷണകേന്ദ്രം, മാർഗദർശി എന്നിവ മാറ്റിനൽകൽ, നാളിതുവരെയുള്ള സെമസ്റ്റർ ഫീസുകൾ, ഗവേഷണ പുരോഗതി റിപ്പോർട്ടുകൾ എന്നിവ സ്വീകരിക്കൽ തുടങ്ങിയ വിഷയങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഡോ. വർഗീസ് കെ. ചെറിയാൻ–നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.141/22.03/ Ac AVI/1/5320/2021**

**എറണാകുളം മഹാരാജാസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ജയശ്രീ പോൾ (Dr. Jayasree Paul) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:–**

Resolved to approve Dr. Jayasree Paul, Assistant Professor, Department of Economics, Maharaja's College, Ernakulam as research guide in Economics at PG Department of Economics, Maharaja's College, Ernakulam.

**ഇനംനമ്പർ.142/22.03/210084**

**പിഎച്ച്.ഡി. പ്രോഗ്രാം – കൊമേഴ്സ് – ജനുവരി 2008 സെഷൻ – പ്രബന്ധസമർപ്പണത്തിനുള്ള അനുമതി ലഭിക്കുന്നതിനായി ശ്രീ. സന്തോഷ് സി. സമർപ്പിച്ചിരിക്കുന്ന അപേക്ഷ – അന്വേഷണകമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച്.**

മൂവാറ്റുപുഴ നിർമല കോളേജിൽ, ഡോ. ജി. എസ് ഗിരീഷ്കുമാർ–ന്റെ മേൽനോട്ടത്തിൽ, കൊമേഴ്സിൽ ഭാഗിക സമയ രീതിയിൽ ഗവേഷണം നടത്തിയിരുന്ന ശ്രീ. സന്തോഷ് സി. പ്രബന്ധസമർപ്പണത്തിനുള്ള അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ.143/22.03/220011

എറണാകുളം സെൻറ് ജോസഫ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വിമെൻ–നെ ഈ സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനും, ടി കേന്ദ്രത്തിലെ അസിസ്റ്റൻറ് പ്രൊഫസർമാരായ ഡോ. ബിന്ദു ജോസഫ് (Dr. Bindu Joseph), ഡോ. ജോസഫൈൻ ജോസഫ് (Dr. Josephine Joseph), ഡോ ആലിസ് ജോസഫ് (Dr. Alice Joseph) എന്നിവരെ മേൽപ്പടി കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കുന്നതിനും പ്രിൻസിപ്പൽ നൽകിയിരിക്കുന്ന അപേക്ഷ സംബന്ധിച്ച്

Resolved to constitute an inspection commission comprising Dr. Varghese K. Cheriyan, Member Syndicate and Dr. Asha J. V, Professor, School of Pedagogical Science, MG University, Kottayam to verify the infrastructural and research facilities of the proposed research centre.

## അഡീഷണൽ അജൻഡ

**(II) 1985 ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു.വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:**

ഇനംനമ്പർ.144/22.03/144553/EI7-2/2021

മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കുട്ടിക്കാനം – 2020 അഡ്മിഷൻ MBA വിദ്യാർത്ഥികളുടെ (റഗുലർ) ഒന്നാം സെമസ്റ്റർ പരീക്ഷാ രജിസ്ട്രേഷൻ – കോളേജിന് 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുന്നതിനുള്ള സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ &അപ്രൂവൽ)യുടെ ശുപാർശ– മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 സെക്ഷൻ III .10 (17) പ്രകാരം ബഹു വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടി – റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്

2022 ഫെബ്രുവരി 24 ന നടന്ന സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ &അപ്രൂവൽ) മിനിട്സ് നമ്പർ ഇനം 144553/EI 7-2/2021 പ്രകാരം, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജായ മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് 2021–22 അധ്യയന വർഷം പ്രസ്തുത കോളേജിൽ എം ബി എ പ്രോഗ്രാമിൽ പ്രവേശനം നടത്താതിരുന്ന സാഹചര്യവും 2020–21 വർഷം പ്രവേശനം നടത്തിയ വിദ്യാർത്ഥികളെ സർവ്വകലാശാല പരീക്ഷയ്ക്ക് സർവ്വകലാശാലയിൽ നിന്നും തുടർച്ചയായ അറിയിപ്പുകൾക്ക ശേഷവും രജിസ്റ്റർ ചെയ്യാതിരുന്ന സാഹചര്യവും കണക്കിലെടുത്ത്, അഫിലിയേഷൻ വ്യവസ്ഥകളുടെ ഗുരുതര ലംഘനമാണെന്നുള്ളതും പ്രസ്തുത വിഷയത്തിൻറെ ഗൗരവ സ്വഭാവവും പരിഗണിച്ച് കോളേജിന് 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ മാത്രം) പിഴ ചുമത്തുന്നതിനു ശുപാർശ ചെയ്തിരുന്നു. ടി ശുപാർശ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.03.2022–ലെ 2337/EI 7/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.145/22.03/40901/AD A4-3/2022** **ഐ ടി സെൽ – താത്കാലിക – കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ – ഫുൾ സ്റ്റാക്ക്, സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ എന്നീ തസ്തികയിലേക്കുള്ള അഭിമുഖങ്ങളുടെ നടപടി ക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ബഹു പ്രൊ വൈസ് ചാൻസലർ അംഗീകരിച്ചത്– സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഐ ടി സെൽ വിഭാഗത്തിലേക്ക് താത്കാലിക – കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ – ഫുൾ സ്റ്റാക്ക്, സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ എന്നീ തസ്തികകളിലേക്ക് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും, യോഗ്യരായവരെ പങ്കെടുപ്പിച്ചുകൊണ്ട് 07.03.2022–ന് ഓൺലൈൻ അഭിമുഖങ്ങൾ നടത്തുകയുമുണ്ടായി. അഭിമുഖത്തിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ – ഫുൾ സ്റ്റാക്ക് നിയോഗത്തിനായി റാങ്ക് ക്രമത്തിൽ ശ്രീമതി. ശ്രുതി സി നായർ, ശ്രീമതി. ശരണ്യ എന്നിവരെയും സീനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ നിയോഗത്തിനായി ശ്രീമതി. സുമിത സുധാകരനെയും സെലെക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തിരുന്നു. സെലക്ഷൻ കമ്മിറ്റിയുടെ ടി നടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ബഹു പ്രൊ വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച യു.ഓ.നം.2500/ADA4/2022/എം.ജി.യു., തീയതി: 10.03.2022, യു.ഓ.നം.2498/ADA4/2022/എം.ജി.യു., തീയതി:10.03.2022 എന്നീ സര്വ2കലാശാല ഉത്തരവുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.146/22.03/8435/ADA4 SO/2019** **സർവകലാശാലയിലെ എൻ. എം. ആർ സയന്റിസ്റ്റ് കം അനലിസ്റ്റ് (താത്കാലിക കരാർ അടിസ്ഥാനം) നിയോഗം – സംബന്ധിച്ച്.**

എൻ.എം.ആർ സയിന്റിസ്റ്റ് കം അനലിസ്റ്റ് (താൽക്കാലിക കരാർ അടിസ്ഥാനം) നിയോഗം സംബന്ധിച്ച 09.02.2022–ലെ സെലക്ഷൻ കമിറ്റി പ്രൊസീഡിങ്സ് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രോ–വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.03.2022–ലെ 2551/AD A4/2022/എം.ജി.യൂ നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.147/22.03/162675/AC A9-1/2021(Part I)** **PG CSS 2019 റഗുലേഷൻസ് ബാധകമായ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവയുടെ അംഗീകരിച്ച മാതൃകകളിൽ പരിഷ്കരണങ്ങൾ വരുത്തുന്നതിനുള്ള ശിപാർശകൾ സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :**

PG CSS 2019 റഗുലേഷൻസ് പ്രകാരം ഉള്ള ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവയുടെ മാതൃകകൾ 11.12.2021 തീയതിയിലെ സര്വ്വ കലാശാലാ ഉത്തരവ് നമ്പർ 6959/AC A9/2019/എം.ജി.യു. പ്രകാരം അംഗീകരിക്കപ്പെട്ടിരുന്നു. ടി മാതൃകകളിൽ മാറ്റങ്ങൾ ആവശ്യമാണ് എന്ന് പരീക്ഷാ വിഭാഗത്തിൽ നിന്ന് അറിയിച്ചതിൻപ്രകാരം ചർച്ചകൾ നടക്കുകയും, 24/12/2021 തീയതിയിൽ പ്രൊ വൈസ് ചാൻസലറുടെ കാര്യാലയത്തിൽ കൂടിയ യോഗത്തിന്റെ നടപടിക്രമങ്ങൾ പ്രകാരം സമർപ്പിച്ച ശുപാർശകൾ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും

തദനുസരണം പുറപ്പെടുവിച്ച 28.12.2021 തീയതിയിലെ 7429/ACA9/2021/എം.ജി.യു. നമ്പർ സര്വ്കലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ.148/22.03/180812/ADB4-2/2021** | **സർവ്വകലാശാലയിലെ നാല് പഠനവകുപ്പുകൾക്കായി ഒരു Artificial Intelligence and Deep Learning Lab സ്ഥാപിക്കുന്നതിന് M/s Netcon Technologies India Pvt Ltd, Ernakulam എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച്, Rs. 83,81,216/- ന് ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടി - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.** |

സർവ്വകലാശാലയിൽ കമ്പ്യൂട്ടർ സയൻസസ്, മാത്തമാറ്റിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ഡേറ്റാ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ 4 പഠനവകുപ്പുകൾക്കായി ഒരു Artificial Intelligence and Deep Learning Lab സ്ഥാപിക്കുന്നതിനുള്ള Rs. 83,81,216/- ന്റെ (എൺപത്തിമൂന്ന് ലക്ഷത്തി എൺപത്തിയോരായിരത്തി ഇരുന്നൂറ്റിപ്പതിനാറ് രൂപ മാത്രം) പദ്ധതി അംഗീകരിച്ചു കൊണ്ടും, M/s. Netcon Technologies India Pvt Ltd, Ernakulam എന്ന സ്ഥാപനം സമർപ്പിച്ച 83,81,216/- രൂപക്കുള്ള (എൺപത്തിമൂന്ന് ലക്ഷത്തി എൺപത്തിയോരായിരത്തി ഇരുന്നൂറ്റിപ്പതിനാറ് രൂപ മാത്രം) ഇ-ടെണ്ടർ അംഗീകരിച്ചുകൊണ്ടും, പ്രസ്തുത സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാന്സിലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് നം. 1608/ ADB4/ 2022/ എം.ജി.യു. തീയതി. 16.02.2022 നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.149/22.03/153533/ADA3-3/2021** **സ്കൂൾ ഓഫ് ബയോ സയൻസസ് വകുപ്പിലെ അനിമൽ ഹൗസിലെ വെറ്ററിനേറിയന്റെ വേതനം, നിയമനത്തെ സംബന്ധിച്ച സെലക്ഷൻ കമ്മിറ്റി യോഗ നടപടിക്രമം – മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, സെക്ഷൻ III.10 (17) പ്രകാരം അംഗീകരിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

സ്കൂൾ ഓഫ് ബയോസയൻസസിലെ അനിമൽ ഹൗസിൽ വെറ്ററിനേറിയനെ താത്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നു. വെറ്ററിനേറിയന്റെ നിയമനം 15.03.2022 തിയതിക്കകം പൂർത്തിയാക്കാത്ത പക്ഷം അനിമൽ ഹൗസിന് CPCSEA യുടെ രജിസ്ട്രേഷൻ ലഭിക്കുകയില്ലയെന്നും ആയതിനാൽ നിയമന നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്നുള്ള വകുപ്പ് മേധാവിയുടെ അപേക്ഷ പരിഗണിച്ച് നിയമന നടപടികൾ കൈക്കൊള്ളുന്നതിലേക്കായി വെറ്ററിനേറിയന്റെ പ്രതിമാസ വേതനം ₹35,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24/02/2022-ലെ 1975/ADA3/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും, തുടർന്ന് 11.03.2022 ൽ വാക്-ഇൻ-ഇന്റർവ്യൂ നടത്തുകയും സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16/03/2022-ലെ 2719/ADA3/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.150/22.03/AcA4/3/IMCA(2017admn)- Discrepancy in Scheme&Syllabus/2022** **IMCA പ്രോഗ്രാമിന്റെ (2017 പ്രവേശനം) ഒൻപതാം സെമസ്റ്റർ സ്കീം, സിലബസ് എന്നിവയിൽ വിവിധ വിഷയങ്ങളുടെ പേരുകളിൽ വന്നുചേർന്നിട്ടുള്ള വ്യത്യാസങ്ങൾ പരിഹരിക്കുന്നതിനായി ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് - കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (പിജി) സമർപ്പിച്ചിരുന്ന ശുപാർശകൾ അംഗീകരിച്ച നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നു.**

IMCA പ്രോഗ്രാമിന്റെ (2017 പ്രവേശനം) ഒൻപതാം സെമസ്റ്റർ സ്കീം, സിലബസ് എന്നിവയിൽ വിവിധ വിഷയങ്ങളുടെ പേരുകളിൽ വന്നു ചേർന്നിട്ടുള്ള വ്യത്യാസങ്ങൾ പരിഹരിക്കുന്നതിനായി ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ്-കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (പിജി) ശുപാർശകൾ സമർപ്പിച്ചിരുന്നു. വിഷയത്തിന്റെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത്, ടി ശുപാർശകൾ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.02.2022-ലെ 1981/ACA4/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം V വകുപ്പ് 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.151/22.03/29750/EA 2-1/2021** **അഞ്ചാം സെമസ്റ്റർ സി .ബി .സി എസ് യു .ജി പരീക്ഷ 2022 കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളുടെ മേൽനോട്ടത്തിനായി സിൻഡിക്കേറ്റ് അംഗങ്ങളെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് 07.03.2022 ന് ചേർന്ന സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതിയുടെ ശിപാർശ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊ വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്**

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് യു.ജി പരീക്ഷ 2022 കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളുടെ മേല്നോട്ട ചുമതല വിവിധ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് നൽകുന്നതിനായി 2022 മാർച്ച് മാസം 7 ആം തീയതി കൂടിയ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതിയുടെ ശിപാർശ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊ വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.03.2022-ലെ 2720/EXAM/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തില് റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.152/22.03/28062/ADA3/3/2019/ADMIN** **സർവ്വകലാശാലയിൽ EPABX ഓപ്പറേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച് – സെലക്ഷൻ കമ്മിറ്റി യോഗ നടപടിക്രമം – മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, സെക്ഷൻ III.10 (17) പ്രകാരം അംഗീകരിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

ജില്ല സൈനിക ക്ഷേമ ബോർഡിൽ നിന്നും EPABX ഓപ്പറേറ്റർ തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് താത്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 09.02.2022 ൽ വാക്-ഇൻ ഇന്റർവ്യൂ നടത്തിയിരുന്നു. ഇന്റർവ്യൂവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമം അംഗീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 25/02/2022-ലെ 2002/ADA3/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.153/22.03/76540/P&D1/2020**

**Modernisation of Examination Revaluation System– പ്രോജെക്ട് നടപ്പിലാക്കുന്നതിന് പുതിയ പരീക്ഷാ ഭവനിൽ സ്ഥാപിക്കുന്നതിനുള്ള സ്റ്റീൽ റാക്ക് 60 എണ്ണം വാങ്ങിയതിന്റെ ലാസ്റ്റ് & ഫൈനൽ ബിൽ തുകയായ 7,19,964/– രൂപ M/s മാത്യൂ തോമസിന് അനുവദിക്കുന്നതിനുള്ള ശുപാർശ– ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 –ലെ അദ്ധ്യായം III പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്– സംബന്ധിച്ച്**

M/s MATHEW THOMAS എന്ന സ്ഥാപനത്തിന് പുതിയ പരീക്ഷ ഭവനിൽ സ്ഥാപിക്കുന്നതിനുള്ള Steel Racks സപ്ലൈ ചെയ്തതിന്റെ ലാസ്റ്റ് & ഫൈനൽ ബിൽ തുകയായ 7,19,964/– രൂപ (ഏഴ് ലക്ഷത്തി പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപാ മാത്രം) അനുവദിച്ചു നല്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.02.2022–ലെ 1982/P&D–1/2022/എംജിയു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.154/22.03/32420/DSS1/2022**

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ (2019–2020) – സർവ്വകലാശാല കലോത്സവം – 2022 ഏപ്രിൽ 1 മുതൽ 5 വരെ തീയതികളിൽ – പത്തനംതിട്ടയിൽ വച്ച് സംഘടിപ്പിക്കുന്നതിനുള്ള അനുമതി നൽകിയത് – ചെലവിലേയ്ക്കായി താൽക്കാലിക മുൻകൂർ തുകയിനത്തിൽ ₹30,00,000/– ഡി. എസ്. എസ് ഡയറക്ടർ – ഇൻ – ചാർജ്ജും സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ അസി. പ്രൊഫസറുമായ ഡോ. ബിജു എം.കെ. യുടെ പേരിൽ അനുവദിച്ചത് – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

2022 ഏപ്രിൽ 1 മുതൽ 5 വരെ തീയതികളിലായി പത്തനംതിട്ടയിൽ വച്ച് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയന്റെ നേതൃത്വത്തിൽ സർവകലാശാലാ കലോത്സവം സംഘടിപ്പിക്കുന്നതിന് അനുമതി നൽകികൊണ്ടും, പ്രസ്തുത പരിപാടിയുടെ ചെലവിലേക്കായി ആകെ ₹30,00,000/– (മുപ്പത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയും, പ്രസ്തുത തുകയുടെ 75% ആയ ₹22,50,000/– (ഇരുപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) താൽക്കാലിക മുൻകൂറായി നടപ്പുസാമ്പത്തിക വർഷ (2021–2022) ബഡ്ജറ്റിലെ '22 402 61(a) – യൂണിവേഴ്സിറ്റി യൂണിയൻ ആക്ടിവിറ്റീസ്' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ഡി. എസ്. എസ് ഡയറക്ടർ ഇൻ ചാർജ്ജും സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ അസ്സി. പ്രൊഫസറുമായ ഡോ. ബിജു എം. കെ–യുടെ പേരിൽ നൽകുന്നതിനും, ടി തുക കൈപ്പറ്റി 3 മാസത്തിനകം ക്രമീകരണത്തിനു ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി തുക നൽകുന്നതിനും അനുമതി നൽകിയും മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് ബഹു. വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.03.2022–ലെ യു.ഒ.നം. 2495/AD A 9/2022/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.155/22.03/2486/ACA3-1/2021** **മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പ്രവർത്തിക്കുന്ന അക്കാദമിക് ചെയറുകളുടെ Incumbents-ന്റെ ഓണറേറിയം പ്രതിമാസം ₹30,000/- (മുപ്പതിനായിരം രൂപാ മാത്രം) ആക്കി നിജപ്പെടുത്തികൊണ്ട് ബഹു: വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യയം III വകുപ്പ് 10(17) പ്രകാരം കൈക്കൊണ്ട നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നു.**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പ്രവർത്തിക്കുന്ന അക്കാദമിക് ചെയറുകളുടെ Incumbents-ന്റെ ഓണറേറിയം പ്രതിമാസം ₹30,000/- (മുപ്പതിനായിരം രൂപാ മാത്രം) രൂപ ആക്കി നിജപ്പെടുത്തിക്കൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.03.2022-ലെ സ.ഉ.നം. 2426/AC A3/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.156/22.03/179688/ACA3-1/2021** **സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ പഠിക്കുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ 2021 – 2022 അദ്ധ്യയന വർഷത്തിലെ കോളേജ് ട്രാൻഫർ – സംബന്ധിച്ച്.**

തൃക്കാക്കര, ഭാരത മാതാ കോളേജിലെ രണ്ടാം സെമസ്റ്റർ എം. കോം വിദ്യാർത്ഥിയായിരുന്ന ശ്രീ. ജോയൽ ജസ്റ്റിൻ കളമശ്ശേരി സെന്റ് പോൾസ് കോളേജിലേക്ക് മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. കോളേജ് ട്രാൻസ്ഫർ ഗൈഡ് ലൈൻസ് അനുസരിച്ച് മുൻ സെമസ്റ്റർ പരീക്ഷ കഴിഞ്ഞ ശേഷമേ വിദ്യാർത്ഥികൾക്ക് കോളേജ് ട്രാൻസ്ഫെറിനു അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളു. എന്നാൽ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ 2021 -2022 അദ്ധ്യയന വർഷത്തിൽ ബിരുദ വിദ്യാർത്ഥികൾക്ക് കോളേജ് ട്രാൻസ്ഫറിന് മുൻ സെമസ്റ്റർ പരീക്ഷ നടന്നിരിക്കണം എന്നും പരീക്ഷയിൽ malpractice നടത്തിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്നും നിഷ്കർഷിക്കാതെ നടപടി സ്വീകരിക്കുന്നതിന് തീരുമാമായിരുന്നു. ടി ആനുകൂല്യം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് കൂടി അനുവദിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.12.2021-ലെ സ.ഉ.നം.7500/ACA3/2021/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.157/22.03/29246/ACL-1/2022** **സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകള്/സർവ്വകലാശാല പഠനവിഭാഗങ്ങൾ/ സെന്ററുകൾ എന്നിവിടങ്ങളിലെ സ്റ്റുഡന്റ്സ് യൂണിയൻ, സർവകലാശാല സ്റ്റുഡന്റ്സ് യൂണിയൻ എന്നിവയുടെ രൂപീകരണവും അവയിലേക്കുള്ള തിരഞ്ഞെടുപ്പും സംബന്ധിച്ച റഗുലേഷന്സ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതും, റെഗുലേഷൻസ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചതും സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകൾ/സർവ്വകലാശാല പഠനവിഭാഗങ്ങൾ/സെന്ററുകൾ എന്നിവിടങ്ങളിലെ സ്റ്റുഡന്റ്സ് യൂണിയൻ, സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയൻ എന്നിവയുടെ രൂപീകരണവും അവയിലേക്കുള്ള തിരഞ്ഞെടുപ്പും സംബന്ധിച്ച "REGULATIONS FOR THE CONSTITUTION OF STUDENTS UNION OF AFFILIATED COLLEGES/UNIVERSITY TEACHING DEPARTMENTS/CENTRES AND CONSTITUTION OF UNIVERSITY STUDENTS UNION AND CONDUCTING OF ELECTIONS TO THOSE BODIES", വൈസ് ചാന്സിലർ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് മഹാത്മാഗാന്ധി സർവകലാശാല ആക്ട്,

1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അക്കാദമിക് കൗണ്സിലിന്റെ അധികാരം ഉപയോഗിച്ച് 17/02/2022 തിയതിയില് അംഗീകരിക്കുകയും 19/02/2022 തിയതിയിൽ പ്രസ്തുത റെഗുലേഷൻസ്, 1738/ACL/2022/എം.ജി.യു. നമ്പർ ഉത്തരവായി സർവ്വകലാശാല പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത റെഗുലേഷന്സി ലെ ചില വ്യവസ്ഥകളിൽ ഭേദഗതികൾ ആവശ്യമായി വന്നതിനാൽ അക്കാദമിക് കൗണ്സിസൽ മുൻപാകെ സമർപ്പിച്ച ഭേദഗതി നിർദ്ദേശം മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസിലർ അംഗീകരിക്കുകയും 23/02/2022 തിയതിയില് പ്രസ്തുത ഭേദഗതികൾ, 1940/ACL/2022/എം.ജി.യു. നമ്പർ ഉത്തരവായി സർവ്വകലാശാല പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ കൈക്കൊണ്ട നടപടികളും തദനുസരണം പുറപ്പെടുവിച്ച, യഥാക്രമം 19.02.2022, 23.02.2022 തീയതികളിലെ 1738/ACL/2022/എം.ജി.യു., 1940/ACL/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവുകളും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം V വകുപ്പ് 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.158/22.03/40099/ACA3-1/2022** **Mahatma Gandhi University – Regulations for Online Academic Programmes, 2021" ന് അംഗീകാരം നൽകിയത് സംബന്ധിച്ച്**

08.03.2022 ന് വീഡിയോ കോൺഫറൻസ് മുഖേന കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യുടെ നടപടിക്രമം ഇനം നം.1 പ്രകാരം "Mahatma Gandhi University – Regulations for Online Academic Programmes, 2021" ന് അംഗീകാരം നൽകുന്നതിന് ശിപാർശ ചെയ്തു. Regulations for online Academic Programmes, 2021 ന് അംഗീകാരം നൽകുവാനുള്ള അക്കാഡമിക് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം 21.03.2022-ൽ പുറപ്പെടുവിച്ച സ.ഉ.നം. 2915/AC A3/2022/MGU നമ്പർ സർവകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം V, വകുപ്പ് 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.159/22.03/25684/AD A3/4/2019/ADMIN (PART-I)** **സർക്കാർ സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തിയത് – സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസം – സർവ്വകലാശാലക്ക് വന്ന സാമ്പത്തിക നഷ്ടം – പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് മറുപടി നൽകുന്നത് – 2022 ഫെബ്രുവരി 22 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി (ഫിനാൻസ്) യോഗ നടപടിക്രമങ്ങളുടെ ചുരുക്കം – വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10(17) പ്രകാരം ഉത്തരവായതിൻ പ്രകാരം നടപടി സ്വീകരിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

സർക്കാർ വകുപ്പുകൾ, പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനകൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജ്ജുകൾ എന്നിവയിൽ 01.04.2019 മുതൽ 5% വർദ്ധനവ് വരുത്തികൊണ്ടുള്ള സ.ഉ.(അച്ചടി) നം.28/2019/ധന തീയതി. 08.03.2019 സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിൽ കാലതാമസം വന്നതിനെത്തുടർന്ന് ഉണ്ടായ റെവന്യൂ നഷ്ടം സൂചിപ്പിച്ചുകൊണ്ടുള്ള statement of facts, Office of the Principal Accountant General (Audit)-ൽ നിന്നും DO Letter No. AMG II (HQ) III/II/SoF 3/2021-22/174, Dated 27.12.2021 പ്രകാരം

ലഭിച്ചിരുന്നു. ആയത് 2021 ലെ CAG Report ൽ ഉൾപ്പെടുത്താൻ സാധ്യതയുള്ളതിനാൽ, ഇക്കാര്യം പരിശോധിച്ച് 6 ആഴ്ചക്കുള്ളിൽ മറുപടി നൽകണമെന്ന് അറിയിച്ചിരുന്നു. സമയപരിധി കഴിഞ്ഞതിനാൽ പ്രസ്തുത ഓഫീസിൽ നിന്നും വീണ്ടും കത്ത് (DO Letter No.Audit1/AMG II (HQ) III/II/SoF 3/2021-22/214, Dated 09.02.2022) ലഭിച്ചിരുന്നു.

പ്രസ്തുത വിഷയത്തിന്മേൽ സിൻഡിക്കേറ്റ് എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ AG ഓഫീസിലേക്ക് മറുപടി നൽകുന്നതിന് വൈസ് ചാൻസലർ ഉത്തരവായിരുന്നു. 2022 ഫെബ്രുവരി 22 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി (ഫിനാൻസ്) ടി വിഷയം പരിഗണിക്കുകയും, യോഗ നടപടിക്രമങ്ങളുടെ ചുരുക്കം, ഇനം നം OA.3/22.01/9876/ADA3/4/2019/ADMIN (part II) പ്രകാരം താഴെപ്പറയുന്ന തീരുമാനം എടുക്കുകയുമുണ്ടായി.

"സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പാക്കുന്നതിന് വന്ന കാലതാമസം മൂലം സർവ്വകലാശാലക്ക് വന്ന സാമ്പത്തികനഷ്ടത്തിനു ക്ഷമാപണം നടത്തുന്നതിനും, ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതും പിന്നീട് ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളും ഈ ഉത്തരവ് നടപ്പാക്കുന്നതിന് കാലതാമസം വരുത്തി എന്ന കാര്യം രേഖാമൂലം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ഓഫീസിൽ അറിയിക്കുന്നതിനും, ഈ വീഴ്ച സംബന്ധിച്ച് ഫിനാൻസ് ഓഫീസർ - നോട് വിശദീകരണം ആവശ്യപ്പെടുന്നതിനും ശിപാർശ ചെയ്യുന്നു."

മേൽ തീരുമാനം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.160/22.03/34830/ACA1-2/2022** **ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജി- പുതിയതായി അനുവദിച്ചിട്ടുള്ള പ്രോഗ്രാം - "M.Tech. Programme in Advanced Polymeric Materials" -ഫീസ് ഘടന നിശ്ചയിച്ചുകൊണ്ടുള്ള വൈസ് ചാൻസലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്:-**

ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജി -യിൽ പുതിയതായി അനുവദിച്ചിട്ടുള്ള "M.Tech. Programme in Advanced Polymeric Materials"-ന്റെ ഫീസ് ഘടന നിശ്ചയിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 23.03.2022-ലെ 2962/ACA1/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.161/22.03/AcAVI/01/RC/5291/2021** **ഉഴവൂർ, സെൻറ്. സ്റ്റീഫൻസ് കോളേജിലെ ബിരുദാനന്തര ബിരുദ കോമേഴ്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിച്ചു കൊണ്ടുള്ള സർവകലാശാല ഉത്തരവ് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:**

ഉഴവൂർ, സെൻറ്.സ്റ്റീഫൻസ് കോളേജിലെ ബിരുദാനന്തര ബിരുദ കോമേഴ്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും അതേ കോളേജിലെ തന്നെ കോമേഴ്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർമാരായ ഡോ. സ്റ്റീഫൻ മാത്യു, ഡോ. ജിഷ ജോർജ്ജ് എന്നിവരെ ടി കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശികളായി അംഗീകരിക്കുന്നതിനുമായി പ്രിൻസിപ്പൽ (ഇൻ-ചാർജ്ജ്) സമർപ്പിച്ചിരുന്ന അപേക്ഷ പരിഗണിച്ച 14.03.2022-ലെ സിൻഡിക്കേറ്റ് ഉപസമിതി യോഗം - ഗവേഷണവും വികസനവും ടി കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ഡോ.ബാബു മൈക്കിൾ (സിൻഡിക്കേറ്റ് അംഗം) കൺവീനറായും, ഡോ. രശ്മി ആർ, (അസിസ്റ്റൻറ് പ്രൊഫസർ, കോമേഴ്സ് വിഭാഗം, എസ്.എസ്.വി കോളജ്, വളയൻചിറങ്ങര) വിഷയ വിദഗ്ദ്ധയായും ഉള്ള ഇൻസ്പെക്ഷൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, നിർദ്ദിഷ്ട ഗവേഷണ കേന്ദ്രത്തിൽ ഡോ.

സ്റ്റീഫൻ മാത്യൂ, ഡോ. ജിഷ ജോർജ്ജ് എന്നിവരെ ഗവേഷണ മാർഗ്ഗദർശികളായി അംഗീകരിക്കുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശുപാർശ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച ബഹു.വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ –വൈസ് ചാൻസിലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.03.2022–ലെ 2749/AcA6/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.162/22.03/40517/BUDGET -1/2022/BUDGET (C) ധനകാര്യം – 2021–22 സാമ്പത്തിക വർഷത്തെ ബജറ്റ് – 22 402 61 (a ) – University Union Activities " എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അധിക തുക വകയിരുത്തൽ – ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയന്റെ നേതൃത്വത്തിൽ 2022 ഏപ്രിൽ 1 മുതൽ 5 വരെ പത്തനംതിട്ടയിൽ വച്ച് "സർവകലാശാല കലോത്സവം" സംഘടിപ്പിക്കുന്നതിനറെ ചിലവിലേക്കായി 30,00,000 /–രൂപയുടെ (മുപ്പതു ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിക്കൊണ്ടും ടി തുകയുടെ 75 ശതമാനമായി 22,50,000/– രൂപ DSS ഡയറക്ടർ ഇൻ ചാർജിന്റെ പേരിൽ മുൻകൂർ നൽകുന്നതിനും വൈസ് ചാൻസിലർ ചുമതലയുള്ള പ്രോ വൈസ് ചാൻസിലർ ഉത്തരവായിരുന്നു. മേൽ പരിപാടിക്ക് ചെലവ് വകയിരുത്തേണ്ട നടപ്പ സാമ്പത്തിക വർഷത്തെ " 22 402 61 (a) – University Union Activities" എന്ന ശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ ഇനിയുണ്ടാകുന്ന ചിലവുകൾ കൂടി കണക്കിലെടുത്തു നടപ്പ സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 40,00,000/– രൂപ (നാൽപതു ലക്ഷം മാത്രം) അധിക തുകയായി അനുവദിക്കണമെന്ന് DSS ഡയറക്ടർ ആവിശ്യപെട്ടിരുന്നു. ടി അപേക്ഷ ധനകാര്യ വിഭാഗം പരിശോധിക്കുകയും പ്രസ്തുത ആവശ്യത്തിനായി നടപ്പ സാമ്പത്തിക വർഷം "22 402 61 (a) – University Union Activities" എന്ന ബജറ്റ് ശീർഷകത്തിൽ 25,00,000 (ഇരുപത്തി അഞ്ചു ലക്ഷം മാത്രം) അധിക തുകയായി അനുവദിച്ചു ആകെ തുക 70,00,000 (എഴുപതു ലക്ഷം രൂപ മാത്രം) വർധിപ്പിക്കുന്നതിനായി ശുപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശുപാർശ പരിഗണിച്ച് വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രോ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം "22 402 61 (a) – University Union Activities" എന്ന ശീർഷകത്തിൽ 25,00,000 (ഇരുപത്തി അഞ്ചു ലക്ഷം മാത്രം) അധിക തുകയായി വകയിരുത്തി സർവകലാശാലയുടെ 2021–22 വർഷത്തെ വാർഷിക ബജറ്റ് അടങ്കലും വാർഷിക കമ്മിയും പരിഷ്കരിക്കുന്നത് അംഗീകരിച്ചു ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15.03.2022–ലെ 2667/BUDGET (C)/2022/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.163/22.03/83251/ACA9/2022/BOS-Minutes കോവിഡ് രോഗവ്യാപനം – 2021 – 2022 അദ്ധ്യയന വർഷത്തിൽ വിവിധ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പിൽ ഇളവുകൾ നൽകിയ ഉത്തരവ് പരിഷ്ക്കരിച്ച് സർവ്വകലാശാലാ ആക്റ്റ് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാന്സ്ലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :–**

കോവിഡ് രോഗവ്യാപനത്തെത്തുടർന്ന് നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തില് സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ ബിരുദ ബിരുദാന്തര ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇളവുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2021–2022 അദ്ധ്യയന വര്ഷത്തില് നടക്കേണ്ടിയിരുന്നതും കോവിഡ് നിയന്ത്രണങ്ങൾ മൂലമോ മറ്റ് കാരണങ്ങളാലോ നടക്കാതിരുന്നതും ആയ പരീക്ഷകൾക്ക്, അവ നടക്കുന്ന മുറയ്ക്ക് ഉത്തരവ് പ്രകാരമുള്ള ഇളവുകൾ ബാധകമായി തുടരുന്നതാണ്. പ്രസ്തുത അദ്ധ്യയന വർഷത്തെ Industrial Visit/On the Job Training/Internship എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച

നിർദ്ദേശങ്ങൾ ടി ഉത്തരവിൽ നല്കിയിരുന്നില്ല. സർവ്വകലാശാലയിൽ നിന്ന് നൽകിയ നിർദ്ദേശ പ്രകാരം വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് ടി വിഷയത്തിൽ ശിപാർശകൾ സമർപ്പിച്ചിരുന്നു. ടി ശിപാർശകൾ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 19/03/2022-ലെ 2844/AC A9/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ.164/22.03/4589/ADB2/1/2020** | **സർവ്വകലാശാലയിൽ ഇ - ഗവേണൻസിന്റെ ഭാഗമായി ഭരണവിഭാഗം, പരീക്ഷാ വിഭാഗം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 20 APC നിർമിത UPS -കളുടെ വാർഷിക പരിപാലന കരാർ പുതുക്കുന്നത് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) -ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ച് ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്** |

സർവ്വകലാശാലയിൽ ഇ-ഗവേണൻസിന്റെ ഭാഗമായി ഭരണവിഭാഗം, പരീക്ഷാ വിഭാഗം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 20 APC നിർമിത UPS-കളുടെ വാർഷിക പരിപാലന കരാർ M/s. Safenet Systems & Services, Cochin എന്ന സ്ഥാപനവുമായി 6,80,000/- (ആറു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയ്ക്ക് 26.02.2022 മുതൽ 25.02.2023 വരെ ഒരു വർഷത്തേക്ക് പുതുക്കുന്നതിനും, കരാർ തുക രണ്ടു തുല്യ ഗഡുക്കളായി നൽകുന്നതിനും ആദ്യ ഗഡു കരാർ ഒപ്പിട്ടതിനു ശേഷവും ബാക്കി 6 മാസത്തെ തൃപ്തികരമായ സേവനത്തിനു ശേഷവും നൽകുന്നതിനും, പ്രസ്തുത ചെലവ് 2021 - 22 സാമ്പത്തിക വർഷ ബജറ്റിലെ "22 101 09 - Repairs & Maintenance" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിനും, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം 23.03.2022-ൽ പുറപ്പെടുവിച്ച 2955/AD B2/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ.165/22.03/41318/AC A7-3/2022** | **അൺഎയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ -സെൻറ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് ടെക്നോളജി, പാലാ -കോളേജ് ഭരണസമിതിയുടെ മീറ്റിംഗിലേയ്ക്ക് സർവകലാശാല പ്രതിനിധിയെ നിർദ്ദേശിക്കുന്നതിന് സമർപ്പിച്ച അപേക്ഷ-മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, വകുപ്പ് 10(17) ലെ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ കൈകൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്-** |

സർവകലാശാല സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ അനുസരിച്ച് സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസിനെ സെന്റ് ജോസഫ്സ് ഇന്സ്റ്റി റ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി, പാലാ കോളേജ് ഭരണസമിതിയിലേയ്ക്ക് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) ലെ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ നിർദ്ദേശിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.03.2022-ലെ 2958/ACA7/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.166/22.03/42802/ACA1-2/2022**

**Integrated PG Programme-കളുടെ പരീക്ഷ ഫീസ് മറ്റ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാമുകളുടെ നിരക്കിൽ നിശ്ചയിക്കുന്നതിനുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗത്തിന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട്, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ കൈക്കൊണ്ടനടപടിയും ഉത്തരവും തദനുസരണം പുറപ്പെടുവിച്ച സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്:-**

സർവ്വകലാശാലയുടെ കീഴിലുള്ള Integrated PG Programme-കളുടെ പരീക്ഷ ഫീസ് മറ്റ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാമുകളുടെ നിരക്കിൽ നിശ്ചയിക്കുന്നതിന് 07.03.2022-ൽ കൂടിയ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗം ശിപാർശ ചെയ്യുകയും, ടി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.03.2022-ലെ 2776/ACA1/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.167/22.03/42010/AC A1/3/2019**

**ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ആലുവ - 2021-22 അദ്ധ്യയന വർഷം 15 സീറ്റുകളോടുകൂടി LL.M (Maritime Law) പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച്:-**

ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ 2021-22 അദ്ധ്യയന വർഷം 15 സീറ്റുകളോടുകൂടി LL.M (Maritime Law) പ്രോഗ്രാം ആരംഭിക്കുന്നതിനു ആവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുന്നതിനു ഡോ. ബാബു മൈക്കിൾ(സിൻഡിക്കേറ്റ് അംഗം),ഡോ. ഗിരിശങ്കർ എസ്. എസ്., അസ്സോസിയേറ്റ് പ്രൊഫസർ, ഗവഃ ലോ കോളേജ്, എറണാകുളം(വിഷയ വിദഗ്ദ്ധൻ) എന്നിവരെ പരിശോധന സമിതിയായി നിയമിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം 18.03.2022-ൽ പുറപ്പെടുവിച്ച 2789/ACA1/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.168/22.03/19972/ACA1-1/2020/VCSECTION**

**ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ്-ന പകരം അധികമായി നൽകുന്ന അസൈൻമെന്റ്/സെമിനാർ/വൈവ എന്നിവയുടെ മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കാമെന്നുള്ള ഉത്തരവ് 2021-22 അധ്യയന വർഷത്തെ പരീക്ഷകൾക്ക് കൂടി ബാധകമാക്കുന്നതിനുള്ള ശുപാർശ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് കൈക്കൊണ്ട നടപടി സിൻഡി ക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2020-21 അദ്ധ്യയന വർഷം ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിന് പരിഗണിക്കുന്നതിന് പകരമായി, കുട്ടികൾക്ക് അധികമായി ഒരു അസൈൻമെന്റ്/സെമിനാർ/വൈവ എന്നിവ നൽകി അതിൽ നേടുന്ന മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കാമെന്ന് തീരുമാനിച്ചുകൊണ്ട് നം. 5382/ACA1/2020/എം.ജി.യു. തീയതി. 13.11.2020 ആയ സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 07.03.2022 തീയതിയിൽ കൂടിയ

പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗ നടപടിക്രമത്തിന്റെ ഇനം നമ്പർ: ഒ.എ.1 പ്രകാരം ടി ഉത്തരവ് 2021-22 അധ്യയന വർഷത്തെ പരീക്ഷകൾക്ക് കൂടി ബാധകമാക്കുന്നതിനു ശിപാർശ ചെയ്തു. ടി ശുപാർശ അംഗീകരിച്ചു കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ്ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.03.2022-ലെ 2767/ACA1/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ.169/22.03/11776/EA 2-2/2022** | **സർവ്വകലാശാല പരീക്ഷകൾ - പുനർമൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് - പൂനെ സർവ്വകലാശാലയിലെ പ്രക്രിയ നേരിൽ കണ്ടു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സമിതിയിലെ അംഗമായ ഡോ. വർഗീസ് കെ. ചെറിയാനു പകരം പ്രൊഫ. ഹരികൃഷ്ണൻ പി-യെ ചുമതലപ്പെടുത്തിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.** |

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പുനർമൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി, ഉത്തരക്കടലാസുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ കോപ്പികളാക്കി മൂല്യകർത്താക്കൾക്ക് അയച്ചു കൊടുക്കുന്ന പൂനെ സർവ്വകലാശാലയിലെ പ്രക്രിയ നേരിൽ കണ്ട് മനസിലാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബി. കേരളവർമ്മ, ഡോ. വർഗീസ് കെ. ചെറിയാൻ, ഡോ. ശ്രീജിത്ത്. സി. എം. (പരീക്ഷ കൺട്രോളർ), ശ്രീ. പ്രദീപ് പി. (ഐ ടി ഡയറക്ടർ) എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയിലെ അംഗമായ ഡോ. വർഗീസ് കെ. ചെറിയാനു പകരം പ്രൊഫ. ഹരികൃഷ്ണൻ പി-യെ ചുമതലപ്പെടുത്തിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം 29.03.2022-ൽ പുറപ്പെടുവിച്ച 3182/EA2/2022/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| | |
|---|---|
| **ഇനംനമ്പർ.170/22.03/41840/P&D2-1/2022** | **മഹാത്മാഗാന്ധി സർവ്വകലാശാലയും ഐ സി എ ആർ - സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും തമ്മിൽ പരസ്പര സഹകരണ ത്തിനായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്** |

മഹാത്മാഗാന്ധി സർവ്വകലാശാലയും ICAR ഉം തമ്മിൽ ഒരു Umbrella MoU ഒപ്പു വയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.03.2022-ലെ യു.ഓ.നം.2977/P&D2/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.171/22.03/14762/P&D2-1/2022** **മഹാത്മാഗാന്ധി സർവ്വകലാശാലയും Kerala Agri Development & Sustainable Producer Co. Ltd. (KADS PCL) ഉം അക്കാദമിക ഗവേഷണ മേഖലകളിൽ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഒപ്പ് വെച്ചതും 2021 ജൂലൈയിൽ കാലാവധി അവസാനിച്ചതുമായ ധാരണാപത്രം 2 വർഷം കൂടി തുടരുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് -സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയും Keralaagri Development & Sustainable Producer Co. Ltd. (KADS PCL) ഉം തമ്മിൽ അക്കാദമിക ഗവേഷണ മേഖലകളിൽ പരസ്പര സഹകരണത്തിനായി ഒപ്പ് വെച്ച ധാരണാപത്രം 2 വർഷം കൂടി തുടരുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച U.O. No. 2969/P&D 2/2022/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.172/22.03/92407/SC-STCELL-2/2021 സർവകലാശാലയിൽ നിർമ്മിച്ച സ്റ്റുഡന്റ് അമിനിറ്റീസ് കം ഇൻക്യുബേഷൻ സെന്ററിലേക്ക് സർവകലാശാല സബ്സ്റ്റേഷനിൽ നിന്നും കേബിൾ ഇട്ടതുമായി ബന്ധപ്പെട്ട് കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചുകൊണ്ട് ബഹു: വൈസ്ചാൻസലറുടെ സർവ്വകലാശാല ആക്ട് 1985 -ലെ അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരമുള്ള ഉത്തരവ് -സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

റൂസ ധനസഹായത്തോടെ സർവകലാശാലയിൽ നിർമ്മിച്ച സ്റ്റുഡന്റ് അമിനിറ്റീസ് കം ഇൻക്യുബേഷൻ സെന്ററിലേക്ക് സർവകലാശാല സബ്സ്റ്റേഷനിൽ നിന്നും കേബിൾ ഇടുന്നതിന് സർവകലാശാല എൻജിനീയർ സമർപ്പിച്ച 8,67,181/- (എട്ട് ലക്ഷത്തി അറുപത്തിയേഴായിരത്തി ഒരുനൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് സ. ഉ. നം. 4180/SC/ST Cell/2021/എം.ജി.യു തീയതി 26.08.2021 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് എഞ്ചിനീയറിംഗ് യൂണിറ്റ് ടെൻഡർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. എം. വൈ. അസോസിയേറ്റ്സ്, കട്ടുത്തുരുത്തി പി. ഓ., കോട്ടയം -ന്റെ ടെൻഡർ സ്വീകരിക്കുകയും ചെയ്തു. കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ 7,93,880/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി എണ്ണൂറ്റിഎൺപത് രൂപ മാത്രം) രൂപ എസ്റ്റിമേറ്റ് തുകയേക്കാൾ കുറവായതിനാൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് EUW 156/2021 തീയതി 18.09.2021 പ്രകാരം എഞ്ചിനീയറിംഗ് യൂണിറ്റിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. മേൽ പ്രവൃത്തി കരാറുകാരൻ 28.11.2021 -ൽ പൂർത്തിയാക്കിയതായും, 29.11.2021-ൽ അതിന്റെ അളവും പൂർത്തീകരിച്ചതായി 5.02.2022 തീയതിയായുള്ള ഇ.യു./എ.ബി/129/112/2022 നമ്പർ കത്ത് പ്രകാരം സർവകലാശാല എൻജിനീയർ അറിയിക്കുകയും, പ്രസ്തുത പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ തുക സമർപ്പിക്കുകയും ചെയ്തു. എഞ്ചിനീയറിംഗ് യൂണിറ്റ് ഓഡിറ്റ് ചെയ്തതിൻപ്രകാരം ആകെ ബിൽ തുകയായ 7,93,810/- രൂപയിൽ നിന്നും IT, WWF, GST എന്നിവ കിഴിവ് ചെയ്തതിന് ശേഷം 7,54,120/- (ഏഴ് ലക്ഷത്തി അമ്പത്തിനാലായിരത്തി ഒരുനൂറ്റിഇരുപത് രൂപ മാത്രം) രൂപ കരാറുകാരന് അനുവദിക്കാവുന്നതാണെന്ന് സർവകലാശാല എൻജിനീയർ ശുപാർശ ചെയ്യുകയും ചെയ്തു. ടി പ്രവൃത്തിയുടെ ഓഡിറ്റ് നോട്ടുകൾ, വിശദമായ ബിൽ, എം.ബുക്ക് എന്നിവ പരിശോധിച്ച ധനകാര്യ വിഭാഗം എല്ലാ കണക്കുകൂട്ടലുകളും ശരിയാണെന്നും, കരാറുകാരന് നൽകേണ്ട തുക ടി പ്രവൃത്തിക്ക് ക്വാട്ട് ചെയ്ത തുകയേക്കാൾ കുറവായതിനാൽ ആയത് അംഗീകരിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഫൈനൽ ബിൽ തുകയായ 7,93,810/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) രൂപയിൽ നിന്നും TDS (2%) ₹15,876, IT

(2%) ₹15,876, WWC (1%) ₹7,938 എന്നിവ കിഴിവ് ചെയ്ത് ₹7,54,120 (ഏഴ് ലക്ഷത്തി അമ്പത്തിനാലായിരത്തി ഒരുനൂറ്റിഇരുപത് രൂപ മാത്രം) കരാറുകാരന് നൽകാവുന്നതാണെന്ന് ധനകാര്യ വിഭാഗം ശുപാർശ ചെയ്തിരുന്നു. സ. ഉ. നം. 4180/SC/ST Cell/2021/എം.ജി.യു തീയതി 26.08.2021 പ്രകാരം ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 21 408 04 – Electrical Installations & Fittings (Engg. Unit-Plan) -ൽ നിന്നും വകയിരുത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ സ്റ്റുഡന്റ് അമിനിറ്റീസ് & ഇൻക്യൂബേഷൻ സെന്റർ റൂസ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതിനാലും നിലവിൽ റൂസ 1.0 -യുമായി ബന്ധപ്പെട്ട് നിശ്ചിത തുക സർവകലാശാലക്ക് ലഭിച്ചിട്ടുള്ളതിനാലും കരാറുകാരന് നൽകുവാനുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 23 730 94 – RUSA Projects (NSS & Earmarked Funds – Expenditure) എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്താവുന്നതാണെന്ന് ധനകാര്യ വിഭാഗം ശുപാർശ ചെയ്തിരുന്നു. ധനകാര്യ വിഭാഗത്തിന്റെ ടി ശുപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം 22.03.2022 -ൽ പുറപ്പെടുവിച്ച സ.ഉ.നം.2924/SC/ST Cell/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## I(b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ.173/22.03/29988/ACB1-2/2022/ACAD** **സ്വകാര്യ എയ്ഡഡ് കോളേജുകൾ – ബി കെ കോളേജ്, അമലഗിരി – കോളേജ് മാനേജരുടെ മാറ്റം – സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

അമലഗിരി, ബി കെ കോളേജിലെ മാനേജരായി സിസ്റ്റർ എൽസമ്മ ചാക്കോ 26.01.2022 തീയതിയിൽ സ്ഥാനമേറ്റതായി സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ ഗവേർണിംഗ് ബോഡി (യൂണിറ്ററി മാനേജ്മെന്റ്) അല്ലെങ്കിൽ മാനേജിങ് കൗൺസിൽ (കോർപ്പറേറ്റ മാനേജ്മെന്റ്) എന്നിവയിലെ മാറ്റങ്ങൾ സർവ്വകലാശാല സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട്. ടി വിഷയം സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## III. ക്രമ ഇനങ്ങൾ

### (i) മുൻ ഇനങ്ങൾ

**ഇനംനമ്പർ.:ഒ.എ.06/21.02/27933/ADA2/3/2019/ACC1** **സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് -ലെ റിട്ട. അസോസിയേറ്റ്പ്രൊഫസറായ ഡോ . രാജു കെ. താടിക്കാരന്റെ CAS സ്ഥാനക്കയറ്റം സംബന്ധിച്ച്കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ തീർപ്പാക്കികൊണ്ടുള്ള കെ.എസ്.എ.ഡി യുടെ സംബന്ധിച്ച് തീരുമാനം :-**

സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിലിൽ നിന്നും ലഭിച്ച നിയമോപദേശം അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.88/21.04/210057**

**കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് നിർമ്മാണം- ഡവലപ്പ്മെന്റ് വർക്ക്സ്,ഡി.ജി.സെറ്റ്&സബ്സ്റ്റേഷൻ എന്നീ പ്രവൃത്തികൾക്ക് CPWD-യുമായി ഏർപ്പെടേണ്ട കരാർ - സംബന്ധിച്ച്:-**

പ്രൊജക്റ്റ് അവസാനിച്ചതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.156/21.05/31271/ADA9/1/2019**

**സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് - അസ്സിസ്റ്റന്റ് പ്രൊഫസ്സർ - ഡോ. ഇസ്മായിൽ താമരശ്ശേരി - സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കാശ്മീരിലെ മുൻകാല സേവനം കണക്കിലെടുത്ത് നിയമന തീയതി മുതൽ ഉയർന്ന തുടക്ക ശമ്പളം, CAS പ്രൊമോഷൻ തുടങ്ങിയ സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നത്പരിഗണിക്കുന്നത് സംബന്ധിച്ച്**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് -ലെ അസ്സിസ്റ്റന്റ് പ്രൊഫസ്സർ ആയ ഡോ. ഇസ്മായിൽ താമരശ്ശേരി - യുടെ അടിസ്ഥാനശമ്പളം മാതൃവകുപ്പായ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കാശ്മീരിൽ ലഭിച്ചിരുന്ന ഉയർന്ന അടിസ്ഥാനശമ്പളമായ ₹73,100 (7th UGC അക്കാദമിക് ലെവൽ 11) ആയി നിയമന തീയതിയായ 30.09.2019 FN പ്രാബല്യത്തിൽ നിജപ്പെടുത്തി നൽകുന്നതിനും കൂടാതെ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കാശ്മീരിലെ അസ്സിസ്റ്റന്റ് പ്രൊഫസ്സറായുള്ള ടിയാന്റെ സേവനകാലയളവ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ CAS സ്ഥാനക്കയറ്റം ഉൾപ്പടെയുള്ള എല്ലാ സേവന ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതിനും തീരുമാനിച്ചു.

## (ii)നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ.174/22.03/220012**

**വിദ്യാർത്ഥികളുടെ അച്ചടക്കം, ക്ഷേമം, പരാതി പരിഹാരം എന്നിവയ്ക്ക് വേണ്ടിയുള്ള സിൻഡിക്കേറ്റിൻെറ ഉപസമിതി യോഗത്തിൻെറ നടപടിക്രമം**

OA1: ൧

**സന്റ് ആൽബർട്സ് കോളേജ്, എറണാകുളം (സ്വയം ഭരണം)- വിദ്യർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നിഷേധിച്ചതുമായി ബന്ധപ്പെട്ട് നടന്ന ഹിയറിംഗ് (24.02.2022) സംബന്ധിച്ച്**

ഹിയറിംഗ് 11.30-ന് ആരംഭിച്ചു. സെന്റ് ആൽബെർട്സ് കോളേജിൽ നിന്നും വന്ന പ്രതിനിധികളായ വൈസ് പ്രിൻസിപ്പൽ ഡോ. സാബു. എം.സി, പ്രിൻസിപ്പൽ ഡോ. എം. എ. സോളമൻ, അസിസ്റ്റന്റ് മാനേജർ ഫാദർ ജോൺ ക്രിസ്റ്റഫർ എന്നിവർ വിദ്യാർത്ഥികളുടെ അച്ചടക്കം, ക്ഷേമം, പരാതി പരിഹാരം, എന്നിവയ്ക്ക് വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി മുൻപാകെ തങ്ങളുടെ ഭാഗത്തെ നിസ്സഹകരണം സംബന്ധിച്ച വസ്തുതകൾ വിശദീകരിക്കുകയും തുടർന്ന് 2022 മെയ് 31-നകം മുഴുവൻ വാടകക്കാരേയും ഒഴിപ്പിക്കുമെന്ന് എഴുതി നല്കുകയും ചെയ്തു. അവരുടെ മൊഴി താഴെ പറയും പ്രകാരം ബോധ്യപ്പെടുത്തി ഒപ്പിട്ട് ഹിയറിംഗ് 1.00 P.M-ന് അവസാനിപ്പിച്ചു. മൊഴി വിലയിരുത്തിയ സമിതി മൊഴി അംഗീകരിക്കുകയും വാടക്കാരെ ഒഴിപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 മെയ് 31 എന്നത് 2022 മാർച്ച് 31 എന്നാക്കി മാറ്റാൻ നിർദ്ദേശിക്കുകയും, വിശദീകരിച്ച വസ്തുതകളുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുധാകരനേയും, ഡോ. ബാബു മൈക്കിളിനേയും ഇൻസ്പെക്ഷൻ കമ്മറ്റി അംഗങ്ങളായി നിയോഗിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.175/22.03/220013** **14.3.2022 ൽ നടന്ന അഫിലിയേഷനും അപ്രൂവലിനും വേണ്ടിയുള്ള സിൻഡിക്കേറ്റിൻെറ ഉപസമിതി യോഗത്തിൻെറ നടപടിക്രമം**

**OA II** **സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ് എയ്ഡഡ് കോളേജുകളുടെ ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിൽ-ലേയ്ക്ക് സർവ്വകലാശാല പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ് എയ്ഡഡ് കോളേജുകളുടെ ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിൽ-ലേയ്ക്ക് താഴെപ്പറയുന്ന പട്ടിക പ്രകാരം സർവ്വകലാശാല പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യുന്നതിന് തീരുമാനിച്ചു.

| No. | College | Member Syndicate |
|---|---|---|
| 1 | Titus-II Teachers Training Collge, Thiruvalla | Dr. Biju Pushpan |
| 2 | NSS Training College, Changanachery | Adv. Reji Zachariah |
| 3 | Mount Carmal College of Teacher Education for Women, Kottayam | Dr. Biju Thomas |
| 4 | St. Joseph's Training College, Mannanam | Hrikrishnan P. |
| 5 | St. Thomas College of Teacher Education, Pala | Dr. A. Jose |
| 6 | St. Joseph College of Teacher Education for Women, Ernakulam | Dr. Shajila Beevi S. |
| 7 | SNM Training College, Moottakunnam | Dr. Sudhakaran K.M. |

**ഇനംനമ്പർ.176/22.03/9457/ACA7-3/2022/ACAD** **അൺ എയ്ഡഡ് സെൽഫ് ഫിനാൻസിങ് കോളേജുകൾ - സെൻറ് ജോർജ്ജ് കോളേജ്, വാഴക്കുളം, മൂവാറ്റുപുഴ, എം.കോം ഫിനാൻസ് ആൻഡ് ടാക്സേഷന് പ്രോഗ്രാം 2021-22 അദ്ധ്യയന വർഷം താല്കാലികമായി നിർത്തലാക്കുന്നതിനും 2022-'23 അദ്ധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ**

വാഴക്കുളം, സെൻറ് ജോർജ്ജ് കോളേജ് M.Com Finance and Taxation പ്രോഗ്രാം 2021-2022 അദ്ധ്യയനവർഷം താൽകാലികമായി നിർത്തലാക്കുന്നതിനും 2022-23 അധ്യയന വർഷം പുനരാരംഭിക്കുന്നതിന് നൽകിയ അപേക്ഷ പരിഗണിച്ച് ടി കോളേജിൽ ടി പ്രോഗ്രാം 2021-2022 അദ്ധ്യയനവർഷം താൽകാലികമായി നിർത്തലാക്കുന്നതിനും 2022-23 അധ്യയന വർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.177/22.03/178336/ACA7-3/2021** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - സെൻറ് ആൻറണീസ് കോളേജ്, പീരുമേട്- കോളേജിൻറെ പേരിനൊപ്പമുള്ള സ്ഥലപ്പേര് തിരുത്തി നൽകുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-**

സെൻറ് ആൻറണീസ് കോളേജ്, പീരുമേട്- കോളേജിന്റെ പേരിനൊപ്പമുള്ള സ്ഥലപ്പേര് തിരുത്തി നൽകുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിന്റെ പേര് സെന്റ് ആന്റണീസ് കോളേജ്, പെരുവന്താനം എന്നാക്കി മാറ്റുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.178/22.03/21436/ACA1-3/2022/ACAD** **2022-23 അദ്ധ്യയനവർഷം 'Saintgits College of Legal Studies, Pathamuttom' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി Mar Gregorios Educational Society, Kottayam വൈകി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

2022-23 അദ്ധ്യയനവർഷം 'Saintgits College of Legal Studies, Pathamuttom' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി Mar Gregorios Educational Society, Kottayam സർവ്വകലാശാലയിൽ വൈകി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനായി ബഹു: ചാൻസലറുടെ അനുമതി വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.179/22.03/13943/ACA7-1/2020/VCSECTION** **അൺഎയ്ഡഡ്/സ്വാശ്രയ കോളേജുകൾ ചിന്മയ കോളേജ് ഓഫ് ആർട്സ്, കൊമേഴ്സ് & സയൻസ്, ലായം റോഡ്, തൃപ്പൂണിത്തുറ, കോളേജിന് എതിരായി തൃപ്പൂണിത്തുറ ചിന്മയ വിദ്യാലയത്തിന്റെ രക്ഷകർത്താക്കൾ (CVPTA) സർവ്വകലാശാലയിൽ സമർപ്പിച്ച പരാതി - അന്വേഷണ കമ്മീഷൻ റിപ്പോർട്ട് - സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്**

ചിന്മയ കോളേജ് ഓഫ് ആർട്സ്, കൊമേഴ്സ് & സയൻസ്, ലായം റോഡ്, തൃപ്പൂണിത്തുറ, കോളേജിന് എതിരായി തൃപ്പൂണിത്തുറ ചിന്മയ വിദ്യാലയത്തിന്റെ രക്ഷാകർതൃസമിതി (CVPTA) സർവ്വകലാശാലയിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നിയമിതമായ അന്വേഷണ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.180/22.03/66056/ACA7-2/2021/ACAD** **അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - Mar Gregorios Abdul Jaleel Arts and Science College, North Paravoor, Ernakulam - BSc Mathematics Model I പ്രോഗ്രാം - 2021-22 അദ്ധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2022-23 അദ്ധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-**

Mar Gregorios Abdul Jaleel Arts and Science College, North Paravoor, Ernakulam-BSc Mathematics Model I പ്രോഗ്രാം 2021-22 അദ്ധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2022-23 അദ്ധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ ടി പ്രോഗ്രാം 2021-22 അദ്ധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2022-23 അദ്ധ്യയനവർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.181 /22.03/21285/AcA7-1/2020** **അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - വാഗമൺ, ഡി. സി. സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി- Bachelor of Fashion Technology (BFT) പ്രോഗ്രാം 2022-2023 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :-**

വാഗമൺ, ഡി.സി. സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി Bachelor of Fashion Technology (BFT) പ്രോഗ്രാം 2022-2023 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിൽ ടി പ്രോഗ്രാം 2022-2023 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.182 /22.03/113399/AC A1-1/2021** **2022-'23 അദ്ധ്യയന വർഷം പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി വിവിധ കോളേജുകൾ നൽകിയ അപേക്ഷ സംബന്ധിച്ച്.**

പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുമ്പോൾ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതിനാൽ സർക്കാരിന്റെ അനുവാദം വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.183/22.03/103892/ACA7-3/2021/ACAD** **അൺ എയ്ഡഡ് - സെൽഫ് ഫിനാൻസിങ് കോളേജുകൾ -SNDP Yogam Arts & Science College, കിഴക്കുപുറം പി. ഓ കുമ്പഴ, B.Sc Computer Science Model III പ്രോഗ്രാം 2022-'23 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

SNDP Yogam Arts & Science College, കിഴക്കുപുറം പി.ഓ കുമ്പഴ, B.Sc Computer Science Model III, പ്രോഗ്രാം 2022-'23 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിന്റെ ടി പ്രോഗ്രാം 2022-'23 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.184/22.03/104846/AC A1-3/2021/ACAD** **ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ് - ബി.എഡ്. ഡിഗ്രി കോഴ്സിന്റെ ഫീസ് വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

ബഹു. കേരള ഹൈക്കോടതിയുടെ WP(C) No.23209/2021, WP(C) No. 23432/2021 കേസുകളിന്മേലുള്ള 09.11.2021 ലെ വിധിന്യായം പ്രകാരം ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിൽ നിന്നും 07.02.2022 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് നമ്പർ:221/2022/HEDN സർവകലാശാലയിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.185/22.03/153868/AC A7-3/2021/ACAD** **ശ്രീ നാരായണ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, പാറത്തോട്, ഇടുക്കി-ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച്-**

ശ്രീ നാരായണ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, പാറത്തോട്, ഇടുക്കി ഉടമസ്ഥാവകാശം മാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് നിയമിതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിനും സർക്കാരിന്റെ അനുമതിക്ക് വിധേയമായി ടി കോളേജിന്റെ ഉടമസ്ഥാവകാശം കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന എസ്.എൻ.ഡി.പി യോഗം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.186/22.03/2813/ACA7-1/2022** **അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - ഗുരുനാരായണ കോളേജ് ഓഫ് ആർട്സ് & സയൻസ്, തൊടുപുഴ -ഉടമസ്ഥാവകാശം മാറ്റുന്നതിനായി സമർപ്പിച്ചഅപേക്ഷ - അന്വേഷണകമ്മീഷൻ റിപ്പോർട്ട് സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്-**

ഇനം പിൻവലിച്ചു.

ഇനംനമ്പർ.187/22.03/170069/EI39SO/2021 **എ പി ജെ അബ്ദുൽകലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷ കൺട്രോളറുടെ ഡിജിറ്റൽ ഒപ്പിട്ട പ്രൊവിഷണൽ സർട്ടിഫിക്കറ്റും കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡും പരീക്ഷാ സംബന്ധമായ പരിശോധനകളിൽ ഒറിജിനലിന് പകരം പരിഗണിക്കുന്നത് സംബന്ധിച്ച്**

എ പി ജെ അബ്ദുൽകലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷ കൺട്രോളറുടെ ഡിജിറ്റൽ ഒപ്പിട്ട പ്രൊവിഷണൽ സർട്ടിഫിക്കറ്റും കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡും പരീക്ഷാ സംബന്ധമായ പരിശോധനകളിൽ ഒറിജിനലിന് പകരം പരിഗണിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ.188/22.03/176865/ACA1-3/2021/ACAD **ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് – ജോലി ആവശ്യങ്ങൾക്കായി ബി. എഡ്. ഡിഗ്രി (Double Optional Subject)യുടെ തത്തുല്യത സംബന്ധമായ ഉത്തരവിന്റെ കാലാവധി നീട്ടിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിൽ നിന്നുള്ള 30.11.2021 തീയതിയിലെ സർക്കാർ ഉത്തരവ്: G.O.(Rt)No.1600/2021/HEDN സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ.189/22.03/172633/ACA1SO/2021/REGSECT **റൈറ്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റിസ് ആക്ട് 2016 പ്രകാരം ലിസ്റ്റ് ചെയ്തിരിക്കുന്ന 21 വിഭാഗം ഭിന്നശേഷിക്കാർക്കും മഹാത്മാഗാന്ധി സർവ്വകലാശാലാ പരീക്ഷകളിൽ ഗ്രേസ് മാർക്ക് ആനുകൂല്യം നൽകേണ്ടതാണെന്ന കോർട്ട് ഓഫ് സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റിസിന്റെ (OP(RPWD) No.3892/S3/2021) – ഉത്തരവ് – സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത്-സംബന്ധിച്ച്:-**

റൈറ്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റിസ് ആക്ട് 2016 പ്രകാരം ലിസ്റ്റ് ചെയ്തിരിക്കുന്ന 21 വിഭാഗം ഭിന്നശേഷിക്കാർക്കും മഹാത്മാഗാന്ധി സർവ്വകലാശാലാ പരീക്ഷകളിൽ ഗ്രേസ് മാർക്ക് ആനുകൂല്യം നൽകേണ്ടതാണെന്ന കോർട്ട് ഓഫ് സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റിസിന്റെ (OP(RPWD) No.3892/S3/2021)-ഉത്തരവ് സംബന്ധിച്ച വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റ് അംഗം, ഡോ. ബാബു മൈക്കിൾ-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ.190/22.03/1064/ACA1/2/2019/REGSECT (PartI) **ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാ പരീക്ഷകളിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ ക്രോഡീകരണം – ഭേദഗതി – 3278/P&DII/2/2009/Adm dtd 1/7/10 എന്ന സർവ്വകലാശാല ഉത്തരവിന്റെ പരിഷ്കരണം – എന്നിവ സംബന്ധിച്ച്:**

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാ പരീക്ഷകളിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ ക്രോഡീകരണം-ഭേദഗതി, 3278/P&DII/2/2009/Adm dtd 1/7/10 എന്ന സർവ്വകലാശാല ഉത്തരവിന്റെ പരിഷ്കരണം എന്നിവ സംബന്ധിച്ച വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റ് അംഗം, ഡോ. ബാബു മൈക്കിൾ-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.191/22.03/23938/P&D1-3/2022** **സർവകലാശാലയിൽ മാധ്യമ പ്രവർത്തന പരിശീലനത്തിനും ഗവേഷണത്തിനുമായി ഒരു പുതിയ സ്റ്റാറ്റ്യൂട്ടറി ബിരുദാനന്തര പഠന വകുപ്പും ഗവേഷണ കേന്ദ്രവും സ്ഥാപിക്കുന്നത് സംബന്ധിച്ച്**

സർവകലാശാലയിൽ മാധ്യമ പ്രവർത്തന പരിശീലനത്തിനും ഗവേഷണത്തിനുമായി ഒരു പുതിയ സ്റ്റാറ്റ്യൂട്ടറി ബിരുദാനന്തര പഠന വകുപ്പും ഗവേഷണ കേന്ദ്രവും സ്ഥാപിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.192/22.03/128210/ACA1-2/2021** **സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമ സഭ സമിതിയുടെ (2019-21) ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകൾ - സർവ്വകലാശാലയിൽ നടപ്പിലാക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത്-സംബന്ധിച്ച്:-**

1. എല്ലാ സർവകലാശാലകളിലും ട്രാൻസ്ജെൻഡർ സ്റ്റുഡന്റ്സ് പോളിസി നടപ്പിലാക്കേണ്ടതാണ്.
2. സർവ്വകലാശാലകളിൽ ട്രാൻസ്ജെൻഡർ ആൻഡ് ഇന്റർസെക്സ് പഠനം, ഗവേഷണം എന്നിവ ആരംഭിക്കണം.
3. നിലവിലെ സ്ത്രീ പഠന വകുപ്പുകൾ ജെൻഡർ പഠന വകുപ്പുകളായി വിപുലപ്പെടുത്തണം.
4. ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള യോഗ്യതയുള്ള വ്യക്തികളെ അധ്യാപകരായി നിയമിക്കണം.

സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും ഭിന്നശേഷി ക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭ സമിതിയുടെ (2019-21) ഇരുപതാമത് റിപ്പോർട്ടിലെ മുകളിൽ പറഞ്ഞിരിക്കുന്ന ശിപാർശകൾ സർവ്വകലാശാലയിൽ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.193/22.03/180116/ACA1-2/2021** **മഹാത്മാഗാന്ധി സർവ്വകലാശാലാ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയിൽ നടത്തപ്പെടുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ പ്രോഗ്രാമിന്റെ ട്യൂഷൻ ഫീസ് പുതുക്കി നിശ്ചയിക്കണമെന്നുള്ള ഡയറക്ടറുടെ ശിപാർശ, സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത്-സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവ്വകലാശാലാ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയിൽ നടത്തപ്പെടുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ പ്രോഗ്രാമിന്റെ ട്യൂഷൻ ഫീസ് 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപ ആയി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.194/22.03/3061/ഐ.ക്യൂ.എ.സി/1/AQAR** **2017-18, 2018-19, 2019-20 വർഷങ്ങളിലെ AQAR (Annual Quality Assurance Report) ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ അംഗീകാരത്തോടെ NAAC ന് സമയബന്ധിതമായി സമർപ്പിച്ചിരുന്ന റിപ്പോർട്ടുകൾ സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത്-സംബന്ധിച്ച്:-**

റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.195/22.03/156023/AD A3-4/2021** **സർക്കാർ നിശ്ചിത ഫീസ് നിശ്ചയിച്ച രേഖകൾ വിവരാവകാശ നിയമപ്രകാരമുള്ള നിരക്കിൽ നൽകണമെന്ന കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവിൽ സ്പഷ്ടീകരണം നൽകുന്നത് – സംബന്ധിച്ച്.**

സർക്കാർ നിശ്ചിത ഫീസ് നിശ്ചയിച്ച് നൽകി വരുന്ന രേഖകൾ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടാലും അത്തരം രേഖകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കി മാത്രമെ അപേക്ഷകർക്ക് നൽകുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.സി.ഡി.എൻ.5/24/21/പൊഭവ. തീയതി: 18.02.2022 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.196/22.03/22523/ADA3/3/2019/ADMIN** **സർവകലാശാലാ ഹെൽത്ത് സെന്ററിലെ ലാബ് ടെക്നീഷ്യന്റെ വേതനം പരിഷ്കരിക്കുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാല ഹെൽത്ത് സെന്ററിലെ ലാബ് ടെക്നീഷ്യന്റെ പ്രതിമാസ വേതനം 24,040/- (ഇരുപത്തിനാലായിരത്തി നാൽപത് രൂപാ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.197/22.03/159235/ADA4-2/2021** **ജീവനക്കാര്യം – വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പരീക്ഷാ വിഭാഗത്തിലേക്ക് സ്ഥലംമാറ്റപ്പെട്ട കമ്പ്യൂട്ടർ അസിസ്റ്റന്റ് – നെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്പ്മെൻറ് സ്റ്റഡീസ് വകുപ്പ്-ൽ തിരികെ നിയമിക്കുന്നത് – സംബന്ധിച്ച്.**

കമ്പ്യൂട്ടർ അസിസ്റ്റന്റ് / ഓഫീസ് സൂപ്രണ്ട് എന്നീ തസ്തികകളിലെ ജീവനക്കാരെ പഠനവകുപ്പുകളിൽ വിന്യസിക്കേണ്ടതില്ല എന്ന സിൻഡിക്കേറ്റ് തീരുമാനം നിലവിലുള്ളതിനാൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്മെന്റ് സ്റ്റഡീസ് വകുപ്പ് മേധാവിയുടെ അപേക്ഷ തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ.198/22.03/10029/AD A5-2/2022** **സ്കൂൾ ഓഫ് മാത്തമാറ്റിക്സ് & സ്റ്റാറ്റിറ്റിക്സ്, സ്കൂൾ ഓഫ് ഡാറ്റ അനലറ്റിക്സ് എന്നീ പഠന വകുപ്പുകളിൽ ഓണററി ഡയറക്ടറായി താൽക്കാലിക കരാർ സേവനത്തിനുള്ള ഡോ. കെ. കെ. ജോസിന്റെ പ്രതിമാസ വേതനം 50,000/- രൂപയാക്കി ഉയർത്തണമെന്ന അപേക്ഷ സംബന്ധിച്ച്**

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് & സ്റ്റാറ്റിറ്റിക്സ്, സ്കൂൾ ഓഫ് ഡാറ്റ അനലറ്റിക്സ് എന്നീ പഠന വകുപ്പുകളിൽ ഓണററി ഡയറക്ടറായി താൽക്കാലിക കരാർ സേവനത്തിനുള്ള ഡോ. കെ. കെ. ജോസിന്റെ പ്രതിമാസ വേതനം 40,000/- (നാൽപ്പതിനായിരം രൂപാ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.199/22.03/24009/ADA3-4/2022/ADMIN** **സർക്കാർ ഓഫീസുകൾക്കായി എടുത്ത സ്വകാര്യ കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്.**

സർക്കാർ ഓഫീസുകൾക്കായി എടുത്ത സ്വകാര്യ കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള പുതുക്കിയ ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(Ms) No. 1/2022/PWD Dated, 10.01.2022 ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.200/22.03/40322/ADA2/2/2019** **സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. രാജേഷ് വി. നായർ–ന്റെ മുൻകാല സർവീസ് പരിഗണിച്ച് ഉയർന്ന പ്രാരംഭ ശമ്പളം സർവകലാശാലയിൽ അനുവദിക്കുന്നതിനും, മുൻകാല സർവീസ് പെൻഷനും മറ്റും പരിഗണിക്കുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം – വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. രാജേഷ് വി. നായർ–ടെ മുൻകാല സേവനം പരിഗണിച്ച് ടിയാന് ഉയർന്ന പ്രാരംഭ ശമ്പളം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.201/22.03/4175/ADA1/1/2019(Part II)** **സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പഠന വകുപ്പുകൾ/സെന്ററുകൾ നടത്തുന്ന പ്രോജക്ടുകൾക്കും പ്രവർത്തനങ്ങൾക്കും ന്യൂഡൽഹി കേന്ദ്രീകരിച്ചുള്ള വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡൽഹിയിൽ നിയോഗിച്ച നോഡൽ/ലെയ്സൺ ഓഫീസറെ പുനർ നിയോഗിക്കുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പഠന വകുപ്പുകൾ/സെൻററുകൾ നടത്തുന്ന പ്രോജക്ടുകൾക്കും പ്രവർത്തനങ്ങൾക്കും ന്യൂഡൽഹി കേന്ദ്രീകരിച്ചുള്ള വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡൽഹിയിൽ നിയോഗിച്ചിരുന്ന നോഡൽ/ലെയ്സൺ ഓഫീസറായിരുന്ന ശ്രീമതി. വിജയകുമാരി ജോയ്സ്–ന്റെ കാലാവധി 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനും, വേതനം തൽക്കാലം വർദ്ധിപ്പിക്കേണ്ടതില്ലയെന്നും, ടിയാരിയുടെ പ്രവർത്തനങ്ങളുടെ വിശദമായ ഒരു റിപ്പോർട്ട് സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.202/22.03/57026/AD A5-3/2020** **സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജി – കോ–ഓർഡിനേറ്റർ തസ്തികയിൽ താൽക്കാലിക കരാർ നിയമനത്തിനുള്ള ഡോ. അനുജ തോമസ് കെ.–യുടെ സേവന കാലയളവ് ദീർഘിപ്പിച്ച് നൽകുന്നത് – സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളോജിയുടെ ഡയറക്ടറായ ഡോ. ജിഷ എം. എസ് –ന്റെ അപേക്ഷ പരിഗണിച്ച് സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിലേയ്ക്ക് ശ്രീമതി. അനുജ തോമസ് കെ–യ്ക്ക് ഒരു വർഷത്തേയ്ക്ക് 30,000/– രൂപ (മുപ്പതിനായിരം രൂപാ മാത്രം) പ്രതിമാസ ശമ്പളത്തിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.203/22.03/182118/ADA3/4/2021/ADMIN** **പലിശരഹിത ചികിത്സാ വായ്പ ഇനത്തിൽ സർക്കാരിലേക്ക് ലഭിക്കാനുള്ള തുക ജീവനക്കാരൻ വിരമിക്കുന്നതിനു മുമ്പ് തിരിച്ചടക്കാത്ത / ക്രമീകരിക്കാത്ത പക്ഷം പ്രസ്തുത തുക ഈടാക്കുന്നതിനുള്ള അനുമതി നൽകി കൊണ്ടുള്ള ഉത്തരവ് – സംബന്ധിച്ച്.**

സർക്കാർ ഉത്തരവ് സ.ഉ.(പി)നം. 164/2021/ധന. തീയതി, 06/12/2021 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.204/22.03/65208/ADA1-1/2020** **കെ.എസ്.ആർ പാർട്ട് III പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്ന സ്ഥാപനങ്ങളിൽ / വകുപ്പുകളിൽ നിന്ന് സര്വ്വശകലാശാലാ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ മുന്കാൽല സേവനം മാത്രമേ പെൻഷൻ ആനുകൂല്യങ്ങള്ക്കു ള്ള അർഹതപ്പെട്ട സേവന കാലമായി ഇനിമേൽ സർവ്വകലാശാലയിൽ പരിഗണിക്കുകയുള്ളൂ എന്ന വിഷയത്തിൽ ശുപാർശകൾ നൽകുന്നത് – സംബന്ധിച്ച്**

കെ.എസ്.ആർ പാർട്ട് III പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്ന സ്ഥാപനങ്ങളിൽ/വകുപ്പുകളിൽ നിന്ന് സർവ്വകലാശാലാ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ മുൻകാല സേവനം മാത്രം പെൻഷൻ അനുകൂല്യങ്ങൾക്കുള്ള അർഹതപ്പെട്ട സേവനകാലമായി പരിഗണിച്ചാൽ മതിയെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ.205/22.03/20792/ADA1-1/2022** **ഡോ. ബി. ആർ. അംബേദ്കറുടെ ജന്മദിനം സർവ്വകലാശാല ഔദ്യോഗികമായി ആഘോഷിക്കുന്നതുമായി ബന്ധപ്പെട്ട് എസ്.സി./എസ്.ടി. എംപ്ലോയീസ് ഫോറം സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

ഡോ. ബി. ആർ. അംബേദ്കറുടെ ജന്മദിനം സർവ്വകലാശാല ഔദ്യോഗികമായി ആഘോഷിക്കുന്നതിനും, ആയതിലേക്ക് അക്കാഡമിക് അഫയേഴ്സ് ഉപസമിതി കൺവീനറെ ചുമതലപ്പെടുത്തുന്നതിനും സർവ്വകലാശാല ബഡ്ജറ്റിൽ ഇതിനായി 50,000/- (അൻപതിനായിരം രൂപാ മാത്രം) രൂപ ഉൾക്കൊള്ളി ക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.206/22.03/AdAII/1/1695/98/Admn(PartI)** **സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫസറായ ഡോ. ജ്യോതിസ് മാത്യുവിന്റെ റീഡർ, പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സംബന്ധിച്ച് KSAD യുടെ തടസ്സവാദം– സിൻഡിക്കേറ്റ് തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :**

പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. വർഗീസ് കെ ചെറിയാൻ, ഡോ.എ. ജോസ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുന്നു.

**ഇനംനമ്പർ.207/22.03/210011** **ശ്രീ പുഷ്പാംഗദൻ സി. കെ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ (റിട്ട) – തെറ്റായ ശമ്പള നിർണ്ണയത്താൽ അധികമായി നൽകിയ തുക – തിരികെ ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്നുള്ള അപേക്ഷ സംബന്ധിച്ച്**

ശ്രീ പുഷ്പാംഗദൻ സി. കെ –യ്ക്ക് തെറ്റായ ശമ്പള നിർണ്ണയത്താൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്നവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

1. 22.01.2022 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിലെ ഇനം നമ്പർ : 133/22.01/22183/ AD A10–2/20 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ പുഷ്പാംഗദൻ സി. കെ–യ്ക്ക് തെറ്റായി ഇൻക്രിമെന്റ് നല്കിയതുമൂലം അധികമായി ശമ്പളയിനത്തിൽ നൽകിയ തുക തിരികെ ഈടാക്കുന്നത് ഒഴിവാക്കി നൽകുന്നതിനു തീരുമാനിച്ചു.

2. കെ.എസ്.ആർ ചട്ട പ്രകാരം വിരമിക്കുന്നതിന് 5 വർഷം മുൻപ് അതുവരെയുള്ള സേവന കാലയളവിലെ ശമ്പള നിർണ്ണയത്തിലൂടെയുണ്ടാകുന്ന അപാകതകൾ പരിശോധിക്കുവാൻ ബന്ധപ്പെട്ട സെക്ഷൻ ബാധ്യതപ്പെട്ടിരിക്കുന്നതിനാൽ, ഇതിന് വിപരീതമായി ഉണ്ടാകുന്ന സംഭവങ്ങൾ മൂലം സർവ്വകലാശാലയ്ക്കുണ്ടാകുന്ന ബാധ്യതകൾ ബന്ധപ്പെട്ട സെക്ഷനിലെ ജീവനക്കാരുടെ ബാധ്യതയായി കണക്കാക്കുന്നതിനു തീരുമാനിച്ചു.

**ഇനംനമ്പർ.208/22.03/63270/DR (ESTATE)/2021/AD B 3** **Unisex, Disabled വിഭാഗത്തിലുള്ളവർക്കായി സർവ്വകലാശാലയിൽ ശുചിമുറികൾ സ്ഥാപിക്കുന്ന തുമായി ബന്ധപ്പെട്ട്**

Unisex, Disabled വിഭാഗത്തിലുള്ളവർക്കായി സർവ്വകലാശാലയിൽ ശുചിമുറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മാർഗ്ഗരേഖ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.209/22.03/87430/ADA7-2/2021** **സർവ്വകലാശാലയിൽ പുതിയ സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച സെനറ്റ് തീരുമാനം –സാധ്യതാപഠനം നടത്തുന്നത് സംബന്ധിച്ച് .**

വിശദമായ പഠനത്തിനായി ഫയൽ മാറ്റി വയ്ക്കാൻ തീരുമാനിച്ചു.

**ഇനംനമ്പർ.210/22.03/22992/P&D1/1/2019** **സ്കൂൾ ഓഫ് കെമിക്കൽ സയൻസസിനുള്ള പി. ജി. ലാബ് കെട്ടിട നിർമ്മാണം– ആർക്കിടെക്ച്വറൽ കൺസൾട്ടൻസി Bharath Engineering Innovation Design & Consultancy Pvt Ltd, Kochi എന്ന സ്ഥാപനത്തെ ഏൽപ്പിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്തുകൊണ്ടുള്ളബോർഡ് ഓഫ് അസസ്സ്മെന്റിന്റെ റിപ്പോർട്ട്, ടി സ്ഥാപനം സമർപ്പിച്ചിട്ടുള്ള ഫിനാൻഷ്യൽ ബിഡ് എന്നിവ അംഗീകരിക്കുന്ന വിഷയം– സിൻഡിക്കേറ്റ് പ്രതിനിധി Board of Assessors–ൽ ഇല്ലാത്തതിന്റെ വിശദീകരണം സഹിതം ഫയൽ പുനർസമർപ്പിക്കുന്നത് –സംബന്ധിച്ച് :–**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പി. ജി. ലാബ് കെട്ടിടത്തിന്റെ ആർക്കിടെക്ച്വറൽ കൺസൾട്ടൻസി ആയി Bharath Engineering Innovation Design & Consultancy Pvt Ltd, Kochi-യെ ശുപാർശ ചെയ്തു കൊണ്ടുള്ള ബോർഡ് ഓഫ് അസ്സോസിയേഴ്സ്-ന്റെ റിപ്പോർട്ട്,

ടി പ്രവൃത്തിയ്ക്കായി പ്രസ്തുത സ്ഥാപനം സമർപ്പിച്ചിട്ടുള്ള ഫിനാൻഷ്യൽ ബിഡ് എന്നിവ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.211/22.03/110820/ADA7-3/2021** **കേന്ദ്രീകൃതഓൺലൈൻ പരീക്ഷ കേന്ദ്രത്തിനായി അനുവദിച്ച കെട്ടിടത്തിൽപ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫീസ് പരീക്ഷ വിഭാഗത്തിലേക്ക് മാറ്റുന്നതിന്റെ സാധ്യതകൾ പരിശോധിച്ച ബഹു. സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസ് റിപ്പോർട്ട് സംബന്ധിച്ച് സമർപ്പിച്ച :**

കേന്ദ്രീകൃത ഓൺലൈൻ പരീക്ഷ കേന്ദ്രത്തിനായി അനുവദിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫീസ് പരീക്ഷ വിഭാഗത്തിലേക്ക് മാറ്റുന്നതിന്റെ സാധ്യതകൾ പരിശോധിച്ച സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസ് സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, suggession 1 നടപ്പാക്കാനും, suggessions 2, 3, 4 എന്നിവ പിന്നീട് ആലോചിച്ച ശേഷം നടപ്പാക്കാനും തീരുമാനിച്ചു.

**ഇനംനമ്പർ.212/22.03/26402/ADB1/2/2019** **സർവ്വകലാശാലയിൽ പ്രവർത്തിച്ചു വരുന്ന ലഘു ഭക്ഷണശാലകളുടെ വാടകയും ഡെപ്പോസിറ്റും ലാൻഡ് ഏരിയ അടിസ്ഥാനത്തിൽ പുനഃനിർണ്ണയിക്കുന്നത് – സംബന്ധിച്ച്**

1. 2021 ഡിസംബർ 31 വരെ കാമ്പസിൽ പ്രവർത്തിക്കുന്ന എല്ലാ കിയോസ്ക്കുടമകളിൽ നിന്നും ലാൻഡ് ഏരിയ അടിസ്ഥാനത്തിൽ നിർണ്ണയിച്ചപ്പോഴുള്ള വാടകയോ/ ടി പരിഷ്കാരത്തിന് മുൻപ് ഈടാക്കിയിരുന്ന വാടകയോ–ഇതിൽ ഏതാണോ കുറവ് , ആയതു ഈടാക്കി കുടിശിക തീർപ്പാക്കാൻ അനുവദിക്കുന്നതിനും,

2. 2022 ജനുവരി മുതൽ കിയോസ്കുകളുടെ മാസവാടക/സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കേണ്ട നിരക്ക് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സ.ഉ.നം.343/ ADB1/2021/തീയതി 15.01.2021 പ്രകാരം ലാൻഡ് ഏരിയ അടിസ്ഥാനത്തിൽ വാടക/സെക്യൂരിറ്റി ഡെപ്പോസിറ്റ് പരിഷ്കരിച്ച തീരുമാനത്തിന് 2022 ജനുവരി മുതൽ പ്രാബല്യം നൽകികൊണ്ട് നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.213/22.03/71962/P&D1/2021** **സർവകലാശാലയുടെ ഇന്റർനാഷണൽ ക്യാംപസ് പദ്ധതിക്ക് അനുയോജ്യമായ 300 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടശ്രീ . രാജു എബ്രഹാം MLA നൽകിയ കത്ത്– സംബന്ധിച്ച്**

വിശദമായ പഠനത്തിനായി ഫയൽ മാറ്റി വയ്ക്കാൻ തീരുമാനിച്ചു.

**ഇനംനമ്പർ.214/22.03/65921/AC A1-3/2021/Part I** **സിപാസിന്റെ കീഴിലുള്ള ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളിൽ നടത്തപ്പെടുന്ന പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2021–22 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സിപാസിന്റെ കീഴിലുള്ള ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളിൽ നടത്തപ്പെടുന്ന പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2021–22 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള പ്രോഗ്രാമിന്റെ അഫിലിയേഷൻ 2021–22 അധ്യയന വർഷം തുടരുന്നതിനും തീരുമാനിച്ചു.

| Sl No. | Name of College | Programme | Report of Inspection Commission |
|---|---|---|---|
| 1. | College of Teacher Education, Kudamaloor | B.Ed | Favourable Recommendation |

**ഇനംനമ്പർ.215/22.03/26009/AC A7-1/2022** **അൺ എയ്ഡഡ് /സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ– ഏറ്റുമാനൂരപ്പൻ കോളേജ്, ചൂരകുളങ്ങര, ഏറ്റുമാനൂർ–B.Sc. Mathematics Model l പ്രോഗ്രാം 2021 –'22 അദ്ധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2022–'23 അദ്ധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:–**

ഏറ്റുമാനൂരപ്പൻ കോളേജ്, ചൂരകുളങ്ങര, ഏറ്റുമാനൂർ–B.Sc. Mathematics Model l പ്രോഗ്രാം 2021–'22 അദ്ധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2022–'23 അദ്ധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ ടി പ്രോഗ്രാം 2021–'22 അദ്ധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2022–'23 അദ്ധ്യയനവർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.216/22.03/154809/ACA1-3/2021**(PartI) **സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളുടെ താൽകാലിക അഫിലിയേഷൻ 2021–22 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളുടെ താൽകാലിക അഫിലി യേഷൻ തുടരുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാസമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള പ്രോഗ്രാമുകളുടെ താൽകാലിക അഫിലിയേഷൻ 2021–'22 അദ്ധ്യയന വർഷം നീട്ടി നൽകുന്നതിനും തീരുമാനിച്ചു.

| Sl No. | Name of College | Programme | Report of Inspection Commission |
|---|---|---|---|
| 1 | National College For Teacher Education, Vengola, Perumbavoor | B.Ed<br>M.Ed | Favourable Recommendation |

**ഇനംനമ്പർ.217/22.03/65921/ACA1-3/2021** **സിപാസിന്റെ കീഴിലുള്ള ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളിൽ നടത്തപ്പെടുന്ന പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2021–22 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സിപാസിന്റെ കീഴിലുള്ള ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളിൽ നടത്തപ്പെടുന്ന പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2021–22 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള കോളേജുകളിലെ പ്രോഗ്രാമുകളുടെ അഫിലിയേഷൻ 2021–22 അധ്യയന വർഷം തുടരുന്നതിനും തീരുമാനിച്ചു.

| Sl No. | Name of College | Programme | Report of Inspection Commission |
|---|---|---|---|
| 1. | College of Teacher Education, Kanjirappally | B.Ed | Favourable Recommendation |
| 2. | College of Teacher Education, | B.Ed | –do– |

| | Nedumkandam | | |
|---|---|---|---|

**ഇനംനമ്പർ.218/22.03/23918/ACA1-3/2022** **ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ് - ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപകരുടെ വസ്ത്രധാരണ രീതിയുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവ് സർവകലാശാലയിൽ എൻഡോഴ്സ് ചെയ്യുന്നത് - സംബന്ധിച്ച്:-**

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപകരുടെ വസ്ത്രധാരണ രീതിയുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവ് സ.ഉ.(സാധാ).നം.1505/2021/ഉ.വി.വ. തീയതി 12.11.2021 സർവകലാശാലയിൽ എൻഡോഴ്സ് ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.219/22.03/46580/ACA7/3/2019** **സെന്റ് ജോൺസ് കോളേജ്, പ്രക്കാനം, ബി.കോം ഫിനാന്സ്/ ആന്ഡ് ടാക്സേഷൻ, ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷന് എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടറി തീയതിയ്ക്കകം മതിയായ ഫീസടച്ച് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

സെൻറ് ജോൺസ് കോളേജ്, പ്രക്കാനം,ബി.കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ, ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷന് എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ സ്ഥല സൗകര്യങ്ങൾ, പഠന ഭൗതികസാഹചര്യങ്ങൾ, മുൻപുണ്ടായിരുന്ന കോഴ്സുകളുടെ നിലവിലെ സ്ഥിതി, എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. എ. ജോസ് (സിൻഡിക്കേറ്റ് അംഗം)-നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.01/22.03/39608/AdA1-1/2022** **അസിസ്റ്റന്റ്/കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

സർവകലാശാല അസിസ്റ്റൻറ്/കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ 2022 ഏപ്രിൽ 1 വരെയുള്ള ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.02/22.03/53339/ADA3/4/2022/ADMIN** **2022-23 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി വിൽപ്പന (Periodical surrender of earned leave) മാറ്റിവച്ചത് - സംബന്ധിച്ച്.**

സർക്കാർ ഉത്തരവ് GO(P)No.39/2022/Fin Dated, 30.03.2022 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ: ഒ.എ.03/22.03** **Awarding of Ph.D. Degree – reg:-**

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.

Further resolved to award the Degree of Doctor of Philosophy, to all the candidates whose files are submitted to the Syndicate till 08.04.2022, in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 43886/EB 10-1/2020/EB 10 | Smt. Bincy K. Jose<br>Pulimchumavil (H),<br>Kulathur P.O,<br>Pathanamthitta - 689 588. | Dr. Vincent G<br>Associate Professor<br>Department of Electrical Engineering<br>RIT , Kottayam. | Electrical Engineering / Engineering and Technology | Investigations in grid integrated PV systems and efficient energy harvesting under partially shaded conditions |
| 2 | 11908/EB 10/2/2020/EB 10 | Sri. Chacko Joseph Adayady<br>Edayady (H)<br>Moncompu P.O.<br>Alappuzha - 686 502. | Prof. Dr. Jyoti Harindran<br>Principal<br>Dept. of Pharmaceutical Sciences<br>Centre for Professional & Advanced Studies<br>Cheruvandoor, Ettumanoor<br>Kottayam - 686 631. | Pharmacy/ Modern Medicine | FORMULATION AND EVALUATION OF CHRONOTHERAPEUTIC DRUG DELIVERY SYSTEM FOR BRONCHIAL ASTHMA |
| 3 | 42972/EB 10-2/2021/EB 10 | Smt. Mahalaxmi N<br>Swamy Nivas,<br>Manganam P. O.,<br>Kottayam- 686018. | Dr. E. V. Ramasamy<br>Professor, School of Environmental Sciences, Mahatma Gandhi University, Kottayam. | Environmental Science (Biotechnology) /Environmental and Atmospheric Sciences | SYNTHESIS AND CHARACTERISATION OF PLANT BASED NANOPARTICLES FOR REMEDIATION OF WASTEWATER |
| 4 | 117584/EB 14-2/2021/EB 14 | Smt.Shaharban U H<br>Ullattil House<br>Elamakkara P O<br>Ernakulam<br>Pin-682026 | Dr.Ambika A Nair<br>Research Supervisor<br>PG & Research Dept.of Malayalam<br>Maharajas College<br>Ernakulam -682011 | Malayalam/ Language & Literature | ഗീതാഹിരണ്യന്റെയും കെ.ആർ മീരയുടെയും ചെറുകഥകൾ - മനോവിശ്ലേഷണ പഠനം |
| 5 | EBXIV/1/PhD /76/2019 | Sri.Jikku Kurien<br>Moolayil (H)<br>Cheeranchira<br>Kottayam-686 106 | Dr.Aniyankunju P.C<br>Research Guide in Economics<br>Mahatma Gandhi University<br>(Centre:S.B.College Changanacherry) | Economics/ Social Sciences | COLLECTIVE ACTION, COMMONS AND SUB-SEA LEVEL WETLAND FARMING IN KERALA, A SOCIO - ECOLOGICAL ANALYSIS |
| 6 | 119439/EB 10-2/2021/EB 10 | Sri. Sujesh M.<br>Sarada Sadan(H),<br>Cheruppa p.o.,<br>Calicut-673 661. | Prof. Dr. Jyoti Harindran<br>Principal<br>Dept. of Pharmaceutical Sciences, Centre for Professional & Advanced Studies<br>Cheruvandoor, | Pharmacy/ Modern Medicine | PHYTOCHEMICAL EVALUATION AND ANTIFERTILITY STUDIES ON CYCLEA SPECIES |

| | | | | | |
|---|---|---|---|---|---|
| | | | Ettumanoor<br>Kottayam - 686 631. | | |
| 7 | 106604/EB 10-2/2021/EB 10 | Smt. Joshyja Jose<br>Edathumparambil House<br>Veloor P. O.<br>Kottayam - 686 003 | Dr. Biju M. K.<br>Assistant Professor & Supervising Teacher,<br>School of Management & Business Studies,<br>Mahatma Gandhi University,<br>Kottayam | Management Studies / Management Sciences | A STUDY ON THE FACTORS INFLUENCING THE CONSUMERS BUYING BEHAVIOUR WITH SPECIAL REFERENCE TO THE ORGANIC FOOD PRODUCT BRANDS IN KERALA STATE |
| 8 | 62344/EB 10-2/2021/EB 10 | Smt. Letha P. Cheriyan<br>Puthuchira<br>Kuttappuzha P. O.<br>Tiruvalla - 689 103<br>Pathanamthitta. | Dr. Manu Oommen<br>Research Guide,<br>Department of Zoology,<br>Catholicate College,<br>Pathanamthitta. | Zoology/ Science | A molecular approach to the study of fish diversity of Meenachil River, Kerala |
| 9 | 86901/EB 10-2/2021/EB 10 | Smt. Blessy Joseph<br>Madathil Parambil<br>Punnamoodu<br>Mavelikara P. O.<br>Alappuzha - 690 101. | Dr. Sabu Thomas<br>Vice Chancellor,<br>Mahatma Gandhi University,<br>Priyadarsini Hills P. O.,<br>Kottayam<br><br><u>Co- Guide</u><br>1)Dr. K. Jayachandran<br>Professor,<br>School of Biosciences,<br>Mahatma Gandhi University,<br>Kottayam.<br>2)Dr. Nandakumar Kalarikkal<br>Director<br>IIUCNN Mahatma Gandhi University<br>Kottayam. | Biotechnology and Biochemical Engineering (Nanoscience and Nano technology) / Technology and Applied Sciences | ENGINEERING OF POLYMER COMPOSITES FOR BIOMEDICAL APPLICATIONS |
| 10 | 99698/EB 14-2/2021/EB 14 | Smt.Arathy A<br>Alappattu (H)<br>Kidangoor P O<br>Kottayam - 686572 | Dr.Jobin Jose Chamakkala<br>Assistant Professor & Research Guide<br>Department of Malayalam | Malayalam / Language & Literature | പുരാവൃത്തവും മലയാള സിനിമയും : ഒരു വടക്കൻ വീരഗാഥ, പെരുന്തച്ചൻ, ദയ, വൈശാലി, എന്നീ തിരക്കഥകളെ |

| | | | | | |
|---|---|---|---|---|---|
| | | | Devamatha College<br>Kuravilangad P O<br>Kottayam -686633 | | ആസ്പദമാക്കി ഒരു<br>പഠനം |
| 11 | EBXIV/2/PH<br>D/71/2019 | Sri.GIRISH M C<br>Mechery House<br>Edavilangu<br>Thrissur - 680 671. | Dr. Reji M A<br>Associate Professor &<br>Research Guide,<br>Research & PG<br>Department of<br>Commerce<br>St. Peters College,<br>Kolenchery, 682 311. | Commerce<br>/ Commerce | A STUDY ON<br>SERVICE QUALITY<br>AND CUSTOMER<br>PERCEPTIONS OF<br>INDIAN TELECOM<br>INDUSTRY WITH<br>SPECIAL<br>REFERENCE TO<br>KERALA |
| 12 | 1898/EB 14-<br>1/2021/EB 14 | Smt.Smitha R<br>Kunnath (H)<br>Velur<br>Thrissur-680 601 | Dr. Rejimon P M<br>Assistant Professor<br>Department of<br>Economics<br>M.D.College, Pazhanji,<br>Thrissur<br>(Research Guide-<br>U.C.College Aluva | Economics/<br>Social Sciences | EMPLOYMENT IN<br>UNORGANISED<br>SECTOR AMONG<br>EDUCATED<br>SCHEDULED<br>CASTE WOMEN IN<br>KERALA - WITH<br>SPECIAL<br>REFERENCE TO<br>THRISSUR<br>DISTRICT |
| 13 | 61364/EB 14-<br>3/2020/EB 14 | Smt. DIVYA JAMES<br>Pulthakidiyel (H)<br>Muvattupuzha<br>Ernakulam - 686 661 | Dr. G. S Gireesh Kumar<br>Research Supervisor,<br>Dept. of Commerce,<br>Nirmala College,<br>Muvattupuzha - 686<br>661. | Commerce<br>/ Commerce | AN EMPIRICAL<br>STUDY ON<br>WEBSITE BASED<br>DISCLOSURE BY<br>LISTED<br>COMPANIES IN<br>INDIA |
| 14 | EBXIV/1/PhD<br>/57/2019 | Smt.Jewel John<br>Alappatt<br>Alappatt House<br>Near CARS India<br>Chalakudy-680 307 | Dr.T.M.Joseph<br>Research Supervisor<br>SGTDS, Mahatma<br>Gandhi University,<br>Kottayam, Kerala-686<br>560 | Gandhian<br>Studies (Political<br>Science ) /<br>Social Sciences | "Protection of<br>Women's Rights in<br>Kerala - A Study of<br>Jaagratha Samithis in<br>Thrissur District" |
| 15 | 57486/EB 14-<br>2/2020/EB<br>14 | Smt.Shanti C Y<br>Chamakkattu House<br>East Morakkala<br>Ernakulam -683565 | Dr.Muse Mary George<br>Associate Professor<br>Department of<br>Malayalam<br>UC College<br>Aluva | Malayalam<br>/ Language &<br>Literature | കുറ്റാന്വേഷണ മലയാള<br>സിനിമകളിലെ<br>ലൈംഗികതയുടെ<br>പ്രതിനിധാനം 1980<br>മുതൽ 2010 വരെയുള്ള<br>മലയാള കുറ്റാന്വേഷണ<br>സിനിമകളെ<br>ആധാരമാക്കിയു<br>ള്ള പഠനം |
| 16 | 164314/EB 10-<br>2/2021/EB 10 | Smt. Roshni P. R.<br>Puthuparampil<br>Karapuzha<br>Kottayam –<br>686 003. | Dr. E. Sulaiman<br>Professor & Head of<br>the Department<br>School of Management<br>and Business Studies<br>Mahatma Gandhi<br>University,<br>Kottayam. | Management<br>Studies/<br>Management<br>Sciences | A COMPARATIVE<br>STUDY ON THE<br>PERFORMANCE OF<br>GOLD EXCHANGE<br>TRADED FUNDS<br>WITH INDEX<br>FUNDS IN INDIA |
| 17 | 164875/EB 14-<br>1/2021/EB 14 | Sri.Akah Lawrence<br>Ph.D Scholar<br>School of | Prof. Girish Kumar R<br>Department of Political<br>Science | International<br>Relations and<br>Politics/ | TRANSITIONAL<br>JUSTICE IN<br>NIGERIA : |

| | | | | | |
|---|---|---|---|---|---|
| | | International Relations and Politics<br>Mahatma Gandhi University, Kottayam | University of Kerala, Kariavattom Campus (Research Guide School of International Relations and Politics Mahatma Gandhi University, Kottayam)<br><br>**Co-Guide**<br>Dr.A M Thomas<br>Co-Research Supervisor<br>School of International Relations and Politics<br>Mahatma Gandhi University, Kottayam | Social Sciences | PRESIDENCY UNDER MUHAMMADU BUHARI (2015-19) |
| 18 | 69011/EB 14-2/2021/EB 14 | Smt.Teena T Elizabeth<br>Kollamparambil<br>Keezhuvaipur P O<br>Mallapally<br>Pathanamthitta -689 587 | Dr.G Koshy<br>Associate Professor (Rtd)<br>Department of English<br>Mar Thoma College ,Tiruvalla Kerala - 689103 | English / Language & Literature | The Mapping of Space and the Aesthetics of Waste: An Inquiry Into T. S. Eliot's Poetry |
| 19 | 118418/EB 10-1/2021/EB 10 | Smt. Shereena V B.<br>Mansion A- 6<br>K.N. Arcade, Kelamangalath Cr. Road, SRM Road,<br>Ernakulam - 682 012. | Dr. G. Raju<br>Dept. of Computer Science & Engg<br>CHRIST(Deemed to be University)<br>Kumbalagod P.O<br>Bengalauru- 560 074 | Computer Science / Science | Medical Image Enhancement and Analysis- A Frame work |
| 20 | 103291/EB 10-1/2021/EB 10 | Smt. Neetha Rachel John.<br>Kovoor Thekkekara,<br>Chumathra P.O,<br>Thiruvalla<br>Pathanamthitta.689 103 | Dr. Abraham K.E<br>Associate Professor,<br>Department of Physics<br>S.B College,<br>Changanassery - 686 101. | Physics / Science | Synthesis and Fabrication of Nanostructured Trimanganese Tetraoxide sensor and its Applications. |
| 21 | 62187/EB 10-2/2021/ACAD | Sri. Arun Sasi S.<br>Arun Nivas<br>Kallelly Thottam P. O.<br>Vayakkara<br>Pathanamthitta - 689 691 | Dr. Mahesh Mohan<br>Assistant Professor,<br>School of Environmental Sciences,<br>Mahatma Gandhi University,<br>Kottayam, Kerala. | Environmental Sciences (Botany) /Environmental and Atmospheric Sciences | Ethnobiological Studies of Forest Dwellers: A Case of Malai Pandaram in the Southern Western Ghats |
| 22 | 118798/EB 10-1/2021/EB 10 | Smt. Seenamol K. Stephen.<br>Thekkilakkattu (H)<br>Devamatha Road<br>Koothattukulam - 686 662 | Dr. Thomas Varghese<br>Research Guide,<br>Department of Physics<br>Newman College,<br>Thodupuzha. | Physics / Science | Synthesis and Characterization of pristine and doped nanocrystalline $BaWO_4$ |
| 23 | 68991/EB 10-3/2021/EB 10 | Smt. Padinjarakavil Soumya<br>Padinjarakavil,<br>Eravinalloor, | Dr. Jayachandran K<br>Professor<br>School of Biosciences,<br>Mahatma Gandhi | Biotechnology / Science | Production of Esterases by Soil Bacteria and its |

| | | | | | |
|---|---|---|---|---|---|
| | | Kottayam - 686 011. | University, Kottayam. | | Characterisation |
| 24 | 130896/EB 10-3/2021/EB 10 | Smt. Deepthi R. Murali<br>Panayil Puthen Veedu<br>Nedumpana P.O<br>Kollam- 691 576 | Prof. (Dr.) A.S. Padmanabhan<br>Retired Faculty,<br>School of Chemical Sciences,<br>Mahatma Gandhi University,<br>Kottayam. | Chemistry/ Science | STATISTICAL MECHANICS OF CONDENSATION POLYMERIZATION |
| 25 | 4441/EB 10/1/2020/EB 10 | Smt. Navya S.L.<br>Mavuvila<br>H.No.CC 29/1986C<br>ST. Antony Road<br>Thykoodam,<br>Ernakulam - 682 019 | Dr. N. Shaji<br>Department of Physics<br>Maharaja's College,<br>Ernakulam - 682011 | Physics / Science | Protection of quantum states against decoherence |

**ഇനംനമ്പർ: ഒ.എ്.04/22.03/ 10642/P&D 2/3/2019/VC SECTION** **DST PURSE PROGRAMME COORDINATOR Dr. കീർത്തി T. R. പ്രോഗ്രാം നടത്തിപ്പിനായി സാമ്പത്തിക സഹായം ആവശ്യപ്പെട്ട് കൊണ്ട് സർവകലാശാലക്ക് സമർപ്പിച്ച കത്ത് – വിശദാംശങ്ങൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

DST PURSE PROGRAMME CO-ORDINATOR Dr. Keerthy T. R - ന്, ടി പ്രോഗ്രാമിന്റെ ഏപ്രിൽ 2020 മുതൽ ഫെബ്രുവരി 2021 വരെയുള്ള കാലയളവിലെ പ്രോജക്ട് ഫെലോസിന്റേയും ടെക്നിക്കൽ അസ്സിസ്റ്റന്റ്സിന്റെയും ശമ്പളം നൽകുന്നതിനായി സർവ്വകലാശാല ഫണ്ടിൽ നിന്നും തുക മുൻകൂറായി നൽകുന്നതിനും ടി തുക DST-യിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് DST Purse Programme Co-ordinator -നെ ചുമതലപ്പെടുത്തുന്നതിനും, ടി പ്രോജക്ട് കാലാവധിക്കുള്ളിൽ പ്രോജക്ട് അവസാനിക്കാതിരുന്നത് സംബന്ധിച്ച് പ്രോഗ്രാം കോ-ഓർഡിനേറ്ററിൽ നിന്നും വിശദീകരണം വാങ്ങുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.05/22.03** **സെൻറ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SEERI), കോട്ടയം സർവ്വകലാശാലയിലേക്ക് ഒടുക്കേണ്ട ഫീസുകളെ സംബന്ധിച്ചുള്ള ശുപാർശകൾ – സംബന്ധിച്ച്**

സെൻറ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SEERI), കോട്ടയം, എം എ സിറിയക് പ്രോഗ്രാമിനായി 2022-23 അദ്ധ്യയന വർഷം മുതൽ സർവ്വകലാശാലയിലേക്ക് ഒടുക്കേണ്ടതായ ഫീസിനെക്കുറിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചു നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

1. എം എ സിറിയക് പ്രോഗ്രാമിനുള്ള വാർഷിക ഫീസ് കാലാകാലങ്ങളിൽ സ്വാശ്രയ എം എ പ്രോഗ്രാമുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഫീസായിരിക്കും ബാധകമാകുക. ഇത്തരത്തിൽ ലഭിക്കുന്ന ഫീസിൻെറ 70% റീജിയണൽ കേന്ദ്രത്തിനും 30% സർവ്വകലാശാലക്കുമായിരിക്കും. ഇതിനായി വിദ്യാർത്ഥികൾ

മൊത്തം തുക റീജിയണൽ കേന്ദ്രത്തിലേക്ക് പ്രവേശന സമയത്ത്/സെമസ്റ്റർ ആരംഭത്തിൽ ഒടുക്കേണ്ടതും തുടർന്ന് സർവ്വകലാശാലക്ക് അവകാശപ്പെട്ട 30% തുക റീജിയണൽ കേന്ദ്രം നൽകേണ്ടതുമാണ്.

2. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി സർവ്വകലാശാലക്ക് ഒടുക്കേണ്ടതായ "ഫീ ഡ്യു റ്റു യൂണിവേഴ്സിറ്റി" (സ്റ്റുഡൻറ്സ് ഇൻഷുറൻസ് പ്രീമിയം, സ്പോർട്സ് അഫിലിയേഷൻ ഫീ, സ്റ്റുഡൻറ്സ് വെൽഫെയർ ഫണ്ട്, യൂണിവേഴ്സിറ്റി യൂണിയൻ ഫീ) യും വർഷാ-വർഷം പ്രസ്തുത കേന്ദ്രം സർവ്വകലാശാലയിൽ ഒടുക്കേണ്ടതാണ്.
3. റീജിയണൽ കേന്ദ്രത്തിൻെറ മറ്റ് ഭരണപരവും അക്കാദമികപരവുമായ എല്ലാ ചെലവുകളും ടി കേന്ദ്രത്തിൻെറ ചുമതലയായിരിക്കും.

**ഇനംനമ്പർ:ഒ.എ്.06/22.03** **യൂണിവേഴ്സിറ്റി മാനേജ്മെൻറ് സിസ്റ്റം – സർവ്വകലാശാലക്കായുള്ള സമ്പൂർണ്ണ സോഫ്റ്റ് വെയർ സൊല്യൂഷൻ – നടപ്പിലാക്കുന്നത് – അനുമതി – സംബന്ധിച്ച്**

ഐ റ്റി പോളിസിയുടെ ഭാഗമായി സർവ്വകലാശാലയിലെ എല്ലാ സേവനങ്ങളും ഭരണപരമായ പ്രവർത്തനങ്ങളും പൂർണ്ണമായും ഓൺലൈനാക്കുന്നതിൻെറ ഭാഗമായി 'ഇൻ ഹൗസ്' ആയി യൂണിവേഴ്സിറ്റി മാനേജ്മെൻറ് സിസ്റ്റം വികസിപ്പിക്കേണ്ടതിനായി ഐ റ്റി സെല്ലിനു കീഴിൽ ഒരു ടീമിനെ നിയോഗിക്കേണ്ടതിനാൽ താഴെപ്പറയുന്ന ഘടനയിലുള്ള ടീമിനെ യൂണിവേഴ്സിറ്റി മാനേജ്മെൻറ് സിസ്റ്റം 'ഇൻ ഹൗസ്' ആയി വികസിപ്പിക്കുന്നതിനു അനുമതി നൽകുന്നതിനു **തീരുമാനിച്ചു.**

1. ടെക്നിക്കൽ ആർക്കിടെക്റ്റ്സ് – 2 (കൺസൾട്ടിംഗ് റോൾ)
2. ടീം ലീഡ് – 1
3. സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ – 2
4. ടെസ്റ്റർ – 1

മേൽ ഘടനയിലുള്ള ടീം 6 മാസം മുതൽ ഒരു വർഷ കാലയളവിൽ പ്രസ്തുത സോഫ്റ്റ് വെയർ തയ്യാറാക്കി പ്രവർത്തന യോഗ്യമാക്കുന്നതിനും നിഷ്കർഷിക്കുന്നു.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ അദ്ധ്യാപകരെ സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങളടങ്ങിയ ടീച്ചേർസ് പോർട്ടൽ തയ്യാറാക്കി സോഴ്സ് കോഡ് സഹിതം സർവ്വകലാശാലക്ക് കൈമാറുന്നതിനു വർക്കിംഗ് അവേഴ്സ് അടിസ്ഥാനത്തിൽ ഏകദേശം 50000/- രൂപ ചെലവിൽ പ്രൊജക്ട് ബാഹ്യ ഏജൻസിയെ ഏൽപ്പിക്കുന്നതിനും **തീരുമാനിച്ചു.**

**ഇനംനമ്പർ:ഒ.എ്.07/22.03/20773/EI30-1/2022/EI30 സിൻഡിക്കേറ്റ് മോഡറേഷൻ അനുവദിക്കുന്നത് – സംബന്ധിച്ച്**

പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റിൻ്റെ ഉപസമിതിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ:ഒ.എ്.08/22.03** **Proceedings of the Selection Committee constituted for the selection of Computer Lab in-charge (temporary on contract**

**basis) at STS and SMBS held on 08.02.2022 – Approval – reg.**

Resolved to approve the Proceedings of the Selection Committee constituted for the selection of Computer Lab in-charge (temporary on contract basis) at School of Tourism Studies and School of Management and Business Studies held on 08.02.2022 and to approve the rank list prepared by the Selection Committee and to make appointment from the Select List prepared by the Selection Committee.

**ഇനം.നമ്പർ:ഒ.എ.09/22.03** **Proceedings of the Selection Committee for the selection of Technical Assistant (Computer Lab), temporary for a period of 179 days in the School of Indian Legal Thought held on 09.03.2022 – Approval – reg.**

Resolved to approve the Proceedings of the Selection Committee for the selection of Technical Assistant (Computer Lab), temporary for a period of 179 days in the School of Indian Legal Thought from among the candidates proposed by the District Employment Exchange, Kottayam held on 09.03.2022 and to approve the rank list prepared by the Selection Committee and to make appointment from the Select List prepared by the Selection Committee.

**ഇനം.നമ്പർ:ഒ.എ.10/22.03** **Proceedings of the Interview for the post of Programme Associate (Science) on contract at the Directorate for Applied Short Term Programmes (DASP) held on 08.02.2022 – Approval – reg.**

Resolved to approve the Proceedings of the Interview for the post of Programme Associate (Science) on contract at the Directorate for Applied Short Term Programmes (DASP) held on 08.02.2022 and to approve the rank list prepared by the Selection Committee and to make appointment from the Select List prepared by the Selection Committee.

**ഇനംനമ്പർ:ഒ.എ.11 /22.03/33761/AD A3-4/2022/ADMIN സർവ്വകലാശാലകളിൽ പെൻഷൻ ഫണ്ട് രൂപീകരണം സർക്കാർ ഉത്തരവ് നിരാകരിക്കുന്നത് സംബന്ധിച്ച്.**

പെൻഷൻ ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 19.01.2022-ലെ സ.ഉ.(പി.) നം.08/2022/ധന നമ്പർ സർക്കാർ ഉത്തരവ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല അടിയന്തര പ്രമേയം (അനുബന്ധം-1) പാസ്സാക്കി.

പ്രസ്തുത ഉത്തരവുമായി ബന്ധപ്പെട്ട വസ്തുതാപരമായ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ, വൈസ് ചാൻസിലർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റജി സക്കറിയ, അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ., ഡോ. എം. എച്ച്. ഇല്യാസ് എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.12/22.03/18834/AD A5-2/2022/AD A 5 അഡ്ജംക്ട് ഫാക്കൽറ്റി/വിസിറ്റിംഗ് ഫാക്കൽറ്റി നിയോഗം – രൂപരേഖ തയ്യാറാക്കുന്നത് സംബന്ധിച്ച്**

പ്രസ്തുത വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രോ–വൈസ് ചാൻസിലർ (ചെയർമാൻ), സ്റ്റാഫിനായുള്ള സിൻഡിക്കേറ്റ് ഉപസമിതി അംഗങ്ങൾ, സിൻഡിക്കേറ്റ് അംഗം പ്രൊഫ. എം. എച്ച്. ഇല്ലിയാസ് എന്നിവരടങ്ങുന്ന ഒരു കമ്മറ്റിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ്യ.13/22.03/85502/CBCSS 3–4/2021/CBCSS 3 പരുമല ഡി ബി പമ്പാ കോളേജിലെ സുവോളജി വിദ്യാർത്ഥിനി ദേവിക എം നമ്പൂതിരി (PRN:190021045445) യുടെ രണ്ടാം സെമസ്റ്റർ ഒക്ടോബർ 2020 പരീക്ഷയിൽ ഇന്റേർണൽ മാർക്ക് രേഖപ്പെടുത്തിയതിൽ വന്ന അപാകത പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട ഹിയറിംഗ് – സിൻഡിക്കേറ്റ് അംഗം ശ്രീ. ഹരികൃഷ്ണൻ പി സമർപ്പിച്ച ശിപാർശ – സംബന്ധിച്ച്**

പരുമല ഡി ബി പമ്പാ കോളേജിലെ സുവോളജി വിദ്യാർത്ഥിനി ദേവിക എം നമ്പൂതിരി (PRN:190021045445) യുടെ രണ്ടാം സെമസ്റ്റർ ഒക്ടോബർ 2020 പരീക്ഷയിൽ ഇന്റേർണൽ മാർക്ക് രേഖപ്പെടുത്തിയതിൽ വന്ന അപാകത പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ്യ.14/22.03/18741/ACA13-1/2022/REG SECT ശ്രീ ജേക്കബ് ജോൺ – 2014 പ്രവേശനം – SIRP ഗവേഷകൻ – ഗവേഷണ മാർഗദർശിയെ മാറ്റി അനുവദിക്കുന്നത് – സംബന്ധിച്ച് .**

സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് ഗവേഷണ കേന്ദ്രമായി ഡോക്ടർ രാജു കെ താടിക്കാരൻ ഗവേഷണ മാർഗദർശിയായി പൂർണ സമയ ഗവേഷണം നടത്തുന്ന ശ്രീ. ജേക്കബ് ജോൺ–ന്റെ ഗവേഷണ മാർഗദർശിയായ Dr. രാജു കെ താടിക്കാരൻ മരണപെട്ടതിനാൽ ഗവേഷകന്റെ ആവശ്യപ്രകാരം ഗവേഷണ മാർഗദർശിയായി Dr.സി.വിനോദൻ, സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ്യ.15/22.03/Ac AVI/1/RG/5979/2021 മുരിക്കാശ്ശേരി പാവനാത്മ കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. സജി ജോസഫ് (Dr. Saji Joseph) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:–**

Resolved to approve Dr. Saji Joseph, Associate Professor, Department of Physics, Pavanatma College, Murickassery as research guide in Physics at PG Department of Physics, Newman College, Thodupuzha.

**ഇനംനമ്പർ:ഒ.എ്യ.16./22.03/53716/ADA3/4/2021/ADMIN സംസ്ഥാനത്തെ സർവ്വകലാശാല ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച വിശദമായ ഉത്തരവ് – സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് – സംബന്ധിച്ച്.**

സംസ്ഥാനത്തെ സർവ്വകലാശാല ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്, GO(P)No.21/2022/Fin Dated, 18.02.2022 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്യ.17/22.03/51162/ADB4–2/2022/ADB4 SGTDS – ലേക്ക് 2021– 22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള " Digital Archives**

**for Preserving the History of Gandhiji's Visit to Kerala & the National Movement in the State " എന്നപദ്ധതിക്കായി റീ -ടെണ്ടർ ക്ഷണിച്ച്ഐ .ടി.ഉപകരണങ്ങളും മറ്റും വാങ്ങിയ വകയിൽ Telerad Division of Systronics India Ltd, Thiruvananthapuram എന്ന സ്ഥാപനത്തിന് തുക നൽകുന്നതിനുള്ള അനുമതി – സംബന്ധിച്ച്.**

1. 2021-22 വാർഷിക പദ്ധതി വിഹിതമായി School of Gandhian Thought And Development Studies ലേക്ക് "Digital Archives for Preserving the History of Gandhiji's Visit to Kerala & the National Movement in the State" എന്ന പദ്ധതിയ്ക്കായിസംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയായ20 ലക്ഷം രൂപയിൽ നിന്ന്ഐ . ടി. ഉപകരണങ്ങളും മറ്റും വകയിൽ വാങ്ങിയ Telerad Division of Systronics (India) Limited, Thiruvananthapuram എന്ന ന്സ്ഥാപനത്തി 14,52,968/- രൂപ (പതിനാല് ലക്ഷത്തി അൻപത്തി രണ്ടായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട് രൂപ മാത്രം) അനുവദിക്കുന്നതിനും,

2. പ്രസ്തുത ചെലവ് 2022 -23 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള '21 101 90 f SGTDS – Digital Archives for Preserving the History of Gandhiji's Visit to Kerala & the National Movement in the State' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.18/22.03** — **സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ്/ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ പ്രവേശന സമിതി രൂപീകരിക്കുന്നത് – നിർദ്ദേശങ്ങൾ – സംബന്ധിച്ച്**

അഫിലിയേഷനും അപ്രൂവലിനും വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.19/22.03/152196/ACA1-2/2021/ACA1** **സർവ്വകലാശാലാ പഠന വകുപ്പുകളിലെ എം.ഫിൽ. പ്രോഗ്രാമുകളിലേക്ക് 2022-23 വർഷത്തേക്കുള്ള പ്രവേശനം നടത്തുവാൻ തീരുമാനിച്ചുകൊണ്ട് പുറപ്പെടുവിച്ച നമ്പർ 6562/AC A 1/2021/എം.ജി.യു. തീയതി 01.12.2021 ആയ ഉത്തരവ് മരവിപ്പിക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് -സംബന്ധിച്ച്:--**

സർവ്വകലാശാലാ പഠന വകുപ്പുകളിലെ എം.ഫിൽ. പ്രോഗ്രാമുകളിലേക്ക് 2022-23 വർഷത്തേക്കുള്ള പ്രവേശനം നടത്തുവാൻ തീരുമാനിച്ചുകൊണ്ട് പുറപ്പെടുവിച്ച 01.12.2021-ലെ 6562/ACA1/2021/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ് മരവിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.20/22.03/108749/EH 4-3/2021/EH 4** **അഞ്ചാം സെമസ്റ്റർ DDMCA സപ്ലിമെൻററി പരീക്ഷയ്ക്ക് സോഫ്റ്റ്‌വെയർ ലാബ് (Practical) പരീക്ഷ ശ്രീമതി റോസ് മേരി ഡേവിസ് (Reg No 100362), SNGST കോളേജ് പരീക്ഷാഫലം അപാകത പരിഹരിക്കുന്നത് സംബന്ധിച്ച്**

2017 ൽ നടന്ന അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിൽ (സോഫ്റ്റ്‌വെയർ ലാബ് (P)) പരാജയപ്പെട്ട ശ്രീമതി റോസ് മേരി ഡേവിസ് വിജയിച്ചതായി കാണിച്ചുകൊണ്ട് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച ഫലം റദ്ദ് ചെയ്യുന്നതിനും ടി വിദ്യാർത്ഥിക്ക് ഒരു സ്പെഷ്യൽ എക്സാം നടത്തി 3 ആഴ്ചയ്ക്കുള്ളിൽ ഫലം പ്രസിദ്ധീകരിക്കുന്നതിനും പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.21/22.03/64499/AC A6-2/2021/AC A 6** **സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പ് 2021 -22 സംബന്ധിച്ച്.**

2021–22 വർഷത്തേക്ക് അനുവദിക്കുന്ന യൂണിവേഴ്സിറ്റി ജൂനിയർ റിസർച്ച് ഫെലോഷിപ്പുകളുടെ ആകെ എണ്ണം 200 ആക്കി ഉയർത്തുന്നതിന് തീരുമാനിച്ചു.

ഫെലോഷിപ് അനുപാതവും മറ്റ് നിബന്ധനകളും സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഷജില ബീവി എസ്., ഡോ. എം. എച്ച്. ഇല്ല്യാസ്, ഡോ. റോബിനറ്റ് ജേക്കബ്, ഡോ. കെ. എം. സുധാകരൻ, ശ്രീ. ജസ്റ്റിൻ ജോസഫ് എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.22/22.03/എഡി.എ3/3/5194/PP/2013/Admn സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് – ഇന്റർനാഷണൽ റിലേഷൻസ് ഡേ – താൽക്കാലിക മുൻകൂർ തുക 75,000/- രൂപ ശ്രീ. ഹാരീസ് പി.വൈ.** ***യുടെ പേരിൽ അനുവദിച്ചത് ക്രമീകരിക്കുന്നത് സംബന്ധിച്ച്***

സിൻഡിക്കേറ്റിന്റെ ധനകാര്യ ഉപസമിതിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.23/22.03/38105/ADA3-3/2021/VCSECTION രജിസ്ട്രാറുടെ ഔദ്യോഗിക വസതിയുടെ അറ്റകുറ്റപ്പണികൾക്കായി Ad B3 സെക്ഷൻ ഓഫീസർ ശ്രീ. ഷാജി എം.ഐ.യുടെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർ തുക ₹1,75,000/- (ഒരു ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) -യുടെ ക്രമീകരണം -സംബന്ധിച്ച്**

രജിസ്ട്രാറുടെ ഔദ്യോഗിക വസതിയുടെ അറ്റകുറ്റപ്പണികൾക്കായി Ad.B–3 സെക്ഷൻ ഓഫീസർ ശ്രീ. ഷാജി എം. ഐ.–യുടെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർ തുക ₹1,75,000/– (ഒരു ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.24/22.03/177637/AD B 3-3/2021/AD B 3 സർവ്വകലാശാല ക്യാമ്പസ്സിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഓഫീസ് ഒഴിയുന്നത് സംബന്ധിച്ച്**

സർവ്വകലാശാല സ്റ്റാൻഡിംഗ് കോൺസലിൻറെ നിയമോപദേശം അംഗീകരിക്കുന്നതിന് തീരുമാനിച്ചു (അനുബന്ധം–2). പ്രസ്തുത നിയമോപദേശം കണക്കിലെടുത്ത്, ക്യാമ്പസ്സിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഓഫീസ് ഒരാഴ്ചയ്ക്കുള്ളിൽ ഒഴിയുന്നതിന് നോട്ടീസ് നല്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.25/22.03 ചങ്ങനാശ്ശേരി കൃസ്തുജ്യോതി കോളേജിൽ 2021–22 അക്കാദമിക വർഷം ബി എസ് സി സൈക്കോളജി പ്രോഗ്രാമിൽ അലോട്മെൻറ് ലഭിച്ച കുമാരി. ജെസ്സി ജൂബിയുടെ ഓൺലൈൻ അപേക്ഷയിലെ മാർക്കുകൾ അസ്സൽ സാക്ഷ്യപത്രങ്ങളുമായി ഒത്തു നോക്കാതെ പ്രവേശനം നൽകിയത് സംബന്ധിച്ച വിഷയത്തിലുള്ള അന്വേഷണ റിപ്പോർട്ട്**

കുമാരി ജെസ്സി ജോബിക്കു 5000/– (അയ്യായിരം രൂപ മാത്രം) രൂപയും ചങ്ങനാശ്ശേരി കൃസ്തുജ്യോതി കോളേജ് പ്രിൻസിപ്പലിനു 10000/- (പതിനായിരം രൂപ മാത്രം) രൂപയും പിഴ ചുമത്തി കുമാരി. ജെസ്സി ജോബിയുടെ പ്രവേശനം ക്രമപ്പെടുത്തുന്നതിനു തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.26/22.03/22203/ADA1-4/2022/ADA1 സർവ്വകലാശാലയിലെ പഠനവകുപ്പുകളായ സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗല്**

**തോട്ട്(SILT), സ്കൂൾ ഓഫ് കെമിക്കല് സയന്സയസ് (SCS), സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) എന്നിവിടങ്ങളിൽ അധികമായി ഒരു അസിസ്റ്റന്റിനെ കൂടി നിയമിക്കുന്നത്-സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS)-ൽ നിലവിലുള്ള 2 അസിസ്റ്റന്റുമാരെ കൂടാതെ അധികമായി ഒരു അസിസ്റ്റന്റിനെ കൂടി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.27/22.03/172587/ADA5-1/2021/ADA5** **സർവ്വകലാശാല ലൈബ്രറി - ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയോഗത്തിൽ ലൈബ്രറി അസിസ്റ്റന്റുമാരായി സേവനമനുഷ്ഠിക്കുന്നവരുടെ വേതനം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.**

സ്റ്റാഫുകൾക്കായുള്ള സിൻഡിക്കേറ്റിന്റെ ഉപസമിതിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.28/22.03/ സംസ്ഥാന വാർഷിക പദ്ധതി വിനിയോഗം സംബന്ധിച്ച്**

സർക്കാർ ഭരണാനുമതി ലഭിക്കുകയും തുടർന്ന് സിൻഡിക്കേറ്റ് നടപ്പിലാക്കാൻ അംഗീകാരം നൽകുകയും ചെയ്തിട്ടുള്ള വാർഷിക പദ്ധതി പ്രൊജക്ടുകളുടെ estimate sanction, work order, payment sanction എന്നിവ സംബന്ധിച്ച തീരുമാനം ഫിനാൻസ് വിഭാഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം നിബന്ധനകൾക്ക് വിധേയമായി വിനിയോഗിക്കുവാൻ വൈസ് ചാൻസലർക്ക് അനുമതി നൽകുന്നതിനും പിന്നീട് പദ്ധതി വിനിയോഗം സംബന്ധിച്ച് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു. വാർഷിക പദ്ധതി സർവകലാശാലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിൽ ടി നിബന്ധന കൂടി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.29/22.03/** K E College, Mannanam, Psychology Department HOD **ആയിരുന്ന ഡോ .എം.കെ.മാത്യു സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർവകലാശാല ഉത്തരവ്** no.6007/ACA13/2021/MGU dated 11.11.20221 **പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ട് സംബന്ധിച്ച്**

അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.30/22.03/EIVI/MPE/G.M/2022** MPE **വിദ്യാർത്ഥിനിയായ ശ്രീമതി. അഞ്ജന യു രാജൻ-ന് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച്**

പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റിന്റെ ഉപസമിതിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.31/22.03** 2022-23 **അദ്ധ്യയന വർഷം പുതിയ അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നത് -** VISAT Arts &

Science College, Elanji ബഹു: ഹൈക്കോടതിയിൽ സമർപ്പിച്ച പെറ്റീഷനിലുള്ള കോടതി വിധി സംബന്ധിച്ച്

2022-23 അദ്ധ്യയന വർഷം VISAT Arts & Science College-നായുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്ന എഡ്യൂക്കേഷണൽ ഏജൻസിയായ Vinjyan Foundation, Visat Complex, Elaji, Ernakulam-ന്റെ ഉടമസ്ഥതയിൽ കോളേജ് തുടങ്ങുന്നതിന് ആവശ്യമായ മിനിമം ഭൂമിയുടെ (5 ഏക്കർ) രജിസ്ട്രേഷൻ പൂർത്തിയാക്കി ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.32/22.03** **School of Energy Materials – Engagement of Research Associates – reg.**

Resolved to engage a Research Associate in School of Energy Materials as per the following qualification.

1. Master of Science in Chemistry/Polymer Science
2. Ph.D. in Polymer Science/Nanotechnology/Energy Materials
3. Published Works of High Standard
4. Desirable: Post Doctoral Experience in International Laboratories
5. Remuneration: 60,000/- per month (consolidated)
6. Age: Maximum 50 years

The term of appointment is for a period of one year initially and extendable up to three years on the basis of evaluation of performance.

**ഇനംനമ്പർ: ഒ.എ.33/22.03** **മഹാത്മാഗാന്ധി സർവ്വകലാശാല ഖത്തറിൽ ആരംഭിക്കുന്ന ബ്രാഞ്ച് ക്യാമ്പസ് – സംബന്ധിച്ച്**

1. ഖത്തറിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബ്രാഞ്ച് ക്യാമ്പസ് സ്ഥാപിക്കുന്നതിന് ലഭിച്ച കേരള സർക്കാരിന്റെയും, യു.ജി.സി. യുടെയും-NoC-യുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതിന് തീരുമാനിച്ചു.
2. വിദേശത്ത് ബ്രാഞ്ച് ക്യാമ്പസ് സ്ഥാപിക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ സർവകലാശാല ആക്ട്/സ്റ്റാറ്റ്യൂട്ട്സ് ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതിന് തീരുമാനിച്ചു.
3. ഖത്തറിൽ ക്യാമ്പസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവകലാശാല ആക്ട്/സ്റ്റാറ്റ്യൂട്ട്സ്-ൽ വരുത്തേണ്ട ഭേദഗതിയുടെ കരട് തയ്യാറാക്കുന്നതിനും, MoU തയ്യാറാക്കുന്നതിനും, അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് റെഗുലേഷന്റെ കരട് തയ്യാറാക്കുന്നതിനും നിലവിൽ ഖത്തർ ക്യാമ്പസ് പ്രവർത്തനങ്ങൾക്കായി പ്രോ-വൈസ് ചാൻസലറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.
4. മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളിലും ക്യാമ്പസുകളിലും മെഡിക്കൽ, പാരാമെഡിക്കൽ, ഹെൽത്ത്, അനുബന്ധ പ്രോഗ്രാമുകൾ നടത്തുന്നതിന് സഹായകരമായ രീതിയിൽ Kerala Medical University നിയമത്തിൽ മാറ്റം വരുത്തുന്നതിന് കേരള സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചു.
   മേൽപ്പറഞ്ഞ പ്രോഗ്രാമുകൾ ഖത്തർ ക്യാമ്പസിൽ നടത്തുന്നതിനായി Kerala University of Health Sciences Act-ന്റെ Clause 15 (Page No.57) – ൽ താഴെപ്പറയുന്ന ഭേദഗതിക്കായി അപേക്ഷ നൽകുന്നതിനും തീരുമാനിച്ചു.
   "Provided that the institutions imparting education in health sciences and allied subjects maintained by other universities of the State as their own departments/or their constituent colleges or institutions in its campuses shall not come under the jurisdiction of the university."

**ഇനംനമ്പർ: ഒ.എ.34/22.03** **മഹാത്മാഗാന്ധി സർവ്വകലാശാല - കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ നിലവിലുണ്ടായിരുന്ന പരീക്ഷാ നിയന്ത്രണങ്ങൾ നീക്കുന്നത്- സംബന്ധിച്ച്**

സർക്കാർ കോവിഡ് നിയന്ത്രണങ്ങൾ നീക്കിയ പശ്ചാത്തലത്തിൽ, സർവ്വകലാശാല പരീക്ഷകളിൽ ഒരു ഹാളിൽ 20 വിദ്യാർത്ഥികൾ എന്ന നിലയിൽ നിന്ന് കോവിഡ് നിയന്ത്രണങ്ങൾ നിലവിൽ വരുന്നതിന് മുൻപ് ഉണ്ടായിരുന്ന തോതിൽ വിദ്യാർത്ഥികളുടെ എണ്ണം പുനഃസ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.35/22.03** **Appointment of Course Coordinator – M.Sc. Applied Geology – in School of Environmental Sciences** - reg.

Resolved to appoint Dr. K. N. Krishnakumar, Additional Director, Collegiate Education (Rtd.), Govt. of Kerala who was also an Associate Professor in Geology (Rtd.) as Course Coordinator for M.Sc. programme in Applied Geology, School of Environmental Sciences on contract with a consolidated pay of Rs.30,000/- per month for a period of one year initially and extendable on the basis of evaluation of performance.

**ഇനം നമ്പർ: ഒ.എ.36/22.03** **Establishment of Medical Laboratory Services Unit of RGCB for Advanced Clinical Investigations in the Mahatma Gandhi University Campus, Athirampuzha, Kottayam – reg.**

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി പാലാ ഗവണ്മെന്റ് ആശുപ്രത്രിയിൽ ആരംഭിച്ചിരിക്കുന്ന മെഡിക്കൽ ലബോറട്ടറിയുടെ ഒരു കളക്ഷൻ സെന്റർ ആയി മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്ററിന് അനുവാദം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.37/22.03** **നാട്ടകം ഗവഃ കോളേജിലെ കൊമേഴ്സ് വിഭാഗത്തിൽ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നത് – സംബന്ധിച്ച്**

File No.29404/AcA6-3/2022/AcA6 പ്രകാരം നാട്ടകം ഗവഃ കോളേജിലെ കൊമേഴ്സ് വിഭാഗത്തിൽ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് മുന്നോടിയായി ഭൗതിക, അക്കാദമിക യോഗ്യതാ പരിശോധന നടത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സിൻഡിക്കേറ്റ് അംഗം ഡോ. ബാബു മൈക്കിൾ അംഗവും ഡോ. മിനി ജോസഫ് (HoD&Associate Professor of Commerce, KG College, Pampady) സബ്ജക്ട് എക്സ്പേർട്ട് ആയും ഒരു പരിശോധനാ സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.38/22.03** **സർവ്വകലാശാലയിലെ പരീക്ഷാ സംവിധാനം നവീകരിക്കൽ - ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ പരീക്ഷകൾ - വിദ്യാർത്ഥി സൗഹൃദ പദ്ധതികൾ - പുനർ മൂല്യനിർണ്ണയം സുഗമമാക്കുന്നത് - മൂല്യ നിർണ്ണയം നടത്തിയ ഉത്തരക്കടലാസ്സുകളുടെ ഡിജിറ്റൽ പകർപ്പ് ഇ മെയിലായി നൽകുന്നത് - അനുമതി സംബന്ധിച്ച്**

സർവ്വകലാശാല പരീക്ഷാ സംവിധാനം കൂടുതൽ സുതാര്യവും വിദ്യാർത്ഥി സൗഹൃദവുമാക്കുന്നതിന്റെ ഭാഗമായി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷകളിൽ താഴെപ്പറയുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനു തീരുമാനിച്ചു.

1. മൂല്യ നിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസ്സുകളുടെ ഡിജിറ്റൽ പകർപ്പ് ഫല പ്രഖ്യാപനം നടത്തി 15 ദിവസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് ഇ മെയിലായി നൽകാവുന്നതാണ്. ഇതിനായി ഒരു ഉത്തരക്കടലാസ്സിനു 250/- രൂപ എന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചു.
2. ഉത്തരക്കടലാസ്സുകളുടെ ഡിജിറ്റൽ പകർപ്പ് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട ചോദ്യപേപ്പറിന്റെ സ്കീം ഫലപ്രഘ്യാപനത്തോടൊപ്പം സർവ്വകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരി ക്കുവാനും തീരുമാനിച്ചു.
3. ഇത്തരത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ഉത്തരക്കടലാസ്സിന്റെ ഡിജിറ്റൽ പകർപ്പിനായപേക്ഷിച്ചവർക്ക് മാത്രമേ പുനർമൂല്യനിർണ്ണയത്തിനു അപേക്ഷിക്കുന്നതിനു സാധിക്കുകയുള്ളൂ. പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.
4. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളെല്ലാം തന്നെ നടപ്പിലാക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും സാങ്കേതിക കാര്യക്ഷമതയും 3 മാസത്തിനുള്ളിൽ ഉറപ്പു വരുത്തിയതിനുശേഷം പ്രസ്തുത പരിഷ്കാരം നടപ്പിലാക്കുന്നതിനു തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.39/22.03** **സർവകലാശാല നടത്തുന്ന പരീക്ഷകളുടെ വിജിലൻസ് സ്ക്വാഡുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അധ്യാപകരുടെ യാത്രാബത്ത - സംബന്ധിച്ച്**

സർവകലാശാല നടത്തുന്ന പരീക്ഷകളുടെ വിജിലൻസ് സ്ക്വാഡുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് പുതുക്കിയ സർക്കാർ ഉത്തരവ് (G.O (P) No.27/2021/Fin. Dated, 10.02.2021) പ്രകാരമുള്ള നിരക്കിൽ യാത്രാബത്ത അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.40/22.03** **ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ടൂർണമെന്റിൽ പങ്കെടുത്ത, വോളീബോൾ (M&W), അത്‌ലറ്റിക്സ് (W) ടീമുകൾക്ക് തേർഡ് എ സി ടിക്കറ്റ് അനുവദിച്ചത് സംബന്ധിച്ച്.**

സ്ലീപ്പർ ടിക്കറ്റ് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ, ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ടൂർണമെന്റിൽ പങ്കെടുത്ത, വോളീബോൾ (M&W), അത്‌ലറ്റിക്സ് (W) ടീമുകൾക്ക് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിന് തേർഡ് എ സി ടിക്കറ്റ് നിരക്ക് നല്കുന്നതിനുള്ള ബോർഡ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ്-ന്റെ ശുപാർശ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.41/22.03** **സർവകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരവും പുനർവിന്യാസവും സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ട് – സമർപ്പിക്കുന്നത് സംബന്ധിച്ച്.**

26.05.2020–ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരമുള്ള, സർവകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരവും പുനർവിന്യാസവും സംബന്ധിച്ച റിപ്പോർട്ട് സിൻഡിക്കേറ്റ് ഉപസമിതി – സ്റ്റാഫ് –ന്റെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.42/22.03/49698/ADB4-3/2022** **സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലേക്ക് "Effectiveness of Structured Intervention in Vocational Rehabilitation Programme of Persons with Disabilities" എന്ന പ്രോജക്ടിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങിയ വകയിൽ M/s. Apsara Training Institute for Skill Development & Management, Ottapalam എന്ന സ്ഥാപനത്തിന് 7,15,853/- രൂപ നൽകുന്നതിനുള്ള അനുമതി – സംബന്ധിച്ച്.**

1. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലേക്ക് "Effectiveness of Structured Intervention in Vocational Rehabilitation Programme of Persons with Disabilities" എന്ന വാർഷിക പദ്ധതിക്കായി യന്ത്ര സാമഗ്രികൾ വിതരണം ചെയ്ത വകയിൽ M/s. Apsara Training Institute for Skill Development & Management, Ottapalam എന്ന സ്ഥാപനത്തിന് 7,15,853/- രൂപ (ഏഴ് ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ച നൽകുന്നതിനും, ടി തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും,

2. പ്രസ്തുത ചെലവ് 2022 – 2023 സാമ്പത്തിക വർഷ ബജറ്റിലെ "21 101 92 f School of Behavioural Sciences – Effectiveness of Structured Intervention in Vocational Rehabilitation Programme of Persons with Disabilities" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.43/22.03** **സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിംഗ് ഫീസ്/ ദിനബത്ത തുക യാത്രാബത്ത എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച്.**

സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിംഗ് ഫീസ്/ദിനബത്ത, യാത്രാബത്ത തുക എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിംഗ് ഫീസ്/ദിനബത്ത 750 രൂപയിൽ നിന്നും 1000 രൂപയായും സ്പെഷ്യൽ കൺവയൻസ് അലവൻസ് കിലോമീറ്ററിന് 12 രൂപയായും നിജപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.44/22.03** **അഫിലിയേറ്റഡ് കോളേജുകൾ സർവകലാശാലയിൽ ഒടുക്കേണ്ട ഇൻസ്പെക്ഷൻ ഫീ വർധിപ്പിക്കുന്നത് സംബന്ധിച്ച്.**

അഫിലിയേറ്റഡ് കോളേജുകളിൽ ഇൻസ്പെക്ഷൻ നടത്തുന്നതിനായി ഇൻസ്പെക്ഷൻ സമിതിയിലെ ഓരോ അംഗത്തിനുമായി അഫിലിയേറ്റഡ് കോളേജുകൾ സർവ്വകലാശാലയിലേക്ക് ഒടുക്കേണ്ടതിനായി നിജപ്പെട്ടുത്തിയിരുന്ന ഇൻസ്പെക്ഷൻ ഫീ 3150/- രൂപയിൽ നിന്നും 3950/- രൂപയായി വർധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ:ഒ.എ.45/22.03** **യു ജി സി റെഗുലേഷൻ 2018 – സർവകലാശാല അദ്ധ്യാപകരുടെ ഉദ്യോഗക്കയറ്റം – സ്ഥാനക്കയറ്റ തീയതി പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച ഉത്തരവ് റദ്ദാക്കുന്നത് സംബന്ധിച്ച്.**

സർവകലാശാല അദ്ധ്യാപകരുടെയും അക്കാദമിക് സ്റ്റാഫിന്റെയും സ്ഥാനക്കയറ്റ തീയതി പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച 24.07.2020–ലെ 3376/AD A 2/2020/എം.ജി.യൂ. നമ്പർ സർവ്വകലാശാല ഉത്തരവ് റദ്ദാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ.:ഒ.എ.46/22.03/ 177446/AC A10-4/2021/AC A 10** **2021 പി.എച്ച്.ഡി രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നീട്ടി നല്കിയ വിഷയം സിൻഡിക്കേറ്റില് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2021 വർഷത്തെ പി എച്ച് ഡി പ്രവേശന പരീക്ഷ വിജയിച്ചതും എന്നാൽ രജിസ്ട്രേഷനുള്ള അപേക്ഷ യഥാസമയം സമർപ്പിക്കുവാൻ സാധിക്കാതിരുന്നതുമായ വിദ്യാർത്ഥികളെ കൂടി, പ്രവേശന പരീക്ഷക്ക് അപേക്ഷിച്ചിരുന്നു എന്ന കാര്യം പരിഗണിച്ച്, 2021 വർഷത്തെ പിഎച്ച്. ഡി. പ്രവേശനത്തിനായുള്ള ഡോക്ടറൽ കമ്മിറ്റിയിൽ പങ്കെടുപ്പിക്കുന്നതിന്ന് വ്യവസ്ഥകൾക്കു വിധേയമായി അനുവാദം നൽകിയിരുന്നു. കൂടാതെ 18.03.2022 തീയതിയിലെ 2761/ACA10/2022/MGU ഉത്തരവ് പ്രകാരം, 2019–2020 ബാച്ചിൽ M.Phil പാസ്സായ പിഎച്ച്.ഡി. രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിക്കാതിരുന്ന വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി ഡോക്ടറൽ കമ്മിറ്റി നടത്താൻ ബന്ധപ്പെട്ട സർവ്വകലാശാല പഠനവകുപ്പ് മേധാവികളെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. പ്രസ്തുത വിഷയം വൈസ് ചാൻസലറുടെ 30.03.2022 തീയതിയിലെ ഉത്തരവ് പ്രകാരം മേൽവിഷയം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.47/22.03/ AD A1/2/51/2021** **പ്ലാനിംഗ് ആൻഡ് ഡെവലപ്പ്മെന്റ് സിൻഡിക്കേറ്റ് ഉപസമിതിയുടെ തീരുമാനം – മഹാത്മാഗാന്ധി സര്വ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാന്സിനലർ കൈക്കൊണ്ട നടപടി സിന്ഡിക്കേറ്റിലേക്ക് റിപ്പോര്ട്ട് ചെയ്യുന്നത് സംബന്ധിച്ച്**

സർവ്വകലാശാലയിലെ ടെലഫോൺ സംവിധാനം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ 16.03.2022 ൽ കൂടിയ പ്ലാനിംഗ് ആൻഡ് ഡെവലപ്പ്മെന്റ് സിൻഡിക്കേറ്റ് ഉപസമിതിയുടെ യോഗത്തിൽ ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശിപാർശകൾ അംഗീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ്–ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം 28.03.2022–ൽ പുറപ്പെടുവിച്ച 3166/ADAI/2022/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോര്ട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.48/22.03/ ADA1/5285/2/2021** **ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലറുടെ 01.04.2022–ലെ ഉത്തരവ് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്–**

| ക്രമ നം . | പേര് | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ, തീയതി |
|---|---|---|---|---|
| 1. | ശ്രീമതി. ശൈലജാ ദേവി റ്റി.കെ., ഹയർ ഗ്രേഡ് അസിസ്റ്റൻറ് രജിസ്ട്രാർ. | ഡെപ്യൂട്ടി രജിസ്ട്രാർ, 01.04.2022 പൂർവ്വാഹ്നം മുതൽ | ശ്രീമതി.നിമ്മി ലൂയിസ്, ഡെപ്യൂട്ടി രജിസ്ട്രാർ വിരമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവ്. | U.O.No:3391/AD A1/2022/എം.ജി.യു.,തീയതി:01.04.2022 |

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ട് 50 പ്രകാരം ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേയ്ക്കുള്ള നിയമനം, സിൻഡിക്കേറ്റ്, സർവ്വകലാശാല ആക്ടിലെ ചട്ടങ്ങള് പ്രകാരം നടത്തേണ്ടതാണ്. എന്നാൽ, മേല് പരാമർശിച്ച ഡെപ്യൂട്ടി രജിസ്ട്രാര് തസ്തികയിലെ ഒഴിവ് അടിയന്തിരമായി നികത്തേണ്ടതായതിനാൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലർ ടി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.04.2022-ലെ U.O.No:3391/AD A1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ്.49/22.03/ 26390/EI36 SO/2022/Exam Tapal** **സ്വയംഭരണ കോളേജായ തേവര എസ്.എച്ച്.കോളേജിലെ ബി.എസ്.സി കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് പ്രോഗ്രാമിലേക്ക് 2015-2016 അധ്യയന വർഷം പ്രവേശനം ലഭിച്ച മേനോൻ നകുൽ സതീഷ് എന്ന വിദ്യാർത്ഥിയുടെ പ്രവേശനം ക്രമപ്പെടുത്തി പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച.**

സ്വയംഭരണ കോളേജായ തേവര എസ്.എച്ച്. കോളേജിലെ ബി.എസ്.സി കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് പ്രോഗ്രാമിലേക്ക് 2015-2016 അധ്യയന വർഷം മേനോൻ നകുൽ സതീഷ് എന്ന വിദ്യാർത്ഥിക്ക് നൽകിയ പ്രവേശനം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചുകൊണ്ട് ഉത്തരവായ നടപടിയും തദനുസരണം 25.03.2022-ൽ പുറപ്പെടുവിച്ച 3084/ACB7/2022/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.ഒ.എ്.50/22.03/106089/DSS SO/2021/DSS 2021-22 സാമ്പത്തിക വർഷത്തെ SWF പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശരേഖയുടെ അംഗീകരിക്കൽ -സംബന്ധിച്ച്**

23.12.2021 രാവിലെ 11.00 മണിക്ക് ബഹു. വൈസ് ചാൻസലറുടെ ചേമ്പറിൽ കൂടിയ SWF മാനേജിംഗ് ബോഡി യോഗം, താഴെ പറയുന്ന ശിപാർശകൾ സിന്ഡിക്കേറ്റിന്റെ അംഗീകാരത്തിനായി 22.02.2022-ൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി (ഫിനാൻസ്) ടി ശിപാർശകൾ അംഗീകരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 25.03.2022-ൽ ബഹു. വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം പ്രസ്തുത ശിപാർശകൾ അംഗീകരിച്ച ഉത്തരവായ നപടിയും തദനുസരണം 30.03.2022-ൽ പുറപ്പെടുവിച്ച 3267/DSS/2022/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.51/22.03/83562/P&D 1-2/2021/P&D 1** **നാച്ചുറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണം രണ്ട് ഘട്ടങ്ങളിലായി നിർവ്വഹിക്കുന്നതിനും Phase I-ൽ 1,29,87,096/- രൂപ (ഒരു കോടി ഇരുപ്പത്തിയൊൻപത് ലക്ഷത്തി എൺപ്പത്തിയേഴായിരത്തി തൊണ്ണൂറ്റിയാറ് രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ 2021-22 വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് നടപ്പാക്കുന്നതിനും, ടി നിർമ്മാണ പ്രവൃത്തി സ്പോർട്ട്സ് കേരള ലിമിറ്റഡ് -നെ ഏൽപ്പിക്കുവാനും, ഇത് സംബന്ധിച്ച് MoU ഒപ്പിട്ടുവാനും, ടി പ്രവൃത്തിയ്ക്കായി 2021-22 വാർഷിക പദ്ധതിയിൽ നിന്നും SPESS -ന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ള 1.25 കോടി രൂപ ആദ്യ ഗഡുവായി 31/03/2022 -ന് മുൻപായി സ്പോർട്ട്സ് കേരള ലിമിറ്റഡ്- ന് കൈമാറുവാനും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരമുള്ള സവിശേഷ അധികാരമുപയോഗിച്ച് ബഹു. വൈസ് ചാൻസലർ അനുമതി നൽകിയത് ഉത്തരവായതിനു ശേഷം സിന്ഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം, നാച്ചുറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണം രണ്ട് ഘട്ടങ്ങളിലായി നിർവ്വഹിക്കുന്നതിനും Phase I-ൽ 1,29,87,096/- രൂപ (ഒരു കോടി ഇരുപ്പത്തിയൊൻപത് ലക്ഷത്തി എൺപ്പത്തിയേഴായിരത്തി തൊണ്ണൂറ്റിയാറ് രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ 2021-22 വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് നടപ്പാക്കുന്നതിനുമുള്ള പ്രൊപ്പോസൽ അംഗീകരിച്ച നടപടിയും, ടി നിർമ്മാണ പ്രവൃത്തി സ്പോർട്ട്സ് കേരള ലിമിറ്റഡ്-നെ ഏൽപ്പിക്കുവാനും, ഇത് സംബന്ധിച്ച് MoU ഒപ്പിട്ടുവാനും, ടി പ്രവൃത്തിയ്ക്കായി 2021-22 വാർഷിക പദ്ധതിയിൽ നിന്നും SPESS-ന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ള 1.25 കോടി രൂപ ആദ്യ ഗഡുവായി 31/03/2022-ന് മുൻപായി സ്പോർട്ട്സ് കേരള ലിമിറ്റഡ്- ന് കൈമാറുവാനും അനുമതി നൽകുകയും ചെയ്ത നടപടിയും തദനുസരണം പുറപ്പെടുവിച്ച 25/03/2022-ലെ 3065/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും, 26/03/2022-ലെ 3130/P&D 1/2022/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.52/22.03/109277/P&D 1-1/2021/P&D1** **School of Gandhian Thought and Development Studies കെട്ടിടത്തിന്റെ മുകളിൽ ട്രസ് വർക്ക് ചെയ്യുന്നതിനും കെട്ടിടത്തിന് ചുറ്റും ഒരു മീറ്റർ ഉയരത്തിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തി സിൻഡിക്കേറ്റ് അംഗീകരിച്ച തുകയേക്കാൾ (Rs.23,21,000/-) 17.9% അധികരിച്ച തുകയിൽ (27,36,337.08/-) ചെയ്യുന്നതിന് അനുവദിച്ചു കൊണ്ടുള്ള സിന്ഡിക്കേറ്റ് ഉപസമിതിയുടെ ശുപാർശ ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 -ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച് :-**

School of Gandhian Thought and Development Studies കെട്ടിടത്തിന്റെ മുകളിൽ ട്രസ് വർക്ക് ചെയ്യുന്നതിനും കെട്ടിടത്തിന് ചുറ്റും ഒരു മീറ്റർ ഉയരത്തിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തി സംബന്ധിച്ച വിഷയം പരിശോധിച്ച സിൻഡിക്കേറ്റ് ഉപസമിതി താഴെപ്പറയുന്ന ശുപാർശ നൽകിയിരുന്നു.

1. School of Gandhian Thought and Development Studies കെട്ടിടത്തിന്റെ മുകളിൽ ട്രസ്സ് വർക്ക് ചെയ്യുന്നതിനും (GI powder coated roofing sheet, steel truss, RCC column, solid block എന്നിവയും മറ്റ് അനുബന്ധ ജോലികളും), കെട്ടിടത്തിന് ചുറ്റും ഒരു മീറ്റർ ഉയരത്തിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കുന്നതിനും വേണ്ടി ശ്രീ. മാത്യു തോമസ് കോട്ട് ചെയ്ത തുകയായ 27,36,337.08/- രൂപയുടെ (ഇരുപത്തിയേഴ് ലക്ഷത്തി മുപ്പത്താറായിരത്തി മുന്നൂറ്റി മുപ്പത്തിഏഴ് രൂപ മാത്രം) ടെൻഡർ അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിന് അനുവദിക്കുന്നതിനും

2. ടി പ്രവൃത്തിക്കുള്ള ചെലവ് സർവകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷ ബജറ്റിലെ "21 408 84 – Campus Development Works" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനും "

സിൻഡിക്കേറ്റ് ഉപസമിതിയുടെ മേൽ ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും തദനുസരണം 27.03.2022-ൽ പുറപ്പെടുവിച്ച 3152/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ്വ.53/22.03/26944-retarring/P&D1/3/2020/admn സർവ്വകലാശാല ക്യാമ്പസ് റോഡ് മെയിൻ ഗേറ്റ് മുതൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് വരെയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മുതൽ സിൽവർ ജൂബിലി പരീക്ഷാ ഭവൻ വരെയും യൂണിവേഴ്സിറ്റി ഹെൽത്ത് സെന്ററിലേക്കുള്ള അപ്രോച്ച് റോഡ് ഉൾപ്പടെ റോഡ് റീ-ടാർ ചെയ്യുന്നതിനുള്ള 32,00,000/- രൂപയുടെ എസ്റ്റിമേറ്റ് ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 – ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാ ശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച് :-**

NAAC വിസിറ്റുമായി ബന്ധപ്പെട്ട മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിലെ റോഡ് നന്നാക്കുന്നതിനായി സർവ്വകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല ക്യാമ്പസ് റോഡ് മെയിൻ ഗേറ്റ് മുതൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് വരെയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മുതൽ സിൽവർ ജൂബിലി പരീക്ഷാ ഭവൻ വരെയും റോഡ് റീ-ടാർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് സർവ്വകലാശാല എൻജിനിയർ സമർപ്പിച്ചിരിന്നു. ടി വിഷയം പരിശോധിച്ച സിൻഡിക്കേറ്റ് ഉപസമിതി താഴെപ്പറയുന്ന ശുപാർശ നൽകിയിരുന്നു.

1. സർവ്വകലാശാല ക്യാമ്പസ് റോഡ് മെയിൻ ഗേറ്റ് മുതൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് വരെയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മുതൽ സിൽവർ ജൂബിലി പരീക്ഷാ ഭവൻ വരെയും യൂണിവേഴ്സിറ്റി ഹെൽത്ത് സെന്ററിലേക്കുള്ള അപ്രോച്ച് റോഡ് ഉൾപ്പടെ റോഡ് റീ-ടാർ ചെയ്യുന്നതിനുള്ള 32,00,000/- (മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും,
2. ഈ ഇനത്തിൽ ഉള്ള ചെലവ് സർവകലാശാലയുടെ 2021- '22 സാമ്പത്തിക വർഷത്തെ "21 101 90 b Modernisation of University Administration and Examination Infrastructure" എന്ന ബജറ്റ് ശീർഷകത്തില് നിന്ന് അനുവദിക്കുന്നതിനും.

സിൻഡിക്കേറ്റ് ഉപസമിതിയുടെ മേൽ ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും തദനുസരണം 30.03.2022-ൽ പുറപ്പെടുവിച്ച 3261/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.ഒ.എ്വ.54/22.03/P&D1/3/8229/2019 സെനറ്റ് ഹാൾ നവീകരിക്കുവാൻ സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 51,35,207.70/- രൂപയുടെ എസ്റ്റിമേറ്റ് ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്**

**1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനു സരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല - NAAC വിസിറ്റുമായി ബന്ധപ്പെട്ട സെനറ്റ് ഹാൾ നവീകരിക്കുവാൻ 51,35,207.70/- രൂപയുടെ എസ്റ്റിമേറ്റ് സർവ്വകലാശാല എൻജിനീയർ സമർപ്പിച്ചിരുന്നു. എസ്റ്റിമേറ്റ് ധനകാര്യ വിഭാഗം പരിശോധിക്കുകയും A) Equipment, B) Networking, C) General Works എന്നിങ്ങനെ മൂന്ന് ഇനങ്ങളുടെ കീഴിൽ വരുന്ന വിവിധ ചെലവുകൾ കണക്കുകൂട്ടിയതിൽ അപാകത ഇല്ലെന്നും എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തു. ഫിനാൻസ് വിഭാഗത്തിന്റെ ടി ശുപാർശ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സിന്റിക്കേറ്റിലേക്ക് സമർപ്പിച്ചിരുന്നു. അതനുസരിച്ച താഴെ പറയുന്ന വിഷയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

1. സെനറ്റ് ഹാൾ നവീകരിക്കുവാൻ സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 51,35,207.70/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും,

2. ഈ ഇനത്തിൽ ആകെ തുകയായ 51,35,207.70/- രൂപ (അൻപത്തിയൊന്നു ലക്ഷത്തി മുപ്പത്തയ്യായിരത്തി ഇരുന്നൂറ്റി എഴ് രൂപ മാത്രം) "21 101 90 b - Modernisation of University Administration & Examination Infrastructure" എന്ന ബജറ്റ് ശീര്ഷ0കത്തിൽ നിന്ന് അനുവദിക്കുന്നതിനും

പ്രസ്തുത പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേൽ ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് അധ്യായം 1985III പരിച്ഛേദം (17) 10പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച നടപടിയും തദനുസരണം -25.03.2022ൽ പുറപ്പെടുവിച്ച /3080P&D /2022/1എംനമ്പർ സർവ്വ .യു.ജി.കലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ. ഒ.എ്.55/22.03/28229/p&d1/3/2020 **സർവ്വകലാശാലയിലെ ടീച്ചേർസ് ഹോസ്റ്റലായ കവടിയാറിന്റെ ടെറസിൽ ഷീറ്റ് റൂഫിങ് ചെയ്യുന്നതിനായി 9,70,000/- രൂപയുടെ എസ്റ്റിമേറ്റ് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ടീച്ചേർസ് ഹോസ്റ്റലായ കവടിയാറിന്റെ ടെറസിൽ ഷീറ്റ് റൂഫിങ് ചെയ്യുന്നതിനായി 9,70,000/- രൂപയുടെ എസ്റ്റിമേറ്റ് സർവകലാശാല എൻജിനീയർ സമർപ്പിച്ചിരിക്കുകയാണ്. മേൽ പ്രവൃത്തിക്ക് 14.01.2022 തീയ്യതിയിൽ വൈസ് ചാൻസിലർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2018 DSR PRICE (Cost index 36.44%) പ്രകാരമാണെന്ന് 30/12/2021 തീയതിയായുള്ള കത്തിൽ സർവകലാശാല എൻജിനീയർ വ്യക്തമാക്കുന്നുണ്ട്. മേൽപറഞ്ഞ എസ്റ്റിമേറ്റ് ധനകാര്യ വിഭാഗം പരിശോധിക്കുകയും വിവിധ ഇനങ്ങളിലുള്ള ചെലവ് കണക്കാക്കിയതും GST അടക്കം ആകെ ചെലവ് കണക്കാക്കിയതും കൃത്യമായാണെന്നും എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തു. ഫിനാൻസ് വിഭാഗത്തിന്റെ ടി ശുപാർശ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സിന്റിക്കേറ്റിലേക്ക് സമർപ്പിച്ചിരുന്നു. ടി വിഷയം പരിശോധിച്ച സിൻഡിക്കേറ്റ് ഉപസമിതി താഴെപ്പറയുന്ന ശുപാർശ നൽകിയിരുന്നു.

1. സർവ്വകലാശാല ടീച്ചേർസ് ഹോസ്റ്റലായ കവടിയാറിന്റെ ടെറസിൽ ഷീറ്റ് റൂഫിങ് ചെയ്യുന്നതിനായി 9,70,000/- (ഒൻപതു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും,

2. മേൽച്ചെലവ് 2021 – '22 വാർഷിക പദ്ധതിയിലെ "21 101 90 b – Modernisation of University Administration & Examination Infrastructure" എന്ന ബജറ്റ് ശീർഷകത്തില് നിന്ന് അനുവദിക്കുന്നതിനും.

സിൻഡിക്കേറ്റ് ഉപസമിതിയുടെ മേൽ ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം 30.03.2022–ൽ പുറപ്പെടുവിച്ച 3233/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.56/22.03/3775/P&D 1-1/2022/P&D 1** **സർവ്വകലാശാല ക്യാമ്പസിലെ ക്രഷ് ബിൽഡിങ്ങിന്റെ ടെറസ് ജി ഐ ഷീറ്റ് റൂഫിങ് ചെയ്യുന്നതിനും അതിർത്തിയിലെ ഫെൻസിങ് പ്രവൃത്തികൾക്കുമായി 8,53,500/- (എട്ടു ലക്ഷത്തി അമ്പത്തി മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 – ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാ ശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്– സംബന്ധിച്ച്:–**

NAAC വിസിറ്റുമായി ബന്ധപെട്ട അടിയന്തിര പ്രാധാന്യമർഹിക്കുന്ന പ്രവൃത്തികളിൽ ഉൾപ്പെടുത്തി സർവ്വകലാശാല ക്യാമ്പസിലെ ക്രഷ് ബിൽഡിങ്ങിന്റെ ടെറസ് ജി ഐ ഷീറ്റ് റൂഫിങ് ചെയ്യുന്നതിനും അതിർത്തിയിലെ ഫെൻസിങ് പ്രവൃത്തികൾക്കുമായി പ്രിലിമിനറി പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ എൻജിനിയറിങ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. ആയതു പ്രകാരം GI ഷീറ്റ് റൂഫിങ്, സ്റ്റീൽ വർക്ക്, ഫെൻസിങ് തുടങ്ങിയ പ്രവൃത്തികൾക്കായി 8,53,500/- (എട്ടു ലക്ഷത്തി അമ്പത്തി മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ആണ് സർവകലാശാല എൻജിനീയർ സമർപ്പിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2018 DSR PRICE (Cost index 36.44%) പ്രകാരമാണെന്ന് 03/01/2022 തീയതിയായുള്ള കത്തിൽ സർവകലാശാല എൻജിനീയർ വ്യക്തമാക്കുന്നുണ്ട്. മേൽ പറഞ്ഞ എസ്റ്റിമേറ്റ് ധനകാര്യ വിഭാഗം പരിശോധിക്കുകയും വിവിധ ഇനങ്ങളിലുള്ള ചെലവ് കണക്കാക്കിയതും GST അടക്കം ആകെ ചെലവ് കണക്കാക്കിയതും കൃത്യമായാണെന്നും എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തു.

1. സർവ്വകലാശാല ക്യാമ്പസിലെ ക്രഷ് ബിൽഡിങ്ങിന്റെ ടെറസ് ജി ഐ ഷീറ്റ് റൂഫിങ് ചെയ്യുന്നതിനും അതിർത്തിയിലെ ഫെൻസിങ് നിർമാണം തുടങ്ങിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും,
2. ഈ ഇനത്തിൽ ആകെ തുകയായ 8,53,500/- (എട്ടു ലക്ഷത്തി അമ്പത്തി മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും,
3. മേൽച്ചെലവ് 2021 – 22 വാർഷിക പദ്ധതിയിലെ "21 101 90 b – Modernisation of University Administration & Examination Infrastructure" എന്ന ബജറ്റ് ശീർഷകത്തില് നിന്ന് അനുവദിക്കുന്നതിനും

പ്രസ്തുത പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേൽ ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസിലറുടെ നടപടിയും തദനുസരണം 25.03.2022–ൽ പുറപ്പെടുവിച്ച 3079/P&D 1/2022/എം.ജി.യു. പുറപ്പെടുവിച്ച നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.57/22.03/10452/P&D 1-1/2022/P&D 1** **Class room cluster building നവീകരിക്കുവാൻ സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 8,15,000/- രൂപയുടെ എസ്റ്റിമേറ്റ് ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാ ശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല - Class room cluster building- ൽ സ്കൂൾ ഓഫ് ഫുഡ് സയൻസ് & ടെക്നോളജി ആരംഭിച്ചതിന്റെ ഭാഗമായി ടി കെട്ടിടത്തിന്റെ റെനോവേഷൻ വർക്കുകൾ ചെയ്യുന്നതിനായി 8,15,000/- രൂപയുടെ എസ്റ്റിമേറ്റ് സർവ്വകലാശാല എൻജിനീയർ സമർപ്പിച്ചിരുന്നു. ഫസ്റ്റ് & സെക്കൻഡ് ഫ്ലോർ പെയിന്റിംഗ്, ക്ലാസ് റൂം ലാബ് ആക്കി മാറ്റുക, സ്റ്റോർ റൂമിൽ ഷെൽഫ് നിർമ്മിക്കുക, ഉപയോഗശൂന്യമായ ജനലുകൾ മാറ്റി ഡിപ്പാർട്‌മെന്റൽ ജനലുകൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ പറഞ്ഞ എസ്റ്റിമേറ്റ് ധനകാര്യ വിഭാഗം പരിശോധിക്കുകയും പ്രധാനമായും DSR 2018 (Cost Index 36.44%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ വിവിധ ഇനങ്ങളിലുള്ള ചെലവുകളും ടാക്സും കണക്കുകൂട്ടിയതിൽ അപാകത ഇല്ലെന്നും എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് പരിഗണിക്കാവുന്നതാ ണെന്നും ശുപാർശ ചെയ്തു. ഫിനാൻസ് വിഭാഗത്തിന്റെ ടി ശുപാർശ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിഷയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

1. മഹാത്മാഗാന്ധി സർവ്വകലാശാല - Class room cluster building നവീകരിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനും
2. മഹാത്മാഗാന്ധി സർവ്വകലാശാല - Class room cluster building നവീകരിക്കുവാൻ സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 8,15,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും
3. ഈ ഇനത്തിൽ ആകെ തുകയായ 8,15,000/- രൂപ (എട്ട് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം), "21 101 92 l - School of Food Science & Technology- Augmentation of Scientific Facilities for Technological Innovations in Food Science Research" എന്ന ബജറ്റ് ശീർഷകത്തില് നിന്ന് അനുവദിക്കുന്നതിനും

പ്രസ്തുത പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേൽ ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസിലറുടെ നടപടിയും തദനുസരണം 25.03.2022-ൽ പുറപ്പെടുവിച്ച 3078/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.ഒ.എ.58/22.03/126258/El 29-3/2021/El 29** **ഗവ. ലോ കോളേജ് , എറണാകുളം, 2019 അഡ്മിഷൻ, എൽ എൽ എം പ്രോഗ്രാം, ശ്രീ രഞ്ജിത്ത് സി.-ക്കു - ഒന്നാം സെമസ്റ്റർ ഇന്റേണല്സ്-റീ ഡു അവസരം - വൈസ് ചാന്സലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ അനുവദിച്ചു - ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

എറണാകുളം, ഗവ. ലോ കോളേജിലെ 2019 അഡ്മിഷൻ എൽ എൽ എം വിദ്യാർഥിയായ ശ്രീ. രഞ്ജിത് സി., കോവിഡ് -19 രോഗബാധയും, തുടർ ആരോഗ്യപ്രശ്നങ്ങളും കാരണം ഒന്നാം സെമസ്റ്റർ ഇന്റേണൽ അസ്സെസ്സ്‌മെന്റുമായി ബന്ധപ്പെട്ട അക്കാദമിക് ജോലികൾ സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്തതിനാൽ ഇന്റേണൽ റീഡു ചെയ്യാനനുവദിക്കുന്നതിനു 18.08.2021 ന അപേക്ഷ സമർപ്പിച്ചിരുന്നു. സർവകലാശാല റെഗുലേഷൻ (എൽ.എൽ.എം. റഗുലേഷൻ 2006) പ്രകാരം എൽഎൽഎം കോഴ്സിന് ഇന്റേണൽ റീ ഡു വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ടി വിദ്യാർത്ഥിക്ക് ഇന്റേണൽ റീ ഡു അനുവദിക്കുന്ന വിഷയം വൈസ് ചാന്സലറുടെ ഉത്തരവ് പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് ലോ (യു ജി, പി ജി) യുടെ

പരിഗണനയ്ക്ക സമർപ്പിച്ചിരുന്നു. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ്, ശുപാർശകൾ സമർപ്പിച്ചത് അക്കാദമിക് കൗൺസിലിന്റെ പരിഗണനയിലാകുന്നു. ബോർഡ് ഓഫ് സ്റ്റഡീസ് ലോ ചെയർമാന്റെ അറിയിപ്പ് അനുസരിച്ച ടി വിദ്യാർത്ഥിയുടെ കോഴ്സ് കാലാവധി 31.03.2022 ന് അവസാനിക്കുമെന്നതിനാൽ വിഷയം വിശദമായി പരിശോധിച്ച വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ആയതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്തു മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10 (17) പ്രകാരം ടി വിദ്യാർത്ഥിക്ക് ഒന്നാം സെമസ്റ്ററിൽ ഇന്റേണൽസ് റീ ഡു അവസരം അനുവദിച്ച ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.03.2022-ലെ U.O. No.3019/ACA4/2022/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.ഒ.എ.59/22.03/AdAII/1/5038/2017 Appointment of Professors in the School of Pure and Applied Physics of Mahatma Gandhi University - Proceedings of the Selection Committee held on 24.02.2022- Action taken by the Vice Chancellor by exercising powers under section 3.10(17) of Mahatma Gandhi University Act 1985 - Report to the Syndicate – reg**

The Proceedings of the Selection Committee held on 24.02.2022 for appointment of Candidates as Professors in the School of Pure and Applied Physics of Mahatma Gandhi University was approved by the Vice Chancellor on 24.03.2022 by exercising powers under section 3.10(17) of Mahatma Gandhi University Act 1985. Accordingly University order No.3107/AD A2/2022/MGU dated 26.03.2022. The above action taken by the Vice Chancellor by exercising the powers under section 3.10(17) of Mahatma Gandhi University Act 1985 is reported to the Syndicate.

**ഇനംനമ്പർ. ഒ.എ.60/22.03/70678/ADA7-1/2020/എഡിഎ7 ഐ.ഐ.ആർ.ബി.എസ്.-ൽ കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെന്റൽ സയൻസ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ കോൺട്രാക്ട് ഫാക്കൽറ്റിയെ താല്ക്കാലിക കരാർ വ്യവസ്ഥയിൽ നിയോഗിച്ചത് സംബന്ധിച്ച്.**

സർവ്വകലാശാലയിലെ ഇന്റർ സ്കൂൾ സെന്ററായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് (ഐ ഐ ആർ ബി എസ്) ൽ കരാർ വ്യവസ്ഥയിൽ താത്കാലിക അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെന്റൽ സയൻസ്, മാത്ത്മാറ്റിക്സ്, എന്നീ വിഷയങ്ങളിൽ ഗസ്റ്റ് ഫാക്കൽറ്റിയെ നിയോഗിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച 08.12..2021-ൽ ഇൻറർവ്യൂ നടത്തിയിരുന്നു. പ്രസ്തുത-ഇൻറർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽനിന്നും യോഗ്യരായവരെ ഉൾപ്പെടുത്തിയ പട്ടികയിൽനിന്നും കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെന്റൽ സയൻസ്, മാത്ത്മാറ്റിക്സ്, എന്നീ വിഷയങ്ങളിൽ കോൺട്രാക്ട് ഫാക്കൽറ്റി തസ്തികയിലേക്ക് താത്കാലികമായി 2021-2022 അധ്യയന വർഷം പൂർത്തിയാകുംവരെ കരാറ് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിന് ശിപാർശ ചെയ്ത സെലക്ഷന് കമ്മിറ്റിയുടെ നടപടിക്രമം മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച നടപടിയും തദനുസരണം 30.03.2022-ൽ പുറപ്പെടുവിച്ച യു.ഓ. നം. 3283/AdA 7/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ.ഒ.എ.61/22.03/ Ad.AII/3/76/1994/Admn** **ഡോ. സി. സുദർശന കുമാറിന് പ്രൊഫസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ തീയതി പരിഷ്ക്കരിച്ച് നൽകുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ അനുവദിക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, 10 (17) പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിച്ച് വൈസ്ചാൻസലർ കൈക്കൊണ്ട നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

യുജിസി റെഗുലേഷൻ 2010-ന് അനുസൃതമായി Rs. 37400-67000+AGP Rs10000 എന്ന സ്കെയിൽ ഓഫ് പേയിൽ സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്-ലെ അദ്ധ്യാപകനായ ഡോ. സി. സുദർശ നകുമാറിന് പ്രൊഫസർ തസ്തികയിലേക്ക് ഉള്ള സ്ഥാനക്കയറ്റം 01.01.2009 തീയതിയിലേക്ക് പരിഷ്ക്കരിച്ച് നൽകാവുന്നതാണെന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.04.2022-ലെ 3444/AD A2/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.62/22.03/69081/AD B4-1/2021/ADB4** **സർവ്വകലാശാലയിലെ പ്രോ-വൈസ് ചാൻസിലറുടെയും, രജിസ്ട്രാറുടെയും ചേമ്പറിലേയ്ക്കും, സിൻഡിക്കേറ്റ് ഹാളിലേയ്ക്കും ഇന്ററാക്ടീവ് പാനലുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത വകയിൽ രണ്ട് സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചു കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) പ്രകാരമുള്ള വൈസ് ചാൻസിലറുടെ തീരുമാനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

2021 - 22 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യം കണക്കിലെടുത്ത്, പി.വി.സി, രജിസ്ട്രാർ എന്നിവരുടെ ചേമ്പറിലേയ്ക്കും, സിൻഡിക്കേറ്റ് ഹാളിലേയ്ക്കും ഇന്ററാക്ടീവ് പാനലുകളും വീഡിയോ കോൺഫറൻസിങ് ഉപകരണങ്ങളും വിതരണം ചെയ്ത വകയിൽ M/s. Resolute Enterprises, Changanacherry എന്ന സ്ഥാപനത്തിന് Rs.7,92,700/- (ഏഴു ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി എഴുന്നൂറ് രൂപ മാത്രം), M/s. K M Technologies, Kottayam എന്ന സ്ഥാപനത്തിന് Rs. 3,70,200/- (മൂന്ന് ലക്ഷത്തി എഴുപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിക്കുന്നതിനും, പ്രസ്തുത ചെലവ് 2021 - 22 സാമ്പത്തിക വർഷത്തെ "21 101 90 b Modernisation of University Administration & Examination Infrastructure" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തുന്നതിനും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 27.03.2022-ലെ 3156/ADB4/2022/ എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.ഒ.എ.63/22.03/5927/P&D3-1/2020/P&D 3** **FFMS - കെൽട്രോണുമായുള്ള 2021-2022 കാലയളവിലെ വാർഷിക പരിപാലന കരാർ (AMC) പുതുക്കുന്നത് സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം File Flow Management System (FFMS) നടപ്പിലാക്കുന്നതിനായി M/s. Kerala State Electronics Development Corporation (KELTRON) -മായി സർവ്വകലാശാല കരാറിൽ ഏർപ്പെട്ടിരുന്നു. AMC കാലാവധി അവസാനിച്ചതിനാൽ, 2021-2022 കാലയളവിലേക്കുള്ള (01.06.2021 മുതൽ 31.05.2022 വരെ) പുതിയ AMC പ്രൊപോസൽ 21.01.2022 തീയതിയിലെ ITBG/SWG/MG/220121/577 നം. കത്ത് പ്രകാരം M/s. Keltron സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിലെ AMC കാലയളവ് 01.06.2021 മുതൽ

31.05.2022 വരെയും സർവർ ഹോസ്റ്റിങ് കാലയളവ് 14.05.2020 മുതൽ 13.05.2021 വരെയുമാണ്. AMC നൽകുന്നതിന് 3,82,320/- രൂപയും സർവർ ഹോസ്റ്റിങ് ചാർജായി 4,14,916/- രൂപയുമുൾപ്പടെ മൊത്തം 7,97,236/- (GST ഉൾപ്പടെ) രൂപയാണ് പ്രൊപ്പോസലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കെൽട്രോൺ സമർപ്പിച്ച പ്രൊപോസൽ പരിശോധിച്ച സർവകലാശാല ധനകാര്യ വിഭാഗം ചുവടെയുള്ള കാര്യങ്ങൾ ശുപാർശ ചെയ്തു.

1. മഹാത്മാഗാന്ധി സർവകലാശാലയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശ പ്രകാരം ഫയൽ ഫ്ളോ മാനേജ്മെന്റ് സിസ്റ്റം (FFMS) നടപ്പിലാക്കിയതിന്റെ ഭാഗമായി ഏർപ്പെട്ടിരുന്ന വാർഷിക പരിപാലന കരാർ M/s. Keltron എന്ന സ്ഥാപനവുമായി 01.06.2021 മുതൽ 31.05.2022 വരെ AMC-ക്ക് 3,24,000 + 18 % GST = 3,82,320/- രൂപയും 14.05.2021 മുതൽ 13.05.2022 വരെ സർവർ ഹോസ്റ്റിങ് ചാർജ് 3,51,624 + 18 % GST = 4,14,916/- രൂപയും മൊത്തം 7,97,236/- (ഏഴു ലക്ഷത്തി തൊണ്ണൂറ്റേഴായിരത്തി ഇരുന്നൂറ്റി മുപ്പത്താറു രൂപാ മാത്രം) രൂപയ്ക്ക് പുതുക്കുന്നതിനും,

2. കരാർ തുക 2021 – 22 സാമ്പത്തിക വർഷ ബജറ്റിലെ "21 101 81 E – Governance" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതിനും,

3. സർവർ അപ്ഗ്രഡേഷൻ സംബന്ധമായ പ്രശ്നങ്ങളിൽ ഐ ടി സെൽ ഡയറക്ടറുടെ അഭിപ്രായങ്ങൾ അടുത്ത കരാറിൽ ഉൾപ്പെടുത്തുന്നതിനും.

ധനകാര്യ വിഭാഗത്തിന്റെ ടി ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച 25.03.2022-ലെ യു.ഓ.നം. 3085/SC/ST Cell/2022/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.64/22.03/3793/P&D 1-1/2022/P&D 1 മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗസ്റ്റ് ഹൗസിന്റെ മേൽക്കൂരയുടെ ചോർച്ചയും നനവും പരിഹരിക്കുന്നതിനായി GI ഷീറ്റ് റൂഫിങ് ചെയ്യുന്നതിനായുള്ള 11,52,000/- രൂപയുടെ എസ്റ്റിമേറ്റ് ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 – ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗസ്റ്റ് ഹൗസിന്റെ മേൽക്കൂരയുടെ ചോർച്ചയും നനവും പരിഹരിക്കുന്നതിനായി GI ഷീറ്റ് റൂഫിങ് ചെയ്യുന്നതിനായുള്ള 11,52,000/- രൂപയുടെ എസ്റ്റിമേറ്റ് സർവകലാശാല എൻജിനീയർ സമർപ്പിച്ചിരിക്കുകയാണ്. ടി വിഷയം പരിശോധിച്ച സിൻഡിക്കേറ്റ് ഉപസമിതി – ഫിനാൻസ് താഴെപ്പറയുന്ന ശുപാർശ നൽകിയിരുന്നു.

1. സർവ്വകലാശാലയിലെ ഗസ്റ്റ് ഹൗസിന്റെ മേൽക്കൂര GI ഷീറ്റ് റൂഫിങ് ചെയ്യുന്നതിനായുള്ള ഭരണാനുമതി നൽകുന്നതിനും,

2. ഈ ഇനത്തിൽ ആകെ തുകയായ 11,52,000/- രൂപയുടെ (പതിനൊന്നു ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ മാത്രം ) എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും,

3. മേൽച്ചെലവ് 2021 – 22 വാർഷിക പദ്ധതിയിലെ "21 101 90 b – Modernisation of University Administration & Examination Infrastructure" എന്ന ബജറ്റ് ശീർഷകത്തില് നിന്ന് അനുവദിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

സിൻഡിക്കേറ്റ് ഉപസമിതിയുടെ മേൽ ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും തദനുസരണം 30.03.2022-ൽ പുറപ്പെടുവിച്ച 3252/P&D 1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.65/22.03/80343/P&D1/3/2020/admn** **പേയ്മെന്റ്സ് – സർവകലാശാല പരീക്ഷ വിഭാഗത്തിലെ ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഭാഗിക പ്രതിഫലമായി 13,53,881/–രൂപ (പതിമൂന്നു ലക്ഷത്തി അൻപത്തിമൂവായിരത്തി എണ്ണൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം) അനുവദിക്കുന്നതിനുള്ള ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ അംഗീകരിച്ച നടപടി – സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്**

സർവകലാശാല പരീക്ഷാ വിഭാഗത്തിലെ ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സർവകലാശാല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തി ഇപ്പോൾ സർവകലാശാലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട സർവകലാശാല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റിക്കു നാളിതുവരെ 1,27,69,011/– രൂപ (GST + Tax ഉൾപ്പടെ) പ്രതിഫലമായി നൽകിയിട്ടുണ്ട്. മേൽപറഞ്ഞ പ്രവൃത്തിയുമായി ബന്ധപെട്ട ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റി ആകെ 13,53,881/– രൂപയുടെ ഭാഗിക പ്രതിഫലത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റിക്കു ഭാഗിക പ്രതിഫലമായി നൽകുവാനുള്ള Rs.13,53,881/– രൂപയിൽ നിന്നും (TDS+IT) തുകയായ 45,894/– രൂപ കുറവ് വരുത്തി Rs.13,07,987/– (പതിമൂന്നു ലക്ഷത്തി ഏഴായിരത്തി തൊള്ളായിരത്തി എണ്പത്തിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിനുള്ള ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.03.2022–ലെ 3024/P&D1/2022/എം ജി യു, നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.66/22.03/54624/ADA4-3/2022/ADA4** **ഐ ടി സെൽ – താത്കാലിക – കരാർ അടിസ്ഥാനത്തിലുള്ള ഫ്രഷർ/ജൂനിയർ/സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ തസ്തികകളിലേക്കുള്ള അഭിമുഖങ്ങളുടെ നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ അംഗീകരിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഐ ടി സെൽ വിഭാഗത്തിലേക്ക് താത്കാലിക – കരാർ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയർ ഡെവലപ്പർ (ഫ്രഷർ), ജൂനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ, സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ എന്നീ തസ്തികകളിലേക്ക് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും, സോഫ്റ്റ്‌വെയർ ഡെവലപ്പർ (ഫ്രഷർ) തസ്തികയിലേക്ക് 11.03.2022 തീയതിയിലും ജൂനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ, സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ തസ്തികകളിലേക്ക് 19.03.2022 തീയതിയിലും വാക്–ഇൻ ഇന്റർവ്യൂ നടത്തുകയുമുണ്ടായി. പ്രസ്തുത തസ്തികകളിലേക്കുള്ള സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് നം. 3469/AD A 4/2022/എം.ജി.യു., തീയതി: 05.04.2022, സ.ഉ.നം.3468/AD A 4/2022/എം. ജി. യു., തീയതി: 05.04.2022 നമ്പർ സർവ്വകലാശാല ഉത്തരവുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.ഒ.എ.67/22.03/180530/P&D 1-1/2021/P&D 1 DASTP കെട്ടിടത്തിന്റെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അധികമായി വേണ്ടിവന്ന മാറ്റങ്ങൾ കാരണം സിൻഡിക്കേറ്റ് അംഗീകരിച്ച 17,53,000/- രൂപ എസ്റ്റിമേറ്റിൽ നിന്നും 1,37,200/- രൂപയുടെ പ്രവൃത്തി അധികരിച്ചു വന്നതിനാൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന മെറ്റീരിയൽസ് മാറ്റി ഉപയോഗിച്ചതിന്റെ വിശദീകരണം ലഭിച്ചതിനു ശേഷം മാത്രം അധിക തുക അനുവദിക്കുന്നത് - സിൻഡിക്കേറ്റ് ഉപസമിതി ഫിനാൻസ് ന്റെ ശിപാർശ - ബഹു വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 -ലെ അധ്യായം 3 പരിച്ഛേദം 10 (17) -ൽ പ്രതിപാദിച്ചിട്ടുള്ള സവിശേഷ അധികാരം ഉപയോഗിച്ച് അംഗീകരിച്ചത് - സിൻഡിക്കറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയിൽ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടൈം പ്രോഗ്രാംസ് (DASP) കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി സർവ്വകലാശാല എഞ്ചിനീയർ സമർപ്പിച്ച 17,53,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിരുന്നു. ടി കെട്ടിടത്തിന്റെ സൈഡിൽ ACP പാനൽ ചെയ്യുന്നതിനും, ഭിന്നശേഷിക്കാരുടെ സൗകര്യാർത്ഥം റാമ്പ് നിർമ്മിക്കുക, റാമ്പിന് P C ഷീറ്റ് റൂഫിങ്, കെട്ടിടത്തിന്റെ സൈഡിൽ ലീക്ക് മാറ്റുവാൻ G I ഷീറ്റ് റൂഫിങ് തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നതിനായി 1,37,200/- രൂപ സിണ്ടിക്കേറ്റ് അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും കൂടുതൽ വരുന്നതിനാൽ ടി പ്രവർത്തിക്കായി 1,37,200/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് തരണമെന്ന് സർവ്വകലാശാല എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുകയാണ്. ടി വിഷയം പരിശോധിച്ച സിൻഡിക്കേറ്റ് ഉപസമിതി- ഫിനാൻസ് താഴെപ്പറയുന്ന ശുപാർശ നൽകിയിരുന്നു.

"DASTP കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി അംഗീകരിച്ച എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന മെറ്റീരിയൽസ് മാറ്റി ഉപയോഗിച്ചതിന്റെ വിശദീകരണം ലഭിച്ചതിനു ശേഷം മാത്രം അധിക തുകയായി 1,37,200/- (ഒരു ലക്ഷത്തി മുപ്പത്തേഴായിരത്തി ഇരുന്നൂറു രൂപ മാത്രം) രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു."

സിൻഡിക്കേറ്റ് ഉപസമിതി -ഫിനാൻസ്- ന്റെ മേൽ ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസിലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.04.2022-ലെ 3426/P&D1/2022/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.68/22.03/135493/AD B4-1/2021/ADB4 UGC-SWAYAM പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന്റെ ഭാഗമായി സർവ്വകലാശാലയിൽ MULTIMEDIA ലാബ് നിർമ്മിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ, M/s. Systronics India Ltd, Thiruvananthapuram എന്ന സ്ഥാപനത്തിന് തുക അനുവദിച്ചു കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) പ്രകാരമുള്ള വൈസ് ചാൻസിലറുടെ തീരുമാനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

സർവ്വകലാശാലയിൽ UGC - SWAYAM പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന്റെ ഭാഗമായി ഒരു MULTIMEDIA ലാബ് നിർമ്മിക്കുന്നതിനായി 20 ലക്ഷം രൂപയുടെ പ്രോജക്ടിന് 2021-'22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വൈസ് ചാൻസലർ ഉത്തരവായിരുന്നു. സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ, മൾട്ടിമീഡിയ ലാബ് സജ്ജമാക്കിയതിനു ശേഷം, ആയതിന്റെ തുക (₹.13,99,500/-) അനുവദിക്കുന്നതിനായി, M/s. Systronics India Ltd. സമർപ്പിച്ച ഇൻവോയ്സുകളും അനുബന്ധരേഖകളും ഫിനാൻസ് വിഭാഗം പരിശോധിക്കുകയും, ടി വാങ്ങലിന്റെ തുക 2021 - '22 സാമ്പത്തിക വർഷ ബജറ്റിലെ "21 101 90 q Swayam Lab" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി, സ്ഥാപനത്തിന് അനുവദിക്കുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി. പ്രസ്തുത ശുപാർശയുടെ

അടിസ്ഥാനത്തിൽ, സർവ്വകലാശാലയിൽ MULTIMEDIA ലാബ് സജ്ജീകരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ, M/s. Systronics India Ltd, Thiruvananthapuram എന്ന സ്ഥാപനത്തിന്, 13,99,500/- രൂപ (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒൻപത്തിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും, ആയതിൻ പ്രകാരം പുറപ്പെടുവിച്ച 30.03.2022-ലെ 3287/ADB4/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.69/22.03/167932/AD B2-2/2021/AD B 2 സർവകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വിവിധ സെന്ററുകളിലേക്ക് (സർവകലാശാല പുതുതായി തുടങ്ങിയ പഠനവകുപ്പുകൾ ഒഴികെ), സർക്കാർ അംഗീകൃത മെ. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും അടിയന്തിരമായി ഏകദേശം 82,88,536/- രൂപയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിന്- ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട്- 1985, അദ്ധ്യായം 3, സെക്ഷൻ 10(17)- ല് പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ച് അനുവദിച്ച് ഉത്തരവായിരിക്കുന്ന നടപടി - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

കൺവർജെൻസ് അക്കാദമിയ കോംപ്ലക്സിലെ വിവിധ സെന്ററുകളിലേക്കാവശ്യമായ ഫർണിച്ചർ മെ. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ (KADCO) മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്ന് 82,88,536/- രൂപയ്ക്ക് (എൺപത്തിരണ്ട് ലക്ഷത്തി എൺപത്തെണ്ണായിരത്തി അഞ്ഞൂറ്റി മുപ്പത്താറ് രൂപ മാത്രം) വാങ്ങുന്നതിനും പ്രസ്തുത ചെലവ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾക്ക് അനുവദിച്ചിരിക്കുന്ന സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിനും വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.12.2021-ലെ 6934/AD B2/2021/M.G.U നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.70/22.03/127233/AD B2-1/2021/ADB2 2021-22 സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നും ലഭിച്ച വാർഷിക പദ്ധതി വിഹിതം AMC/Repair പ്രവൃത്തികൾക്കായി അനുവദിക്കുന്നതിനു മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) - ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ച് ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ സ്ഥാപിച്ചിരിക്കുന്ന വിവിധ ഉപകരണങ്ങളുടെ പാർട്സുകൾ മാറ്റി നന്നാക്കി പ്രവർത്തനക്ഷമമാക്കിയ വകയിൽ 7 സ്ഥാപനങ്ങൾക്ക് 5,32,498/- (അഞ്ചു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നാനൂറ്റി തൊണ്ണൂത്തിയെട്ട് രൂപ മാത്രം) രൂപയും, സ്കൂൾ ഓഫ് ബയോ സയൻസസിലെ Schimadzu Preparative HPLC യുടെ കേടുപാടുകൾ തീർത്തതിന് 1,05,840/- (ഒരു ലക്ഷത്തി അയ്യായിരത്തി എണ്ണൂറ്റി നാല്പത് രൂപ മാത്രം) രൂപയും ചേർത്ത് ആകെ 6,38,338/- (ആറു ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) അനുവദിക്കുന്നതിനും പ്രസ്തുത ചെലവ് 2021-'22 സാമ്പത്തികവർഷ ബഡ്ജറ്റിലെ "21 101 93 f - Establishment of Laboratory Maintenance Facility" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിനും, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ വൈസ് ചാൻസലറുടെ നടപടിയും തദനുസരണം 26.03.2022-ൽ പുറപ്പെടുവിച്ച 3136/AD B2/2022/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.71/22.03/31896/CS S-1/2022/CSS** **സിഎസ്എസ് – സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് 2021-2023 ബാച്ച് എം. എഡ്. വിദ്യാർത്ഥിയായ അമല്യ കാട്ടുനിലത്തിനു സെമസ്റ്റർ പരീക്ഷകൾക്ക് അധിക സമയത്തോടെ വ്യാഖ്യാതാവിന്റെ സേവനം അനുവദിച്ചു കൊണ്ട് ബഹുമാനപ്പെട്ട വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല നിയമം 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരം നൽകിയ ഉത്തരവിൻ മേൽ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് 2021-2023 ബാച്ച് എം. എഡ്. വിദ്യാർത്ഥിയായ അമല്യ കാട്ടുനിലം 'Writer's Cramp' എന്ന അസുഖം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളായതിനാൽ എം എഡ് പ്രോഗ്രാമിന്റെ എല്ലാ സെമസ്റ്റർ പരീക്ഷകൾക്കും അധിക സമയത്തോടെ വ്യാഖ്യാതാവിന്റെ സേവനം അനുവദിച്ചു കൊണ്ട് ബഹുമാനപ്പെട്ട വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 25-03-2022-ലെ 3047/CSS/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.72/22.03/25684/ADA3/4/2019/ADMIN** **സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഗവ.ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

28.03.2022-ലെ GO(P) No. 10/2022/GAD നമ്പർ സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയ വൈസ് ചാൻസലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 02.04.2022-ലെ 51093/ADA3-4/2022/ADMIN നമ്പർ പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.73/22.03/58867/ACD/CR/2021** **Bangalore University അവാർഡ് ചെയ്ത Bachelor of Biological Science( Integrated) B.Voc Food Processing and Nutraceuticals (Regular) ബിരുദം, മഹാത്മാഗാന്ധി സർവ്വകലാശാല യുടെ B.Voc Food Processing Technology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി Smt. Anjana V. A. നൽകിയ അപേക്ഷ – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

Bangalore University അവാർഡ് ചെയ്ത Bachelor of Biological Science( Integrated) B.Voc Food Processing and Nutraceuticals (Regular) ബിരുദം, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ B.Voc Food Processing Technology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി Smt. Anjana V. A അപേക്ഷ നൽകിയിരുന്നു. Convenor, Expert Committee (Food Technology and Quality Assurance), ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് എന്നിവരുടെ വിദഗ്ദാഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ബാംഗ്ലൂർ സർവകലാശാല യുടെ Bachelor of Biological Science (Integrated) – B.Voc Food Processing and Nutraceuticals (Regular) എന്ന ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ നടത്തുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളിൽ, ടി വിഷയത്തിന് റെലവൻറ് ആയ കോഴ്സുകൾക്ക് പ്രവേശനം നേടുന്നതിനുള്ള യോഗ്യതകളിലൊന്നായി അംഗീകരിക്കുവാൻ തീരുമാനിച്ചു കൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.03.2022-ലെ 3164/ACA8/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.ഒ.എ്.74/22.03/24107/BUDGET -1/2022/BUDGET (C) ധനകാര്യം - സർവകലാശാല ബജറ്റ് 2021 -22 - പ്ലാൻ ഫണ്ട് ശീർഷകമായ "21 322 03 a - Buildings" -ൽ 16000000 രൂപ അധികതുക വകയിരുത്തൽ - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്.**

School of Tourism Studies കെട്ടിടത്തിന്റെ നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ഇനത്തിൽ 10000000/- (ഒരു കോടി) രൂപയാണ് 21 322 03 a - Buildings എന്ന ശീർഷകത്തിൽ സർവകലാശാല ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സർവകലാശാല ഉത്തരവ് നമ്പർ 3419/ P &D 1/ 2021/ എം ജി യു തിയതി 22/ 07/ 2021 പ്രകാരം 15000000/- (ഒരു കോടി അൻപത് ലക്ഷം) രൂപ ഈ ആവശ്യത്തിനായി നീക്കിവച്ചിട്ടുള്ളതാണ്. കെട്ടിടത്തിന്റെ നിർമ്മാണ നിർവഹണ ഏജൻസിയായ KITCO നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അടുത്ത ഗഡു തുക കൈമാറാൻ സർവകലാശാലയോട് അഭ്യർത്ഥിച്ചിരുന്നു. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിട നിർമ്മാണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) 21 322 03 a - Buildings എന്ന ശീർഷകത്തിൽ 10000000/- (ഒരു കോടി മാത്രം) രൂപ നീക്കിവച്ചിരുന്നുവെങ്കിലും ഈ തുക നടപ്പ് സാമ്പത്തിക വർഷമാണ് കൈമാറിയത്. നടപ്പ് സാമ്പത്തിക വർഷം 21 322 03 a - Buildings എന്ന ശീർഷകത്തിൽ നിന്ന് ആകെ 10943944/- രൂപ (One Crore Nine Lakhs Forty Three Thousand Nine Hundred Forty Four only) ഇതിനോടകം ചെലവാകുകയും 943944/- രൂപ മൈനസ് ബാലൻസ് നിലനിൽക്കുകയുമാണ്. ഈ സാഹചര്യത്തിൽ, മൈനസ് ബാലൻസ് റെഗുലറൈസ് ചെയ്യുന്നതിനും 2021-22 സാമ്പത്തിക വർഷം സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി പദ്ധതി ഇനത്തിൽ നീക്കിവച്ചിട്ടുള്ള മുഴുവൻ തുകയും, 15000000/- (ഒരു കോടി അൻപത് ലക്ഷം) രൂപ, KITCO യ്ക്ക് കൈമാറുന്നതിനുമായി 21 322 03 a - Buildings എന്ന ശീർഷകത്തിൽ ആകെ 16000000/- രൂപ (ഒരു കോടി അറുപത് ലക്ഷം മാത്രം) അധിക തുകയായി വകയിരുത്തേണ്ടതുണ്ടെന്ന ധനകാര്യ വിഭാഗത്തിന്റെ ശുപാർശ പരിഗണിച്ച് സാമ്പത്തിക വർഷം അവസാനിക്കുമെന്നുള്ള അടിയന്തര സാഹചര്യം കണക്കിലെടുത്ത് സർവകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റ് അടങ്കലും വാർഷിക കമ്മിയും പരിഷ്കരിച്ച് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 26.03.2022-ലെ യു.ഒ.നം.3139/BUDGET(C)/2022/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ്.75/22.03/51165/AD B4-3/2022/AD B 4 മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലേക്ക് "Development of Laboratory for Solar Energy Research for Synthesis and Characterize of Metal halide Perovskite Nanostructures" എന്ന പ്രോജക്റ്റിനായി രാസവസ്തുക്കളും ഉപകരണങ്ങളും വിതരണം ചെയ്ത വകയിൽ അഞ്ച് സ്ഥാപനങ്ങൾക്കും കൂടി നികുതിയുൾപ്പെടെ 46,73,121/- രൂപ അനുവദിക്കുന്നതിനും, ടി തുക പ്രസ്തുത സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17)-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഉത്തരവായത് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

2021 - 22 വാർഷിക പദ്ധതി വിഹിതമായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലേക്ക് "Development of Laboratory for Solar Energy Research for Synthesis and Characterize of Metal halide Perovskite Nanostructures" എന്ന പ്രോജക്റ്റിനായി 48.04 ലക്ഷം രൂപ, സർവ്വകലാശാല ഉത്തരവ് നം. 3419/P&D1/2021/എം ജി യു, തീയതി, 22.07.2021 പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത വാങ്ങലുകളുമായി ബന്ധപ്പെട്ട് വകുപ്പ് മേധാവി സമർപ്പിച്ച ഇൻവോയ്സ്കളും അവയിലെ സാക്ഷ്യപ്പെടുത്തലുകളും ക്രമപ്രകാരമായതിനാൽ ഫിനാൻസ് വിഭാഗത്തിന്റെ ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III

സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസിലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.04.2022–ലെ 3615/എഡിബി4/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.76/22.03/134942/CBCSS 14–2/2021/CBCSS 14 ആലുവ യു.സി. കോളേജിലെ ബി. എ. മലയാളം ആറാം സെമസ്റ്റർ വിദ്യാർത്ഥിനിയായിരുന്ന സുമയ്യ. പി.എ. (രജിസ്റ്റർ നമ്പർ 150021172385) – യുടെ ബി . എ മലയാളം ആറാം സെമസ്റ്റർ മാർച്ച് 2018 പരീക്ഷയിലെ " കഥാസാഹിത്യം" എന്ന വിഷയത്തിന്റെ ഉത്തരക്കടലാസ് നഷ്ടപ്പെട്ട സാഹചര്യത്തിൽ– സ്പെഷ്യൽ സപ്ലിമെൻററി പരീക്ഷ നടത്തുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

ആലുവ, യു.സി. കോളേജിലെ ബി. എ മലയാളം വിദ്യാർത്ഥിനിയായിരുന്ന സുമയ്യ. പി.എ. (രജിസ്റ്റർ നമ്പർ 150021172385)–യുടെ ആറാം സെമസ്റ്റർ, മാർച്ച് 2018 പരീക്ഷയിലെ "കഥാസാഹിത്യം" (QP CODE : 1019) എന്ന വിഷയത്തിന്റെ ഉത്തരക്കടലാസ് നഷ്ടപ്പെട്ട സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ച് അന്വേഷണ കമ്മീഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 04.04.2022–ൽ അന്വേഷണക്കമ്മീഷൻ, സമർപ്പിച്ച റിപ്പോർട്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം 07.04.2022–ൽ പുറപ്പെടുവിച്ച 3579/EA 2/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.77/22.03/30835/BUDGET SO/2022/BUDGET (C) ധനകാര്യം – 2021–22 സാമ്പത്തിക വർഷത്തെ "13 725 04 a – Inculcate, Acquire Scheme" (NSS and Earmarked Funds – Receipts), "23 725 04 a – Inculcate, Acquire Scheme" (NSS and Earmarked Funds – Expenditure) എന്നീ ശീർഷകങ്ങളിലെ അടങ്കൽ തുക വർധിപ്പിക്കൽ – അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്.**

സർവകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷത്തെ "13 725 04 a – Inculcate, Acquire Scheme" (NSS and Earmarked Funds – Receipts), "23 725 04 a – Inculcate, Acquire Scheme" (NSS and Earmarked Funds – Expenditure) എന്നീ ശീർഷകങ്ങളിലെ അടങ്കൽ 10000000/– (ഒരു കോടി) രൂപ വീതം വർധിപ്പിക്കുന്നതിനുള്ള ശിപാർശ സാമ്പത്തിക വർഷം അവസാനിക്കുമെന്നുള്ള അടിയന്തര സാഹചര്യം പരിഗണിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചുത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 26.03.2022–ലെ യു.ഒ.നം. 3141/BUDGET(C)2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.78/22.03/46485/AD B4–2/2022/AD B 4 സർവ്വകലാശാല പഠനവകുപ്പായ School of Artificial Intelligence and Robotics സ്ഥിതി ചെയ്യുന്ന Convergence Academia Complex – ലെ Room No.514 – ൽ പാർട്ടീഷൻ, ഫർണിഷിങ് ജോലികൾ റിപ്പീറ്റ് ഓർഡർ മുഖേന 6,50,114/– രൂപയ്ക്ക് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം വിനിയോഗിച്ചു കൊണ്ടുള്ള വൈസ് ചാൻസിലറുടെ തീരുമാനം – റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാലയുടെ പഠനവകുപ്പായ School of Artificial Intelligence and Robotics (SAIR) പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനായി ടി പഠനവിഭാഗം സ്ഥിതി ചെയ്യുന്ന Convergence Academia Complex - ലെ Room No.514 -ൽ പാർട്ടീഷൻ, ഫർണിഷിങ് ജോലികൾ റിപ്പീറ്റ് ഓർഡർ മുഖേന 6,50,114/- രൂപയ്ക്ക് നടത്തുന്നതിനുള്ള അനുമതിക്കായി വകുപ്പ് മേധാവി അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിഗണിച്ച്, പ്രസ്തുത പഠനവിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ഓഫ്‌ലൈൻ രീതിയിൽ ക്ലാസ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള അടിയന്തിര ആവശ്യവും പരിഗണിച്ച്, ടി വകുപ്പിൽ വകുപ്പ് മേധാവി ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരമുള്ള പ്രവൃത്തികൾ, മറ്റ് പഠന വിഭാഗങ്ങൾ/സെന്ററുകളിൽ നടത്തിയിട്ടുള്ള സമാനമായ പ്രവൃത്തികളുടെ റിപ്പീറ്റ് ഓർഡർ നൽകി പൂർത്തിയാക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.04.2022-ലെ 3614/ADB4/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ. ഒ.എ.79/22.03/54300/AD A2-2/2022/AD A 3 സ്കൂൾ ഓഫ് ലെറ്റേഴ്സിൽ അസ്സോസിയേറ്റ് പ്രൊഫസർ ആയി നിയമനം ലഭിച്ച ഡോ .രോഹിത്.പി ക്ക് ജോലിയിൽ പ്രവേശിക്കുന്ന തീയതി 90 ദിവസം വരെ ദീർഘിപ്പിച്ച നൽകുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, 10 (17) പ്രകാരം വൈസ്ചാൻസലർ കൈക്കൊണ്ട നടപടി സിന്‍ഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച:-**

സ്കൂൾ ഓഫ് ലെറ്റേഴ്സിൽ അസ്സോസിയേറ്റ് പ്രൊഫസർ ആയി നിയമനം ലഭിച്ച ഡോ. രോഹിത്.പി-ക്ക് നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ, തന്നിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ പൂർത്തികരിക്കുന്നതിനായി പ്രവേശന കാലം 90 ദിവസം വരെ ദീർഘിപ്പിച്ച നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ചു, 06.01.1971 തീയതിയിലെ ഗവണ്മെന്റ് സർക്കുലറിന്റെ (നമ്പർ.89109/SD5/70/PD) അടിസ്ഥാനത്തിൽ ടിയാന് ജോലിയിൽ പ്രവേശിക്കാനുള്ള സമയം 90 ദിവസം വരെ ദീർഘിപ്പിച്ച നല്കി കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.04.2022-ലെ 3607/ADA2/2022/M.G.U നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ. ഒ.എ.80/22.03/49865/AD B4-2/2022/ADB4 സർവ്വകലാശാലയിലെ IMPSS-ലേക്ക് "Developing Infrastructure and Facilities for Integrated Multidisciplinary Programme in Social Science"എന്ന പദ്ധതിയുടെ ഭാഗമായി ഓഡിയോ വീഡിയോ ഉപകരണങ്ങൾ വാങ്ങിയ വകയിൽ Telerad Division of Systronics India Ltd, Thiruvananthapuram എന്ന സ്ഥാപനത്തിന് 7,44,343/- രൂപ (ഏഴ് ലക്ഷത്തി നാൽപത്തി നാലായിരത്തി മുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) അനുവദിച്ച കൊണ്ട് വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) പ്രകാരം കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാലയിലെ IMPSS -ലേക്ക് "Developing Infrastructure and Facilities for Integrated Multidisciplinary Programme in Social Science" എന്ന പദ്ധതിയുടെ ഭാഗമായി ഓഡിയോ വീഡിയോ ഉപകരണങ്ങൾ വാങ്ങിയ വകയിൽ Telerad Division of Systronics India Ltd, Thiruvananthapuram എന്ന സ്ഥാപനത്തിന് 7,44,343/- രൂപ (ഏഴ് ലക്ഷത്തി നാൽപത്തി നാലായിരത്തി മുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) അനുവദിച്ച കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും

തദനുസരണം പുറപ്പെടുവിച്ച 07.04.2022-ലെ 3596/ADB4/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ.ഒ.എ.81/22.03/176981/AD B4-2/2021/ADB4** **സർവ്വകലാശാലയിലെ Institute for Integrated Programmes and Research in Basic Sciences (IIRBS)-ലേക്ക് 'Establishment of Advanced Learning Resources and facilities for Inter-disciplinary Integrated Programmes' എന്ന പദ്ധതിയുടെ ഭാഗമായി ക്വട്ടേഷൻ ക്ഷണിച്ച് വിവിധ ജോലികൾ പൂർത്തീകരിച്ച വകയിൽ M/s. Jasos Traders, Kollam എന്ന സ്ഥാപനത്തിന് 6,58,707/- രൂപ അനുവദിക്കുന്നതിന് വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) പ്രകാരം കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാലയിലെ IIRBS - ലേക്ക് "Establishment of Advanced Learning Resources and facilities for Inter-disciplinary Integrated Programmes" എന്ന പദ്ധതിയുടെ ഭാഗമായി ക്വട്ടേഷൻ ക്ഷണിച്ച് വിവിധ ജോലികൾ പൂർത്തീകരിച്ച വകയിൽ M/s. Jasos Traders, Kollam എന്ന സ്ഥാപനത്തിന് 6,58,707/- രൂപ (ആറ് ലക്ഷത്തി അന്പത്തിയെണ്ണായിരത്തി എഴുന്നൂറ്റിയേഴ് രൂപ മാത്രം) അനുവദിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.03.2022-ലെ 3202/ADB4/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.82/22.03/55193/EA 1-3/2022/EA 1** **പഞ്ചവത്സര എൽ എൽ ബി പരീക്ഷയിലെ ഒൻപത്, പത്ത് സെമസ്റ്റർ മേഴ്സി ചാൻസ് പരീക്ഷ ഏപ്രിൽ 2022 - സ്പെഷ്യൽ മേഴ്സി ചാൻസായി കണക്കാക്കി രണ്ടു വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ അനുവാദം നൽകി മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

26.03.2022 ലെ നോട്ടിഫിക്കേഷൻ നമ്പർ 9558/EA 1/3/2019/EA 1 പ്രകാരം പഞ്ചവത്സര എൽ എൽ ബി പരീക്ഷകളുടെ ഒൻപത്, പത്ത് സെമസ്റ്റർ മേഴ്സി ചാൻസ് പരീക്ഷയുടെ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ടി വിജ്ഞാപന പ്രകാരം 2009 അഡ്മിഷന് മുൻപുള്ള വിദ്യാർത്ഥികൾക്ക് മൂന്നാം മേഴ്സി ചാൻസ് ആയി കണക്കാക്കി പരീക്ഷ എഴുതാൻ അവസരം നൽകിയിരുന്നു. 02.04.2022 ലെ നോട്ടിഫിക്കേഷൻ നമ്പർ 9558/EA 1/3/2019/EA 1 പ്രകാരം 2009 അഡ്മിഷന് മുൻപുള്ള വിദ്യാർത്ഥികളെ ഒഴിവാക്കി പ്രസ്തുത വിജ്ഞാപനം പരിഷ്കരിക്കുകയുണ്ടായി. എന്നാൽ ആദ്യത്തെ വിജ്ഞാപന പ്രകാരം രണ്ട് വിദ്യാർത്ഥികൾ ഫീസ് അടച്ച പരീക്ഷയ്ക്ക് അപേക്ഷിക്കുകയും പരീക്ഷ എഴുതാൻ അവസരം നൽകണമെന്ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടി അപേക്ഷ പരിഗണിച്ച് ടി വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ മേഴ്സി ചാൻസ് അവസരം ആയി കണക്കാക്കി പരീക്ഷ നടത്തുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം 06.04.2022-ൽ പുറപ്പെടുവിച്ച ഇഎ1/101/2022/എം.ജി.യൂ. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.83/22.03/55611/EB14 SO/2022/EB 14** **ബഹു. വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം, 9 ഗവേഷകർക്ക് ഗവേഷണ ബിരുദം നല്കാൻ 29/3/2022, 30/03/2022 തീയതികളിലായി ഉത്തരവ് നൽകിയത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്:–**

29/3/2022, 30/03/2022 തീയതികളിലെ ഉത്തരവ് പ്രകാരം വിവിധ വിഷയങ്ങളിലായി ഗവേഷണ പ്രബന്ധം സമർപ്പിച്ചിട്ടുള്ള 9 ഗവേഷകർക്ക് ഗവേഷണ ബിരുദം നല്കാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10.(17) പ്രകാരം വൈസ് ചാൻസിലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.04.2022–ലെ EBXIV /Ph.D/54 /2022 നമ്പർ സർവ്വകലാശാല വിജ്ഞാപനവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.84/22.03/55585/EB 10–1/2022/EB 10** **വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം, 29 ഗവേഷകർക്ക് ഗവേഷണ ബിരുദം നല്കാൻ 29/3/2022, 30/03/2022 തീയതികളിലായി ഉത്തരവ് നൽകിയത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്:–**

29/3/2022, 30/03/2022 തീയതികളിലെ ഉത്തരവ് പ്രകാരം വിവിധ വിഷയങ്ങളിലായി ഗവേഷണ പ്രബന്ധം സമർപ്പിച്ചിട്ടുള്ള 29 ഗവേഷകർക്ക് ഗവേഷണ ബിരുദം നല്കാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10.(17) പ്രകാരം വൈസ് ചാൻസിലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.04.2022–ലെ EBX/Ph.D/272/2022 നമ്പർ സർവ്വകലാശാല വിജ്ഞാപനവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ. ഒ.എ.85/22.03/101353/ACB2–1/2021/REG SECT** **സ്വകാര്യ എയ്ഡഡ് കോളേജുകൾ – കൊച്ചി, കൊച്ചിൻ കോളേജ് – ഡോ. പൂർണിമ സി.സി., അസിസ്റ്റന്റ് പ്രൊഫസർ, മലയാളം വിഭാഗം, ഡോ. കവിത വി. രാജൻ, അസിസ്റ്റന്റ് പ്രൊഫസർ, ഹിന്ദി വിഭാഗം – 24.01.2018 മുതൽ നിയമനാംഗീകാരം നൽകിക്കൊണ്ടുള്ള സർവകലാശാല ഉത്തരവുകൾ WA No.267/2022 ന്മേൽ 23.02.2022 തീയതിയിലെ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം പ്രകാരം മരവിപ്പിച്ചുകൊണ്ടും 30.12.2020 തീയതി മുതൽ താൽക്കാലിക നിയമനാംഗീകാരം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്:**

WP(C)No.8704/2021–ന്റെ 12.07.2021 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച U.O.No.4288/ACB2/2021/എം.ജി.യു., തീയതി:01.09.2021, U.O.No.4289/ACB2/2021/എം.ജി.യു., തീയതി: 01.09.2021 എന്നീ സർവകലാശാല ഉത്തരവുകൾ ബഹു: ഹൈക്കോടതിയുടെ പരിഗണനയിലുള്ള WA(No.)267/2022 റിട്ട് അപ്പീലിന്റെ അന്തിമ വിധിക്ക് വിധേയമായി, മരവിപ്പിക്കുന്നതിനും കൊച്ചിൻ കോളേജ്, കൊച്ചിയിൽ യഥാക്രമം മലയാളം വിഭാഗത്തിലും, ഹിന്ദി വിഭാഗത്തിലും അസിസ്റ്റന്റ് പ്രൊഫസർമാരായി നിയമിതരായ ഡോ. പൂർണിമ സി.സി., ഡോ. കവിത വി. രാജൻ എന്നിവർക്ക് 30.12.2020 മുതൽ, ടി റിട്ട് അപ്പീലിന്റെ അന്തിമ വിധിക്ക് വിധേയമായി, താത്കാലിക നിയമനാംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അനുമതി നല്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 26.03.2022–ലെ യു.ഓ.നം 3102/AC B 2/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ. ഒ.എ്യ.86/22.03/161598/AC A6-2/2021/AC A 6 സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പ് – 14.03.2022 തീയതിയിലെ സിൻഡിക്കേറ്റിൻറെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഉപസമിതി നടപടിക്കുറിപ്പ് ഇനം നം.161598 /AC A6/-2/2021 ശുപാർശ, 1985-ലെ മഹാത്മാഗാന്ധി സർവകലാശാലാ നിയമം, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ബഹു.വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച 31.03.2022 തീയതിയിലെ സ.ഉ.നം.3306/ AC A6 / 2022/എം.ജി.യൂ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.

സർവ്വകലാശാല സ്കൂളുകളിലെ ഗവേഷകരുടെ സംഭാവനയ്ക്ക് ആനുപാതികമായി സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പ് അനുവദിക്കുന്നതിൽ പഠന വകുപ്പുകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകണമെന്നാവശ്യപ്പെട്ട് സർവ്വകലാശാല പഠന വകുപ്പുകളിലെ ഗവേഷക വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് വൈസ് ചാൻസലർ സമക്ഷം എ.കെ.ആർ.എസ്.എ., മഹാത്മാഗാന്ധി സർവ്വകലാശാല യൂണിറ്റ് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 14.03.2022 തീയതിയിലെ സിൻഡിക്കേറ്റിൻറെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഉപസമിതി താഴെപ്പറയുംവിധം ശുപാർശ ചെയ്തു.

Recommended to use the fellowship chart for the distribution of JRF

| | | |
|---|---|---|
| 1. | Govt. College | 27 |
| 2. | Aided College | 78 |
| 3. | University Departments | 45 |
| Total | | 150 |

പ്രസ്തുത ശുപാർശ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.03.2022-ലെ സ.ഉ.നം.3306/ACA6/2022/എം.ജി.യൂ. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം നമ്പർ: ഒ.എ്യ.87/22.03** **Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties till 08.04.2022 – reg.**

Resolved to award Degree/Diploma to successful candidates who have passed various examinations conducted by the University, including the candidates of Autonomous Colleges under the University, who have followed University regulations under different faculties till 08.04.2022.

[ വായിച്ചു, സ്ഥിരീകരിച്ചു ]

പി.ഡി. ഹിൽസ്,

08.04.2022

**രജിസ്ട്രാർ**

(അനുബന്ധം-1)

**19.01.2022 ലെ ധനകാര്യ വകുപ്പിന്റെ പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട ഉത്തരവ്**

ധനകാര്യ പെൻഷൻ (ബി) വകുപ്പിന്റെ 19.01.2022-ലെ 8/2022/ധന.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർവ്വകലാശാലയിൽ പെൻഷൻ ഫണ്ട് രൂപീകരിക്കാനും സ്റ്റാറ്റ്യൂട്ടറി /നാഷണൽ പെൻഷൻ സ്കീമിൽ ഉൾപ്പെട്ട അദ്ധ്യാപകരുടേയും ജീവനക്കാരുടേയും ശമ്പള സ്കെയിലിന്റെ മാക്സിമത്തിന്റെ 25% തുക എല്ലാ മാസവും ഈ ഫണ്ടിലേക്ക് നിക്ഷേപിക്കാനും അതിൽ 10% സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നും, ശേഷിക്കുന്ന 15% തുക സർവ്വകലാശാല സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തുവാനും നിർദ്ദേശിക്കുന്നു. പെൻഷൻ, ക്ഷാമാശ്വാസം, ക്ഷാമാശ്വാസ കുടിശ്ശിക, ഡി.സി.ആർ.ജി, അനുതാപബത്ത പെൻഷൻ, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ, പെൻഷൻ പരിഷ്കരണ കുടിശ്ശിക, സർവ്വകലാശാല അടയ്ക്കേണ്ട എൻ.പി.എസ് കാരുടെ പ്രതിമാസ വിഹിതം, എൻ.പി.എസ് ജീവനക്കാർക്ക് സർക്കാർ നൽകുന്ന കാലാകാലങ്ങളിലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവയെല്ലാം ഈ ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും അത് തികയാതെ വന്നാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുവാനും ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നു.

പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഫിനാൻസ് ഓഫീസർ സർവ്വകലാശാല ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ/ധനകാര്യ വകുപ്പുകളിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ഒരു പെൻഷൻ ഫണ്ട് ബോർഡ് രൂപീകരിക്കുവാനും നിർദ്ദേശിക്കുന്നു.

സിൻഡിക്കേറ്റ് ഈ ഉത്തരവ് വിശദമായി പരിശോധിച്ചു. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വസ്തുതകൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ തീരുമാനിച്ചു. സർവ്വകലാശാല പരിധിയിലുള്ള പ്രദേശത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ വികസനത്തിനായാണ് 1983-ലെ ആക്ട് പ്രകാരം സർവ്വകലാശാല രൂപീകരിക്കപ്പെട്ടത്. മൂന്ന് പതിറ്റാണ്ടുകൾക്കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിക്കാനും സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മുഖ്യമായും സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഉപയോഗിച്ചാണ് സർവ്വകലാശാലയുടെ നടത്തിപ്പ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റും വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഫീസും കൂടിച്ചേരുന്നതാണ് സർവ്വകലാശാല ഫണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്, അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളവും പെൻഷനും നൽകുന്നതിന് തികയാറില്ല. സർവ്വകലാശാലയുടെ തനത് വരുമാനവും കൂടി ചേർത്താണ് ഈ

ആവശ്യങ്ങൾ നിറവേറ്റുന്നത്. പെൻഷൻ ഫണ്ടിലേക്ക് ആവശ്യമായ തുകയുടെ 60% സർവ്വകലാശാല കണ്ടെത്തണമെന്നാണ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്. വിദ്യാർത്ഥി കളിൽ നിന്നുള്ള ഫീസ് ആണ് മുഖ്യമായും തനത് വരുമാനം. തനത് വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ വിദ്യാർത്ഥികളുടെ ഫീസ് വലിയ തോതിൽ വർദ്ധിപ്പി ക്കേണ്ടിവരും. ഇത് ഒട്ടുംതന്നെ പ്രായോഗികമല്ല. വരുമാനം ഉണ്ടാക്കാൻ ലക്ഷ്യമാക്കിയുള്ള കേന്ദ്രമായല്ല സർവ്വകലാശാല വിഭാവനം ചെയ്തിരുക്കുന്നത്. അദ്ധ്യാപകരുടേയും ജീവനക്കാരുടേയും ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യ ങ്ങൾ, പരീക്ഷാ ചിലവുകൾ, സർവ്വകലാശാലയിലെ അക്കാദമിക സ്കൂളുകളുടെ പ്രവർത്തന ചെലവുകൾ, സ്കോളർഷിപ്പ്, ഫെലോഷിപ്പ്, ഭരണപരമായ മറ്റു ചിലവുകൾ എന്നിവയെല്ലാം സർവ്വകലാശാല ഫണ്ടിൽ നിന്നാണ് കണ്ടെത്തേണ്ടത്. 60% തുക പെൻഷൻ ഫണ്ടിലേക്ക് മാറ്റി വയ്ക്കേണ്ടി വന്നാൽ സർവ്വകലാശാലയുടെ അക്കാദമിക വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടും.

സ്റ്റാറ്റ്യൂട്ടറി പെൻഷൻ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും നിയമ പ്രകാരമുള്ള അവകാശമാണ്. പെൻഷൻ ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട വേതനമാണെന്നും ഇത് നിഷേധിക്കാൻ കഴിയില്ലെന്നുമുള്ള സുപ്രീം കോടതി വിധി നിലനിൽക്കെയാണ് പെൻഷൻ ഫണ്ടിൽ തുക തികയാതെ വന്നാൽ പലിശയ്ക്ക് വായ്പയെടുത്ത് കൊടുക്കണമെന്ന നിർദ്ദേശം ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത്.

സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തിനും സർവ്വകലാശാലാ നിയമ ത്തിനും വിരുദ്ധമായിട്ടാണ് പെൻഷൻ ഫണ്ട് ബോർഡ് രൂപീകരിക്കുവാൻ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സർവ്വകലാശാലയുടെ ഫണ്ടുകൾ പരിപാലിക്കുന്നതും സാമ്പത്തിക ചെലവുകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിനും സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മറ്റിക്കും മാത്രമാണ് അധികാരമുള്ളത്. സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മ റ്റിയിലും, സിൻഡിക്കേറ്റിലും സർക്കാരിലെ ഉന്നത/ധനകാര്യ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളാണ്. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഉത്തരവിൽ സൂചിപ്പിക്കുന്ന രീതിയിൽ അംഗങ്ങളുള്ള പെൻഷൻ ഫണ്ട് ബോർഡ് രൂപീകരിക്കാൻ നിർദ്ദേശിക്കുന്നത് സർവ്വക ലാശാല ആക്ടിനെതിരാണ്.

സംസ്ഥാന ജീവനക്കാർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങളാണ് ശമ്പളം പെൻഷൻ എന്നീ കാര്യങ്ങളിൽ സർവ്വകലാശാല അദ്ധ്യാപകർക്കും ജീവനക്കാർക്കും ബാധകമായിട്ടുള്ളത്. സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ മാത്രമാണ് സർവ്വകലാശാല നിയമനങ്ങൾ നടത്തിയിട്ടുള്ളത്. പെൻഷൻ ലഭിക്കുന്നതിന് പെൻഷൻ ഫണ്ട് രൂപീകരിക്കുവാനും പെൻഷൻതന്നെ നിഷേധിക്കുന്നതിനും ഇടയാക്കുന്ന ഈ ഉത്തരവ് നടപ്പിലായാൽ മികച്ച അദ്ധ്യാപകർ സർവ്വകലാശാല സർവീസ് വിട്ട്പോകുന്നതിന് ഇടയാക്കും. ഇത് സർവ്വകലാശാലയുടെ അക്കാദമിക ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കും.

സർവ്വകലാശാലയുടെ ജനാതിപധ്യ സ്വഭാവം ഇല്ലാതാക്കുന്നതും, സർവ്വകലാ ശാലാ ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമായതും സർവ്വകലാശാലയുടെ പ്രവർത്തന ത്തിന് വിഘാതമുണ്ടാക്കുന്നതുമായ നിർദ്ദേശങ്ങളടങ്ങിയ 19.01.2022 ലെ സർക്കാർ ഉത്തരവിൽ സിൻഡിക്കേറ്റ് കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു. ഈ ഉത്തരവ് പിൻവലി ക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.